# പ്രസാധകക്കുറിപ്പ്

'രക്തസാക്ഷ്യം' രണ്ടാം പതിപ്പ് പ്രസിദ്ധപ്പെടുത്താൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഈ അവസരത്തിൽ ഇതിന്റെ ഒന്നാം പതിപ്പ് സാവേശം സ്വീകരിച്ച സഹൃദയകേരളത്തോടുള്ള അകൈതവമായ കൃതജ്ഞത ഞങ്ങളിവിടെ രേഖപ്പെടുത്തുന്നു.

നൂറ്റാണ്ടുകൾക്കു ശേഷവും സജ്ജനങ്ങൾക്ക് ആവേശം നൽകിയും അവരുടെ സമരങ്ങളിലേക്ക് അനശ്വരപ്രഭ ചൊരിഞ്ഞും നിലനിൽക്കുന്ന 'കർബല'യുടെ ചരിത്രവും തത്വശാസ്ത്രവും യഥാർത്ഥമായി ചിത്രീകരിക്കുന്ന ഉത്തമ കൃതിയെന്ന നിലക്ക് രക്തസാക്ഷ്യം ചിരപ്രതിഷ്ഠിതമാകേണ്ടതുണ്ട്. ഇതാണ് ഈ രണ്ടാം പതിപ്പ് പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾക്കുള്ള പ്രചോദനം.

അലി ശരീഅത്തിയുടെ ചരിത്രബോധവും ആവിഷ്ക്കാരസാമർത്ഥ്യവും വികാര തീവ്രതയും ഇത്രത്തോളം മുറ്റിനിൽക്കുന്ന ഒരു കൃതി വേറെയില്ല. അതിനാൽ ഒരു സാഹിത്യ സൃഷ്ടിയെന്ന നിലയിലും അതിവിശിഷ്ടവും അമൂല്യവുമായ "രക്തസാക്ഷ്യം" ആവശ്യക്കാർക്ക് സദാ സംലഭ്യമായിരിക്കേണ്ടതുണ്ടെന്ന് ഞങ്ങൾ കരുതുന്നു. രണ്ടാം പതിപ്പ് പ്രസിദ്ധിപ്പെടുത്തുമ്പോൾ വിവർത്തകൻ വിവർത്തനം പുനർവായന നടത്തുകയും ചില പരിഷ്കാരങ്ങൾ വരുത്തുയും ചെയ്തിട്ടുണ്ട്. മെഹ്ദി ആബിദിയും ഖാരി ലെജെൻ ഹോസനും ചേർന്ന് എഡിറ്റ് ചെയ്തതും അമേരിക്കയിലെ 'ഇറിസ്' പ്രസിദ്ധപ്പെടുത്തിയതുമായ "ജിഹാദ് ആൻഡ് ശഹാദ" എന്ന ക്രോഡീകരണത്തിൽ ശരീഅത്തിയുടെ ഈ പുസ്തകവും ഉൾക്കൊണ്ടിട്ടുണ്ട്. അതുമായി ഒത്തു നോക്കിയാണ് പുനർവായന നടത്തിയത്. അദ്യപതിപ്പിനാധാരമാക്കിയിരുന്ന അലി അസ്ഗർ ഗസ്സാമിയുടെ ഇംഗ്ലീഷ് വിവർത്തനത്തിൽ കാണാത്ത ഏതാനും പേജുകൾ ഇറിസിന്റെ പതിപ്പിൽ കണ്ടതിനാൽ അതു കൂടി ഉൾപ്പെടുത്തിയാണ് രണ്ടാം പതിപ്പ് മുദ്രണം ചെയ്തിരിക്കുന്നത്. ഒടുവിൽ കൊടുത്തിരിക്കുന്ന കുറിപ്പുകളും ഒന്നാം പതിപ്പിലില്ലാത്തതാണ്. കുറിപ്പുകൾ ഇറിസ് പതിപ്പിന്റെ സഹായത്തോടു കൂടി വിവർത്തകൻ തയ്യാറാക്കിയതാണ്. കൂടാതെ ഗ്രന്ഥകർത്താവിന്റെ ഒരു ലഘു ജീവചരിത്രവും ഇതിലുൾപ്പെടുത്തിയിരിക്കുന്നു.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്
അരീക്കോട് - 67639

1991 ആഗസ്റ്റ് 14

# അലി ശരീഅത്തി
# (1933-1977)

സാമൂഹികശാസ്ത്രകാരൻ. ഇറാൻ ഇസ്‌ലാമിക വിപ്ലവത്തിന്റെ താത്വികാചാര്യൻ. 1933 മാർച്ചിൽ ഇറാനിലെ മസീനാൻ ഗ്രാമത്തിൽ ജനിച്ചു. പ്രഥമ ഗുരു പിതാവ് മുഹമ്മദ് തഖീ ശരീഅത്തി. മശ്ഹദിലെ ഇബ്നു സമീൻ, ഫിർദൗസി സ്കൂളിൽ പഠിച്ചു. 1958-ൽ ഫ്രഞ്ചിലും പാർസിയിലും ബി.എ.ബിരുദം നേടിയ ശേഷം ഉപരി പഠനത്തിന് ഫ്രാൻസിലേക്ക് പോയി-സോർബോൺ സർവകലാശാലയിൽ ചേർന്നു. സാമൂഹ്യശാസ്ത്രത്തിലും ചരിത്രത്തിലും ഡോക്ടറേറ്റുകൾ നേടിക്കൊണ്ട് 1963-ൽ നാട്ടിലേക്കു മടങ്ങി. ഉടനെ അറസ്റ്റ് ചെയ്യപ്പെടുകയും ആറു മാസം ജയിലിൽ കിടക്കുകയും ചെയ്തു. പിന്നെ അദ്ധ്യാപന വൃത്തിയിലേർപ്പെട്ടു-1969-ൽ പിരിച്ചുവിടുന്നതുവരെ. 1972-ൽ വീണ്ടും ജയിലിലടയ്ക്കപ്പെട്ടു. 1975-ൽ മോചിതനായെങ്കിലും തുടർന്നുള്ള രണ്ട് വർഷം വീട്ടു തടങ്കലിലായിരുന്നു. 1977-ൽ അമേരിക്കയിലേക്കു പോകും വഴി ഇംഗ്ലണ്ടിലിറങ്ങി ഒരു ബന്ധുവിന്റെ വസതിയിൽ താമസിച്ചു. അവിടെ വെച്ച് സവാക്കിന്റെ ക്രൂര ഹസ്തങ്ങൾ അദ്ദേഹത്തിന്റെ ജീവനപഹരിച്ചു - 77 ജൂൺ19ന്.

ശരീഅത്തിക്ക് ചെഗുവേര, ഫാനൻ, സാർത്ര്, ലൂയി മാസിഞോൺ, ഹെൻട്രി ലോമാസ് തുടങ്ങിയവരുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ചെഗുവേരയുടേയും ഫാനന്റെയും സാർത്രിന്റെയും കൃതികൾ അദ്ദേഹം പാർസിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

ചെറുപ്പത്തിൽതന്നെ ശരീഅത്തി രാഷ്ട്രീയകാര്യങ്ങളിൽ തൽപ്പരനായിരുന്നു. ദൈവവിശ്വാസികളുടെ 'സോഷ്യലിസ്റ്റ് പ്രസ്ഥാനം' (നഹ്സത്തെഖുദാപറസ്ത്താനെ സൂസിയാലിസ്ത്) എന്ന സംഘടനയിൽ ചെറുപ്പത്തിലേ അദ്ദേഹം ചേർന്നു പ്രവർത്തിച്ചിരുന്നു. പിന്നീട് 'നസ്ഹത്തെ മുഖാവിമത്തെ മില്ലി'(ദേശീയ പ്രതിരോധ മുന്നണി), 'നസ്ഹത്തെ ആസാദിയെ ഇറാൻ'(ഇറാൻ സ്വാതന്ത്ര്യ പ്രസ്ഥാനം), 'അൾജീരിയൻ സ്വാതന്ത്ര്യ പ്രസ്ഥാനം', ജവാനാനെ നസ്ഹത്തെ മില്ലിയെ ഇറാൻന-ഉറുപ്പാ(യൂറോപ്പിലെ ഇറാൻ ദേശീയ യുവജന പ്രസ്ഥാനം) തുടങ്ങിയ സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു.

ശരീഅത്തിയുടെ കൃതികൾ ഇരുനൂറിലേറെ വരും. നാടകങ്ങൾ, ഉപന്യാസങ്ങൾ, കവിതകൾ, ആത്മകഥാ കുറിപ്പുകൾ, പ്രഭാഷണങ്ങൾ എന്നിവയാണവ. ഹുസൈനിയ്യാ ഇർശാദിൽ വെച്ചു നടത്തിയ പ്രഭാഷണങ്ങൾ ശ്രദ്ധേയങ്ങളാണ്. അവയിൽ 5000വും 6000വും പേർ സ്ഥിരമായി സംബന്ധിച്ചിരുന്നു. ഇസ്‌ലാമിക ചിന്തകളുടെ പ്രചാരണത്തിനായി ഏതാനും പേർ ചേർന്ന് സ്ഥാപിച്ചതാണ് ഹുസൈനിയ്യാ ഇർഷാദ്. 'ത്വാരീഖെ അദ്‌യാൻ'(മതങ്ങളുടെ ചരിത്രം), ഇസ്ലാംശനാസി(ഇസ്ലാം വിജ്ഞാനീയം) എന്നീ തലക്കെട്ടുകളിൽ ശരീഅത്തി അവിടെ നടത്തിയ പ്രഭാഷണങ്ങൾ യുവാക്കളെയും അഭ്യസ്ഥവിദ്യരേയും ഇസ്ലാമിനോടടുപ്പിക്കുകയിം വിപ്ലവോൽസുകരാക്കുകയും ചെയ്തു. ഹുസൈനിയ്യയിൽ കഴിഞ്ഞ കാലഘട്ടമാണ് ശരീഅത്തിയുടെ ജീവിതത്തിൽ എറ്റവും സജീവവും സഫലവും.

# അവതാരിക

“എഴുപതിൽപരം കക്ഷിയായി പിരിയും എന്റെ സമുദായം” -പ്രവാചകന്റെ (സ) ഈ പ്രവചനം ഹദീസു സമാഹരങ്ങളിലുദ്ധരിക്കപ്പെട്ടു കാണാം. അതിന്റെ നിവേദകപരമ്പര യിൽ നയീ മുബ്നുഹമ്മാദ് എന്നൊരാളുണ്ട്. ഹദീസുനിരൂപണശാസ്ത്രജ്ഞന്മാരുടെ നിഗമനത്തിൽ അനഭിമതനാണ് നയീം. അതുകൊണ്ട് അയാൾ മുഖേന റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുള്ള പ്രസ്തുത ഹദീസ് ദുർബ്ബലമാകുന്നു. യഹ്യബ്നുമുയീൻ മുതലായ ഹദീസു നിരൂപകന്മാരുടെ പക്ഷം അതത്രെ.

ദുർബലമായിരക്കാം. പക്ഷേ, ഹദീസിന്റെ ആശയം ചരിത്രപരമായി ശരിയാണ്. മുസ്ലിം സമുദായത്തിൽ എഴുപതല്ല അതിലുമെത്രയോ ഇരട്ടി കക്ഷികളുളവായിട്ടുണ്ട്. തന്റെ കക്ഷി മാത്രമാണ് സ്വർഗത്തിനവകാശിയെന്നും ഇതരകക്ഷികളെല്ലാം നരകാർഹരാ ണെന്നും ഓരോകക്ഷിക്കാരനും അവകാശപ്പെടുന്നു. സ്വർഗ്ഗവും നരകവും വീതിക്കുവാ നുള്ള അധികാരം അള്ളാഹുവിനേയുള്ളൂവെന്ന് നമുക്കറിയാം. ആകയാൽ ഔധത്യത്തി ന്റേയും പക്ഷാപാതിത്വത്തിന്റെയും കൊടുമുടിയിൽ നിന്നുകൊണ്ടുള്ള ഇമ്മാതിരി അവ കാശവാദങ്ങൾക്ക് ലവലേശം വിലകൽപ്പിക്കാനില്ല.

നിലവിലുള്ള ഓരോ കക്ഷിക്കും പരമ്പരാഗതമായി അംഗീകരിച്ചുവരുന്ന പ്രത്യയശാ സ്ത്രവും കർമ്മശാസ്ത്രവുമുണ്ട്. ആ ശാസ്ത്രങ്ങളിൽ അതാതു കക്ഷികൾ അടിയുറച്ചു വിശ്വസിക്കുകയും ചെയ്യുന്നു. ആകയാൽ ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രത്തിന്റേയോ കർമ്മശാസ്ത്രത്തിന്റേയോ അടിസ്ഥാനത്തിൽ മുസ്ലിം സമുദായത്തെ ഏകീഭവിപ്പിക്കുക പ്രയാസമായിരിക്കും. കക്ഷിത്വവും കക്ഷിതാൽപര്യവും എത്ര തന്നെ ഭിന്നമാണെങ്കിലും മുസ്ലിം ജനകോടികളെ ഒന്നിച്ചു നിർത്തുന്ന ചില മൗലിക ഘടകങ്ങൾ ഇപ്പോഴും ഭാഗ്യവ ശാൽ അവശേഷിക്കുന്നുണ്ട്. അവരുടെ ദൈവം ഒന്നാണ്; പ്രവാചകൻ ഒന്നാണ്; വേദം ഒന്നാണ്; ഖിബ്ലയും കേന്ദ്രവും ഒന്നാണ്. അല്ലാഹുവിലും മുഹമ്മദ് നബിയിലും ഖുർആ നിലും കഅബയിലും ഒന്നിച്ചിരിക്കുന്ന മുസ്ലിം കക്ഷികൾക്ക് പൊതുതാൽപര്യങ്ങളിൽ എന്തുകൊണ്ട് ഒന്നിച്ചുസഹകരിച്ചുകൂടാ?

ഈ ആശയം ഒന്നുകൂടി തറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. മുസ്ലിം മതകക്ഷികൾക്ക് പ്രത്യയ ശാസ്ത്രപരമായും കർമ്മശാസ്ത്രപരമായും യോജിക്കുവാനും ഏകോപിക്കുവാനും സാധ്യമല്ലെങ്കിൽ വേണ്ട. ഓരോ കക്ഷിയും അതതിന്റെ വിശ്വാസപ്രമാണങ്ങളിലും കർമ്മശാസ്ത്രപദ്ധതികളിലും തന്നെ ഉറച്ചു നിൽക്കുകയും അവനവന്റെ വിശ്വാസം ഒരോരുത്തനേയും രക്ഷിക്കയും ചെയ്തുകൊള്ളട്ടെ. എന്നാൽ പൊതുശത്രുവിനെതിരെ പൊതുതാൽപര്യസംരക്ഷണാർഥം, പരസ്പരം സഹകരിച്ച്, ഒരുപൊതുപരിപാടി ആവി ഷ്കരിച്ച് നടപ്പിൽ വരുത്തുന്ന പക്ഷം അത് എല്ലാ കക്ഷികൾക്കും ഗുണപ്രദവും ഫലപ്ര ദവുമാവില്ലേ? എങ്കിൽ നാമിക്കാണുന്ന അധഃപതനത്തിൽ നിന്നും നാമനുഭവിക്കുന്ന അവമതിയിൽ നിന്നും നമ്മെത്തന്നെയും പൊതുവെ  സമൂഹത്തെയും വീണ്ടെടുത്തു കരകയറ്റാൻ സഹായകമായേക്കും.

മുസൽമാന്മാരെ ഇതരേതരം അടുക്കുവാനും അടുപ്പിക്കുവാനും ശത്രുക്കൾ അനുവദി ക്കില്ല. പ്രത്യുത, കഴിയുന്നിടത്തോളം അകലുവാനും അകറ്റുവാനുമാണ് അവർ ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നത്. ഈ കുസൂത്രം പൊളിക്കുവാൻ ഒറ്റ പോംവഴിയേ യുള്ളൂ: മുസ്ലിംകൾ ആ വസ്തുത മനസ്സിലാക്കുകയും ശത്രുവിന്റെ ഉപജാപങ്ങൾക്ക് പാത്രമാവാതിരിക്കുകയും ചെയ്യുക. ഇസ്ലാമികൈക്യത്തിനുവേണ്ടി വല്ലൊരു പ്രവർത്തനവും നടത്താനുദ്ദേശിക്കുമ്പോഴേക്കും ഇസ്ലാമിന്റേയും മുസ്ലിങ്ങളുടേയും

ശത്രുവായ സാമ്രാജ്യത്ത്വത്തിന്റെ ഏജന്റുമാർ 'പാൻ ഇസ്ലാമിസ'മെന്ന ചീത്തപ്പേർ വിളിച്ചു പുച്ഛിക്കുകയുണ്ടായി. ആ സംരംഭങ്ങൾക്കെതിരെ ഉപജാപങ്ങൾ പയറ്റുകയ ണ്ടായി. ഇന്നു ഇസ്രയേൽരാഷ്ട്രം മുഖേന അമേരിക്കയും അഫ്ഗാനിസ്ഥാനിലെ പാവ ഗവർമ്മെണ്ടു മുഖേന സോവിയറ്റ് റഷ്യയും ഇസ്ലാമിക രാജ്യങ്ങളെ നശിപ്പിച്ചു കൊണ്ടി രിക്കുന്നു. അന്ത:ഛിദ്രവും തൊഴുത്തിൽ കുത്തും കാരണമായി ദുർബ്ബലങ്ങളായ ആ രാഷ്ട്രങ്ങൾക്കു നോക്കിനൽക്കാനല്ലാതെ വല്ല പ്രധിവിധിയും എടുക്കുവാൻ കഴിയുന്നു മില്ല.

ആകയാൽ സമുദായശരീരത്തെ ബാധിച്ചിരിക്കുന്ന കക്ഷിമാൽസര്യമാകുന്ന മഹാർബുദം അതിന്റെ ശേഷി ഹനിച്ച് കെണ്ടിരിക്കുന്ന ദയനീയകാഴ്ചയാണിന്ന് ഏതൊ രിടത്തും നാം കാണുന്നത്. പൊതുശത്രുവിനെതിരെ ഒറ്റക്കെട്ടായിനിന്ന് പ്രതിരോധി ക്കേണ്ടിയിരുന്ന ഇസ്ലാമികശക്തികൾ തമ്മിൽത്തമ്മിൽ പോരടിച്ച് സകലമാനം നാശമട യുന്നു. അതിനാൽ ഹൃദയത്തിൽ കടുമണിത്തൂക്കമെങ്കിലും ഈമാനും ഇസ്ലാമും അവശേഷിക്കുന്ന ഓരോ മുസൽമാനും ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്ര മിച്ചിരിക്കുന്നു. ആദ്യമായി വേണ്ടത് ശത്രുവിനേയും മിത്രത്തേയും വേർതിരിച്ചു മനസ്സി ലാക്കുകയാണ്. പ്രത്യയശസ്ത്രപരമായും കർമ്മശാസ്ത്രപരമായും എന്തുതന്നെ അന്ത രമുണ്ടങ്കിലും മുസ്ലിംകളെല്ലാം സഹോദരൻമാരത്രെ. എന്നാൽ 'കുഫ്റ്'ഒറ്റമില്ലത്താണ്; ഒറ്റ ചേരിയാണ്. ഇസ്ലാമിനും കുഫ്റിനും മധ്യേ ഒരിടച്ചേരിയില്ല.

ഇനി വായനക്കാരുടെ മൂമ്പിൽ അവതരിപ്പിക്കൂന്ന 'ശഹാദത്ത്' എന്ന കൃതിയെപ്പറ്റി ഒരൂ വാക്ക്: എല്ലാ രാഷ്ട്രീയ വിപ്ലവത്തിന്റെയൂം മൂന്നോടി വിചാരവിപ്ലവമാണല്ലോ. ഇറാനിൽ ഇമാം റൂഹുല്ലാ ഖുമൈനിയുടെ ഇസ്ലാമിക രാഷ്ട്രീയ വിപ്ലവത്തിന് മൂന്നോടിയായി പ്രവർത്തിച്ചതും അത് തന്നെയായിരുന്നു. വിചാരവിപ്ലവത്തിന് നേതൃത്വംവഹിച്ച വ്യക്തി ത്വങ്ങളിലൊന്ന് ഡാ: അലിശരീഅത്തിയുടേതാണ്. ഇമാം ഹുസൈൻ (റ) കർബലയിൽ നടത്തിയ സമരത്തിന്റെയും വരിച്ച രക്തസാക്ഷിത്വത്തിന്റെയും കഥയാണ് ശഹാദത്തിൽ അതിന്റെ കർത്താവായ അലി ശരീഅത്തി പ്രതിപാദിച്ചിരുക്കുന്നത്. കർബലാ സംഭവം ഏറെക്കുറെ എല്ലാവർക്കും അറിഞ്ഞുകൊള്ളണമെന്നില്ല. ആ പശ്ചാത്തലവും സാഹച ര്യവും തൻമയത്വമാർന്ന സ്വരശൈലികളിൽ വിവരച്ചിരിക്കുന്നുവെന്നതാണ് ശഹാദ ത്തിലെ സവിശേഷത.

ശീയീ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുകയും ഇമാം ഖുമൈനിയുടെ അനുയായി യെന്നു സ്വന്തത്തെക്കുറിച്ച് സ്വാഭിമാനം വിശേഷിപ്പിക്കുകയും ചെയ്തിരുന്ന ശരീഅത്തി തന്റെ പ്രത്യയശാസ്ത്ര നിലപാടിലുറച്ചുനിന്നുകൊണ്ടുതന്നെയാണ് ഈ കൃതിക്ക് രൂപം നൽകിയിട്ടുള്ളത്. അതിനാൽ ഇതിലെ വരികൾക്കിടയിൽ പലേടത്തും ശീയിസത്തിന്റെ കണ്ണിലൂടെ ചരിത്രത്തെ നോക്കികാണുന്നതായി അനുഭവപ്പെടും. അതു മുഴുവനായും വിവർത്തകനോ പ്രസാധകൻമാർക്കോ അംഗീകാര്യമായിക്കൊള്ളണമെന്നില്ല. അതു കൊണ്ട് "ശഹാദത്ത്" പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചവരൊക്കെ അവരുടെ വിശ്വാ സവും ചരിത്ര വീക്ഷണവും മാറ്റി ശീയിസത്തിനു കീഴടങ്ങിയിരിക്കയാണന്ന് ആരോപി ക്കേണ്ടതില്ല. ഇതു പറയാൻ കാരണമുണ്ട്: ഇറാനിൽ സ്വേച്ഛാധിപതിയും നിഷ്ഠൂര മർദക നുമായി വാണ റിസാ ഷാപഹ്ലവിക്കെതിരെ നടന്ന വിപ്ലവത്തിൽ സന്തോഷിച്ചവരെ യെല്ലാം ഖുമൈനിസ്റ്റുകളും ശിർക്കുചെയ്യുന്നവരുമെന്ന് നാടുനീളെയും മറുനാടുകളിലും പ്രചരിപ്പിച്ചു നടന്ന ചില മാന്യൻമാരുണ്ടിവിടെ (പുറത്തുള്ള ഒരൗദ്യോഗിക സ്ഥാപന ത്തിന്റെ ഏജന്റുമുണ്ടവരുടെ കൂട്ടത്തിൽ). വിപ്ലവത്തിനുമുമ്പും വിപ്ലവാനന്തരവും ശീയീ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നവരാണ് ഖുമൈനിയും അനുയായികളും. ഇസ്ലാ മിക് റിപബ്ലിക് ഓഫ് ഇറാന്റെ ഭരണഘടനയിൽ നിന്നു തന്നെ അക്കാര്യം വ്യക്തമാണ്. എന്നാൽ ഇവിടെയുള്ളവരാരും ശീയീ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുകയോ ജഅ ഫരീ കർമ്മ ശാസ്ത്രം പിൻതുടരുകയോ ചെയ്യുന്നില്ല. പിന്നെ അവരെങ്ങനെ ഖുമൈനി സ്റ്റുകളാവും?

ശരി. പക്ഷെ, ശീയീവീക്ഷണമനുസരിച്ച് രൂപീകൃതമായിട്ടുള്ള ഇത്തരമൊരു പുസ്തകം കൈരളിയിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നതിനു പ്രസക്തിയുണ്ടോ? വൈജ്ഞാനിക പ്രസക്തിയുണ്ടന്നാണീ ലേഖകന്റെ അഭിപ്രായം. ഇതര പ്രത്യയ ശാസ്ത്രത്തിലും കർമ്മ ശാസ്ത്രത്തിലും വിശ്വസിക്കുന്നവരുടെ കൃതികൾ വിശ്വസിക്കാത്തവരുടെ ഇടയിലും പ്രചരിക്കുന്നതിൽ യാതൊരപാകതയും കാണുന്നില്ല. വിജ്ഞാനനിർധാരയെ അണകെട്ടി ബന്ധിക്കുന്നത് വിശാലഹൃദയർക്കു ചേർന്നതല്ല. സമുദായം നാളിതുവരെ അനുവർത്തിച്ചുവന്ന നയത്തിനെതിരുമാണിത്. പ്രത്യയശാസ്ത്രപരമായി, മുഅതസില വിഭാഗക്കാരനായ അല്ലാമ ജാറുല്ലാഹിസ്സമഖ്ശരിയുടെ ഖുർആൻഭാഷ്യമായ കശ്ശാഫ്, സൈദീ(ശിയ) വിഭാഗത്തിൽപ്പെട്ട അലിയ്യുശ്ശൗകാനിയുടെ ഹദീസുവ്യാഖ്യാനഗ്രന്ഥമായ നൈലുൽഔത്താർ, ശീയാവിഭാഗക്കാരിൽപ്പെട്ട അല്ലാമാ അമീറലിയുടെ ഇംഗ്ലീഷിലുള്ള സ്പിരിറ്റ് ഓഫ് ഇസ്ലാം എന്നീ കൃതികൾക്ക് സുന്നീ വിഭാഗങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ച വസ്തുത ആർക്കും അജ്ഞാതമല്ല. മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി അദ്ദേഹത്തിന്റെ മആരിഫ് മാസികയിൽ ഉദ്ധരിച്ച ഒരു വസ്തുത എത്രയും അൽഭുതാവഹവും രസാവഹവുമത്രെ:

മുഅതസിലുകളുടെ സുപ്രസിദ്ധ ഇമാമായ ഖാസി അബ്ദുൽ ജബ്ബാരാന്റെ ശിഷ്യനായ ശൈഖ് അബ്ദുല്ലാഹിബ്നു യൂസുഫിൽ ഖസ്‌വീനി ഖുർആന് മുന്നൂറ് വാള്യങ്ങളുള്ള ഒരു തഫ്സീർ രചിച്ചിട്ടുണ്ട്. 'ഹദാഇഖു ദാത്തു ബഹ്ജ': എന്നത്രെ അതിന്റെ പേര്. യാഫിയീ അദ്ദേഹത്തിന്റെ 'മിർആത്തുൽ ജനാൻ' എന്ന ഗ്രന്ഥത്തിൽ (വാ.3, പേജ് 147) എഴുതുന്നു: പ്രസ്തുത ഖുർആൻഭാഷ്യം മുന്നൂറ് വാള്യങ്ങളുള്ള ഒരു ബൃഹദ് ഗ്രന്ഥമാണ്. ഹാജി ഖലീഫയുടെ 'കശ്ഫുള്ളുനൂൻ അൻ അസാമിൽകുത്തുബി വൽഫുനൂൻ' എന്ന ഗ്രന്ഥ സൂചിയിലും ഖസ്‌വീനിയുടെ പ്രസ്തുത കൃതിയെപ്പറ്റി പരാമർശം കാണാം. ഇതെത്രയും ആശ്ചര്യകരം തന്നെയാണ്. എന്നാൽ കൂടുതൽ ആശ്ചര്യകരമായിട്ടുള്ളത് മറ്റൊന്നാണ്. പ്രസ്തുത മുഅതസലീ പണ്ഡിതൻ രചിച്ച ആ തഫ്സീരിന്റെ ഏക കോപ്പി ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃയുടെ കൈപ്പടയിലാണുള്ളത്. മുഅതസിലുകളുടെ ബദ്ധവൈരിയെന്നു സർവ്വത്ര പ്രശസ്തിയാർജിച്ച അദ്ദേഹം ആ മുന്നൂറ് വാള്യങ്ങളും സ്വന്തം കൈകൊണ്ട് എഴുതിവെച്ചിരിക്കുന്നു. (മആരിഫ്, ക്രി: 1928 നവമ്പർ, ഹി: 1347 ജമാദുൽ ഊലാ പേജ് 324 & 325).

പ്രത്യയശാസ്ത്രപരമായ അഭിപ്രായവ്യത്യാസം ശൈഖുൽ ഇസ്ലാമിനെ ആ പ്രഗൽഭ പണ്ഡിതന്റെ മഹൽസേവനത്തെ വിലയിരുത്തുകയും വിജ്ഞാനാമൃതത്തെ പിൻതലമുറക്കു പകർന്നു കൊടുക്കുകയും ചെയ്യുന്നതിൽ നിന്നു തടഞ്ഞില്ല. വിശാല മനസ്കനായ ഇബ്നുതൈമിയ്യ എവിടെയിരിക്കുന്നു; കുടുസ്സുമനസ്ഥിതിക്കാരും പക്ഷപാതക്കോമരങ്ങളുമായ അദ്ദേഹത്തിന്റെ അനുയായികളെന്നഭിമാനിക്കുന്നവർ എവിടെ കിടക്കുന്നു!.

അവസാനമായി, അനുവാചകരുടെ കൈകളിലത്തിയിട്ടുള്ള ഈ വിവർത്തിത കൃതിയെപ്പറ്റിയും ഒരു വാക്ക് : ലളിത സുന്ദരമായ ശൈലിയാണ് വിവർത്തകൻ സ്വീകരിച്ചിട്ടുള്ളത്. അപ്രസക്തമെന്ന് തോന്നിയ ഒന്നുരണ്ടു ഭാഗങ്ങൾ മനഃപൂർവ്വം ഉപേക്ഷിച്ചിട്ടുണ്ട്. പദാനുപതികത്വം പാലിക്കാൻ പരമാവധി പരിശ്രമിച്ചിരിക്കുന്നുവെങ്കിലും ചിലേടങ്ങളിൽ അതു ലംഘിക്കുക തന്നെ വേണ്ടി വന്നിട്ടുണ്ട്. മൂല കൃതിയോട് അനീതി കാണിക്കാതെയും മലയാളശൈലിയുടെ സുഖത്തിന്നുവേണ്ടിയുമായതിനാൽ അത് വിവർത്തനത്തിൽ അനുവദനീയവുമാണ്. വിവർത്തകനിൽ നിന്ന് ഇത്തരം സേവനങ്ങൾ ഇനിയും പ്രതീക്ഷിച്ചുകൊണ്ടും ഈ വിവർത്തിത ഗ്രന്ഥം മാന്യ വായനക്കാരുടെ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

സിൽവർഹിൽസ്, ടി. മുഹമ്മദ്
25-1-1982

# മുഖവുര

ഇറാനിൽ ഇസ്‌ലാമിക വിപ്ലവം വിജയിച്ചതിനെ തുടർന്ന് അമേരിക്കൻ ചാരസംഘടന യായ സി.ഐ.എ കൈക്കൊണ്ട പ്രധാന നടപടി അലീശരീഅത്തിയുടെ മുഴുവൻ കൃതി കളും ഇംഗ്ലീഷിലേക്ക് ഭാഷാന്തരം ചെയ്തുകൊടുക്കാൻ ഒരു വനിതയെ ചുമതലപ്പെടു ത്തുകയായിരുന്നു. അമേരിക്കയുടെ നട്ടെല്ല് തകർക്കുകയും ഇറാനെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കുകയും ചെയ്ത പ്രസ്തുത വിപ്ലവം ശരീഅത്തിയുടെ പ്രതിഭയുടെ ഫല മാണെന്ന് ആ സംഘടന ധരിച്ചിട്ടുണ്ടാവണം. ഇറാൻ വിപ്ലവത്തിന്റെ ചരിത്രത്തിൽ അത്ര അഗാധമായിരുന്നു അദ്ദേഹത്തിന്റെ സ്വാധീനം.

ഇറാൻ വിപ്ലവം വിജയിപ്പിച്ചെടുത്തത് ഇമാംഖുമൈനിയുടെ നായകത്വത്തിൽ മത പണ്ഡിതൻമാർ നേരിട്ടു രംഗത്തിറക്കിക്കൊണ്ടായിരുന്നു. ആത്മീയ ജീവിതത്തിലെന്ന പോലെ പൊതു ജീവിതത്തിലും മത പണ്ഡിതൻമാരുടെ നിർദ്ദേശങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കുക ശിയാക്കളെന്ന നിലക്ക് ഇറാനികളുടെ പരമ്പരാഗതമായ സവിശേഷതക ളിൽപെട്ടതാണ്. ജനങ്ങൾക്ക് രാഷ്ട്രീയ നേതൃത്വം കൊടുക്കാൻ മതിയായവരുമാണ് അവിടെയുള്ള മതപണ്ഡിതൻമാർ. വിപ്ലവഘട്ടത്തിൽ സമരമുന്നണിയിലും വിപ്ലവാന ന്തരം രാഷ്ട്രനിർമ്മാണരംഗത്തും മതപണ്ഡിതൻമാരെയാണവിടെ മുൻപന്തിയിൽ കാണുക.

ഇങ്ങനെയാണെങ്കിലും മതപണ്ഡിതൻമാർക്ക് ആകർഷിക്കാൻ കഴിയാത്ത ഒട്ടേറെ അഭ്യസ്ത വിദ്യരും ചെറുപ്പക്കാരും ഇറാനിലുണ്ടായിരുന്നു. ഭൗതിക പ്രത്യയശാത്ര ങ്ങളിൽപെട്ടുപോയവരും ഒരു പ്രത്യയ ശാസ്ത്രത്തിലും വിശ്വാസമില്ലാത്തവരും രാജവാ ഴ്ചയുടെ അനിവാര്യഫലമായി വഴിതെറ്റിയവരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. അത്തര ക്കാരെ ഇസ്ലാമിനോടും ഇസ്ലാമികവിപ്ലവത്തോടും അടുപ്പിച്ച് ഇമാം ഖുമൈനിയുടെ നേതൃത്വത്തിലേക്ക് ഒരുക്കിക്കൊടുത്തത് ശരീഅത്തിയാണ്. അദ്ദേഹം ഇസ്ലാമികാധ്യാപന ങ്ങളെ അവർക്ക് കാലാനുകൂലമായി വിശദീകരിച്ചു കൊടുത്തു. സമകാലിക സമൂഹ ത്തിന്റെ സാമൂഹിക-രാഷട്രീയ-സാമ്പത്തിക പ്രശ്നങ്ങളെ ഉറ്റുപഠിക്കുകയും അവ പരിഹ രിക്കുന്ന കാര്യത്തിന് ഇസ്ലാമല്ലാത്ത പ്രത്യയശാസ്ത്രങ്ങളുടെ പോരായ്ക ബോധ്യപ്പെടു ത്തിക്കൊടുക്കുകയും ചെയ്തു. അങ്ങനെ ഇറാൻ സമൂഹത്തിന് ബുദ്ധിപരമായ ക്ഷാമം നേരിട്ട ചരിത്രസന്ധിയോടുള്ള കടമ നിർവ്വഹിച്ചു കൊണ്ട് ഇറാൻ വിപ്ലവത്തിന്റെ ആചാ ര്യനെന്ന് പ്രഖ്യാതനാവാൻ ശരീഅത്തി അർഹത നേടി.

ഇറാൻ വിപ്ലവത്തിൽ ശരീഅത്തിയുടെ പങ്കിനെപ്പറ്റി ചോദിച്ചതിന് ഇമാം ഖുമൈനി നൽകിയ മറുപടി കൗതുകമുളവാക്കുന്നതാണ്. അദ്ദേഹം പറഞ്ഞു: ശരീഅത്തിയുടെ അധ്യാപനങ്ങൾ മതപണ്ഡിതൻമാർക്കിടയിൽ ചർച്ചാവിഷയമാവുകയും വിവാദം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം യുവാക്കളേയും ബുദ്ധിജീവികളേയും തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിൽ അവർക്കുണ്ടായ സ്വാധീനം വളരെ മഹത്തരമാണ്. ശരീഅത്തിയുടെ അഭ്യർത്ഥനയനുസരിച്ച് അദ്ദേഹത്തിന്റെ അനുകർത്താക്കൾ പാരമ്പര്യ ങ്ങളെ പരിശോധനക്കു വിധേയമാക്കുകതന്നെ ചെയ്യട്ടെ. അപ്രകാരം തന്നെ യാതൊരു വിഷയത്തെപ്പറ്റിയും ഒരു പണ്ഡിതനും അവസാനവാക്ക് പറഞ്ഞുവെച്ചിട്ടില്ലെന്നും മതപ ണ്ഡിതൻമാരെ പിന്തുടരുന്നവർ മനസ്സിലാക്കിയിരിക്കുകയും വേണം.

വിപ്ലവത്തിന്റെ വിജയത്തിൽ ശരീഅത്തിയുടെ പ്രയത്നങ്ങളെ യഥാർഹം അംഗീകരിക്കു ന്നതോടൊപ്പം അദ്ദേഹത്തിനും മതപണ്ഡിതൻമാർക്കും ഇടയിൽ പ്രകടമായിരുന്ന അഭി പ്രായ സംഘട്ടനങ്ങളെയും ചൂണ്ടിക്കാട്ടുന്നുണ്ട് ആയത്തുല്ലാ ഖുമൈനിയുടെ മേൽകൊ ടുത്ത വാക്ക്. ഈ അഭിപ്രായ സംഘട്ടനങ്ങൾ വിജ്ഞാനത്തിന്റെയും ചിന്തയുടെയും നിലനിൽപ്പിനും വളർച്ചക്കും ഒഴിച്ചുകൂടാത്ത ഒന്നാണ്. അല്ലാതെ അലി ശരീഅത്തി ഒരു ഭാഗത്തും മതനേതൃത്വം മറു ഭാഗത്തുമാണ് ഇറാനിൽ പ്രവർത്തിച്ചിരിക്കുന്നത് എന്ന് ഇതി നർഥമില്ല. അങ്ങനെ വരുത്തിത്തീർക്കാൻ അമേരിക്കയും സി.ഐ.എയും കാര്യമായ ശ്രമ

ങ്ങൾ നടത്തുന്നുണ്ട്. ഖുമൈനി ഗ്രൂപ്പ്, ശരീഅത്തി ഗ്രൂപ്പ് എന്നിങ്ങനെ അമേരിക്കൻ പത്ര ങ്ങൾ ഉപയോഗിക്കുന്നതു കാണാം.

ഇറാനകത്ത് ഉന്നതവ്യക്തിത്വങ്ങളെ തെരഞ്ഞുപിടിച്ച് വധിക്കാൻ പരിപാടിയിട്ടിറങ്ങിയ ഒരു ഭീകര സംഘം പ്രവർത്തിക്കുന്നുണ്ട്. 'അൽഫുർഖാൻ' എന്ന പേരിലാണവർ അറിയ പ്പെടുന്നത്. മേജർ ജനറൽ ഖുർആനി, ആയതുല്ല മുതഹരി എന്നീ രണ്ടു പ്രമുഖ വ്യക്തി ത്വങ്ങളെ വധിച്ചതിനെത്തുടർന്ന് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ തങ്ങൾ അലി ശരീ അത്തിയുടെ അനുയായികളും മതപണ്ഡിതന്മാരെ എതിർക്കുന്ന ഇസ്ലാമികവിപ്ലവലൈ നിന്റെ വാക്താക്കളുമാണണെന്ന് അവർ അവകാശപ്പെട്ടിരുന്നു. ഇറാൻ ജനതയെ മതപ ണ്ഡിതന്മാരുടെയും അല്ലാത്തവരുടെയും രണ്ടു ഗ്രൂപ്പുകളാക്കി ഭിന്നിപ്പിച്ചു മൽസരിപ്പി ക്കാൻ അമേരിക്കയും സി. ഐ. എ.യും തട്ടിക്കൂട്ടിയ ഒരു ഗ്രൂപ്പാണ് അൽഫുർഖാനെന്നും ഇതിന് തന്റെ പക്കൽ ധാരാളം തെളിവുകളുണ്ടെന്നും ഒരു അമേരിക്കൻ യൂണിവേഴ്സിറ്റി പ്രൊഫസറായ ഹാമിദ് അൽഗാർ 'ഇറാൻ ഇസ്ലാമിക് റവലൂഷൻ' എന്ന വിഷയത്തെ പ്പറ്റി ലണ്ടനിലെ 'മുസ്ലിം ഇൻസ്റ്റിറ്റ്യൂട്ട്' സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ വെളിപ്പെ ടുത്തിയിരുന്നു.

എന്നാൽ മതനേതൃത്വത്തെയും അലി ശരീഅത്തിയെയും പരസ്പരപൂരകങ്ങളായിട്ടാണ് ഇറാനികൾ കാണുന്നത്. ഖുമൈനി അവർക്ക് ആത്മീയനേതാവും രാഷ്ട്രീയ മാർഗ്ഗദർശി യുമാണ്. അതേയവസരത്തിൽ തന്നെ ശരീഅത്തിയെ ഇസ്ലാമികവിപ്ലവത്തിന്റെ ബുദ്ധി പരവും ദർശനപരവുമായ ആചാര്യനായി അവർ അംഗീകരിക്കുകയും ചെയ്യുന്നു. ഇമാം ഖുമൈനിയുടെ അനുയായി ആകാൻ ഭാഗ്യമുണ്ടായതിൽ അഭിമാനം കൊള്ളുന്ന ശരീഅ ത്തിയെയാണവർക്ക് പരിചയം. തന്റെ ഒരു കവിതയിൽ അദ്ദേഹം ഖുമൈനിയെ വിശേഷി പ്പിക്കുന്നത് കാണുക:- അദ്ദേഹം കാലത്തിന്റെ വിളിയാണ്; ദൈവത്തിന്റെ ആത്മാവാണ്; പഞ്ഞകാലത്ത്, ആ ഓരോ വിളിയും ഓരോ ചലനവും ഓരോ ഉദ്യമവും നമ്മുടെ യുഗ ത്തിന്റെ ധ്വനിയാണ്. കാലമേ! എന്തു പറയട്ടെ ഞാൻ ഖുമൈനിയെ കാണാൻ ചെന്നു. അദ്ദേഹം ദുഃഖാകുലനായി നിന്റെ നാമം ജപിക്കുന്നുണ്ടായിരുന്നു. ദൈവത്തിന്റെ ആ ആത്മാവ്...........

ശരീഅത്തിയുടെ സ്വതന്ത്രമായ പല അഭിപ്രായങ്ങളെയും നിശിതമായി വിമർശിച്ചിരുന്ന ഒരു പണ്ഡിതനായിരുന്നു ആയതുല്ലാ മുതഹ്ഹരി. "സഫവീ ശീയിസവും അലവീ ശീയി സവും" എന്ന ഗ്രന്ഥത്തിൽ സഫ്‌വീ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മുല്ലാമുഹമ്മദ് ബാഖിർമജ്‌ലിസി എന്ന പ്രശസ്ത പണ്ഡിതനെ ശരീഅത്തി വിമർശിക്കുന്നുണ്ട്. ശരീഅ ത്തിയുടെ വീക്ഷണത്തിൽ യഥാർത്ഥ ശീയിസത്തിന്റെ വികല രൂപമാണ് മജ്‌ലിസി പ്രതി നിധീകരിക്കുന്നത്. എന്നാൽ പരമ്പരാഗത ശീയാ ചരിത്രത്തിൽ അവഗണിക്കാനാവാത്ത ഒരു വ്യക്തിയാണ് മജ്‌ലിസി. ശീയാക്കൾ പ്രമാണികത കൽപ്പിക്കുന്ന ബിഹാറുൽ അൻവാർ എന്ന മഹദ്ഗ്രന്ഥമുൾപ്പെടെ ഇറാനിൽ ഇപ്പോഴും ഉപയോഗത്തിലുള്ള പല കൃ തിയുടെയും കർത്താവാണദ്ദേഹം. മജ്‌ലിസിക്കെതിരെ ശരീഅത്തി നടത്തിയ വിമർശന ങ്ങളോട് മുതഹ്ഹരി ശക്തമായി പ്രതികരിച്ചു.

ശരീഅത്തിയും മുതഹ്ഹരിയും തമ്മിൽ അടിസ്ഥാനപരമായിത്തന്നെ പല കാര്യങ്ങളിലും വിയോജിപ്പുണ്ടായിരുന്നുവെന്നാണ് കേൾവി. മതത്തെ രാഷ്ട്രീയലക്ഷ്യങ്ങൾക്കായി ദുരു പയോഗപ്പെടുത്തുന്ന ഒരു ഇൻസ്ട്രുമെന്റലിസ്റ്റ്. എന്നുപോലും അലിശരീഅത്തിയെ മുതഹ്ഹരി സംശയിച്ചിരുന്നുവത്രെ! ഇരുവർക്കിടയിൽ ഈ വൈര്യത്തിന് ചിലർകാരണം പറയുന്നത് കൂടുതൽ രസകരമാണ്. 1967-ൽ അലി ശരീഅത്തി ഇറാനിലെ ഹുസൈനിയാ ഇർശാദിലെത്തുന്നതുവരെ മുതഹ്ഹരിയായിരുന്നു ആ സ്ഥാപനത്തിലെ പ്രധാന അധ്യാ പകനും പ്രഭാഷകനും. ശരീഅത്തിയുടെ വരവോടെ അദ്ദേഹം ശ്രദ്ധേയനാവുകയും മുത ഹ്ഹരി മങ്ങുകയും ചെയ്തു. ഇതിൽ അസൂയ തോന്നിയതു കൊണ്ടാണ് മുതഹ്ഹരി ശരീഅത്തിക്കെതിരിൽ തിരിഞ്ഞത് എന്നാണ് ആ കണ്ടുപിടിത്തം. എത്ര ഉന്നതന്മാരാ യാലും അവരെല്ലാം മനുഷ്യരായതിനാൽ ഇത് ശരിയാകാനുള്ള സാധ്യത നിഷേധിക്കേ

ണ്ടതില്ല. പക്ഷെ, ഹുസൈനിയാ ഇർശാദ് മുതഹ്ഹരിയാണ് സ്ഥാപിച്ചതെന്നും മശ്ഹദ് യൂണിവേഴ്സിറ്റിയിൽ നിന്നും ബഹിഷ്കൃതനായ അദ്ദേഹം അങ്ങോട്ട് ക്ഷണിക്കപ്പെടുകയാണുണ്ടായതെന്നും ഇവിടെ ഓർക്കണം. ആദ്യമാദ്യം ശരീഅത്തിയോടൊപ്പം മുതഹ്ഹരിയും പ്രഭാശണം നടത്തിയിരുന്നു. പിന്നീട് ശരീഅത്തിക്ക് കൂടുതൽ സമയം ലഭിക്കാൻ വേണ്ടി മുതഹ്ഹരി മനഃപൂർവ്വം ഒഴിഞ്ഞുകൊടുത്തു. ശരീഅത്തി ഹേതുവായി മതപണ്ഡിതന്മാരുടെ കയ്യിൽ നിന്ന് സമുദായത്തിന്റെ കടിഞ്ഞാൺ തെറിച്ചു പോവുകയാണെങ്കിൽ അത് ദൂരവ്യാപകമായ പ്രത്യാഗാതങ്ങൾക്ക് വഴിവെക്കുമെന്ന ആശങ്ക ഒരു പക്ഷെ മുതഹ്ഹരിക്കുണ്ടായിട്ടുണ്ടാവാം.

അലി ശരീഅത്തി കേവലമൊരു എഴുത്തുകാരനോ പ്രാസംഗികനോ ആയിരുന്നില്ല. താൻ പ്രതിനിധാനം ചെയ്യുന്ന വിപ്ലവത്തിന്റെ ഭാഗമെന്ന നിലയ്ക്കാണ് അദ്ദേഹം എഴുതിയിരുന്നതും പ്രസംഗിച്ചിരുന്നതും. തന്റെ കൂടെപ്പിറപ്പുകളായ എല്ലാ കഴിവുകളും ഇസ്ലാമിക വിപ്ലവമെന്ന ലക്ഷ്യത്തിലേക്കുള്ള വഴികളാണദ്ദേഹത്തിന്. സ്വയം വേദനയനുഭവിച്ചും വേദനയനുഭവിക്കുന്ന സമൂഹത്തോട് താദാൽമ്യം പ്രാപിച്ചും ജീവിച്ചതിനാൽ അദ്ദേഹത്തിന് ഓരോ വാക്കിലും അഭിവാച്യമായ ഒരു പ്രാണസ്പന്ദനം കാണാം. ഹുസൈനിയാ ഇർശാദിൽ അദ്ദേഹത്തിന്റെ പ്രഭാഷണംകേൾക്കാൻ പേര് രജിസ്റ്റർ ചെയ്തിരുന്നവർ ആറായിരത്തിലധികമായിരുന്നു. ശ്രോദ്ധാക്കളുടെ ഹൃദയത്തിൽ ആഞ്ഞുപതിക്കുന്നതും അവരെ അക്ഷരാർത്ഥത്തിൽ തന്നെ പിടിച്ചിരുത്തുന്നതുമാണ് ശരീഅത്തിയുടെ ശൈലി. ഒരു റംസാൻമാസത്തിലെ രാത്രിയിൽ സൂറഃ റൂമിന്റെ ആദ്യഭാഗത്തിലെ ഏതാനും വാക്യങ്ങൾ ശരീഅത്തി വിശദീകരിക്കാൻ തുടങ്ങി. ഇരുപതു മണിക്കൂർ നീണ്ടു നിന്നുവത്രെ ആ വിവരണം. പിറ്റേന്ന് ഒരു മണി സമയമായി തീർന്നപ്പോൾ. എന്നിട്ടും സദസ്യർ അദ്ദേഹത്തിന്റെ മുഖത്ത് കണ്ണും നട്ടിരിക്കുകയായിരുന്നു.

ഒരു ആശൂറ നാളിൽ ഹുസൈനിയ്യാ ഇർശാദിൽവെച്ച് ശരീഅത്തി ചെയ്ത പ്രസംഗമാണ് 'ശഹാദത്ത്'. ജനകീയ വിപ്ലവപ്രസ്ഥാനങ്ങൾക്ക് ദേശകാലാതീതമായി ആവേശം പകരുന്ന കർബലയുടെ സമരചരിത്രവും പിൻതലമുറകൾക്ക് അതുനൽകിയ സന്ദേശവും രക്തസാക്ഷ്യത്തിന് അസാധാരണവും യുക്തിസഹവുമായ വ്യഖ്യാനവുമാണിതിന്റെ ഉള്ളടക്കം. പുസ്തകരൂപമാക്കിയപ്പോൾ എന്തൊക്കെ ആശയച്ചോർച്ചയും കൈപിശകുമാണ് ഇതിനു പറ്റിയിട്ടുണ്ടാവുക എന്നാവോ? അതൊന്നും ശരീഅത്തിയുടെ പരിശോധനയിൽ പെട്ടിട്ടുണ്ടാവുകയില്ല. ഏതായാലും മൂല കൃതിയുടെ ഇംഗ്ലീഷ്, ഉർദു, പരിഭാഷകളിൽ കണ്ട ആശയങ്ങൾ യാതൊരു തേമാനവും പറ്റാതെ വിവർത്തനക്കുറിപ്പിൽ പകർത്താൻ ശ്രമിച്ചിട്ടുണ്ട്.

ഇന്നത്തെ ജീവിതത്തിലെയും സാമൂഹ്യമണ്ഡലങ്ങളിലെയും ഭീകരയഥാർത്ഥ്യങ്ങളോട് കർബലാ രക്തസാക്ഷികളുടെ മനോവീര്യം സ്വാംശീകരിച്ച് പ്രതികരിക്കാൻ സന്നദ്ധമാണോ എന്നചോദ്യം ഈ പുസതകം വായനക്കാരുടെ മുമ്പിൽ ഉയർത്തുന്നു. അൽപ്പസമയം മാത്രം മനസ്സിൽ തങ്ങുന്ന വിപ്ലവകരമായ ഒരനുഭൂതിയായിരിക്കരുത് ഇതിന്റെ പാരായണം കൊണ്ടുള്ള നേട്ടം.

പണ്ഡിതോചിതമായ ഒരവതാരികകൊണ്ട് ഈ വിവർത്തനത്തെ അംഗീകൃതവും ആലങ്കൃതവുമാക്കിത്തന്ന ജ: ടി. മുഹമ്മദ് സാഹിബിന് നന്ദി.

അരീക്കോട്
22-11-1983

വിവർത്തകൻ

# രക്തസാക്ഷ്യം

ഇമാം ഹുസൈന്റെ (അ) രക്തസാക്ഷിദിനമായ ഇന്ന് ഒരു പ്രസംഗം ചെയ്യുക പ്രയാസമേറിയ ജോലിയായി എനിക്കനുഭവപ്പെടുന്നു. രക്തസാക്ഷ്യം എന്ന വിഷയത്തെക്കുറിച്ചാകുമ്പോൾ ആ പ്രയാസം വർദ്ദിക്കുകയുമാണ്.

മാനവചരിത്രത്തിൽ ഹുസൈൻ(അ) നിർവ്വഹിച്ച അതിബൃഹത്തും ധീരോദാത്തവുമായ കൃത്യം നിരവധി ലേഖനങ്ങൾക്കും ഭാഷണങ്ങൾക്കും വിഷയീഭവച്ചുകഴിഞ്ഞിട്ടുള്ളതാണ്. പൂർവ്വിക പണ്ഡിതൻമാർ പഴയ മട്ടിലും ആധുനിക ബുദ്ധിജീവികൾ നവീന കാഴ്ചപ്പാടിലൂടെയും അതേപ്പറ്റി വ്യത്യസ്ത വിലയിരുത്തലുകൾ നടത്തിയിട്ടുമുണ്ട്. ആ ചർച്ച തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏന്നാൽ ശഹാദത്തിനെ സംബന്ധിച്ച യഥാർത്ഥ വീക്ഷണം ഉൾക്കൊണ്ടെങ്കിലേ ഹുസൈൻ(അ) കാഴ്ചവെച്ച ധീരകൃത്യത്തിന്റെ പൊരുൾ കണ്ടുപിടിക്കാനാകൂ.

ഹുസൈന്റെ (അ) മാഹാത്മ്യം അതിന്റെ പരിപൂർണ്ണതയോടെ യഥാസ്ഥാനത്തിരിക്കട്ടെ. എന്റെ ദൃഷ്ടിയിൽ ഹുസൈന്റെ(അ)വ്യക്തിത്വത്തേക്കാളുപരി ഉന്നതമായ സംഗതി മറ്റൊന്നാണ്. അതിന്റെ തിളക്കത്തിലാണ് ഹുസൈന്റെ(അ) മഹിമ പ്രദീപ്തമാകുന്നത്. അതിനുവേണ്ടി തന്നെയാണ് അദ്ദേഹം ജീവത്യാഗംവരിച്ചതും. ഹുസൈനെ(അ)ക്കുറിച്ച് പറയുമ്പോൾ അദ്ദേഹം സ്വജീവനെ ഉദാരമായി സമർപ്പിച്ചതെന്തിനുവേണ്ടി എന്നനുസ്മരിക്കാൻ നാം മെനക്കെടാറില്ല. കർബലാ രക്തസാക്ഷികളെ മതത്തിലും മനുഷ്യചരിത്രത്തിലും ഉന്നതസ്ഥാനീയരാക്കിയ, സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും കണ്ണിൽ അവർ മഹാൻമാരാകാനിടയാക്കിയ, ജീവിതകാലത്തും മരണവേളയിലും അവർ ഉയർത്തിപ്പിടിച്ച ആ മൗലികകർമ്മത്തെക്കുറിച്ച-അഥവാ ശഹാദത്തിനെക്കിറിച്ചുള്ള വിവരണമാണ് എന്റെ പ്രസംഗത്തിലെ പ്രതിപാദ്യം.

അതീവ ദുഷ്ക്കരവും ക്ലേശപുർണ്ണവുമായ ഒരു ശ്രമമാണിത്. ഏന്റെ അൽപ്പജ്ഞതയും ബുദ്ധിപരമായ അപര്യാപ്തയും ഒരു വശത്ത്. അതോടൊപ്പം വൈരുദ്ധ്യങ്ങൾ നിറഞ്ഞ ചരിത്രവസ്തുക്കളെയാണ് ആസ്പദമാക്കേണ്ടെതെന്നുവരുമ്പോൾ വിഷയം കടുതൽ സങ്കീർണ്ണമായിത്തീരുന്നു. ശഹാദത്തിനെ സംബന്ധിക്കുന്ന ഈ ചർച്ചയിൽ ധൈഷണികവും ശാസ്ത്രീയവും തത്വചിന്താപരവുമായ സമീപനരീതി സ്വീകരിച്ചാൽ മതിയെങ്കിൽ വിജ്ഞാനത്തിന്റെയും ന്യായശാസ്ത്രത്തിന്റയും സഹായത്തോടെ സ്വന്തം ബുദ്ധിയെ ആശ്രയിച്ചാൽ മതിയായിരുന്നു. എന്നാൽ ഇതിനപ്പുറം ശഹാദത്തിന്റെ സംഭവപരമ്പരകളും പ്രേരകസാഹചര്യങ്ങളും അത്യന്തം സൂക്ഷ്മവും ബോധോന്ദ്രിയസംവേദകവുമാണ്. ആത്മാവിന്റെ ഉള്ളറകളിൽ അഗ്നി ആളിക്കത്തിക്കവിധം വികാരതീക്ഷ്ണവും അനുരാഗപൂർണ്ണവുമാണ്. അവിടെ തർക്കശാസ്ത്രം തളർന്നുവീഴുന്നു. വാചാലതയുടെ കരുത്ത് നഷ്ടപ്പെടുന്നു. യുക്തിചിന്ത പ്രവർത്തനരഹിതമായിത്തീരുന്നു.

ഒരുവശത്ത് തീവ്രാനുരാഗത്തിന്റെ മൂർദ്ധ നൈർമല്യം, മറുവശത്ത് അഗാധവും അതിഗഹനവുമായ ജ്ഞാനവും യുക്തി വിചാരവും. ഇവ രണ്ടിന്റെയും സമ്മിശ്ര സമന്വയമാണ് ശഹാദത്ത്. ഒരേ സമയത്ത് ഇവ രണ്ടും ഒരുമിച്ച് വിവരിക്കുക സാധ്യമല്ല. പ്രസംഗത്തോട് നീതിപുലർത്താൻ കഴിയാതിരിക്കുകയാവും അത്തരമൊരു ശ്രമത്തിന്റെ ഫലം. വിശേഷിച്ച് എന്നെപ്പോലുള്ള ദുർബ്ബല ചിന്തകർക്ക് അതൊരു വിഷമം

തന്നെയാണ്. ഏതായാലും ആവുന്നത്ര പറയാൻ ശ്രമിക്കാം. പറയാവുന്നതിൽ കുറച്ചുമാത്രം പറഞ്ഞൊപ്പിക്കാം.

ശഹാദത്തിന്റെ അർത്ഥം ഗ്രഹിക്കണമെങ്കിൽ ആ പദം അർത്ഥവും മൂല്യവും സ്വീകരിക്കുന്ന മൂലസ്രോതസ്സായ ആദർശപദ്ധതിയെക്കുറിച്ചറിവുണ്ടായിരിക്കണം. പ്രസ്തുത ആദർശപദ്ധതി ഉജ്വലമായി പ്രതിബിംബിക്കുന്ന പ്രതിഭാസങ്ങളിലൊന്ന് ഹുസൈൻ(അ) മനുഷ്യ ചരിത്രത്തിന്റെ ആദി മുതൽ പുരുഷാന്തരങ്ങളിലൂടെ ഇന്നോളം തുടർന്നുപോന്നതും ഇനിയും അവിരാമം തുടരുന്നതുമായ ഒട്ടേറെ സമരാങ്കണങ്ങളിലൊരു കണ്ണി മാത്രമാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന കർബല.

പ്രവാചകനായ ഇബ്രാഹിം(അ) മുതൽ ആരംഭിച്ച പ്രസ്ഥാന ശൃംഖലയുമായി ഹുസൈന്നു(അ)ള്ള ബന്ധത്തിലാണ് അദ്ദേഹത്തിന്റെ വ്യക്തിത്വം സ്പഷ്ടമായി കണ്ടെത്താൻ കഴിയുക. ഈ വസ്തുത വ്യക്തമാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു ഹുസൈൻ (അ) നയിച്ച വിപ്ലവത്തിന്റെ വ്യാഖ്യാനം. ഹുസൈനെ(അ)യും കർബല സംഭവത്തെയും ചരിത്രത്തിൽ നിന്നും സാമൂഹ്യ പാശ്ചാത്തലത്തിൽനിന്നും അടർത്തിയെടുത്ത് പരിശോധിക്കുന്നതായാൽ നൂറ്റാണ്ടുകളിലൂടെ ശാശ്വതികത്വം നേടിയ ആ അനശ്വര പ്രതിഭാസം ഭൂതകാലത്തെ കേവലമൊരു ദൗർഭാഗ്യമായി ചുരുങ്ങും. ശിയാക്കൾക്ക് ഓർത്തുകരയാനുള്ള ഒരു ചരിത്ര ദുഃഖമെന്ന പതനത്തിൽ ഹുസൈനും (അ) കർബലയും നിലകൊള്ളുകയും ചെയ്യും. ആദർശപരവും ചരിത്രപരവുമായ പാശ്ചാത്തലത്തോട് ബന്ധംവിടുത്തി പ്രസ്തുത സംഭവം പഠനവിധേയമാക്കുന്നത് ജീവനുള്ള ശരീരത്തിലെ ഏതെങ്കിലുമൊരു അവയവം മുറിച്ചെടുത്ത് പരിശോധിക്കുന്നതിന് തുല്ല്യമായിരിക്കും.

## രണ്ട്

മനുഷ്യ ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടുള്ള മതാധിഷ്ഠിത പ്രസ്ഥാനങ്ങളെ രണ്ടായി വിഭജിക്കാവുന്നതാണ്. മതങ്ങളുടെ ഉള്ളടക്കം, മതാചാര്യൻമാരുടെയും മതപ്രവാചകൻമാരുടെയും സ്വഭാവം, അവരുടെ സാമൂഹ്യ ബന്ധം, ജനതയുടെ മുമ്പിൽ അവർ സമർപ്പിച്ച സന്ദേശം എന്നിവ കണക്കിലെടുത്തു കൊണ്ടുള്ളതാണീ വിഭജനം. മതസ്ഥാപകരായി പൊതുവെ അറിയപ്പെടുന്നവരാണിതിൽ ഉൾപ്പെടുക. അവരുടെ യഥാർത്ഥ നിലയെന്തെന്ന് പരിശോധിക്കാനിവിടെ മുതിരുന്നില്ല.

ഇബ്രാഹീം (അ) നബിയാൽ സ്ഥാപിതമായതാണ് പ്രസ്തുത രണ്ട് ശൃംഖലയിലൊന്ന്. ചരിത്രപരമായി ഈ പരമ്പരയോടാണ് നമുക്ക് കൂടുതലടുപ്പം. അതിനാൽ ഇതിൽപ്പെട്ട പ്രവാചകൻമാരെയാണ് നാം കൂടുതൽ അറിയുക. ഈ പരമ്പരയിലെ പ്രവാചകൻമാർ ഉടലെടുക്കുന്നത് സാമ്പത്തികവും സാമൂഹികവുമായി സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്നവരുടെ ഇടയിൽ നിന്നാണ്. മുഹമ്മദ് നബി (സ) പറഞ്ഞിട്ടുള്ളത് പോലെ അവരിൽ ഭൂരിഭാഗവും ആട്ടിടയൻമാരായിരുന്നു. പട്ടിണി കിടന്നും ശിൽപ്പവേല ചെയ്തും ദിവസവൃത്തി കഴിക്കുന്നവരായിരുന്നു മറ്റു ചിലർ.

ഇതിനു തികച്ചും വിപരീതമായാണ് രണ്ടാം വിഭാഗത്തിൽപ്പെട്ട മതാചാര്യന്മാരെ നാം കാണുന്നത്. ഏതു രാജ്യക്കാരെങ്കിലുമായിക്കൊള്ളട്ടെ അവരൊന്നൊഴിയാതെ പ്രഭുക്കന്മാരായിരുന്നു. സമൂഹത്തിൽ ഏറ്റവും കൂടുതൽ ശക്തിയും സ്വാധീനവും സുസ്ഥിതിയുമുള്ള കുടുംബങ്ങളിൽ പിറന്നവരായിരുന്നു. ഇന്ത്യ, ചൈന, ഇറാൻ എന്നിവിടങ്ങളിൽ രൂപം കൊണ്ട ചിന്താ പദ്ധതികളുടേയും ധാർമിക പ്രസ്ഥാനങ്ങളുടേയും ഉപജ്ഞാതാക്കൾ, ആതൻസിലെ വൈജ്ഞാനിക സദാചാര അക്കാദമികളുടെ സ്ഥാപകന്മാർ എന്നിവരെല്ലാം ഈ ഗണത്തിൽ പെടുന്നു.

ശക്തി, സമ്പത്ത്, പൗരോഹിത്യം ഇവയാണ് ചരിത്രത്തിൽ എന്നും സമൂഹത്തിനുമേൽ

ആധിപത്യം വാണിരുന്നത്. ശക്തന്മാരും സമ്പന്നവർഗവും പുരോഹിതരും ജനങ്ങളുടെ വിശ്വാസത്തിനുമേൽ സിംഹാസനം പണിയുകയായിരുന്നു. ജനങ്ങളെ ഭരിക്കുന്നതിന്റെ കാര്യത്തിൽ ഈ മൂന്നു ഘടകവും സഹകരിച്ചു. കാഴ്ചപ്പാടുകളിലുള്ള സാജാത്യവൈജാത്യങ്ങൾക്കധീതമായി ഭരണകൂടങ്ങൾ സൃഷ്ടിക്കുന്നതിലും നിലനിർത്തുന്നതിലും അവരൊന്നിക്കുകയായിരുന്നു പതിവ്. അത് ജനങ്ങളുടെ ഗുണത്തിനു വേണ്ടിയായിരുന്നില്ല.

ഇന്ത്യ മുതൽ ചൈന തുടങ്ങി ആതൻസുവരെ ഇബ്രാഹിമീ പരമ്പരയിൽ ഉൾപ്പെടാത്ത സകല പ്രവാചകന്മാരും അധ്യാത്മിക ഗുരുക്കളും ഏതെങ്കിലും വിധത്തിൽ ഏതെങ്കിലും രാജകുടുംബത്തോടോ പുരോഹിതകുലത്തോടോ പ്രഭുവർഗത്തോടോ ബന്ധപ്പെടാത്തവരായിട്ടില്ല. കൺഫ്യൂഷ്യസ്, സോക്രട്ടീസ്, ലാവോട്സെ, ശ്രീബുദ്ധൻ, സൗരാഷ്ട്രർ, മാനി, മസ്ദക്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരെ സംബന്ധിച്ചെല്ലാം ഈ പ്രസ്ഥാവം ശരിയാണ്. ഇബ്രാഹിമീപരമ്പരയിലെ പ്രവാചകന്മാരുടെ അവസ്ഥ നേരെമറിച്ചാണ്. അവർ സാധാരണക്കാരിൽ നിന്നെഴുന്നേറ്റ സാധാരണക്കാരായിരുന്നു. ഖുർആൻ ഊന്നിപ്പറയുന്നത് കാണുക: “സാധാരണക്കാർക്കിടയിൽ അവരുടെ കൂട്ടത്തിൽ നിന്നുതന്നെ അവൻ ദൂതനെ നിയോഗിച്ചു”. ഇതു പറയുമ്പോൾ പ്രസ്തുത പ്രവാചകൻമാർ ഇതര മനുഷ്യരെപ്പോലെ അപൂർണ്ണരാണെന്നോ അവർക്ക് അമാനുഷിക സിദ്ധികളൊന്നും ഉണ്ടായിരുന്നില്ലെന്നോ ഞാനർത്ഥമാക്കുന്നതായി തെറ്റിദ്ധരിക്കരുത്. അഭിജാത കുടുംബത്തിലോ പ്രത്യേക തറവാട്ടിലോ പെട്ടവരല്ല, സമൂഹത്തിന്റെ കീഴ്തട്ടിൽ നിന്നുയർന്നുവന്നവരായിരുന്നു ഇബ്രാഹീമീ പ്രവാചകശ്രേണി എന്ന് സമർത്ഥിക്കുകയാണെന്റെ ലക്ഷ്യം. അറബികൾക്കിടയിൽ അറബിസംസാരിക്കുന്ന പ്രവാചകനെ നിയമിച്ചു എന്നാണ് മേൽകൊടുത്ത ഖുർആൻ വാക്യത്തിന്റെ സാരം ചിലർ തെറ്റിദ്ധരിച്ചിട്ടുള്ളത്. ഹീബ്രുഭാഷക്കാരനായ മൂസാ(അ)യെ എബ്രായരായ യൂഹദൻമാർക്ക് പ്രവാചകനാക്കിയത്പോലെ. അറബികളെ ഗ്രീക്കിലോ ചൈനീസ് ഭാഷയിലോ അല്ല അറബിയിൽ തന്നെയാണ് അഭിസംബോധനചെയ്യേണ്ടതെന്ന കാര്യം സർവ്വാംഗീകൃതവും യുക്തസിദ്ധവുമാണ്. ജനതയുടെ ഭാഷയിൽ സംസാരിക്കുകയെന്നാൽ സാമാന്യ ജനങ്ങളുടെ ഭാഷയിൽ അവരുടെ ആവശ്യവും അഭിരുചിയും മനസ്സിലാക്കി അവരുടെ നിലവാരമറിഞ്ഞ് സംസാരിക്കുക എന്നു വിവക്ഷിതം. തത്വചിന്തകൻമാർ, കവികൾ, ബുദ്ധിജീവികൾ, വിദ്വജ്ജനങ്ങൾ എന്നിവരെപ്പോലെ ഏതെങ്കിലുമൊരു പ്രത്യക വിഭാഗത്തിനു മാത്രം ഗ്രഹിക്കാവുന്ന രീതിയിലല്ല. കവികളും ബുദ്ധിജീവികളും എന്നും എവിടെയും സാധാരണക്കാർക്ക് ദുർഗ്രാഹ്യമായ ഭാഷയിലാണ് ആശയാവിഷ്ക്കരണം നടത്തുക പതിവ്. അവരുടെ ഭാഷാശൈലിയും ഭാവനാവിലാസവും സാമാന്യജനങ്ങൾക്ക് ഉൾക്കൊള്ളാനൊക്കില്ല.

ഇബ്രാഹീമീ പരമ്പരയിലെ പ്രാവാചകൻമാരെ പറ്റിയുള്ള ചർച്ച സാമാന്യ ജനതയെ സംബന്ധിക്കുന്ന ചർച്ചയാണ്. അവശവിഭാഗത്തിൽപെട്ട മനുഷ്യരെ സംബന്ധിക്കുന്ന ചർച്ചയാണ്

ഇരുവിഭാഗം പ്രാവാചകൻമാരുടെ ദൗത്യനിർവഹണത്തിലും ഈ വ്യത്യാസം പ്രകടമാകുന്നുണ്ട്. ഇബ്രാഹിമീയേതര പ്രവാചകമിഷനുകൾ പ്രചരിച്ചതും ഉന്നതിയിലെത്തിയതും അതാതു കാലത്തെ അധികാരശക്തികളുടെ സഹായത്തോടെയായിരുന്നു. ഓരോന്നും വിസ്തരിച്ച്പറയാൻ അവസരമില്ല. ഇബ്രാഹീമീ പരമ്പരയിൽപ്പെട്ടവർ പ്രാവാചകൻമാരായി നിയമിക്കപ്പെട്ടപ്പോഴാകട്ടെ ഭരണവർഗ്ഗങ്ങൾക്കെതിരിൽ സമൂഹത്തിലെ അവശവിഭാഗം അവരുടെ പിന്നിൽ സംഘടിക്കുകയാണുണ്ടായത്

.

ഇബ്രാഹീമി(അ)നെ നോക്കൂ: പ്രവാചകത്വ പദവി ലഭിച്ച ഉടനെ കോടാലിയുമായി ക്ഷേത്രത്തിൽ കടന്നു എല്ലാ വിഗ്രഹങ്ങളെയും തച്ചുടക്കുകയാണദ്ധേഹം. മൂസാ(അ)യാകട്ടെ ആട്ടിടയന്റെ വടിയും പിടിച്ച് ഫറോവയുടെ കൊട്ടാരത്തിന് നേരെ ആഞ്ഞടിക്കുകയും സമരം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ധനപ്രഭുവായ ഖാറൂനെ മണ്ണിനടിയിൽ കുഴിച്ചുമൂടുന്നു. അവസാനം ഫിർഔനെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നു. ഈപര

മ്പരയിലെ അവസാനത്തെ പ്രവാചകനായ മുഹമ്മദ്(സ)നെ ഒന്നുവീക്ഷിക്കൂ. ആത്മകേന്ദ്രീകൃത ശിക്ഷണങ്ങളും പാകപ്പെടുത്തലുകളും വികാസഘട്ടം പ്രാപിക്കുന്നതോടെ അദ്ദേഹം പുണ്യ യുദ്ധങ്ങൾക്ക് തുടക്കം കുറിച്ചു. പത്തുവർഷത്തിനിടയിൽ അറുപത്തിയഞ്ച് യുദ്ധം നയിച്ചു അവിടുന്ന്. അമ്പതു ദിവസത്തിലൊരിക്കൽ ഒരു യുദ്ധമെന്ന തോതിൽ. ഇബ്രാഹീമി പരമ്പരയിലെ പ്രവാചകൻമാർ അവരുടെ ദൗത്യത്തിന്റെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടുള്ള അമാനുഷ ദൃഷ്ടാന്തങ്ങളാണ് പ്രദർശിപ്പിച്ചിരുന്നത്. വടി സർപ്പമായതും ജാലവിദ്യ പരാജയപ്പെടുത്തിയതും ഫിർഔന്റെ സിംഹാസനത്തിനെതിരെയുള്ള കടന്നാക്രമണത്തിന്റെ പര്യായമായിരുന്നു.

ഖുർആൻ അവതരിക്കാൻ തുടങ്ങിയതോടെ ഉദയംകൊണ്ട ഒരു പുത്തൻ മതമല്ല ഇസ്ലാം. മാനവരാശിയുടെ ചരിത്രത്തിൽ ആകപ്പാടെ ഒരൊറ്റ മതമേയുള്ളൂ. അതിനെ കാലത്തിന്റെ ഗതിവ്യത്യാസമനുസരിച്ച് പുതുക്കാനും പ്രബോധിക്കാനുമാണ് ഇടക്കിടെ പ്രവാചകൻമാർ ജൻമം കൊണ്ടത്. മതം ഒന്നുതന്നെ. അതിസ്ലാം മാത്രം. ശ്രദ്ധേയമായ ഈ വസ്തുത വ്യക്തമാക്കുകവഴി ഇസ്ലാമിന്റെ സാർവലൗകികതയിലേക്കും സർവ്വജനീനതയിലേക്കുമാണ് ഖുർആൻ വിരൽചൂണ്ടുന്നത്. അതിനാൽ ഇസ്ലാമിന്റെ ചരിത്രമെന്നാൽ മുഴുവൻ ലോകത്തിന്റെയും മുഴുവൻ കാലത്തിന്റെയും ചരിത്രമെന്നാണർത്ഥം. മുഹമ്മദ് നബി(സ) യുടെ വിപ്ലവം മനുഷ്യരാശിയുടെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തപ്പെട്ട നിരവധി വിപ്ലവശൃംഖലയിലെ ഒരു കണ്ണി മാത്രവും പ്രബലവർഗ്ഗത്തിനും മുതലാളികൾക്കും വഞ്ചകർക്കുമെതിരിൽ സമരം ചെയ്ത് മോചനം നേടുവാൻ ലോകത്തിലെ കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ദേശ കാല വ്യത്യസം കൂടാതെ എന്നും ഒരേയൊരു സമരം, ഒരൊറ്റ മോചന മാർഗ്ഗം. ഒരേയൊരു ചൈതന്യം, ഒരൊറ്റ മുദ്രാവാക്യം അതുമാത്രം ഉയർത്തിപ്പിടിക്കാനേ ഇസ്ലാം ആഹ്വാനം ചെയ്തിട്ടുള്ളൂ[7]

ഖുർആനിലെ താഴെ പറയുന്ന വരി അതിന്റെ ചരിത്ര പശ്ചാതലത്തിൽ വെച്ചൊന്നു പരിശോധിച്ചു നോക്കുക. അതിലെ തെരഞ്ഞെടുത്ത പദവിന്യാസവും വിവിധ ഘട്ടങ്ങളെ അനുക്രമത്തിൽ നിരത്തിവെച്ചു കൊണ്ടുള്ള ചരിത്രാവതരണവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

“ദൈവത്തിന്റെ ദൃശടാന്തങ്ങളെ അവിശ്വസിക്കുന്നവർ അന്യായമായി പ്രവാചകൻമാരെ വധിക്കുന്നവർ, നീതിനിർവ്വഹണത്തിനാഹ്വാനം നൽകുന്ന മനുഷ്യരെ കൊല ചെയ്യുന്നവർ- വേദനാജനകമായ ശിക്ഷയുമട വിശേഷവാർത്ത അവരെ നീ അറിയിക്കുക’’.[8]

ഈ ഖുർആൻ വാഖ്യത്തിലടങ്ങിയിട്ടുള്ള മൂന്നു കാര്യങ്ങൾ പരസ്പരം ബന്ധമുള്ളവയാണ്. ഒന്ന് ദൈവിക ദൃശ്ടാന്തങ്ങൾ. രണ്ട്, പ്രവാചകൻമാർ. മൂന്ന് അവിശ്വാസികളുടെ എതിർചേരിയിൽ നിൽക്കുന്ന മാനുഷിക സമത്വത്തിന്റെ വക്താക്കൾ. ദൈവവും പ്രവാചകൻമാരും നീതി നിർവ്വാഹകരും ഒരേ അണിയിലാണ് നിർത്തപ്പെട്ടുരിക്കുന്നത്. ദൈവനിഷേധികൾ, പ്രവാചകൻമാരുടെ ഘാതകർ നീതിനിർവ്വഹണത്തിനാഹ്വാനം നൽകുന്ന മനുഷ്യരെ കൊല്ലുന്നവർ എന്നീ മൂന്നു വിഭാഗവും തുല്യ നിലവാരത്തിൽ ഏതിർ ചേരിയിലും. സാമൂഹ്യമണ്ഡലങ്ങളിലുളവായ സമരങ്ങൾ, പൂർവ്വകാല സാമൂഹ്യപ്രസ്ഥാനങ്ങൾ, മാനവചരിത്രദർശനം എന്നിവയുടെ സാമൂഹ്യശാസ്ത്രപരമായ വ്യാഖ്യാനം ഈ ഖുർആൻ സൂക്തത്തിൽ സമർത്ഥമായി പതിഞ്ഞുകിടക്കുന്നു.

ചരിത്രത്തിൽ എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത മതം ഒന്നായിരുന്നു. അതിന്റെ പേരാണ് ഇസ്ലാം. മുഹമ്മദ് നബി(സ)യിലാണ് ഈ പ്രവാചക മിഷൻ അവസാനിക്കുന്നത്. ഖുർആൻ പലതവണ വ്യക്തമാക്കിയപ്രകാരം അവരെല്ലാം മുഴുവൻ ലോകത്തിനും ജ്ഞാനത്തിന്റെ പ്രതീകമായ ഗ്രന്ഥവും നീതിയുടെ നിയമസംഹിതയും എത്തിച്ചുകൊടുക്കാനാണ് ആഗതരായത്. ആഗോള ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ഏറ്റവും ഒടുവിലത്തെ സന്ദേശവാഹകനായിരുന്നു മുഹമ്മദ്(സ).

ഏകദൈവത്തിനു മാത്രം കീഴ്‌വണങ്ങി ജിവിക്കുവാനും ഇതരന്മാരുടെ ചങ്ങലക്കെട്ടുകളിൽനിന്നെല്ലാം സ്വതന്ത്രരാകുവാനുമാണ് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയതത്.

സാർവ്വലൗകിക ഐക്യത്തിന്റെറ ആദർശമാണ് തൗഹിദ്. അതിനെ ദൃഢമായി പടുത്തുകെട്ടാൻ വേണ്ടിയാണു മുഹമ്മദ്(സ) നിയുക്തനായത്. തൗഹീദിലൂടെ മാനുഷ്യകത്തേയും മാനവചരിത്രത്തേയും ഒന്നിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. തലമുറകൾ, രാഷ്ട്രങ്ങൾ, വ്യത്യസ്ത വിഭാഗങ്ങൾ, ഗോത്രങ്ങൾ, സമൂഹത്തിന്റെ വിവിധ തട്ടുകളിൽ കഴിയുന്നവർ എന്നിങ്ങനെ ബഹുദൈവ വാദത്തെ തുടർന്നുളവായ തരം തിരിവുകളെല്ലാം അതോടെ നീങ്ങി. തൗഹീദിന്റെ ശബ്ദം വിമോചനത്തിന്റെറ മുദ്രാവകൃമാണ്. ആ മുദ്രാവാക്ക്യത്തിന്റെ മഹത്വം ആദ്യമായി മനസ്സിലാക്കിയത് അന്യരുടെ ചമ്മട്ടിക്കിരയായിക്കൊണ്ടിരുന്ന അടിമകൾ, പട്ടിണിപ്പാവങ്ങൾ, അപ്രശസ്തർ, അധഃസ്ഥിതർ എന്നിവരായിരുന്നു. ബുദ്ധിജീവികൾ, ജ്ഞാനികൾ, വിദ്യാസമ്പന്നർ, ദാർശനികൻമാർ എന്നിവർക്ക് അത് മനസ്സിലാക്കുവാൻ വളരെ താമസം നേരിട്ടു. ഇതേ കാരണത്താൽ തന്നെ അദ്ദേഹത്തിനു ചുറ്റും അണിനിരന്നത് അവകാശനിഷേധിതരും അറിയപ്പെടാത്ത മേഖലകളിലുള്ളവരും പേരും പെരുമയുമില്ലാത്തവരുമായിരുന്നു. ഉപരിവർഗ്ഗത്തിലെ ഏതാനും പേരെ മാത്രമേ നാം അവിടെ കാണുന്നുള്ളു. എതിർവശത്തുനിന്ന് അദ്ദേഹത്തിനുനേരെ ഉയർന്ന പ്രധാന ആരോപണം തന്നെ ഇതായിരുന്നു. "തനിക്കു ചുറ്റും വലിഞ്ഞു കേറിയിരിക്കുന്നത്, സമൂഹത്തിലെ നികൃഷ്ട വിഭാഗമാണല്ലോ". ഈ പ്രസ്ഥാനത്തെ പരിചയപ്പെടാൻ ഇതു തന്നെയാണ് സവിശേഷ മാനദണ്ഡം. ബുദ്ധമതത്തിന്റെ തലവൻമാരെയും പ്രചാരകൻമാരെയും നോക്കൂ. ഇന്ത്യയിലെയോ ചൈനയിലെയോ പ്രധാന പ്രഭുകുടുംബത്തിൽപ്പെട്ട വ്യക്തികളാണവരെല്ലാം. ഇന്നു മൂല്യങ്ങൾക്കെല്ലാം മാറ്റം സംഭവിച്ചിരിക്കുന്നു.

ലോകത്തെങ്ങുമുണ്ടായിട്ടുള്ള അടിമകളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിലെ ഒരു വഴിത്തിരിവു തന്നെയായിരുന്നു മുഹമ്മദ് നബ്യ(സ) യുടെ ആഗമനം. അടിമപ്പണി വിധിക്കപ്പെട്ടവരാണ് ഞങ്ങളെന്ന് സ്വയം ഉറപ്പിച്ചു കഴിയുകയായിരുന്നു ആ പാവങ്ങൾ. മതം, രാഷ്ട്രം, തത്വചിന്ത, സാഹിത്യം, കല, അനുഭവം എന്നീ ഘടകങ്ങൾ, മുഴുവൻ അടിമകളേയും കീഴ്ജാതിക്കാരേയും ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു. മേലാളന്മാരെ സേവിക്കലാണ് അവരുടെ ജീവിത ധർമ്മമെന്ന്. പട്ടിണികിടന്നും ഭാരം പേറിയും അന്യരുടെ സംതൃപ്തിക്കുവേണ്ടി പ്രയത്നം ചെയ്യുകയാണ് തങ്ങളുടെ അസ്തിത്വത്തിന്റെ പിന്നിലെ ലക്ഷ്യമെന്നായിരുന്നു അവരുടെ വിശ്വാസം.

അവഗണിക്കപ്പെട്ട ആ പാവങ്ങൾ ഇത്രയുംകൂടി വിശ്വസിക്കാൻ നിർബ്ബന്ധിതരായി. ദൈവങ്ങൾ അവരുടെ ശത്രുവാണ്. പണിയെടുക്കുക അന്യർക്കുവേണ്ടി വേല ചെയ്യുക, ചുമടു പേറി നീങ്ങുക. ഇതിനായിട്ട് പടക്കപ്പെട്ടവരാണവർ. ഇരുട്ടിനെയും വെളിച്ചത്തെയും കുറിച്ച് സംസാരിക്കുന്നതിനിടയിൽ മാനി പ്രവാചകൻ സിദ്ധാന്തിച്ചതിന്റെ വിവക്ഷയും ഈ വിശ്വാസത്തിനുഭോൽബലമായിട്ടായിരുന്നു. അദ്ദേഹം പറഞ്ഞു "നീചൻമാരും പരാജിതരും ഇരുട്ടിന്റെ സന്തതികളാണ്. നേതാക്കളും ശക്തൻമാരുമാകട്ടെ വെളിച്ചത്തിന്റെ സ്വത്തും." അരിസ്റ്റോട്ടിൽ പ്ലേറ്റോ പോലുള്ള ജീനിയസ്സുകൾ പറഞ്ഞത് കാണുക " ദൈവം അതല്ലെങ്കിൽ പ്രകൃതി ചിലരെ അടിമകളും മറ്റു ചിലരെ സ്വതന്ത്രന്മാരുമായിട്ട് സൃഷ്ടിച്ചിരിക്കുന്നു. താഴ്ന്ന ജാതിക്കാർ താണതരം ജോലിയും ഉയർന്നവർ ഉയർന്ന ജോലിയും നിർവഹിക്കാൻ വേണ്ടിയാണിത്. വിദ്യാഭ്യാസം, കല, കവിത, സാഹിത്യം, പ്രസംഗം, സംഗീതം, രിഷ്ട്രീയം, സാംസ്കാരികം എന്നീ മേഖലകളിൽ ഉയർന്ന വിഭാഗക്കാരാണ് വരേണ്ടത്.

വഞ്ചന, വ്യാജം, ബഹുദൈവത്വം, അനൈക്യം, കാപട്യം, ആന്ധ്യത്വം, വിഭാഗീയത, ഉച്ച നീചത്വം എന്നിവക്കെതിരെ നിരന്തര സമരങ്ങളുടെ ഈ പ്രസ്ഥാനം അതിന്റെ പരി

പൂർണ്ണതയിലെത്തിയത് മുഹമ്മദ് നബി (സ) യുടെ ആഗമനത്തോടെയാണ്. അദ്ദേഹം തുറന്നു പ്രഖ്യാപിച്ചു. മനുഷ്യരാശിയുടെ മുഴുവൻ തറവാടും ഉത്ഭവ കേന്ദ്രവും ഒന്നാണ്. പ്രകൃതി ഒന്ന്. സ്രഷ്ടാവും ദൈവവും ഒന്ന്,. എല്ലാവരും സമൻമാർ'. അന്നു നിലവിലുണ്ടായിരുന്ന തത്വശാസ്ത്രത്തിനും സാമ്പത്തിക വ്യവസ്ഥിതിക്കും എതിരായൊരു വിപ്ലവമായിരുന്നു ഇത്.

ആശയമണ്ഡലത്തിൽ മാത്രമൊതുങ്ങുന്ന വാചക കസർത്തുകളായിരുന്നില്ല അത്. പ്രയോഗത്തിലൂടെ സാക്ഷാൽക്കരിച്ചതും ലോകം അനുഭവിച്ചറിഞ്ഞതുമാണത്. മദീനയിൽ അടിത്തറയിട്ട ആ മാതൃകാസമൂഹത്തെ നോക്കൂ. സാമൂഹ്യ ജീവിതത്തിന്റെ സകല തുറകളും സാമ്പത്തികവും നിയമപരവുമായ നീതിയുടെ നിദർശനമായി നാമവിടെ കാണുന്നു. അന്നുവരെ പരിത്യക്തരായി കഴിഞ്ഞിരുന്ന അബ്സീനിയക്കാർ, അടിമ ബിലാൽ-അറേബ്യയിലെ അരിസ്റ്റോക്രാറ്റുകളെക്കാൾ ഉന്നദമായ പദവിയും ഉയർന്ന വിലയും നൽകി ആദരിക്കപ്പെടുകയാണവിടെ. അദ്ദേഹത്തിന്റെ പദവി സമൂഹം മനസ്സാതന്നെ അംഗീകരിക്കുകയും നിയമം അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. ഹുദൈഫയുടെ ഒരു അടിമച്ചെറുക്കനായിരുന്നു സാലിം, ഇടുങ്ങിയ ഇടവഴികളിലൂടെ അകന്നു മാറി നടക്കേണ്ട ഹതഭാഗ്യനും ബഹിഷ്കൃതനുമയിരുന്നു അയാൾ ഇന്നലെ വരെ. ഇന്നിതാ അറബികളും ജൂതൻമാരും ഖുറൈശികളുമടങ്ങുന്ന മദീനാ നിവാസികൾ അയാളെ അംഗീകരിച്ചഭിവാദനം ചെയ്യുന്നു. മദീനയിലെ ഖുബാ[13] പള്ളിയിൽ അയാളാണ് പ്രാർത്ഥനക്ക് നേതൃത്വം കൊടുക്കുന്നത്. ഉന്നതൻമാരും പ്രമാണികളുമൊക്കെ അയാൾക്ക് പിന്നിൽ അണിനിരക്കുന്നു. അയാൾ അവർക്കെല്ലാം പ്രിയങ്കരനും ബഹുമാന്യനുമാണ്. ആഢ്യമനഃസ്ഥിതിയും പാവങ്ങളോടുള്ള അവഗണയും അവസാനിപ്പിക്കാൻ പ്രവാചകൻ നേരിട്ട് രംഗത്തിറങ്ങി. അതോടെ അന്നുവരെ നിലവിലിരുന്ന ഉച്ചനീചത്വ പരിണാമങ്ങളുടെ ഊടും പാവും കീഴ്മേൽ മറിഞ്ഞു. നീളം കൂടിയ മീശ മുറിച്ചുകളയാനും നരിയാണിക്കു താഴെ ഇറങ്ങിയ വസ്ത്രം കയറ്റി ഉടുക്കാനും അവിടുന്ന് അനുയായികളെ പഠിപ്പിച്ചു. കാരണം അക്കാലത്ത് ആഢ്യത്വത്തിന്റെ അടയാളമായി ഗണിച്ചിരുന്നതാണ് വസ്ത്രം വലിച്ചിഴച്ചു നടക്കലും നീണ്ട കൊമ്പൻ മീശയും. തെരുവുകളിലൂടെ അഹംഭാവം നടിച്ചു നടക്കുന്നത് അദ്ദേഹം നിശിതമായി വിലക്കി. ഒരു കുതിരപ്പുറത്തു ഈരണ്ടുപേർ വീതം ഇരുന്നു യാത്ര ചെയ്യാൻ പഠിപ്പിച്ചു. ആരെങ്കിലും വാഹനപ്പുറത്ത് ഒറ്റക്ക് യാത്രചെയ്യുന്നത് കണ്ടാൽ മറ്റൊരാളെ അയാളുടെ പിന്നിൽ കയറ്റിയിരുത്തുമായിരുന്നു അദ്ദേഹം. ജീനി അണയിക്കാത്ത നഗ്നമായ കോവർ കഴുതപ്പുറത്തു കയറി ആളുകൾക്കിടയിലൂടെ അവിടുന്ന് സഞ്ചരിക്കാറുണ്ടായിരുന്നു. ആഢ്യത്വത്തിന്റെ സീമകൾ നേരിട്ടു തകർക്കുകയായിരുന്നു അതിന്റെയെല്ലാം പിന്നിലെ ഉദ്ദേശ്യം.

ഒരിക്കൽ പ്രവാചകനെ കാണാൻ ഒരു വൃദ്ധ വന്നു. വർഷങ്ങളായി ഇസ്‌ലാം മതപ്രവാചകന്റെ മഹത്വവും ഗാംഭീര്യവും കേട്ടറിഞ്ഞിട്ടുണ്ടായിരുന്ന ആ വൃദ്ധ സ്ത്രീ തിരുസന്നിധാനത്തിലെത്തി പകച്ചു നിന്നു. പുരുഷത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും ഗാംഭീര്യം കണ്ട് അവർ ആകപ്പാടെ നിശബ്ദമായി. ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. തിരുമേനി അവരുടെ ചുമലിൽ മൃദുലമായി തടവിക്കൊണ്ട് ലളിതവും കരുണ കലർന്നതുമായ സ്വരത്തിൽ ചോദിച്ചു:

"എന്തിനാണീ പരിഭ്രമം? ഞാൻ ഖുറൈശികളിൽപ്പെട്ട ഒരു പാൽക്കാരിയുടെ മകനാണ്. നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്"

# മൂന്ന്

മരുഭൂമികളുടെ മൂകതയിൽനിന്നു പെട്ടെന്നെഴുന്നേറ്റുവന്ന്, പട്ടണങ്ങളിലെ വിത്തേശ്വരൻമാർക്കും പ്രബലൻമാർക്കുമെതിരെ ആക്രമണമഴിച്ചുവിട്ട ജനതയുടെ ഈ അവസാനത്തെ ഇടയപ്രവാചകൻ ദിവംഗതനായതോടെ സ്ഥിതിഗതികൾ ആകപ്പാടെ മാറ്റത്തിലേക്കു വഴുതിവീണു. പ്രവാചകന്റെ വിയോഗത്തോടെ കുഴപ്പങ്ങൾ കണ്ടുതുടങ്ങുകയായിരുന്നു. ചരിത്രഗതി യഥാർത്ഥ മാർഗത്തിൽനിന്ന് ഒരു സെന്റീമീറ്ററിലധികം വ്യതിചലിച്ചിരുന്നില്ല പ്രാരംഭത്തിൽ. ഇസ്ലാമിന്റെ സൈദ്ധാന്തിക സരണിക്കും ഇസ്ലാമികചരിത്രത്തിനുമിടയിൽ പ്രത്യക്ഷപ്പെട്ട വിടവ് കൂടിക്കൂടിവന്നു. ഒരു കോണിൽനിന്ന് രണ്ടു വഴിക്ക് സഞ്ചരിക്കുന്ന രണ്ടു രേഖകൾ പോലെയായിരുന്നു അത്. തുടക്കത്തിൽ അവ ഒരിടത്ത് സന്ധിക്കുന്നുവെങ്കിലും ലക്ഷ്യത്തിലേക്ക് നീളുമ്പോൾ രണ്ടും തമ്മിൽ അകലുവാൻ തുടങ്ങുന്നു. അങ്ങനെ ആയിരക്കണക്കിനു കിലോ മീറ്റർ അകലുന്നു. ഇപ്രകാരം ചരിത്രത്തിന്റെ മുന്നോട്ടുള്ള പ്രവാഹത്തിനൊത്ത് അവക്കിടയിലെ അകലം വർധിച്ചുവന്നു. കാരണങ്ങളും, പ്രേരണകളും എന്തു തന്നെയായിരുന്നാലും ഇസ്ലാമിന്റെയും യാഥാർഥ്യത്തിന്റെയും മാർഗ്ഗത്തിൽനിന്ന് ബഹുദൂരം അകന്നു കൊണ്ട് ചരിത്രത്തിന്റെ ഗതി നീങ്ങിയതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ചരിത്രം മുന്നോട്ട് ഗമിക്കുന്തോറും സത്യത്തിൽനിന്നും സത്യസന്ധതയിൽനിന്നുമുള്ള ഈ വ്യതിയാനം ക്രമാതീതം വളർന്നുകൊണ്ടിരുന്നു. അങ്ങനെ പതിനഞ്ചുവർഷം കടന്ന് ഉസ്മാനുബ്നു അഫ്ഫാന്റെ ഊഴമെത്തി. ഇസ്ലാമികപ്രസ്ഥാനത്തിന്റെ എതിരാളികളും പ്രതിവിപ്ളവകാരികളും അങ്ങുമിങ്ങും ചിതറിക്കഴിയുന്നുണ്ടായിരുന്നു. അവരെല്ലാം ഉസ്മാനു ചുറ്റുംതടിച്ചുകൂടി. കുൽസിതബുദ്ധികളാൽ എളുപ്പത്തിൽ വഞ്ചിക്കപ്പെടാവുന്നതായിരുന്നു ഉസ്മാന്റെ പ്രകൃതി. പ്രസ്താനത്തിന്റെയും ഭരണകൂടത്തിന്റെയും കേന്ദ്രങ്ങളിൽ അദ്ദേഹം അവർക്കിടം നൽകി. ഇസ്ലാമിനും ജാഹിലിയ്യത്തിനുമിടയിലെ ഒരു ഇടക്കണ്ണിയായിട്ടാണ് ഉസ്മാൻവർത്തിച്ചതെന്നു പറഞ്ഞാൽ അതൊരർത്ഥത്തിൽ ശരിയായിരിക്കും. ഇസ്ലാമിന്റെ ഉദയത്തോടെ തിരസ്കൃതമായി അവിടെയും ഇവിടെയും ചുറ്റിപ്പറ്റി നിൽക്കുകയായിരുന്ന വൃത്തിക്കെട്ട ദുഷ്പ്രഭുത്വത്തിനും ഉസ്മാന്റെ ഖിലാഫത്ത് തൽഹേതകമായി, മുഹാജിറുകളുടെയും[15] അൻസാറുകളുടെയും[16] നിരന്തര സമരങ്ങളുടെ നേട്ടമായ അധികാര സ്ഥാനങ്ങളിൽ പ്രഭുക്കൻമാർ അനർഹമായി കയറിക്കൂടി അള്ളിപ്പിടിച്ചു.

ശപിക്കപ്പെട്ട ദുഷ്പ്രഭുത്വം ഇസ്ലാമികരാഷ്ട്രത്തിൽനിന്നു ബഹിഷ്കൃതമായി ചക്രശ്വാസം വലിച്ചുകൊണ്ടിരിക്കവെയാണ് ഉസ്മാൻവെച്ചുകൊടുത്ത ഏണിയിലൂടെ അത് വീണ്ടും കയറിവന്നത്.[17] പ്രവാചകന്റെയും, മുഹാജിറുകളും അൻസാറുകളുമുൾക്കൊള്ളുന്ന, അവിടുത്തെ അനുചരൻമാരുടെയും പുണ്യസമരംകൊണ്ട് നേടിയെടുത്ത ആധിപത്യത്തിന്റെ മർമ്മങ്ങളിൽ ദുഷ്പ്രഭുത്വം വേരുറപ്പിച്ചതാണ് പിന്നത്തെ നില.

ഉസ്മാൻ അമവികളുടെ കൈയിലെ ഒരു ഉപകരണം മാത്രമായിരുന്നു. ഇസ്ലാമിന്റെ ഒന്നാം കിട ശത്രുക്കളായിരുന്ന ബനു ഉമയ്യാ വംശജർ പ്രവാചകന്റെ കാലത്ത് അവർക്കേറ്റ പ്രഹരത്തിന് പ്രതികാരംചെയ്യുക മാത്രമല്ല ഇസ്ലാമിക വിപ്ലവത്തിന്റെ ഒപ്പം നിന്നു അതിന്റെ വിജയഫലങ്ങളെല്ലാം സ്വായത്തമാക്കുകയും ചെയ്തു. അതൊക്കെ സാധിച്ചതാകട്ടെ ഉസ്മാന്റെ ഭരണത്തിൻ കീഴിലും. പിൽക്കാലത്ത് സംഭവിച്ച സകലദുരന്തങ്ങൾക്കും വഴിയൊരുക്കിയത് അമവികളുടെ ഈ രംഗപ്രവേശമായിരുന്നു. എത്രത്തോളമെന്നാൽ "വിപ്ലവം അതിന്റെ ആത്മാർത്ഥതയുള്ള മക്കളെ തിന്നുകളയുക" എന്ന ചരിത്ര നിയമം അനന്തര കാലഘട്ടങ്ങളിൽ ഇസ്ലാമിക വിപ്ലവത്തിലും പ്രകടമായി. അതൊരു അലംഘ്യമായ നിയമമാണെന്നൊന്നും എനിക്കഭിപ്രായമില്ല. ഏതായാലും ആത്മാർഥതയോടും ആത്മാർപ്പണത്തോടും കൂടി ഇസ്ലാമിക വിപ്ലവത്തിന്റെ വിജയത്തിനു വേണ്ടി ഖഡ്ഗകങ്ങൾ ചലിപ്പിച്ച വിശ്വസ്തരായ വിപ്ലവകാരികൾ പലരും ഇസ്മാന്റെ അനുമതിയോടെ മർദ്ദകരുടേയും ജനങ്ങളുടെ അവകാശ വിധ്വംസകരുടേയും

കൈകളാൽ വകവരുത്തപ്പെടുകയാണുണ്ടായത്. വിപ്ലവകാരികൾ വിപ്ലവവഞ്ചകരുടെ ബലിപീഠത്തിൽ ആഹുതി ചെയ്യപ്പെട്ടു. ഉസ്മാനോട് ബന്ധമുള്ളവരും അദ്ധേഹത്തിന്റെ മനസ്സും മസ്തിഷ്കവും അടക്കിഭരിച്ചിരുന്നവരും അദ്ദേഹത്തെക്കൊണ്ട് വിപ്ലവത്തിന്റെ അടിക്കല്ല് പുഴുക്കിയെറിയിച്ചു. ഉസ്മാന്റെയും പ്രതിവിപ്ലവത്തിലൂടെ ജാഹിലിയ്യത്തിനെ തിരിച്ചുകൊണ്ട് വരാൻ തക്കംപാർത്തു പണിയെടുത്തിരുന്നവരുടേയും കൈ ഒന്നാമതായി നീണ്ടത് അലി (റ) യുടെ നേർക്കായിരുന്നു.

അലി(അ)യുടെ ചിന്താകതികളും സാമുഹ്യവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളും ഒരു പുതിയ സമരത്തെ പ്രതിനിധാനം ചെയ്യുന്നതായിരുന്നു. ഒരുഭാഗത്ത് പുതിയ ജീവിത മൂല്യങ്ങളുടെ വക്താക്കളും യഥാർദ്ധ നേതാക്കളും അവരുടെ പുത്തൻവിശ്വാസവും പുതിയ മുദ്രാവാക്യങ്ങളും യഥർത്ഥ ഇസ്ലാമിനെ പ്രതിനിധീകരിച്ചു. മറുഭാഗത്ത് നവീന ജാഹിലിയ്യത്തിന്റെ ഏജൻറ്റ്മാർ-വിദ്വേഷവും ശത്രുതയും തിളച്ചുമറിയുകയാണവരിൽ. കാപട്യം പരിസരമാകെ പൊതിഞ്ഞിരിക്കുന്നു. ഇസ്ലാമിക വിപ്ലവത്തിന്റെ ഉത്തമ സന്തതി കൾക്കെതിരെ ഒളിഞ്ഞും തെളിഞ്ഞും അത്യുഗ്രമായ പോരിനിറങ്ങിയിരിക്കുകയാണ് പ്രതിയോഗികൾ.

ശുദ്ധവിശ്വാസികളായ മുസ്ലിംസൈന്യവും സംശയാതീതരായ തനി അവിശ്വാസികളും തമ്മിൽ നടന്ന തുറന്ന സംഘട്ടനങ്ങളായിരുന്നു പ്രവാചകന്റെ കാലത്തെ യുദ്ധങ്ങൾ. അലി(അ)ക്കാകട്ടെ മുസ്ലിം സമൂഹത്തിലെ ഇസ്ലാമിക വിപ്ലവത്തോട് കൂറുള്ള സത്യസന്ധ രായ സൈന്യത്തെയാണ് നേരിടേണ്ടിവന്നിരിക്കുന്നത്. വിപ്ലവിരോധികൾ പുതിയ ആവര ണവും യൂണിഫോറവുമണിഞ്ഞ് രണഭൂമിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്.പ്രവാചകൻ അബൂസുഫ്യാനെ[18] നേരിട്ടത്പോലെയല്ല അലി(അ)ക്ക് മുആവിയയെ[19] നേരിടേണ്ടിവന്നിരി ക്കുന്ന രംഗം. കാരണം വളരെ സ്പഷ്ടമാണ്. ഒന്നാമത്തേത് ബാഹ്യശക്തിയോടായിരു ന്നു. ശത്രുവും ശത്രുവും തമ്മിലായിരുന്നു. ഇതാകട്ടെ ആഭ്യന്തരവുമാണ്. മൈത്രി പ്ര ദർശിപ്പിക്കുന്ന ആഭ്യന്തരശത്രുവിനോടാണ്. അതോടൊപ്പം നീറിപ്പുകഞ്ഞ്കൊണ്ടിരിക്കു ന്നതും. ബാഹ്യശത്രുവിനോട് തുറന്ന മൈതാനിയിൽ വെച്ച് നടത്തുന്ന തുറന്ന യുദ്ധം വിജയത്തിലെത്തിക്കുക അത്രയൊന്നും പ്രയാസകരമല്ല. എന്നാൽ ആഭ്യന്തരശത്രുവി നോട് നടത്തുന്ന ഉൾപ്പോരിൽ പരാജയത്തിന്നാണ് ഏറെ സാദ്ധ്യത. ഖുർആനിന്റെ അവതരണകാലത്ത് ഇസ്ലാമിക പ്രസ്ഥാനത്തിന്റെ പ്രതിയോഗികളിൽ സത്യനിഷേധി കൾ, ബഹുദൈവത്വവാദികൾ, കപടൻമാർ എന്നീ മൂന്ന് തരക്കാരുണ്ടായിരുന്നു. കൂട്ട ത്തിൽ കപടവിശ്യാസിയെ ഏറ്റവും ദുഷ്ടനും അപടകാരിയുമായി ഖുർആൻ പരിചയ പ്പെടുത്തിയതിനിതാണ് കാരണം. ശിർക്കിന്റെയും കുഫ്റിന്റെയും ശക്തികളെ തുറന്ന യുദ്ധത്തിൽ തോൽപ്പിച്ച് ഇസ്ലാമികപ്രസ്താനത്തെ വിജയത്തിലെത്തിച്ച പ്രവാചകൻ (സ)യാകട്ടെ ആഭ്യന്തര രംഗത്തെ കപടശക്തിയിൽ നിന്ന് ഇസ്ലാമിനേറ്റ കൊടും പരാജയ ത്തിന്റെ പ്രതീകമായി ഭവിക്കയാണുണ്ടായത്.

യാഥാർത്ഥ്യത്തിന്റെ മൂടുപടമണിഞ്ഞ് ഇസ്‌ലാമികനീതിയുടെ പ്രണേതാക്കളായി പ്രത്യ ക്ഷപ്പെടുകയും അങ്ങനെ പ്രസ്ഥാനത്തിന്റെ ഹൃദയത്തിൽ കടന്നുകൂടുകയും ചെയ്ത ഈ പുതിയ ജാഹിലിയ്യത്തിനും പുത്തൻ പ്രഭുത്വത്തിനുമെതിരെ പ്രതിരോധത്തിന്റെ ഉരുക്കു കോട്ടയുമായി നില കൊണ്ട അലി(അ), തൗഹീദിന്റെ വേഷമിട്ട് രംഗത്തിറങ്ങിയ ശിർക്കിനോടായിരുന്നു അദ്ദേഹത്തിന്റെ യുദ്ധം. ഇസ്ലാമിന്റെ തലപ്പാവണിഞ്ഞ കുഫ്റി നോട്. ഖുർആൻ കുന്തത്തിൽ കുത്തിപ്പിടിച്ചു കാണിക്കുന്ന[20] വിഗ്രഹാരാധകരോട്. അവ സാനം വിവരം കെട്ടവരും തന്ത്രപൂർവ്വം പണിയെടുത്തിരുന്ന ശത്രുക്കളുടെ ഉപകരണങ്ങ ളായിതീർന്നവരുമായ ചില ശുദ്ധ ഗതിക്കാരുടെ കൈയാൽ അലി(അ) രക്തസാക്ഷിയാവു കയായിരുന്നു.21

# നാല്

കാലം പിന്നിടുംതോറും ഇസ്ലാമിക വിപ്ളവത്തിന്റെ യഥാർത്ഥ അടിത്തറ ദുർബലപ്പെട്ടു വരുന്നതായും അതേസമയം പുത്തൻ ജാഹിലിയ്യത്തിന്റെ വേരുകൾ കുടുതൽ ആഴത്തിൽ ശക്തിപ്പെട്ടുവരുന്നതുമാണ് നാം കാണുന്നത്. ഈ ഘട്ടത്തിലാണ് അലി(അ) യുടെയും ഫാത്വിമ (അ) യുടെയും പ്രഥമപുത്രനായ ഹസൻ(അ)[22] രംഗത്തുവരുന്നത്.

പിതാവിന്റെ പിന്തുടർച്ചാവകാശി എന്ന നിലയിലാണ് ഇമാം ഹസൻ (അ) ആധിപത്യം ഏറ്റെടുത്തത്. അദ്ദേഹത്തിനു ലഭിച്ച സൈന്യമാകട്ടെ കപടൻമാരും കുൽസിതബുദ്ധികളും നിറഞ്ഞതും. ആത്മമിത്രങ്ങളായി ഗണിക്കപ്പെട്ടവർപ്പോലും ഇരട്ട മുഖമുള്ളവരായിരുന്നു. സൈനിഗോദ്യോഗസ്ഥൻമാരും സേനാധിപൻമാരും അമവികളുമായി രഹസ്യബന്ധമുള്ളവരായിരുന്നു. അമവികൾ അധികാരവും പണവും വാഗ്ദത്തം ചെയ്ത് അവരെ വിലക്ക് വാങ്ങിക്കഴിഞ്ഞിരിക്കയായിരുന്നു. ജുഗുപ്സാവഹമായ ഒരു വഞ്ചനയും ഗൂഢാലോചനയും സൈനികപാളയത്തിൽ ഉടലെടുത്തുവരികയായിരുന്നു. മുആവിയയോടും ഡമാസ്കസ്സിൽ മനുഷ്യത്വം വിലക്കുവാങ്ങിയിരുന്ന അയാളുടെ ദല്ലാളുമാരോടും തങ്ങളുടെ ആത്മാവിന്റെ കാര്യത്തിൽ വിലപേശൽ നടത്തുകയായിരുന്നു ഉദ്യോഗസ്ഥൻമാർ. സിറിയപോലെ തന്ത്രപ്രധാനവും കൂടുതൽ ശക്തവും എന്നാൽ അപായകരവുമായ പ്രദേശങ്ങളൊന്നും ഹസന്റെ(അ) അധികാരവൃത്തത്തിൽ പെടാതിരിക്കുമാറ് അവിടങ്ങളിൽ അമവികളുടെ പിടി മുറുകിക്കഴിഞ്ഞിരുന്നു. ഇറാഖിൽ തന്നെ ജനങ്ങൾ പല കക്ഷികളായിപ്പിരിഞ്ഞ് മൽസരങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അലവികളുടെ ഭരണത്തോട് പ്രഭുക്കൻമാർക്ക് കൂറു പുലർത്താൻ കഴിഞ്ഞില്ല. ബഹുജനങ്ങളാകട്ടെ അശ്രദ്ധരും അനാസ്ഥരും.

തീവ്രമായ പക്ഷപാതം വെച്ചുപുലർത്തുന്ന ഒരു മതസാഹസിക കക്ഷിയാണ് ഖവാരിജ്. സാമാന്യ ജനങ്ങൾക്കിടയിൽ അവർക്കു കൈവരിക്കാൻ കഴിയാത്ത സ്വാധീനമാകട്ടെ വമ്പിച്ചതും അപകടകരവും. അവരുമുണ്ട് സമരോൽസുകരായി എതിർചേരിയിൽ.

ഇസ്ലാമികപ്രസ്ഥാനത്തിന്റെ തന്റേടമുള്ള നായകനും അതിന്റെ പുരോഗമനേച്ചുക്കളായ അനുയായികളുടെ ഒടുവിലത്തെ പ്രകാശരേഖയും ഇപ്പോൾ ഇമാം ഹസനാ(അ)ണ്. പ്രസ്ഥാനത്തെ രക്ഷിക്കാനുള്ള അവസാനത്തെ ശ്രമം അദ്ദേഹത്തിലൂടെ മാത്രമെ കാണുന്നുള്ളൂ. പക്ഷെ കപടൻമാരുടെയും ആഭ്യന്തരശത്രുക്കളുടെയും മുമ്പിൽ അദ്ദേഹം അതിമാത്രം ദുർബലനായികാണപ്പെടുന്നു. എത്രത്തോളമെന്നാൽ “പ്രഭുക്കളുടെ ഇസ്ലാമിൽ” നിന്നു സമത്വത്തിന്റെയും സാമൂഹ്യ നീതിയുടെയും മതമായ ഇസ്ലാമിനെ രക്ഷിക്കാനുള്ള സമരത്തിന്റെ ദുര്യോഗപൂർണ്ണവും വേദനാജനകവുമായ അന്ത്യഘട്ടം വരെ അദ്ദേഹം പൊരുതി. ഒടുവിൽ ശത്രുവിനോട് സന്ധിയാവുകയല്ലാതെ വേറെ പോംവഴിയില്ലാതായി. നിസ്സഹായത അദ്ദേഹത്തെ സന്ധിയിലേർപ്പെടാൻ നിർബന്ധിച്ചു. പ്രത്യക്ഷത്തിൽ ഇമാംഹസൻ(അ)പരാജിതനായി. പക്ഷെ ഒരു കാര്യം നാം ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. പരാജയപ്പെടുന്ന കക്ഷിയല്ല സാധാരണഗതിയിൽ സന്ധിവ്യവസ്ഥകൾ നിർദ്ദേശുക്കാറ്. പരാജിതർ ജേതാക്കളുന്നയിക്കുന്ന വ്യവസ്ഥകൾക്ക് വഴങ്ങുകയാണ് പതിവ്. എന്നാൽ ഇവിടെ സന്ധിനിർദേശങ്ങൾ ഇമാം ഹസനാ(അ)ണ് ഉന്നയിച്ചത്. അതിനാൽ അദ്ദേഹം പരാജയപ്പെട്ടുവെന്ന് വിലയിരുത്തുന്നത് ശരിയാവില്ല. അദ്ദേഹത്തിന്റെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ആ സന്ധി തോൽവിയുടെ വേറൊരു പേരാണെങ്കിലും.[23]

പുതുതായി രംഗപ്രവേശം ചെയ്ത ജാഹിലിയ്യത്തിനോട് പടവെട്ടാനും വിപ്ലവചൈതന്യം ഊതിക്കത്തിച്ച് നേതൃത്വം നൽകാനുമുണ്ടായിരുന്ന ആശാകിരണമായിരുന്നു ഇമാം ഹസൻ(അ). അദ്ദേഹം രംഗത്തുനിന്ന് പിൻമാറി മദീനയിൽ സ്വന്തം വീട്ടിൽ പോയി ഇരിക്കുകയാണ്. ഒരു സാധാരണ പട്ടാളക്കാരനെപ്പോലെ അദ്ദേഹവും ആയുധം താഴെവെച്ചുകഴിഞ്ഞു. ശത്രുക്കൾ ആ ജനനേതാവിന് വീട്ടിലും സ്വൈര്യം കൊടുത്തില്ല. അവിടെയും അദ്ദേഹത്തെ അവർ ശല്യം ചെയ്യാൻ തുടങ്ങി. അമവിക

ളുടെ ദുഷ്ട ചാരൻമാർ അദ്ദേഹത്തിന്റെ ഗൃഹത്തിൽ സ്വന്തക്കാരെപ്പോലെ ഒരുമിച്ച് ഭക്ഷണം കഴിച്ചു വാസമുറപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിത സഖിയെ വശപ്പെടുത്തി. സ്വന്തം ഭാര്യയുടെ കൈയാൽ അദ്ദേഹത്തെ വിഷംകൊടുത്തു കൊല്ലിച്ചു.[24] ജനങ്ങൾ എത്രമാത്രം ദുർബലരായിക്കഴിഞ്ഞിരിക്കരുന്നുവെന്നും സ്വാതന്ത്ര്യവും നീതിയും എന്തു മാത്രം തരംതാണുപോയിരിക്കുന്നുവെന്നുമുള്ള സംഗതി നമ്മുടെ സവിശേഷ ശ്രദ്ധയർഹിക്കുന്ന സുപ്രധാന വശമാണിവിടെ. ഇന്നും നിലനിൽക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനമെന്ന മഹാശക്തി വിശേഷത്തിന്റെ അമരക്കാരനായിരുന്നു ഇമാംഹസൻ(അ) പരിത്യജിക്കപ്പെട്ടത് എത്രത്തോളമായിരുന്നുവെന്ന് കാട്ടിതരുന്നതാണ് അദ്ദേഹത്തിന്റെ മൃതദേഹത്തോടുപോലും എതിരാളികൾ പെരുമാറിയ രീതി. മദീനയിൽ സ്വന്തം പിതാമഹനായ പ്രവാചക(സ) സമീപസ്ഥാനത്ത് തന്റെ മൃദദേഹം മറവു ചെയ്യണമെന്ന അന്ത്യാഭിലാഷം പോലും കൊല്ലപ്പെട്ടതിനു ശേഷം നിറവേറ്റപ്പെടുകയുണ്ടായില്ല. പിതാവ്, മാതാവ്, പിതാമഹൻ ആദിയായ കുടുംബാംഗങ്ങളുടെയും മുഹാജിറുകൾ, അൻസാറുകൾ എന്നിവരുടെയും നഗരമായ മദീനയിൽ അഭിലാഷിതമായ ആറടി മണ്ണുപോലും ലഭിക്കാതെ ബഖീഅ്[25] എന്ന പൊതുശ്മശാനത്തിലാണ് അദ്ദേഹത്തിന്റെ മൃതശരീരം മറവുചെയ്യപ്പെട്ടത്. ഇമാം ഹസൻ(അ) ഇസ്ലാമികസമൂഹത്തിൽ ഒറ്റപ്പെട്ട് ഏകാന്തതയിലേക്ക് രംഗം വിടേണ്ടിവന്നു. അതും പ്രവാചകന്റെ പട്ടണത്തിൽ. യാഥാർത്ഥ്യം അങ്ങേയറ്റത്തെ അവകഗണനക്കും അപജയത്തിനും പാത്രമായിത്തീർന്നുവെന്നതിന്റെ പ്രകടമായൊരു നിദർശനമാണിത്. അതോടൊപ്പം പിന്തിരിപ്പൻ ശക്തികൾ ഇസ്ലാമികസമൂഹത്തിന്റെ എല്ലാമേഖലയും പൂർണ്ണമായി കൈയടക്കി നാനാഭാഗത്തേക്കും വിജയപ്പതാക പറപ്പിച്ചതിന് പ്രത്യക്ഷോദാഹരണവും. ഇനി ഇവിടുന്നങ്ങോട്ട് ഇമാം ഹുസൈന്റെ(അ) ഊഴമാണ്.

## അഞ്ച്

ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ നേതൃത്വം ഇമാം ഹുസൈന്റെ (അ) കൈയിലെത്തിയിരിക്കയാണ്. പ്രവാചകനാൽ സ്ഥാപിതമായ, അലി (അ) നിലനിർത്തിപ്പോന്ന, ഹസൻ (അ) അവസാനശ്വാസവും കൊടുത്ത് സംരക്ഷിച്ച പ്രസ്ഥാനനായകത്വത്തിന്റെ അടുത്ത അവകാശി ഹുസൈനാ (അ) ണ്. എന്നാൽ ഇമാം ഹുസൈന്റെ (അ) കൈയിൽ വന്നു ചേർന്നിരിക്കുന്ന വിപ്ലവപ്രസ്ഥാനത്തിന്റെ സ്ഥിതിയോ? സൈന്യമില്ല, ആയുധമില്ല, സമ്പത്തില്ല, അധികാരവും ശക്തിയുമില്ല. ആത്മാർത്ഥമായ ഒരനുയായി വൃത്തം പോലും സംഘടിത രൂപത്തിലില്ല. ഏതുമില്ലാത്ത പൂർണ്ണ നിസ്സഹായാവസ്ഥ!

ഹിജ്റ അറുപതാമാണ്ട് കടന്നുവന്നിരിക്കുകയാണ്. പ്രവാചകന്റെ (സ) ദേഹവിയോഗം കഴിഞ്ഞ് അബ്ദികൾ അമ്പതു പിന്നിട്ടു.

വിഷയത്തിലേക്ക് പ്രവേശിക്കുകയാണ്. അതിനാൽ ഇവിടന്നങ്ങോട്ട് പ്രത്യേകം മനസ്സിരുത്തുക.

ഒരു നേതാവും പടത്തലവനും തന്റെ വ്യക്തിപരമായ അഭിപ്രായത്തേയും അഭിരുചിയേയും മാത്രം ആസ്പദമാക്കി യുദ്ധപ്രഖ്യാപനം നടത്തുകയോ സമരമാർഗ്ഗം തെരഞ്ഞെടുക്കുകയോ ചെയ്യാറില്ല. യുദ്ധത്തിന് രൂപം കൊടുക്കേണ്ട സാഹചര്യങ്ങൾ, ഉപാധികൾ, പരിസ്ഥിതിയുടെ ആഹ്വാനങ്ങൾ, സൈന്യത്തിലെ വിവിധ വ്യൂഹങ്ങളുടെ നിലപാട്, ശ്രത്രുസേനയുടെ ശക്തിയനുപാതം എന്നീ ഘടകങ്ങളെല്ലാം വിലയിരുത്തിയതിനു ശേഷമേ യുദ്ധത്തിനു രൂപം കൊടുക്കാറുള്ളു. ഇതനുസരിച്ച് ഹുസൈൻ (അ) പടയൊരുക്കം കൂട്ടിയ പശ്ചാത്തലത്തിലെ ഉപര്യുക്ത ഘടകങ്ങളെല്ലാം കണക്കിലെടുത്തുവേണം അദ്ദേഹത്തിന്റെ സവിശേഷ സമരത്തെ കാണാൻ.

ഹിജ്റ ആറാം ദശകത്തിന്റെ അവസാനവർഷം. അവിടന്നാണ് ഹുസൈന്റെ (അ) ഭാഗധേയം ആരംഭിക്കുന്നത്. കാലവും ജനങ്ങളോടുള്ള കടപ്പാടും ഒരു വ്യക്തിയെ കാത്തിരിക്കുകയാണ്. അത്യന്തം ആപൽക്കരമായ പ്രതിസന്ധി ഘട്ടം...ഒരു ആദർശത്തിന്റെയും

വിശ്വാസസംഹിതയുടെയും സംരക്ഷണം, ഒരു ചിന്താപദ്ധതിയെ കാത്തുരക്ഷിക്കേണ്ട കടമ, ഒരു സമൂഹം, ഒരു തലമുറ ഇതൊക്കെ എങ്ങനെ മുന്നോട്ടു നയിക്കണമെന്ന തിന്റെ മാർഗനിർദ്ദേശത്തിന് ഒരു വ്യക്തിക്കുവേണ്ടി-അഥവാ ഒന്നിലേറെ വ്യക്തി കൾക്കുവേണ്ടി -അവയെല്ലാം ഉറ്റുനോക്കിക്കൊണ്ടിരിക്കയാണ്. ഈ കടമകളുടെ മദ്ധ്യ ത്തിലേക്കാണ് വിപ്ലവത്തിന്റെ നായകത്വം കൈയിലെടുക്കാൻ ഹുസൈൻ(അ) കട ന്നുവരുന്നത്. എല്ലാപ്രതിരോധ കേന്ദ്രങ്ങളും വിനിഷ്ടമായിരിക്കുന്നു. പിതാമഹന്റെ അധികാരത്തിൽ നിന്ന്, പിതാവിന്റെ പ്രവർത്തനമണ്ഡലത്തിൽ നിന്ന്- എല്ലാം ചോരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഇസ്ലാമിന്റെ കേന്ദ്രത്തിൽ, സത്യത്തിന്റെയും നീതിയുടെയും ചേരിയിൽ, ഒരു ഗഡ്ഗംപോലും അവശേഷിക്കുന്നില്ല. ഒരു പട്ടാളക്കാരനും കാവലിരിക്കുന്നില്ല.

സമൂഹത്തിന്റെ മുഴുവൻ ആസ്ഥാനങ്ങളും അമവികൾ കയ്യടക്കി കൈകാര്യം ചെയ്യാൻ തുടങ്ങിയിട്ടു വർഷങ്ങളായി. ഖുറൈശികൾ പുത്തൻ ജാഹിലിയ്യത്തിന്റെ സങ്കേതത്തിൽ മൂല്യങ്ങളെ തളച്ചിടാനും ഇസ്ലാമികവിപ്ലവത്തിന്റെ വിഭവഭോജികളായികഴിയാനും തുടങ്ങിയിട്ട് കാലം കുറെയായി. കാലഘട്ടം പരിവർത്തനങ്ങളെണ്ണി കടന്നുപോയി. ഇസിലാമികവിപ്ലവഭരണകൂടത്തിന്റെ കേന്ദ്രം ജാഹിലിയ്യത്തിലേക്ക് പിൻവലിഞ്ഞു. വിപ്ല വത്തിന്റെ ആദ്യകാല സഹചാരികളും പോരാളികളുമായിരുന്ന വിശിഷ്ട വ്യക്തികളും സ്വഹാബി ശ്രേഷ്ഠരും മുഹമ്മദ് നബി (സ) യുടെ ശിഷ്യഗണങ്ങളും മൂന്ന് ചേരിക ളായി തിരിഞ്ഞിട്ടുണ്ടായിരുന്നു. ഇസ്ലാമിന്റെ യഥാർത്ഥപാതയിൽ നിന്ന് വ്യതിചലിച്ച് ജാഹിലിയ്യത്തിലേക്കുള്ള ഈ തിരിച്ചു പോക്ക് സഹിക്കാനാവാതെ ശക്തിയായ അമർഷം രേഖപ്പെടുത്തയതിന്റെ പേരിൽ ക്രൂരമായി കൊലചെയ്യപ്പെട്ടവരാണ് ഒന്നാ മത്തെ വിഭാഗം. ഹിജ്റാബ്ദം അറുപതിന് മുമ്പ് അവരൊന്നടങ്കം നാമാവശേ ഷമാക്കപ്പെട്ടു കഴിഞ്ഞിരുന്നു. അബൂദർറ്[26] പോയ്മറഞ്ഞു. അമ്മാർ[27] രംഗം വിട്ടു. അബ്ദുല്ലാഹിബ്നു മസ്ഊദ്[28] അപ്രത്യക്ഷനായി. മീഥം[29] വധിക്കപ്പെട്ടു. ഹുജുറുബ്നു അദിയ്യ്[30] മരണത്തിന്റെ കടവു കടന്നു അക്കരപറ്റി.

രംഗത്തുനിന്നു വിട്ടുമാറി ആരാധനാലയങ്ങളുടെ മൂലകളിൽ ആത്മസായൂജ്യം കണ്ടെ ത്തിയവരാണ് രണ്ടാമത്തെ വിഭാഗം. ഋഷിതുല്യമായ ഭക്തിപരവശതയോടെ പ്രാർഥനാ നിമഗ്നരായിക്കയിഴുകയാണവർ. ഒരു യഥാർത്ഥ മുസൽമാൻ പടക്കളത്തെ ആരാധനാമ ന്ദിരമായി ഗണിക്കേണ്ട സാഹചര്യം. വിജയംപ്രതീക്ഷിക്കുന്നില്ലെങ്കിലും സമരാങ്കണ ത്തിൽ പ്രവേശിക്കണം. യഥാർത്ഥ മുസ്ലിമാകുന്നതിന്റെ അനിവാര്യഫലമെന്നോണം കഠിനമർദ്ദനങ്ങളുടെയും ആപത്തുകളുടെയുംകവാടങ്ങൾ അയാളുടെമുമ്പിൽ തുറക്ക പ്പെടുകയാണ്. എന്നാൽ തദവസരത്തിൽ പോർക്കളത്തിലിറങ്ങി രക്തസാക്ഷിത്വത്തിന്റെ പദവി നേടി സ്വർഗ്ഗം കരസ്തമാക്കുന്നതിന് പകരം ഈ വിഭാഗം മറ്റൊരു മാർഗ്ഗമാണ് തെരഞ്ഞെടുക്കുന്നത്. യുദ്ധത്തിന്റെ ഝണഝണൽക്കാരമില്ലാത്ത, ബഹളരഹിതമായ അന്തരീക്ഷത്തിൽ നിരന്തര പ്രാർത്ഥനകളിൽ വിലയിച്ച്, ജീവിതവൈരാഗ്യത്തിലൂടെ, നീണ്ട വ്രതാനുഷ്ഠാനങ്ങളിലൂടെ, സ്വാത്മഹനനത്തിലൂടെ, പരിവ്രാജ്യപരിശീലനത്തിലൂ ടെ ദിവ്യാനുരാഗത്തിന്റെ പരമകാഷ്ഠയിലെത്തി സ്വർഗം പ്രപിക്കാം! ഈ വിഭാഗ ത്തിന്റെ പ്രദമോദാഹരണം അബ്ദുല്ലാഹിബ്നു ഉമർ[31] തന്നെ. അമവീകിങ്കരൻമാരുടെച മ്മട്ടിപ്രഹരമേറ്റ് പുളയുകയും ഖഡ്ഗങ്ങളേറ്റ് പിടയുകയും ചെയ്യുന്ന സാമാന്യജനം ഈ മാന്യൻമാരുടെ നേരെ ദയനീയമായി ദൃഷ്ടികളയക്കുന്നു. കാരണം പ്രവാചകന്റെ കാലത്ത് ഇസ്ലാമിക വിപ്ലവത്തിനുവേണ്ടി തോളോടു തോൾചേർന്ന് സമരം ചെയ്ത പാരമ്പര്യമുള്ള വ്യക്തികളാണിവർ. പക്ഷേ, ഇന്നവർ പള്ളിമൂലകളെ ശരണം പ്രാപിച്ചി രിക്കയാണ്. ജീവിത വിരക്തിയുടെ നിശബ്ദതയിൽ ആത്മസായൂജ്യം കൊള്ളുകയാണ്. ഇസ്ലാമിന്റെ മഹൽ സന്തതികളെ ആക്രമികളുടെയും അവിശ്വാസികളുടെയും കൈക ളിലേൽപ്പിച്ച് ആരാധനോപാസനകളിൽ കഴിഞ്ഞിരുന്നവർ ആരുതന്നെയാവട്ടെ അവ രുടെ കൈ ആ പീഡിതരുടെ രക്തത്തിൽനിന്നൊരിക്കലും പരിശുദ്ധമല്ല. ആ നിഷ്കള ങ്കമായ ചോരകൊണ്ട് കറപിടിച്ച കൈകളാണവരുടേതും.

ആവശ്യത്തിനു വിവരവും കടപ്പാടുകളെപ്പറ്റി ബോധവുമുള്ള ഒരു മനുഷ്യൻ. യഥാർത്ഥവും അയഥാർത്ഥവും അയാൾക്കു തിരിച്ചറിയാം. എന്നിട്ടും ഇത്തരം ഒരു

സാഹചര്യത്തിൽ ആരാധനാലയത്തിന്റെ സൗഖ്യമേഖലകളിലേക്കാണ് അയാൾ തന്നെ
നയിക്കുന്നതെങ്കിൽ, അക്രമത്തിന്റെ താൽപര്യത്തിനു വേണ്ടി ഉൽബുദ്ധനായ ഒരു വിപ്ല
വകാരിയെ ബലികൊടുത്ത കൊടുംപാതകമാണയാൾ ചെയ്തതെന്നു പറയാവുന്ന
താണ്. കുറ്റകൃത്യത്തിനരുനിൽക്കുകയും കുഫ്റിന്റെ താൽപര്യത്തിനു വേണ്ടി ഈമാ
നിന്റെ വസ്തുവഹകൾ ബലികൊടുക്കുകയും ചെയ്യുകവഴി അക്രമത്തിന്റെ കാൽക്കൽ
ആത്മഹത്യ ചെയ്യുന്ന ദുഷ്ടന്മാരാണത്തരക്കാർ. രംഗം വിട്ടോടിയ ഇവർ പ്രവാച
കന്റെ(സ) അനുചരന്മാരിൽപ്പെട്ടവർ തന്നെയായിരുന്നു.

ബദ്റിലും ഉഹ്ദിലും ഹുനൈനിലും പങ്കെടുക്കാൻ ഭാഗ്യംലഭിച്ചവരാണ് മൂന്നാമത്തെ
വിഭാഗം. പ്രാവാചകനുമൊത്ത് സ്വദേശം വെടിഞ്ഞു പാലായനം ചെയ്തിട്ടുള്ളവരെന്ന
മഹത്വവും അവർക്കുണ്ട്. പ്രവാചകന്റെ(സ) സാന്നിദ്ധ്യവും സഹവാസവും അനുഭവിച്ച
അനുഗ്രഹീതരുമാണവർ. മനശ്ചാഞ്ചല്യ ലേശമന്യേ അവർ മുആവിയയുടെ ഹരിത
കൊട്ടാരത്തിലെത്തി[32] അവനവന്റെ ഉപജീവനോപാധികൾ ഉറപ്പുവരുത്തുകയും സുര
ക്ഷിതമാക്കുകയും ചെയ്തു. അവർക്ക് മുടങ്ങാതെ സാമ്പത്തികനേട്ടങ്ങൾ ലഭിച്ച്കൊ
ണ്ടുമിരുന്നു. അബുദ്ദർദാ,[33] അബൂഹുറൈറാ[34], അബൂമൂസ[35] എന്നിവർക്കു ഹദീസ് നിവേ
ദനത്തിന് "കമ്മീഷൻ" നിശ്ചയിക്കപെട്ടു. ഹദീസൊന്നിന് ഒരു ദീനാർ വീതമായിരുന്നു
വത്രെ കമ്മീഷൻ. പ്രവാചകന്റെ സന്തതസഹചാരിയും ഹദീസുശാസ്ത്രത്തിൽ വിദഗ്ധ
നുമായ ഒരു സഹാബിയായിരുന്നു അബൂഹുറൈറ. അമവികളുടെ കൊട്ടാരത്തിൽ
ഉയർന്ന പരിഗണനയും പദവിയുമാണ് അദ്ദേഹം അലങ്കരിച്ചിരുന്നത്.

ഇത്തരം ഒരു ചുറ്റുപാട് നിലവിലിരിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങൾ എങ്ങെ
നെയായിരിക്കും ചിന്തിക്കുക? ഹിജ്റ അറുപതാം വൽസരം. ഇസ്ലാമിക വിപ്ലവ
ത്തിന്റെ രണ്ടാം തലമുറ കടിഞ്ഞാൺ കൈയിലേന്തുന്ന കാലഘട്ടമാണ്
ഇമാംഹുസൈൻേ(അ)ത്. വിപ്ലവത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ അനർഘവും അഭിമാ
നകരവുമായ വിജയപരമ്പരകൾ, പരസ്പര സ്നേഹത്തിന്റെയും ശുഷ്കാന്തിയുടെയും
വിശുദ്ധകാലഘട്ടം ഇതൊന്നും അനുഭവിക്കുകയും പരിചയിക്കുകയും ചെയ്തിട്ടില്ലാത്ത
ഒരു തലമുറയാണവിടെ വളർന്നുവന്നിരിക്കുന്നതും വളർന്നുകൊണ്ടിരിക്കുന്നതും.
എങ്കിലും ഒന്നാം തലമുറയിൽനിന്നു കേട്ടറിഞ്ഞ ഈമാനിന്റെയും ദിവ്യാനുരാഗത്തി
ന്റെയും കഥകൾ അവരുടെ യുവഹൃദയങ്ങളിൽ ആവേശകരമായി പതിഞ്ഞുകാണും.
അതിന്റെ ഫലമായി വിപ്ലവഘട്ടത്തിൽ പരിശീലനമാർജിച്ച സഹാബികളെപ്പോലെ
അവരും ആയിക്കഴിഞ്ഞിട്ടുണ്ടാകണം. ദിവസേനെയെന്നോണം തങ്ങൾ പ്രതീക്ഷയും
വിശ്വാസവും കേന്ദ്രീകരിച്ചിട്ടുള്ള പ്രസ്തുത സഹാബിവര്യൻമാരുടെ പതനം കൺമു
മ്പിൽ കാണുമ്പോൾ എന്തുമാത്രം നൈരാശ്യവും ഇസ്ലാമിന്റെ കാര്യത്തിൽ എന്തുമാത്രം
അസ്വാസ്ഥ്യവുമായിരിക്കും ആ അനുഭവം അവരിൽ ജനിപ്പിച്ചിട്ടുണ്ടാവുക. വിപ്ലവ
ത്തിന്റെ ആദ്യഘട്ടത്തിലെ പ്രവാചകന്റെ കാലഘട്ടത്തിലെ സഹാബികളുടെ സ്ഥിതി
യാണീ പറഞ്ഞത്.

എന്നാൽ രണ്ടാം തലമുറയിതാ ആവേശഭരിതരായി, ഉൽസാഹത്തിമർപ്പിൽ രംഗത്തിറ
ങ്ങുന്നു. പരിശീലനം ലഭിച്ചവരും ലഭിക്കാത്തവരും പുതിയ ജാഹിലിയ്യത്തിന്നെതിരെ
പടപ്പറമ്പിലിറങ്ങുകയാണ്. സ്ഥിതിഗതികളെക്കുറിച്ച് തികച്ചും ബോധവാൻമാരായി
ക്കൊണ്ടു തന്നെയാണ് അവർ രംഗത്തുവരുന്നത്. ഹുജ്റുബ്നുഅദിയ്യ് ആണ് ഈ
രണ്ടാം തലമുറയുടെ പ്രതീകവും തലവനും. പ്രവാചകൻ(സ) കാലത്ത് ചെറുപ്പമായി
രുന്നു ഹുജ്ർ. അലി(അ)യുടെ ഭരണവേളയിൽ അദ്ദേഹം പടക്കളത്തിലിറങ്ങി യുദ്ധം
ചെയ്തിരുന്നു. പിന്നീട് ഇമാം ഹസൻ(അ)നോടപ്പം ഒരു തികഞ്ഞ യോദ്ധാവും ഉത്തര
വാദപ്പെട്ട രാഷ്ടീയനേതാവുമെന്ന നിലക്ക് ഗോദയിലിറങ്ങി. തന്റെ വിപ്ലവമനോഭാവം
കാരണം ഇമാം ഹസനും(അ) മുആവിയ്യയും തമ്മിലുണ്ടായ ഉടമ്പടിയെ അദ്ദേഹം
അനുകൂലിക്കുകയുണ്ടായില്ല. ഉടമ്പടിയിൽ ഒപ്പുവെച്ചതിൽ കഠിനമായി പ്രതിഷേധിക്കു
കയും ഇമാംഹസനെ(അ) കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തു അദ്ദേഹം.
ബഹുജനങ്ങളുടെ അഭിമാനത്തിനു ക്ഷതമേൽപ്പിച്ച നിന്ദ്യമായ നിലപാടെന്നാണ്
പ്രസ്തുത ഉടമ്പടിയെ ഹുജ്റ് വിശേഷിപ്പിച്ചത്. അദ്ദേഹം ഒരു ഒതുങ്ങാത്ത വ്യക്തി
ത്വവും വിപ്ലവത്തിന്റെ അഗ്നിസ്ഫുലിംഗവുമായിരുന്നു. എങ്കിലും മദീനയിൽ ഇമാം

ഹസനു(അ)മായി നടന്ന രഹസ്യസംഭാഷണത്തോടെ ഹുജ്റ് ശാന്തനാവുകയാണുണ്ടായത്. സമരോൽസുകനായി രംഗത്തിറങ്ങിയ ഈ വിപ്ലവകാരിയെ ശാന്തനാക്കിയ പ്രസ്തുത സംഭാഷണത്തിന്റെ വിശദവിവരമൊന്നും ചരിത്രം വ്യക്തമാക്കിതരുന്നില്ല. ഹുജ്റ് സംഭാഷണം കഴിഞ്ഞ് ശാന്തനും സന്തുഷ്ടനുമായി പുറത്തുവരുന്നതു മാത്രമാണ് ചരിത്രത്തിൽ നാം കാണുന്നത്. ഹുജ്റ് തന്റെ അഭിപ്രായം സസന്തോഷം തിരുത്തിക്കുറിച്ചത് അത്ര ലളിതമായി മനസ്സിലാക്കാവുന്ന സംഗതിയല്ല. സമാധാനം, സഹനം, ക്ഷമ, നയോപായം എന്നൊക്കെപ്പറഞ്ഞു ഒതുക്കിനിറുത്താവുന്ന പ്രകൃതക്കാരനല്ലായിരുന്നു അദ്ദേഹം. അപകടം ഒഴിവാക്കാനെന്ന ന്യായം അദ്ദേഹത്തിനൊട്ട് സ്വീകാര്യമാവുകയുമില്ല. ഇമാംഹസന്റെ (അ) വ്യക്തിത്വത്തോടുള്ള ആഭിമുഖ്യം കൊണ്ട് അഭിപ്രായങ്ങൾ അടിയറവെക്കാൻ മാത്രം ഹുജ്റ് ഒരു വ്യക്തിപൂജകനുമല്ല.

സുലൈമാനുബ്നുസുറദ് ഖുസാഈ[36] പ്രസ്തുത സന്ധിയുടെ കാര്യത്തിൽ ഇമാം ഹസന്റെ(അ) മറ്റൊരു കടുത്ത വിമർശകനും അദ്ദേഹത്തോട് അമർഷം വെച്ചു പോന്നിരുന്ന ആളുമായിരുന്നു. അദ്ദേഹവും ഇമാംഹസന്റെ(അ) സ്വവസതിയിൽവെച്ചു സ്വകാര്യമായി കൂടിക്കാഴ്ച നടത്തിയതോടെ പ്രസ്തുത ഉടമ്പടിയെ സഹർഷം പിന്തുണക്കുകയാണുണ്ടായത്. ഈജിപ്ഷ്യൻ ചിന്തകനും എഴുത്തകാരനുമായ താഹാഹുസൈൻ[37] അതേപ്പറ്റി ഇപ്രകാരം പറയുന്നു. "ഇമാം ഹസൻ(അ) ഇരുവരെയും ഇങ്ങനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടായിരിക്കണം. തുറന്ന സൈനികസംഘട്ടനം പ്രയോജനം ചെയ്യുകയില്ല. ഉള്ള ശക്തിയും നശിക്കുകയായിരിക്കും അതിന്റെ ഫലം. തുടർന്ന് ഒരു രഹസ്യ സംഘടനക്കു രൂപംകൊടുക്കുകയാണദ്ദേഹം ചെയ്തത്. മറ്റു വാക്കുകളിൽ പ്രത്യക്ഷസമരത്തെ അണ്ടർഗ്രൗണ്ടിലേക്കു മാറ്റി. നിലവിലുണ്ടായിരുന്ന ഭരണവ്യവസ്ഥിതിക്കെതിരെ ഒരു വിപ്ലവസംഘടന രൂപീകരിച്ചു. ഈ വിപ്ലവ സംഘടന രണ്ടു നൂറ്റാണ്ടു കാലം അഥവാ ശിയാക്കളുടെ ഒടുവിലത്തെ ഇമാമിന്റെ കാലം വരെ മുഴുവൻ മുസ്ലിം നാടുകളിലും രഹസ്യപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അമവീ അബ്ബാസീ കാലഘട്ടങ്ങളിലെല്ലാം ശിയാപ്രസ്ഥാനത്തിന്റെ അണ്ടർഗ്രൗണ്ടു പ്രവർത്തനങ്ങൾ ഈ സംഘടനമുഖേനെയാണ് സാധിച്ചിരുന്നത്.

ഹുജ്റിനും അദിയ്യുനുഹാത്തിം[38] തുടങ്ങിയ അദ്ദേഹത്തിന്റെ സമരസഹചാരികളായ യുവാക്കൾക്കും നിലവിലുണ്ടായിരുന്ന മർദ്ദക ഭരണത്തേയും ഇരുണ്ട ഏകാധിപത്യത്തെയും സഹിക്കാൻ കഴിഞ്ഞില്ല. നാൾക്കുനാൾ പെരുത്തുവരുന്ന മർദ്ദനം, ഏകാധിപത്യം, ചൂഷണം അവകാശഹത്യ, സത്യമാർഗത്തിൽനിന്നുള്ള വ്യതിചലനം ഇതിലെല്ലാം അവർക്കു അസഹ്യമായ അമർഷം തോന്നി. സത്യത്തിന്റെയും ഇസ്ലാമിന്റെയും നീതിയുടെയും ചെലവിൽ അനുക്രമം വളർന്നുവികസിച്ചു വരുന്ന വഴിപിഴച്ച ഭരണകൂടത്തിനെതിരെ വിഭവശേഷിയും ശക്തിയും വേണ്ടത്രയില്ലായിരുന്നു.

ഹുജ്റിന്റ നേതൃത്വത്തിൽ വിപ്ലവപ്രവർത്തനം പുരോഗമിച്ചുവരികയും കൂടുതൽ ധൈര്യം സംഭരിച്ചുക്കൊണ്ടരിക്കുകയും ചെയ്തു. വഞ്ചനാപരമായ ഒരു ഗൂഢാലോചനയെതുടർന്നു അപ്പോഴേക്കുമതാ ഒരു "ഫത്വാ" വരുന്നു. ഹുജ്റുബ്നുഅദിയ്യ് മതത്തിനു പുറത്താണെന്ന്. ഫത്വാക്കു ചുവടെ കൃത്രിമമായ ഒപ്പ് ശേഖരണവുമുണ്ടായിരുന്നു. എല്ലാം അമവികളുടെ ഹിതമനുസരിച്ച് തുടർന്ന് ഇസ്ലാമിക വിപ്ലവത്തിന്റെ രണ്ടാം തലമുറ ഒന്നടങ്കം പിടിക്കപ്പെടുന്നു. ഡമാസ്കസിലെ ഭരണകൂടത്തിനെതിരെ പ്രവർത്തിച്ചതിന്റെ പേരിൽ അലി(അ) യുടെ ചിന്താസരണി പിന്തുടർന്നതിന്റെ പേരിൽ ആ മാർഗത്തിൽ പാദങ്ങൾ ഉറപ്പിച്ചുനിർത്തിയതിന്റെ പേരിൽ. താമസിയാതെ സിറിയയിലെ മർജുൽഅദ്റായിൽ വെച്ച് അവരുടെ ശിരസ്സുകൾ ഛേദിക്കപ്പെട്ടു.

# ആറ്

ഇതാണ് ഹുസൈൻ (അ) രംഗത്തുവന്ന സന്ദർഭം. ഇപ്പോൾ വിപ്ലവപ്രസ്ഥാനത്തിന് അധികാരകേന്ദ്രം പൂർണ്ണമായും അന്യാധീനപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ആത്മാർത്ഥതയും ആത്മസമർപ്പണവുമുള്ള അതിന്റെ കൊടിവാഹകർ ഒന്നടങ്കം നിഷ്ഠൂരമാം വിധം വധിക്കപ്പെട്ടു. നാലുപാടും മൂകത വ്യാപിച്ചിരിക്കുകയാണ്. വിശുദ്ധരായ സഹാബികൾ പോലും ത്യാഗത്തിനു സന്നദ്ധരായി പുറത്തുവരുന്നില്ല. സത്യാസത്യങ്ങളുടെ കുഴപ്പം പിടിച്ച തലവേദന വിലക്കുവാങ്ങാതെ, രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ ഇടപെടുക വഴി ആപത്ത് വിളിച്ചു വരുത്താതെ, സ്വസ്ഥമായി ഏതെങ്കിലും അറിയപ്പെടാത്ത മൂലകളിൽ ആരാധനാനിമഗ്നരായി കഴിഞ്ഞുകൂടുകയല്ലേ ഭംഗി? അതല്ലേ ഉത്തമം? ജനങ്ങളെയും അവരുടെ ഭാഗധേയത്തേയും ഭരണകൂടത്തിന്റെ കാരുണ്യത്തിന് വിട്ടു കൊടുക്കാം. ഇങ്ങനെ പോകുന്നു ആ സാധുക്കളുടെ ചിന്ത! ഏകാന്ത തപസ്യയുടേയും അധ്യാത്മ പ്രേമത്തിന്റെയും സ്വാർഥപൂർണ്ണമായ തോടിനുള്ളിൽ ഏകാഗ്രചിത്തരായി ഒളിഞ്ഞിരിക്കുകയാണവർ. പ്രവാചകശിരോമണിയുടെ സുപ്രസിദ്ധ സഹാബികളിൽ പലരും മുആവിയ്യയുടെ ഹരിതകൊട്ടാരത്തിനു ചുറ്റും ബൈത്തുൽമാലിൽ കണ്ണുംനട്ടു കഴിയുകയാണ്. ഇസ്ലാമികവിപ്ലവത്തിന്റെ രണ്ടാം തലമുറയായ യുവനിര വിപ്ലവപ്രസ്ഥാനത്തെ രക്ഷിക്കുവാൻ വേണ്ടി അമവികളുമായി പടവെട്ടി പരാജയപ്പെട്ടിരിക്കുകയാണ്. അധികാരവർഗ്ഗം ഖഡ്ഗത്തിന്റെ മൂർച്ചകൊണ്ടും പണത്തിന്റെ വശ്യതകൊണ്ടും സ്ഥാനമാനങ്ങൾ നൽകി ആദരിച്ചും വഞ്ചന മാർഗമാക്കിയും സകലരെയും നിശബ്ദരാക്കിയിരിക്കുന്നു.

ഭയാശങ്കകളുടെ സമ്മർദ്ദം, സമ്പത്തും പദവിയും കൊണ്ടുള്ള പ്രലോഭനം, സാമൂഹ്യദൂഷ്യങ്ങൾക്കും സുഖതൃഷ്ണക്കും യഥേഷ്ടം വിഹരിക്കാനുള്ള സ്വാതന്ത്ര്യം, അതേസമയം ബുദ്ധിക്കും ചിന്തക്കും കർശന നിയന്ത്രണം, വിശ്വാസത്തിനും ഉത്തരവാദിത്വബോധത്തിനും ബന്ധനം- ഇതൊക്കെയാണ് പുതിയ ജാഹിലിയത്തിന്റെ സവിശേഷത. അഥവാ ബന്ധനത്തിന് സ്വാതന്ത്ര്യം, സ്വാതന്ത്ര്യത്തിന് ബന്ധനം. ജനങ്ങളെ വിഡ്ഢീകരിക്കാൻ കരുതിക്കൂട്ടിയുള്ള പ്രവർത്തനങ്ങളും നടന്നിരുന്നു അതോടൊപ്പം . മനസ്സും മനസ്സാക്ഷിയും മസ്തിസ്കവും മരവിപ്പിക്കുകയായിരുന്നു ആ പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഈമാനിന്റെയും തദടിസ്ഥാനത്തിലുള്ള വിപ്ലവത്തിന്റെയും പ്രഭാവവും നിലനിൽപ്പും ജനങ്ങൾ ഉൽബുദ്ധരും വിവരസ്ഥരും ആവുന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അതിനാൽ വിജ്ഞാനകേന്ദ്രങ്ങൾ നശിപ്പിക്കുക, അവ നിശ്ശേഷം ശൂന്യമാക്കുക, മനസ്സും മസ്തിശ്കവും മരവിപ്പിച്ച് പ്രവർത്തനരഹിതമാക്കിത്തീർക്കുക.

പുതിയ ജാഹിലിയ്യ ഭരണവ്യവസ്ഥിതിക്ക് നന്നായറിയാമായിരുന്നു: പ്രവാചക കുടുംബത്തെ ഉന്മൂലനം വരുത്തിയതുകൊണ്ടോ അലി (അ)യെ വധിച്ചതുകൊണ്ടോ വിപ്ലവ പ്രസ്ഥാനത്തിന്ന് അപകടം കുറയ്ക്കാനാവുകയില്ലെന്ന്. അലി (അ)ക്കു ശേഷം ഹസൻ (അ) വന്നപ്പോൾ അദ്ദേഹത്തെ സൈനികമായി പരാജയപ്പെടുത്തി ആരുമറിയാതെ ഹീനമായി കൊലചയ്തു. പക്ഷെ അതും പ്രശ്നത്തിന് പരിഹാരമാവുകയില്ലെന്ന് അവർക്ക് ശരിക്കറിയാമായിരുന്നു.

വിപ്ലവത്തിന്റെ എല്ലാ അടിത്തറകളും പതിസ്ഥലങ്ങളും തകർക്കുക, അസ്വസ്ഥത മുളപൊട്ടുന്ന മുഴുവൻ ശക്തി കേന്ദ്രങ്ങളും ഛിന്നഭിന്നമാക്കുക, ഹുജ്റിനെപ്പോലെ ഉശിരും വിപ്ലവാവേശവുമുള്ള സകല ചെറുപ്പക്കാരെയും നിഷ്ഠൂരം കൊലപ്പെടുത്തുകയോ നാടുകടത്തുകയോ ചെയ്തു. ഈമാനിക ശക്തിയാൽ പ്രചോതിതരായി വിപ്ലവത്തിനൊരുങ്ങിയ സഹാബികളെ പട്ടിണിക്കിട്ടും അവകാശങ്ങൾ നിഷേധിച്ചും, വധിച്ചും ഒടുക്കുക മുതലായ നടപടികൾ നിഷ്പ്രയോജനങ്ങളാണെന്ന വസ്തുത അവർ മനസ്സിലാക്കിയിരുന്നു. വിജ്ഞാനത്തിന്റെ വൈപുല്യം, ജനങ്ങളുടെ പ്രബുദ്ധത, സത്യവിശ്വാസത്തിന്റെ മൂർച്ച, ഇസ്ലാമിന്റെ ചൈതന്യത്തെക്കുറിച്ചുള്ള അഗാധമായ ബോധം, പ്രബോധനമാർഗത്തെ സംബന്ധിച്ച യഥാർത്ഥജ്ഞാനം, പ്രവാചകമിഷന്റെ യാഥാർത്ഥ്യം, വിഷമങ്ങൾ തരണം ചെയ്യാനുള്ള അതിന്റെ കഴിവ് ഇതൊന്നും അടിച്ചമർത്തലുകൾ കൊണ്ടും മർദ്ദനങ്ങൾ

കൊണ്ടും അവകാശ നിഷേധം കൊണ്ടും നിർവ്വീര്യമാക്കാൻ കഴിയാത്തതാണെന്ന് അമവികൾക്ക് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. അബൂദർറിനെപ്പോലുള്ള കരുത്താർന്ന വ്യക്തിത്വങ്ങളെ കഠോരപീഡനങ്ങൾക്കിരയാക്കിയും അക്രമത്തിനും ഏകാതിപത്യത്തിനുമെതിരെ ധീരമായി പ്രതിഷേധിച്ച അബ്ദുള്ളാഹിബ്നുമസ്ഊദിനെ മർദ്ദിച്ചുകൊന്ന് അമവികൾ തങ്ങൾക്കെതിരെയുള്ള വിപ്ലവഭീഷണി ഇല്ലാതാക്കാൻ ശ്രമിക്കുകയായിരുന്നു. ചുരുക്കത്തിൽ എതിർപ്പിനുള്ള വിദൂര സാധ്യതകൾപോലും പരതിപ്പിടിച്ചു പറിച്ചെറിയുകയായിരുന്നു അവരുടെ നയം. ഇസ്‌ലാമിക വിപ്ലവത്തിന്റെ നല്ലവരായ നേതാക്കളെ കൊന്നൊടുക്കിയോ പ്രധാനവ്യക്തിത്വങ്ങളിൽ പലരെയും തങ്ങളുടെ സേവന സന്നദ്ധരാക്കിയും അവരുടെ യോഗ്യതകൾ ചൂഷണം ചെയ്തും പ്രയത്നങ്ങൾ പിഴിഞ്ഞെടുത്തും മുസ്‌ലിങ്ങളുടെ വിപ്ലവാവേശത്തെ ഊതിക്കെടുത്തിയും പ്രതിപക്ഷ മുന്നണികളെയെല്ലാം ആതിജയിച്ചുകൊണ്ട് ദമാസ്കസ്സ് മുതൽ ഖുറാസാൻ വരെയുള്ള മുഴുവൻ മുസ്ലിം നാടുകളും അമവികൾ അവരുടെ ആധിപത്യത്തിനധീനമാക്കി. എന്നിട്ടും ഇസ്‌ലാമിക വിപ്ലവത്തിന്റെ വേരറുക്കാൻ അവർക്കു കഴിഞ്ഞില്ല. നിഷ്ഠൂരമായ ഇത്തരം നടപടികളൊന്നും അമവികളുടെ അപകടമുക്തമായ ഭരണഭദ്രതക്കു പര്യാപ്തമായതുമില്ല. ഭരണകൂടത്തിന്റെ നിലനിൽപ്പ് ഉറപ്പ്വരുത്തുവാനും സ്വൈരവും സ്വതന്ത്രവുമായി കാര്യങ്ങൾ നിർവഹിക്കാൻ കാര്യസ്ഥൻമാരെയും ഉദ്യോഗസ്ഥൻമാരെയും അനുവദിക്കുന്ന ഒരു സ്ഥിവിശേഷം സംജാതമാക്കുവാനും അവർക്കായില്ല. അമവികൾക്ക് ഇത്രമാത്രമേ വേണ്ടിയിരുന്നുള്ളൂ. മറ്റുവാക്കുകളിൽ പറഞ്ഞാൽ കീഴടക്കുക, കടിഞ്ഞാൺ കൈപിടിയിലാക്കുക, ജനങ്ങളുടെ വിമോജനപ്രസ്ഥാനത്തെ തച്ചുടക്കുക, ഭരണകൂടത്തിന്റെ മുഴുവൻ നിയന്ത്രണവും കൈവശംവെക്കുക, ആദർശസംരക്ഷകരെ വകവരുത്തുക, സ്വാതന്ത്ര്യസ്നേഹികളേയും അവകാശം ചോദിക്കുന്നവരെയും ഞെക്കിക്കൊല്ലുക, നീതിയെ നിരായുധമാക്കുക ഇത്രയും ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണ് ബനൂ ഉമയ്യക്കാർ ശ്രമിച്ചിരുന്നത്. ഇസ്ലാമിന്റെ പടക്കുതിരകൾ, പടയങ്കികൾ, പരിചകൾ മുതലായ എല്ലാ പടക്കോപ്പുകളും അവർ തട്ടിപ്പറിച്ചു. ചമ്മട്ടി ഓങ്ങി ജനങ്ങളുടെ ശിരസ്സുകളെ ഭരണകൂടത്തിനനുകൂലമാക്കി.

ബുദ്ധിയും തന്റേടവുമുള്ള അമവീ രാഷ്ട്രതന്ത്രജ്ഞൻമാർക്കറിയാം, ഈ കപടതന്ത്രങ്ങളൊക്കെ വെറുതെയാണെന്ന് . ജനങ്ങളെയും കാലത്തിന്റെ ചേതനയേയും അവർക്കു നല്ല പരിചയമുണ്ട്. മഹത്തായ ഇസ്ലാമിക വിപ്ലവത്തിന് പിറവികൊടുത്തവരുടെ തൊട്ടടുത്ത പിൻതലമുറയാണിവിടെയുള്ളത്. ധൈഷണികവും സാമൂഹികവും രാഷ്ട്രീയവും ആത്മീയവുമായ മേഖലകളെയഖിലം സ്പർശിക്കുന്ന ആ വിപ്ളവം കഴിഞ്ഞിട്ട് വളരെയൊന്നും കാലമായിട്ടില്ല. മറുവശത്ത് ഭരണവർഗ്ഗമാവട്ടെ ജാഹിലിയ്യത്തിന്റെയും അനിസ്‌ലാമികത്വത്തിന്റെയും തൊട്ടുപിന്നിലെ തലമുറയുമാണ്. ബദ്റിലും ഉഹ്ദിലും ഖൻദഖിലും പ്രവാചകനെതിരിൽ അവിശ്വാസത്തെയും ബഹുദൈവവാദത്തെയും പ്രതിനിധീകരിച്ചു യുദ്ധം ചെയ്തിരുന്ന അടിമക്കച്ചവടക്കാരായ മുതലാളിമാർ ഈ നേതാക്കളുടെ പൂർവ്വികൻമാരാണ്. ഇരുവരും തമ്മിൽ ഒരൊറ്റതലമുറയുടെ വിടവുമാത്രമേയുള്ളൂ.

അമവികൾക്കറിയാം, അപജയത്തിന്റെ ഇരുണ്ട വെണ്ണീർകൂമ്പാരങ്ങൾക്ക് കീഴെ, രക്തക്കറ പുരണ്ട ഭീമമായ ഈ പാശ്ചാത്തലത്തിനു പിന്നിൽ അതിശക്തമായ പൊട്ടിത്തെറികളുടെ ചുവന്ന ഭീഷണികൾ പതിയിരിക്കുന്നുണ്ടെന്ന്, അവ ഏത് സമയവും സ്ഫോടനം സൃഷ്ടിക്കാൻ വെമ്പൽ കൊള്ളുകയുമാണെന്ന്. വിശ്വാസികളുടെ സൈന്യം കൂട്ടത്തോടെ മരിച്ചു വീണിട്ടുണ്ട്. പക്ഷേ വിശ്വാസം ചുണയോടെ ജീവിച്ചിരിക്കുകയാണ്. നീതിയുടെ നേതാക്കളും സത്യത്തിന്റെ സപ്പോർട്ടർമാരും സ്വാതന്ത്ര്യത്തിന്റെ സങ്കേതങ്ങളും വിപ്ലവത്തിന്റെ പ്രതിരോധനിലയങ്ങളും ഇടിച്ചുനിരത്തപ്പെട്ടു. എന്നാൽ നീതിക്കു വേണ്ടിയുള്ള അടങ്ങാത്ത അഭിലാഷം? സത്യത്തോടുള്ള ഒടുങ്ങാത്ത പ്രണയം? മനുഷ്യത്വത്തോടുള്ള ഉൽക്കടമായ ആഭിമുഖ്യം? അലി(അ)യെ പ്രാർത്ഥനാ മന്ദിരത്തൽവച്ച് കൊല ചെയ്തു. എന്നാൽ അലി (അ)യുടെ ദിവ്യനുരാഗത്തിന്റെ അഗ്നിയോ? അബൂദർറിനെ റബ്ദയിലെ വിജനതയിലേക്കു നാടുകടത്തി. അവിടെ നിശ്ശബ്ദനായി അദ്ദേഹം അന്ത്യശാസം വലിച്ചു. പക്ഷെ അബൂദർറിന്റെ പോർവിളി അന്തരീക്ഷത്തിൽ മുഴങ്ങുന്നില്ലേ? അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങൾ ചുറ്റും ഗർജിക്കുന്നില്ലേ? ഹുജ്റിനെ സിറിയ

യിലെ മർജുൽഅദ്റായിൽ കൊണ്ടുപോയി വധിച്ചു. എന്നാൽ അദ്ദേഹത്തിന്റെ വിപ്ലവാവേശമോ? അനീതിക്കെതിരേയുള്ള അദ്ദേഹത്തിന്റെ ആഞ്ഞടിക്കന്ന രോഷത്തെ എന്തു ചെയ്യാനൊക്കും?

ഈ മഹദ്വ്യക്തിത്വങ്ങൾ കുടികൊള്ളുന്നതും വിപ്ലവത്തിനാഹ്വാനം ചെയ്യുന്നതുമായ യഥാർത്ഥ കേന്ദ്രം മദീനയായിരുന്നുവെങ്കിൽ അവിടെനടന്ന കൂട്ടക്കൊലയിൽ അവസാനിച്ചു പോയേനെ. കഅബയിലായിരുന്നങ്കിൽ കല്ലേറിൽ ചതഞ്ഞ്പോയേനെ. കൂഫയിൽ ആയിരുന്നെങ്കിൽ കടിഞ്ഞാൺ ഇടാമായിരുന്നു. പ്രവാചകന്റെ(സ) പള്ളിയിലായിരുന്നെങ്കിൽ കുതിരകളുടെ കാൽചവിട്ടേററ് ചതയുമായിരുന്നു. പട്ടാളക്കാരുടെ കുതിരകൾ അവിടെയെങ്ങും ചാണകം വീഴ്ത്തി ചുററിനടക്കുന്നുണ്ട്. പ്രവാചകൻ(സ) ഗൃഹമാണെങ്കിൽ അവിടമിപ്പോൾ ശൂന്യമാണ്. ഫാത്തിമയുടെ ഭവനത്തിലാണോ? അതുമല്ല. അതൊക്കെ ചുട്ടുചാമ്പലാക്കിക്കഴിഞ്ഞു. പിന്നെ ഖുർആനിലാണോ? അതാകട്ടെ കുന്തമുനയിൽ തുളച്ചുപിടിച്ചിരിക്കുകയുമാണ്.

പിന്നെ എവിടെയാണത്? എവിടെയാണീ വിപ്ലവാഗ്നിയുടെ ഉത്ഭവം? ഈ ഒടുങ്ങാത്ത അപകടങ്ങൾ പതിയിരിക്കുന്നതെവിടെ? മനസ്സും മസ്തിഷ്കവും നിലനിൽക്കുന്ന കാലത്തോളം ഈ ജയിച്ചടക്കലുകൾക്കൊന്നും യാതൊരുവിലയുമില്ല. എല്ലാഭൗതിക ശക്തികളും അപകടത്തിന്റെ കരിനിഴലിൽ കഴിയേണ്ടിവരും. മനസ്സും മഷ്തിഷ്ക്കവുമുള്ളേടത്തൊന്നും അലി(അ) അനുയായികൾ മരിക്കുകയില്ല. രക്തസാക്ഷിത്വത്തിലൂടെ ജീവിക്കുകയേയുള്ളൂ. മരിക്കുന്നതിനുമുമ്പ് അനശ്വരമായി ജീവിക്കുന്നതിനു വേണ്ടി അവർ ജീവനും രക്തവും നൽകും. മനസ്സും മസ്തിഷ്കവും നിഷ്ക്രിയമാകാത്ത കാലത്തോളം അബൂദർ വീണ്ടും ജനിക്കും. അമ്മാറും ഹുജ്റും മാലിക്ക് അശ്ത്തറും ഉയിരെടുക്കും. അവർ പുതിയ പടയണികളെ സിഫീനിലേക്കയച്ചു കൊണ്ടിരിക്കും. ആ സൈനികപ്രവാഹം നിലക്കുകയില്ല. അലി(അ)യുടെ ചിന്താപ്രസ്ഥാനം മരിക്കുകയോ മരവിക്കുകയോ ഇല്ല. കൂട്ടവധം ആരെയും ഒരുനിമിഷ നേരത്തേക്കുപോലും രക്ഷപ്പെടുത്തുകയില്ല. മരണത്തിന്റെ ശവപ്പറമ്പിലോ രക്തപ്പുഴയുടെ പ്രവാഹത്തിലോ ആർക്കും നിൽക്കകള്ളിയുണ്ടായിരിക്കുകയുമില്ല.

ദൈവിക വിപ്ലവത്തിന്റെ സന്ദേശം ഖുർആനിലല്ല, ഇവിടെയാണുള്ളത്. അലി (അ) കൂഫയിലെ പ്രാർത്ഥനാ മന്ദിരത്തിലാണില്ലാത്തത്. അദ്ദേഹം ഇവിടെയുണ്ട്. നാം വധിച്ച വ്യക്തികൾ, ജയിച്ചടക്കിയ പ്രദേശങ്ങൾ, പരാജയപ്പെടുത്തിയ സൈന്യങ്ങൾ, പിടിച്ചെടുത്ത ആയുധങ്ങൾ, അധീനപ്പെടുത്തിയ കോട്ടകൾ-അതൊക്കെയും സത്യത്തിന്റെതാണ്. സ്വാതന്ത്ര്യത്തിന്റെയും നീതിയുടേതുമാണ്. സത്യവും സ്വാതന്ത്ര്യവും നീതിയും സംരക്ഷിക്കാനുള്ള സമരവാഞ്ഛ അതേപടി നിലനിൽക്കുന്നുണ്ട്. അവയുടെ യഥാർത്ഥ താവളങ്ങളിൽ സമരസന്നാഹം തിരുതകൃതിയായി നടക്കുന്നുണ്ട്. മനസ്സും മസ്തിഷ്കവുമാണാ താവളങ്ങൾ. അവയാണ് തകർക്കേണ്ടത്. ആവേശവും വീര്യവും പകരുന്ന, തീയും വെളിച്ചവും നൽകുന്ന, ചലനത്തിനും ശക്തിക്കും അധിഷ്ഠാനമായ ആ രണ്ടു കേന്ദ്രങ്ങളും അടച്ചുപൂട്ടണം: തരിപ്പണമാക്കണം: എങ്കിൽ മാത്രമേ നമുക്കു നിലനിൽപ്പുള്ളൂ. അതിനു ശേഷമേ അടങ്ങിയിരിക്കാനാകൂ.

ഒട്ടും താമസിച്ചില്ല. നശീകരണ പരമ്പരകളുടെ കഥയാണ് പിന്നെ. അപകടങ്ങളുടെ മൂല സ്രോതസ്സായ പ്രസ്തുത രണ്ടു കേന്ദ്രങ്ങൾക്കുമെതിരിൽ-അഥവാ മനസ്സിനും മസ്തിഷ്കത്തിനുമെതിരിൽ-ആക്രമണം നടത്താൻ സൈന്യം തയ്യാറെടുത്തു പണിതുടങ്ങി.

പക്ഷെ ഈ ആക്രമണത്തിന് മറ്റൊരു തരം ആയുധമാണാവശ്യം. സൈന്യവും സൈന്യാധിപൻമാരും വേറെ വേണം. പുതിയതരം പടയങ്കികളും പടക്കോപ്പുകളും വേണം. നയവും ആസൂത്രണവും പുതിയ രീതിയിലുള്ളത്. നിയമങ്ങളും പ്രവർത്തനമാർഗ്ഗങ്ങളും ഇതഃപര്യന്തമുള്ളതു പോരാ. ആ പുതിയ പോരാട്ടത്തിൽ പൊന്നും പണവും വിലപ്പോവുകയില്ല. അവകാശങ്ങൾ അനുവദിച്ചുകൊടുത്തത് കൊണ്ടോ ഇറാഖിന് ഭരണാധികാരം വിട്ടു കൊടുത്തത് കൊണ്ടോ പ്രയോജനമില്ല.

അംറുബ്നുൽ ആസി[41]ന്റെ തന്ത്രങ്ങളും ബുസ്റുബ്നുഅർത്തഅയുടെ[42] ഖഡ്ഗങ്ങളും വിഫലം. യസീദുബ്നു മുഹല്ലബും [43] ഹജ്ജാജുബ്നു യൂസുഫും[44] കൊലക്കയറും പിടിച്ചു വെറുതെയിരിക്കേണ്ടിവരും.

ഈ യുദ്ധക്കളത്തിൽ ഖുർആനെയാണ് ആയുധമാക്കേണ്ടത്. പ്രവാചക ചര്യയാണ് പട യങ്കി. യുദ്ധസജ്ജീകരണങ്ങൾ ബുദ്ധിയും വിജ്ഞാനവും. പ്രതിരോധക്കോട്ട കെട്ടേണ്ടത് ഈമാൻ. പതാക ഇസ്ലാം. പട്ടാളക്കാരാകട്ടെ ഖുർആൻ വ്യാഖ്യാതാക്കൾ, ഹദീസു പണ്ഢിതൻമാർ, ഖുർആൻ പാരായണക്കാർ, പ്രസംഗകർ, ദൈവശാസ്ത്രമറിയുന്നവർ, ഇമാമുകൾ, ന്യായാധിപൻമാർ. ഈ യുദ്ധത്തിൽ പടനയിക്കേണ്ടത് പ്രവാചകന്റെ സഹവാസം സിദ്ധിച്ച സഹാബികൾ, പ്രധാന പുരോഹിതൻമാർ, മതവിധി പുറപ്പെടുവിക്കുന്ന മുഫ്തികൾ എന്നിവരും.

ആക്രമണം ആരംഭിച്ചു. നേരത്തെ എല്ലാ എതിർപ്പുകളും തട്ടിനീക്കി ഭൗതികസേന വിജയംവരിച്ച ഭൂമിയിൽ ഇപ്പോൾ മതസേന നിഷ്പ്രയാസം വിജയകരമായി മുന്നേറുകയാണ്. വിപ്ലവത്തിന്റെ യഥാർത്ഥ ശക്തി ദുർഗങ്ങളായ മനസ്സുകളിലും മസ്തിഷ്കങ്ങളിലും അവർ കടന്നുചെന്നു നിർബോധം പ്രവർത്തനം നടത്തുന്നു. ക്രമേണ അവയെ കീഴടക്കുന്നു. കാര്യമായ എതിർപ്പൊന്നും നേരിടാതെ അകത്തുവെച്ച് അപകടകരമായ ഔഷധം വഴി അവരവിടങ്ങളിൽ വ്രണമുണ്ടാക്കുന്നു. എല്ലാകാലത്തും എല്ലാ മതക്കാരിലുമുണ്ടായ ഔദ്യോഗിക സർക്കാർ പണ്ഡിതൻമാർക്കും പരിചയമുള്ള ദിവ്യാമൃതം തന്നെയാണ് ഇവരും പ്രയോഗിക്കുന്നത്. ആ മരുന്നോല ചരിത്രഘട്ടങ്ങൾ പലതും പിന്നിട്ട് ഇവരുടെ കൈകളിൽ എത്തിച്ചേർന്നതാണ്. ഫിർഔനെയും ഖാറൂനെയും നശിപ്പിക്കാൻ മൂസാ(അ) യെ കരുത്താക്കിയ സിദ്ധൗഷധമാണത്. എന്നാൽ പിന്നീട് ഫിർഔനേക്കാൾ കരാളൻമാരും ഖാറൂനെക്കാൾ വലിയ ധനപൂചകരും ബൽആമിനെ[45] കടത്തിവെട്ടുന്ന വഞ്ചകൻമാരായ യഹൂദൻമാർക്ക് ജൻമമേകിയതും അതേ ഔഷധംതന്നെ. സമാധാനത്തിന്റെ സംസ്ഥാപകനും സ്നേഹകാരുണ്യങ്ങളുടെ അവധൂതനുമായ ക്രിസ്തുവിൽനിന്ന് മതനിന്ദകനും പൈശാചികപ്രകൃതനുമായ സീസറെ ഇന്നിതാ അതു ആവിർഭവിപ്പിച്ചിരിക്കുന്നു.

മസ്തിഷ്കങ്ങൾ വിൽപനചരക്കുകളായി മാറി. ആത്മീയത കൊട്ടാരം പുൽകി. വിധി നിർണയത്തിൽ സമൂലമായ പരിവർത്തനത്തിന്റെ പരമ്പരതന്നെ ഇസ്ലാമിൽ ദൃശ്യമായിത്തുടങ്ങി. മൂല്യങ്ങൾ മരിച്ചു. ചൈതന്യം നശിച്ചു. ഇസ്ലാമിക വിപ്ലവത്തിന്റെ മാർഗരേഖകൾ അപ്പാടെ മാറി. മതത്തിന്റെ ബലിപീഠത്തിൽ സാമാന്യജനങ്ങൾ കുരുതികൊടുക്കപ്പെട്ടുമിരിന്നു. മതപുരോഹിതൻമാരുടെ സഹായത്തോടെ ഭരണകൂടത്തിന്റെ കൈയേറ്റങ്ങൾക്കിരയാക്കുകയായിരുന്നു ഇസ്ലാം ആദ്യമായി.

കാര്യങ്ങളെല്ലാം ദൈവത്തോടു ബന്ധപ്പെടുത്തിയും മതത്തിന്റെ പരിവേഷം നൽകിയും കൊണ്ടായിരിക്കണമെന്ന് മതാധികൃതർ നിർബന്ധമായും വിശ്വസിച്ചു. ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ രണ്ടുതരം മഹാർബുദങ്ങളാണ് അതുമൂലം ജനങ്ങളുടെ മേൽ വന്നുഭവിച്ചത്. ഒന്ന്, മുർജിആ കക്ഷിയായിരുന്നു. പ്രത്യക്ഷത്തിൽ, മതപണ്ഡിതൻമാർ, മുസ്ലിംകളുടെ ആത്മീയ നേതാക്കൾ, വാഗ്മികൾ, നേതൃമാന്യൻമാർ എന്നിവരടങ്ങുന്നതായിരുന്നു പ്രസ്തുത കക്ഷി. ഔദ്യോഗിക പദവികളോ സർക്കാരുദ്യോഗങ്ങളോ വഹിക്കാത്തവരായിരുന്നു അവരെല്ലാം. ഭരണകൂടത്തിന്റെ മർദ്ദനപ്രവർത്തനങ്ങളിലൊന്നും അവർക്കു നേരിട്ടു പങ്കില്ലായിരുന്നു. പാഠശാലകളുടെയും വിജ്ഞാനഗേഹങ്ങളുടെയും മൂലയിൽ വൈജ്ഞാനികഗവേഷണങ്ങളിലും അധ്യാപനവൃത്തികളിലും വ്യാപൃതരായിക്കഴിയുന്ന നിരുപദ്രവകാരികൾ. മുർജിആകക്ഷിയുടെ വാദമിതായിരുന്നു. പാപിയോ ശുദ്ധനോ ആരാകട്ടെ, ആരെന്തു കുറ്റം ചെയ്താലും നീചവും നികൃഷ്ഠവുമായ പ്രവൃത്തികളിലേർപ്പെട്ടാലും കൊടും വഞ്ചന തന്നെ കാണിച്ചാലും പ്രപഞ്ചനാഥന്റെ കാരുണ്യത്തിലും മാപ്പിലും ആശയുള്ളവനായിരിക്കണം. ഒരിക്കലും പ്രതീക്ഷ നഷ്ടപ്പെട്ടുപോകാൻ പാടില്ലാത്തതാകുന്നു. കാരണം ദൈവവാക്യമിതാ: "മറ്റൊരു വിഭാഗം ദൈവത്തിന്റെ തീരുമാനത്തെ പ്രതീക്ഷിച്ചു കഴിയു

ന്നവരാണ്.”[46] ദൈവം കണക്കില്ലാത്ത പാപങ്ങൾപോലും പൊറുത്തരുളുന്നവനാണ്. കരുണാവരിധി, പരമകാരുണികൻ, എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നുവൻ. അതിനാൽ കുറ്റവാളിയെ അധിക്ഷേപിക്കുവാനോ അയാളോട് എതിർക്കുവാനോ പാടില്ല.

നിങ്ങൾ ഒരുത്തനെ കുറ്റവാളിയെന്നു വിളിക്കുന്നു. മറ്റൊരുത്തനെ മർദകനെന്നും വേറൊരാളെ ഉപജാപകനെന്നും ആക്ഷേപിക്കുന്നു. മർദ്ദിതരും അടിമകളുമാണ് മറ്റുചിലർ നിങ്ങളുടെ ദൃഷ്ടിയിൽ. ആരാണ് നിങ്ങളിതൊക്കെ പറയാൻ? മനുഷ്യത്വത്തിന്റെ പരിധി വിട്ട് ദിവ്യത്വം വാദിക്കാനാണോ ശ്രമം? ദൈവമല്ലേ അതൊക്കോ തീരുമാനിക്കേണ്ടത്. അവനല്ലെ ഏറ്റവും ഉന്നതനായ വിധികർത്താവ്? അതൊക്കെ അന്ത്യ നാളിലാണ്. വിധി പറയലും തീരുമാനം കൽപ്പിക്കലുമെല്ലാം. ജനങ്ങൾക്ക് അവരുടെ പ്രവർത്തനം വിലയിരുത്തി തദടിസ്ഥാനത്തിൽ വിലകൂടുന്നതും വിലയിടിയുന്നതും പേരും പദവിയായും നൽകപ്പെടുന്നതുമൊക്കെ ആ അന്തിമ വിധി ദിവസം ദൈവികനീതിയുടെ തുലാസിൽവെച്ചു മതി. ഇഹലോകത്തുവച്ചുതന്നെ പാപിയേയും പുണ്യവാളനെയും തരം തിരിക്കാനാണോ ഭാവം? ഇവിടെതന്നെ നീതിയുടെ തുലാസ് സ്ഥിപിക്കുകയാണോ? നിങ്ങളാണോ ദൈവം? നൻമതിൻമകൾക്കു പ്രതിഫലം കൊടുക്കാനുള്ള ദൈവത്തിന്റെ അധികരത്തിനുനേരെ കൈയേറ്റം നടത്തുകയാണോ? അരുത്. ഇതു നമ്മുടെ ജോലിയല്ല. നാം കുറ്റവാളികളുടെ കാര്യത്തൽ വിധിതീർപ്പുകൽപ്പിക്കാൻ ബാധ്യസ്ഥരോ അനുവദിക്കപ്പെട്ടവരോ അല്ല. ഒരു കക്ഷിയേയും പിന്തുണക്കുകയോ എതിർക്കുകയോ ചെയ്യാതെ, എല്ലാവരെയും അവരുടെ പാട്ടിനു വിടുക. ദൈവത്തെ ഭാരമേൽപ്പിച്ച് സഹനം കൈക്കൊള്ളുക. അതാണ് നമ്മുടെ ബാധ്യത. “എല്ലാം ദൈവത്തിനു വിടുക.” ഇന്നും നമ്മുടെ നാക്കിനുതുമ്പിൽ തങ്ങിനിൽക്കുന്ന ഈ ശബ്ദം മുർജിആ കക്ഷിക്കാരുടെ സൃഷ്ടിയാണ്.

മുർജിആ കക്ഷിക്കാർ പ്രചരിപ്പിച്ച ഈ വഴിപിഴച്ച സിദ്ധാന്തം ഇസ്‌ലാമിക പാഠശാലയിൽ വേണ്ടത്ര പരിശീലനം സിദ്ധിച്ചിരുന്നിട്ടില്ലാത്ത, പ്രവാചകന്റെ(സ)യോ അലി(അ)യുടെയോ മുഹാജിറുകൾ, അൻസാറുകൾ എന്നിവരുടെയോ ജിഹ്വകളിലൂടെ ഖുർആനും ഇസ്‌ലാമും പഠിച്ചിട്ടില്ലാത്ത പുതിയ തലമുറയെ ഒരു മഹാർബുദംപോലെ കണക്കിനു ബാധിച്ചു. ആദർശവും ബുദ്ധിയും പണയംവെച്ച ഗുരുക്കളിൽനിന്നും കേട്ടഭ്യസിച്ച “സെക്കൻഡ് ഹാൻഡ്” മതപാഠങ്ങൾ മാത്രമറിയുന്ന അവർക്ക് മറിച്ചുചിന്തിക്കാൻ കഴിഞ്ഞുമില്ല. ഇക്കാരണത്താൽ അധികാരി വർഗത്തിന്റെ പിൻബലത്തോടെ പ്രചരിച്ച മുർജിആ സിദ്ധാന്തം അവരുടെ മതപരമായ കാഴ്ചപ്പാടിനെയും മതബോധത്തെയും ആദ്യമേ മലീമസമാക്കി. ആദർശദാർഢ്യതയും ഉത്തരവാദിത്വബോധവും ഉള്ള വ്യക്തികൾക്ക് നൻമ കൽപ്പിക്കേണ്ടതിന്റെയും തിൻമ വിലക്കേണ്ടതിന്റെയും ആവശ്യകത പ്രതിനിമിഷം അസ്വസ്തകരമായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ആത്മാർത്ഥരായ ജനങ്ങൾ പിശാചിനും ദൈവത്തിനും മധ്യേ എന്തുചെയ്യണമെന്നറിയാതെ കടന്നുകളിക്കുകയും ചെയ്തു. രണ്ടും കൂടി പൊരുത്തപ്പെടുന്നുമില്ല.

സമൂഹത്തെ ബാധിച്ച രണ്ടാമത്തെ രോഗം വിധിവാദമായിരുന്നു. അഥവാ ജബ്രിയ്യാ കക്ഷിയുടെ സിദ്ധാന്തം. അമവീകാലഘട്ടത്തിൽ ജന്മം കൊണ്ട ഒന്നാമത്തെ മതാധിഷ്ഠിത ചിന്താപ്രസ്ഥാനമായിരുന്നു മുർജിആ. ജിഹാദിനേക്കുറിച്ചുപറയുന്ന എല്ലാ ചിന്തകളും വിശ്വാസങ്ങളും ഖുർആനുപയോഗിച്ചു തന്നെ ആ കക്ഷിതകർത്തുകളഞ്ഞു. അമവി കാലഘട്ടത്തിൽ രൂപംപ്രാപിച്ച ആദ്യത്തെ ദൈവശാസ്ത്രപരമായ ദർശനമാണ് ജബ്രിയ്യ എന്ന പേരിലറിയപ്പെടുന്ന വിധിവാദം.

പ്രത്യക്ഷത്തിൽ പരമ പരിശുദ്ധമെന്നുതോന്നിക്കുന്ന പവിത്രമുഖങ്ങൾക്കു പിന്നിൽ പറ്റിക്കൂടിയ അഴുക്കുകൾ എത്ര വൃത്തിഹീനമാണെന്ന് നാം കാണാനിരിക്കുന്നേയുള്ളൂ. എന്താണീ വിധിവാദമെന്നു പരിശോധിക്കാം. “ദൈവമാണ് പരിപൂർണ്ണ വിധികർത്താവ്”

അഥവാ പരമാധികാരി എന്ന ഖുർആൻ ശകലത്തെ അപഹാസ്യമായ മട്ടിൽ വലിച്ചു നീട്ടി കൊണ്ട് ജബ്രിയ്യാ കക്ഷിക്കാരുടെ വാദം ഇങ്ങനെ പോകുന്നു: പ്രപഞ്ചത്തിൽ അനുഭവപ്പെടുന്ന ഏതുതരം യാതനയും ദൈവേച്ഛയനുസരിച്ചാണ് സംഭവിക്കുന്നത്. ഏതൊരുവന്റെയും ഏതുതരം ചെയ്തിയും ദൈവത്തിന്റെ ഇച്ഛ പ്രകാരമാണ് നടമാടുന്നത്. മനുഷ്യൻ എത്തിപ്പെടുന്ന സാഹചര്യങ്ങളും നേടിയെടുക്കുന്ന നിലകളും ദൈവികമായ സിദ്ധികൾ മാത്രം. ആരെന്ത് തിരഞ്ഞടുക്കുന്നുവെങ്കിലും എന്തെന്ത് പ്രവർത്തിക്കുന്നുവെങ്കിലും അത് ദൈവത്തിന്റെ തീരുമാനപ്രകാരമേ ഭവിക്കുന്നുള്ളൂ. അത് നൻമയാകട്ടെ, തിൻമയാകട്ടെ, കൊലപാതകമാവട്ടെ, കൊലയിൽനിന്നു രക്ഷിക്കലാകട്ടെ. വധശിക്ഷക്കു വിധേയനാകുന്നതും വധശിക്ഷ വിധിക്കുന്നതും പ്രവർത്തനങ്ങളും, പ്രതിപ്രവർത്തവങ്ങളും എല്ലാം അങ്ങനെതന്നെ. അടിമയും യജമാനനുമുണ്ടാകുന്നത്, ചിലർ ഭരണാധികാരികളും മറ്റുള്ളവർ ഭരണീയരുമായിത്തീരുന്നത്, ഒരാൾക്ക് ശക്തികിട്ടുന്നത്., മറ്റൊരാളിൽ നിന്നും ശക്തി പോകുന്നത്, ജീവൻ ഹനിക്കുന്നത്, ജീവൻ കൊടുക്കുന്നത്, അന്തസും അഭിമാനവും പ്രദാനം ചെയ്യുന്നത്, നിന്ദ്യതയും നീചതയും വിധിച്ച് ഇകഴ്ത്തുന്നത് എല്ലാം പടച്ചവന്റെ പണി. സൃഷ്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കോ ഇച്ഛാനിച്ഛകൾക്കോ ഇതിലൊന്നും യാതൊരു പങ്കുമില്ല.

എത്ര സമർതഥവും ന്യായാധിഷ്ഠിതവുമായ വ്യാഖ്യാനമാണ് വിധിവാദത്തിനു സ്വതന്ത്രമായി നൽകപ്പെട്ടിരിക്കുന്നത്. പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നുമെങ്കിലും എന്തു മാത്രം വഞ്ചന നിറഞ്ഞ ഒരു വ്യാഖ്യാനമാണിത്! അക്കാലത്തെ വിശ്വാസവും മതനിഷ്ടയും ദൈവഭക്തിയുമുള്ള തലമുറയുടെ മുമ്പാകെ ഈ ആശയം അതിനുപോൽബലകമായി ഖുർആൻ സൂക്തങ്ങളും ഹദീസുകളും കൂട്ടിയോചിപ്പിച്ചങ്ങ് സമർപ്പിച്ചാൽ അതിനുണ്ടാകുന്ന പ്രത്യാഗാതം എന്തുമാത്രം വമ്പിച്ചതാവുകയില്ലേ! ഈ സിദ്ധാന്തക്കാർ തെളിവായുദ്ധരിച്ചിരുന്ന ഹദീസുകളിലധികവും അബൂഹുറൈറ വഴി നിവേദിതമായിരുന്നു. നാലു ലക്ഷം ഹദീസാണ് അബൂഹുറൈറ റിപ്പോർട്ട് ചെയ്തതായി കാണുന്നത്. പ്രവാചകൻ (സ) രാപ്പകൽ നിരന്തരമായി വിവരിക്കുകയാണെങ്കിൽ തന്നെ ഒരു പുരുഷായുസ്സിലധികം വേണ്ടിവരും അവ പറഞ്ഞു തീർക്കാൻ (എന്നാൽ അബൂഹുറൈറയും –പ്രവാചകനും കൂടിക്കഴിഞ്ഞ കാലയളവ് വളരെ പരിമിതമായിരുന്നു-വിവ:). ഏതായാലും അൽഭുതകരമായ ഫലമാണ് ജബ്‌രിയ്യാവാദം സമൂഹത്തിലുളവാക്കിയത്. ദൈവവിധി പൂർണ്ണ മനസ്സോടെ സ്വീകരിക്കാൻ മാത്രം വിശ്വാസികളുടെ മനസ്സുകളെ പാകപ്പെടുത്തിയെടുത്തതിനുശേഷം ആ മതപണ്ഡിതൻമാർ പറഞ്ഞു: ഇന്ന് ആധിപത്യം അമവികൾക്കാണെങ്കിൽ അതവർക്ക് ദൈവദത്തമായി ലഭിച്ചതാണ്. അലി പരാജയപ്പെട്ടു. ആരാണതിനുത്തരവാദി? അദ്ദേഹം പരാജയത്തിന്റെ കൈപ്പുരസം അനുഭവിക്കണമെന്നു തീരുമാനിച്ചത്? ആരു നല്ലവന്, ആരു ചീത്ത? അതുവേറെക്കാര്യം. അലിയായിരുന്നു നല്ലവൻ എങ്കിൽപോലും അദ്ദേഹം വിധിക്കു വഴിമാറിക്കൊടുക്കാൻ ബാധ്യസ്ഥനാണ്. ഇന്നു കടിഞ്ഞാൺ പിടിക്കുന്നവർ മോശക്കാരാണെന്നു തന്നെ വെക്കുക. അവരുടെ കൈയ്യിൽ അധികാരമെത്തിച്ചത് ആ പരമയുക്തിയുടെ കൈവേലയല്ലേ? നമുക്കെന്തറിയാം. നമ്മുടെ മനോവൃത്തത്തിന് പുറത്തുള്ള എന്തൊക്കെ നിഗൂഢരഹസ്യങ്ങൾ അതിനു പിന്നിലുണ്ടായിരിക്കില്ലേ? ആകയാൽ ഭരണാധികാരിയെ, അദ്ദേഹത്തിന്റെ ഭരണകൂടത്തെ, അതിക്രമങ്ങൽ, ക്രൂരതകൾ, അഴിമതികൾ, നാട്ടിലെ സ്ഥിതിഗതികൾ, വ്യക്തികൾ, അവരുടെ പ്രവർത്തനങ്ങൾ ഇവയിലേതെങ്കിലുമൊന്നിനെ വിമർശന വിധേയമാക്കുന്നതിനർഥം ദൈവികവിധിയെ വിമർശിക്കുക എന്നാണ്. അവന്റെ തീരുമാനത്തെ ചോദ്യം ചെയ്യുന്നതിനു സമാനമാണത്.

ഹിജ്റാബ്ദം അറുപത് തികഞ്ഞതേയുള്ളു. വെറും അരനൂറ്റാണ്ട്കാലം കൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തിനു അതിന്റെ നേട്ടങ്ങൾ മുഴുവൻ വിനിഷ്ടമായി. പ്രവാചകൻ(സ) കൊണ്ടുവന്ന വേദഗ്രന്ഥം അമവികളുടെ കുന്തത്തിൻമേലാണ് സ്ഥിതിചെയ്യുന്നത്. നിരന്തര ത്യാഗപരിശ്രമങ്ങളും സമരപരിശീലനങ്ങളും വഴി ഹൃദയങ്ങളുടെ ഉള്ളറകളിൽ ഇസ്‌ലാം വിളയിച്ച വിശ്വാസവും സംസ്കാരവും നാഗരികതയുമെല്ലാം തന്നെ അമവീവാഴ്ചയെ ന്യായീകരിക്കാനുള്ള മാധ്യമങ്ങളായി മാറിയിരിക്കുകയാണ്. അക്രമത്തിനും ബഹുദൈവത്വത്തിനും ബഹുജനവിഢ്ഢീകരണത്തിനുമുള്ള താവളങ്ങളായിരിക്കുകയാണ് പള്ളികൾ. പുണ്യയുദ്ധങ്ങളിൽ ചലിപ്പിച്ചിരുന്ന വാളുകൾ ആരാച്ചാർമാ

രുടെ കൈകളിലെത്തിയിരിക്കുന്നു. സകാത്തുമുതലും ഗനീമത്ത് സ്വത്തും ഹരിതകൊട്ടാരത്തിന്റെ ഭണ്ഡാകാരത്തിൽ നിക്ഷപ്തമാണ്. ഇന്നലെ വരെ വിശുദ്ധ ഖുർആൻ, പ്രവാചകചര്യ, തൗഹീദ്, സത്യം, എന്നിവക്ക് പ്രസംഗിച്ചിരുന്ന നാവുകൾ മുആവിയയുടെയും പ്രഭൃതികളുടെയും പിടിയിലാണിന്ന്. ഇമാമുകൾ, ഖാസിമാർ, ഖുർആൻ വ്യാഖ്യാതാക്കൾ വേദപാഠകൻമാർ പണ്ഡിതൻമാർ, പ്രസംഗകൻമാർ മുച്ചൂടും അറുകൊല ചെയ്യപ്പെടുകയോ നിശ്ശബ്ദരാക്കപ്പെടുകയോ ചെയ്തിരിക്കുന്നു. അതല്ലെങ്കിൽ എലികളെപ്പോലെ മാളങ്ങളിൽ ചുരുണ്ട് കഴിയുകയാണ്. അതുമല്ലെങ്കിൽ ഡമാസ്ക്കസിലെ ഭരണകൂടത്തിന്റെ 'ട്രാൻസിസ്റ്ററു'കളായി പ്രചാരവേല നടത്തിക്കൊണ്ടിരിക്കുന്നു.

മുഹമ്മദ്നബി(സ)ക്കനുകൂലമായി സംസാരിക്കാൻ അദ്ദേഹത്തിന്റെ കേന്ദ്രത്തിൽ പോലും ഒരു വക്താവുമില്ല. ഒരു മിമ്പറും മിഹ്റാബുമില്ല. റോം, പേർഷ്യ,അറബ് നാടുകൾ എന്നിവയടങ്ങുന്ന അതി വിശാലമായ സാമ്രാജ്യത്തിലൊരിടത്തും നബികുടുംബത്തിൽപെട്ട വ്യക്തികളോ ഇസ്ലാമിക വിപ്ലവത്തിന്റെ ആത്മാർഥരായ അനുയായികളോ അവരുമായി ഏതെങ്കിലും നിലക്ക് ബന്ധമുള്ളവരോ കാണപ്പെടുന്നില്ല. മുഹാജിറുകളുടേയും അൻസാറുകളുടേയും അദ്ധ്വാനഫലങ്ങൾ മുഅവിയ്യ അയത്നലളിതമായി കയ്യടക്കി കൊട്ടാരം പണിത് സുഖലോലുപനായി വാണരുളുന്നു.

ആദ്യകാല വിപ്ലവകാരികൾ അങ്ങകലെ റബ്ദായുടെ സൈകതാരണ്യത്തിൽ അപ്രത്യക്ഷമാവുകയോ അദ്റാപറമ്പിൽവെച്ച് കൊല്ലപ്പെടുകയോ ചെയ്തു. വിപ്ലവത്തിന്റെ രണ്ടാം തലമുറയിൽ നിലവിലുള്ള വ്യവസ്ഥിതിക്കെതിരെ പ്രവർത്തിച്ചവർ കൂട്ടത്തോടെ കൊലചെയ്യപ്പെട്ടു. അവശേഷിച്ചവർ ചെമ്മരിയാട്ടിൻകുട്ടികളെപ്പോലെ വിധിവാദികളുടെ തത്വശാസ്ത്രത്തിൽ കുടിങ്ങിയിരിക്കുകയോ, പുരോഹിതൻമാരുടെ നിസ്സംഗവാദത്തിനടിപ്പെട്ടിരികകുകയോ ആണ്. പരിവർത്തനത്തിനായുള്ള ഏതൊരു പരിശ്രമവും പരാജയത്തിലേ കലാശിക്കൂ എന്നാണ് എല്ലാവരുടേയും കണക്കുകൂട്ടൽ. ഇസ്ലാമിന്റെ സംരക്ഷണത്തിനും സത്യവും നീതിയും പുനസ്ഥാപിക്കാനും വേണ്ടി, അനുദിനം വളർന്നുവരുന്ന നവീന ജാഹിലിയ്യത്തിനെതിരേ നടത്തിയ എല്ലാ സമരവും അടിച്ചമർത്തപ്പെട്ടതായാണനുഭവം.

ഹിജ്റ അറുപതാമാണ്ട് എല്ലാനിലക്കും മർദ്ദകഭരണത്തിന്റെ കൈപ്പിടിയിലാണമർന്നിരുന്നത്. മൂല്യങ്ങൾ നിർണ്ണയിക്കുന്നത് ഭരണവർഗമാണ്. ചിന്തകളും ആശയങ്ങളും രൂപീകരിക്കാൻ ഭരണകൂടത്തിനു പ്രത്യേകം ഏജന്റുമാരുണ്ട്. മസ്തിഷ്കങ്ങൾ പ്രക്ഷാളനം ചെയ്യപ്പെടുന്നു. സർക്കാറിനാൽ വിതരണം ചെയ്യപ്പെടുന്ന പുതിയ ചിന്തകളും ആശയങ്ങളും കൊണ്ടവ നിറയ്ക്കപ്പെടുന്നു. വിഷലിപ്തമാക്കപ്പെടുന്നു. വിശ്വാസങ്ങൾ മാറ്റിമറിക്കപ്പെടുന്നു. വിൽക്കപ്പെടുന്നു. തളർത്തപ്പെടുന്നു. ഈ ശ്രമങ്ങളൊന്നും വിജയിക്കപ്പെടാത്തിടത്തു പിന്നെ ഖഡ്ഗങ്ങളാണ് പണിയെടുക്കുക.

## ഏഴ്

ഈ അധികാരശക്തിയുടെ മുമ്പിലാണ് ഹുസൈൻ(അ) എഴുന്നേറ്റ് നിൽക്കുന്നത്. അവരുടെ കയ്യിൽ ബുദ്ധിയും മതവുമുണ്ട്. ഖുർആനും ശക്തിയുമുണ്ട്. പണവും വാളുമുണ്ട്. പ്രചാരണമാദ്ധ്യമങ്ങളും എല്ലാതരം ആയുധങ്ങളുമുണ്ട്. പൊതുഖജനാവും പ്രവാചകൻ(സ) വിട്ടുപോയ അനന്തരാവകാശങ്ങളകിലവും അവരുടെ കയ്യിലാണ്. ഹുസൈൻ(അ) രംഗത്തുവരുന്നു- നിരായുധനായി, വെറും കൈയോടെ. എന്താണ് ചെയ്യാൻ കഴിയുക? മറ്റു പലരേയുംപോലെ ഏകാന്തതയിലിരുന്നു ഉപവസക്കണമോ? അലി(അ) യുടെയും ഫാത്വിമ (അ)യുടെയും പുത്രനാണ്: പ്രവാചക ശ്രേഷ്ഠന്റെ പൗത്രനാണ്- അതിന്റെ പേരിൽ സ്വർഗം ഉറപ്പാണെന്നു കരുതി മിണ്ടാതിരിക്കണമോ? എത്രയോ വിശ്വാസികൾ മനസ്സമാധാനത്തോടെ അടങ്ങിക്കഴിയുന്നു. ഹുസൈന്(അ) അതിനു കഴിയുന്നില്ല. അദ്ദേഹം തന്റെ ചുമതലയറിഞ്ഞ വ്യക്തിയാണ്. ജിഹാദിന്റെ

പാതവിട്ട് ദൈവസാമീപ്യത്തിനുള്ള എളുപ്പമാർഗം പ്രാർത്ഥനാഗ്രന്ഥങ്ങളിൽ പരതു കയോ? സാദ്ധ്യമല്ല. ഹിജ്റാബ്ദം അറുപതാണിത്. പ്രർത്ഥനാഗ്രന്ഥം അച്ചടിക്കാൻ തുട ങ്ങിയിട്ടുമില്ല.

രണ്ട് മാർഗങ്ങളാണ് ഹുസൈൻന്റെ(അ) മുമ്പിലുള്ളത്. ഒന്ന് തുറന്ന് പറയുക: അമവിക ളുമായി രാഷ്ട്രീയ സംഘട്ടനത്തിന് ഞാനില്ല. അതിനു ശക്തിവേണം. അതെന്റെ പക്ക ലില്ല. ഞാൻ അടങ്ങിയിരുന്ന് വൈജ്ഞാനികവും ചിന്താപരവുമായ സമരം ചെയ്യാം. പക്ഷേ ഇമാം ഹുസൈൻ (അ) അതിനു തയാറായില്ല.

പിൽക്കാലത്ത് ആറാമത്തെ ഇമാം ജഅഫറുസ്സാദിഖ്(അ)[47] ഇത്തരമൊരു നിലപാട് സ്വീകരിച്ചെങ്കിൽ അതിനു കാരണമിതായിരുന്നു: അമവികളുടെ അവസാനവും അബ്ബാ സികളുടെ ആരംഭവുമാണ് അദ്ദേഹത്തിന്റെ കാലഘട്ടം. ഒരു വശത്ത് മുസ്ലിംകളുടെ ചിന്താഗതികൾ അചിരേണ ഗ്രീക്ക് തത്വശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ടു കൊണ്ടിരി ക്കുകയായിരുന്നു.[48] മറുവശത്ത് ഇന്ത്യൻ സന്യാസവും ഇറാനിയൻ സൂഫിസവും അലക്സാണ്ഡ്രിയയിൽ വളർന്നുവന്ന മെറ്റാഫിസിക്സും നവീന പ്ലേറ്റോണിസവും അവർക്കു പ്രിയങ്കരമായി വരികയായിരുന്നു. അന്നത്തെ പണ്ഡിതൻമാരും ബുദ്ധിജീവി കളുമാകട്ടെ മറ്റൊരു ലോകത്തായിരുന്നു അവരുടെ വിഹാരം. രാഷ്ട്രീയരംഗത്തെ വികാരങ്ങളെ കുറിച്ച് ചിന്തിക്കുന്നതിനു പകരം കർമ്മശാസ്ത്രത്തിന്റെ കുരുക്കുകളിൽ അകപ്പെട്ടുകഴിയാനാണ് അവർ സ്വയമേവാ ഇഷ്ടപ്പെട്ടത്. അലി(അ) നിഷ്കാസിതനാ വുകയും മുആവിയ്യ അധികാരത്തിൽ അവരോധിക്കപ്പെടുകയും ചെയ്തതിന്റെ പിന്നിലെ രഹസ്യങ്ങളൊന്നും ചുഴിഞ്ഞു പരതുന്നതിൽ അവർക്കശേഷം താൽപര്യമി ല്ലായിരുന്നു. നിലവിലുള്ള ജനസമൂഹത്തിന്റെ ഭരണചെങ്കോൽ അരാണ് കയ്യിലേന്തു ന്നത് എന്ന്മാത്രമായിരുന്നു അവർക്ക് പ്രശ്നം. ആരായാലും അവരെ പിന്തുണക്കണം. കൂടാതെ അനുരാഗത്തിന്റെ സപ്തനഗരവും[49] ചുറ്റിയടിച്ചുകൊണ്ട് മനപ്പാടമാക്കി മടങ്ങി വരുന്നതിനാണ് അബ്ബാസി പണ്ഢിതൻമാർ മുഴുവൻ ബൗദ്ധിക വൈഞ്നാനിക ശക്തിയും വ്യയം ചെയ്തു കൊണ്ടിരുന്നത്. അവിടം വിട്ടാൽ പിന്നെ ജഗൽ പിറ വിക്കുമുമ്പുള്ള നിരാകാരവസ്ഥയും അതിൽ നിന്ന് രജഗത് രൂപാന്തരം പ്രാപിച്ച സാകാ രാവസ്ഥയും അവക്കിടയിലുളവായ നിരവധി പരിവർത്തനഘട്ടങ്ങളുമായിരുന്നു അവ രുടെ വിഞ്ജാന മണ്ഡലത്തിലെ അടിസ്ഥാനചർച്ചാവിശയം. ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കാനുപയോഗിച്ച മൂലപദാർഥമേത്? ആ മൂലപദാർഥവും സ്രഷ്ടാവും തമ്മി ലുള്ള ബന്ധമെങ്ങനെ? തുടങ്ങിയസങ്കീർണ്ണ പ്രശ്നങ്ങളിൽ വ്യാപൃതരായി സമയം ചെലവഴിക്കുന്നതിലായിരുന്നു അന്നത്തെ പണ്ഡിതൻമാർക്കും ചിന്തകൻമാർക്കും ഹരം. പ്രപഞ്ചോൽപത്തിയെക്കുറിച്ചും സൃഷ്ടിപ്പിലടങ്ങിയിട്ടുള്ള അൽഭുതരഹസ്യങ്ങ ളെക്കുറിച്ചും, ഖുർആനിൽ പരാമൃഷ്ടമായ തത്വശാസ്ത്രനിഗൂഢതകളും, സൂചനകളും കണ്ടുപിടിക്കുന്നതിലായിരുന്നു അവർക്ക് വലിയ താൽപര്യം. ഉത്തരം കിട്ടിക്കഴിയുന്ന തോടെ പാടുപെട്ടതത്രയും വെറുതെയായി എന്ന് ബോദ്ധ്യപ്പെടുമാറ് നിരർത്ഥകമായ അന്വേഷണങ്ങൾക്ക് പിന്നാലെയാണവർ സഞ്ചരിച്ചിരുന്നത്.

ക്രമേണ ആത്മാവ്, ശരീരം, മൂലകങ്ങൾ, സത്ത, സ്നേഹം, ആരംഭഘട്ടം, പരമാനന്ദം-ഇ ത്യാതി വിഷയങ്ങളിലേക്കാണ് ചർച്ച പുരോഗമിച്ചത്. ഉത്തരവാദിത്വബോധം, സാമൂഹ്യ ബാദ്ധ്യത, സമുദായം, സാമുദായികനേതൃത്വം, നീതി, സമത്വം എന്നീ സുപ്രധാന വിഷയ ങ്ങൾ പൂർണ്ണമായും ചർച്ചകളിൽ നിന്ന് ഒഴിവാക്കപ്പെടുകയാണ് ചെയ്തിരുന്നത്.

ഭരണകൂടം ഇസ്ലാമിന്റെ പേരിൽ വിദ്യാകേന്ദ്രങ്ങളും പാഠശാലകളും നടത്തിയിരുന്നു അന്ന്. സ്വന്തം കർമ്മശാസ്ത്രസരണി, ഖുർആൻ വ്യാഖ്യാനം, തത്വശാസ്ത്രം, ദൈവ ശാസ്ത്രം എന്നിവയാണ് അവയിലൂടെ ബോധനം നൽകപ്പെട്ടിരുന്നത്. ഭരണകൂടത്തിന്റെ വീക്ഷാഗതികൾക്കും താൽപര്യങ്ങൾക്കുമൊത്ത് വിഷയങ്ങൽ വ്യാഖ്യാനിച്ചു സമർഥി ക്കുകയായിരുന്നു അവയുടെ പ്രധാനോദ്ദേശ്യം.

ഇതെല്ലാംകൂടി വിചാരമണ്ഡലത്തിൽ ഒരു യുദ്ധം അനിവാര്യമാക്കിത്തീർത്തിരിക്കുന്നു അക്കാലത്ത്. കൂടാതെ ഒരു രാഷ്ട്രീയ സമരത്തിന് യാതൊരുവിധ സാധ്യതയും ഇല്ലാത്ത തായിരുന്നു ഇമാം ജഅ്ഫറുസ്സാദിഖി(അ)ന്റെ ചുറ്റുപാട്. അദ്ദേഹം പറയാറുണ്ടായിരുന്നു: വിശ്വാസികളായ ഏഴു ഭടൻമാർ എന്നോടൊപ്പമുണ്ടെങ്കിൽ ഞാൻ വിപ്ലവം നടത്തുമായി രുന്നു.

ഇമാം ഹുസൈനെ(അ) സംബന്ധിച്ചിടത്തോളം സാഹചര്യം വ്യത്യസ്തമാണ്. ഇത്തരം അപകടങ്ങളൊന്നും അന്ന് നിലവിലില്ല. ഹിജ്റഃ അറുപതാമാണ്ടേ ആയിട്ടുള്ളൂ. പാശ്ചാ ത്യൻ തത്വശാസ്ത്രമൊന്നും അന്നവിടെ ചിന്താവിഷയമല്ല. പൗരസ്ത്യൻ സൂഫിസം അന്ന വർക്ക് പരിചയമേയില്ല. ഇസ്‌ലാമിന്റെ യാഥാർത്ഥ്യം മാറ്റിമറിക്കുന്ന തത്വശാസ്ത്രമോ അതിന്റെ അടിസ്ഥാന ഭാഗത്തെ വികൃതമാക്കുന്ന വചനശാസ്ത്രമോ അതിലേക്ക് കടന്നു കൂടിയിരുന്നില്ല. ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർഥജ്ഞാനം മനസ്സുകളിലും മസ്തിഷ്ക ങ്ങളിലും കലർപ്പുകൂടാതെ എല്ലാകയ്യേറ്റങ്ങൾക്കും അതീതമായി നിലനിൽക്കുന്നുണ്ടായി രുന്നു. ആവശ്യക്കാർക്ക് അത് അന്വേഷിച്ച് പിടിക്കുക ക്ലേശകരമായിരുന്നില്ല.

മുആവിയ്യയുടെ പ്രാർത്ഥന ഇത്രമാത്രമായിരുന്നു: ഇമാം ഹുസൈൻ വന്നുകൊള്ളട്ടെ: ഡമസ്കസ്സിലെ പള്ളിയിലിരുന്ന് ദൈവശാസ്ത്രം പഠിപ്പിക്കട്ടെ; ഖുർആൻ, ഹദീസ്, നബി ചരിത്രം, ഇസ്‌ലാം ചരിത്രം - എന്തുവേണമെങ്കിലും പഠിപ്പിച്ചുകൊള്ളട്ടെ. അതിനുവേണ്ടി എത്ര ഭീമമായ സംഗ്യയും ബജററിൽ നീക്കിവെക്കാൻ സർക്കാർ സന്നദ്ധമാണ്. അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്നു മാത്രം. അതൊരു ഇമാമിന്റെ പദവിക്ക് ചേർന്ന തുമല്ല. പക്ഷെ ഇമാംഹുസൈന്(അ) നന്നായറിയാം, സമൂഹത്തിൽ തന്റെ ഓരോ ചലന ത്തിനുമുള്ള വില അതു ശത്രുവിനേൽപ്പിക്കുന്ന അപകടത്തോളമാണെന്ന്. എന്താണ് തന്റെ കർത്തവ്യം? വിപ്ലവം. സായുധ വിപ്ലവം തന്നെ. സായുധ വിപ്ലവത്തിനു ശക്തിവേ ണം. ഹുസൈന്റെ(അ) കയ്യിൽ ശക്തിയെവിടെ?

ഈയിടെ ഒരു പുസ്തകം പ്രസിദ്ധീകൃതമായിട്ടുണ്ട്. വ്യാപകമായ തോതിൽ പ്രചരിച്ചുക ഴിഞ്ഞ ആ പുസ്തകം വിലമതിപ്പുള്ളതാണെന്നു അതിന്റെ ഉള്ളടക്കം അനായാസം ബോദ്ധ്യമാക്കിതരും. നമ്മുടെ പല എഴുത്തുകാരിൽനിന്നും വ്യത്യസ്തമായി പ്രസ്തുത പുസ്തകത്തിനുള്ള സവിശേഷത പാരായണത്തിനിടയിൽ ഞാൻ പ്രത്യകംശ്രദ്ധിച്ചു. പുസ്തകം തയ്യാറാക്കാൻ ഗ്രന്ധകാരൻ നടത്തിയ പഠന പരിശ്രമങ്ങളാണത്. പ്രമാണ ങ്ങളും ആധാരങ്ങളും സ്വരൂപിച്ച് അനുകൂലവും പ്രതികൂലവുമായ വാദഗതികൾ നിര ത്തിക്കൊണ്ടുള്ള അപഗ്രഥന-നിരൂപണ -വിശകലന സ്വഭാവത്തിലുള്ളതും തികച്ചും ശാസ്ത്രീയമെന്നു വിശേഷിപ്പിക്കാവുന്നതുമായ ഒരു ഉത്തമ കൃതിയാണത്. വാദഗതി കൾ അംഗീകരിക്കുന്നതിലും തിരസ്കരിക്കുന്നതിലും ഗ്രന്ഥകർത്താവ് പ്രദർശിപ്പിച്ച ധൈര്യം ശ്ളാഘനീയമാണെന്നു പറയാതെ വയ്യ. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു പുതിയ ശാസ്ത്രസിദ്ധാന്തം രംഗത്തവതരിപ്പിക്കാൻ വേണ്ടത്ര ഗവേഷണ-നിരീക്ഷണ ങ്ങൾ നിർവ്വഹിച്ചു കൊണ്ടുള്ള വിസ്തൃതമായൊരു പഠനത്തിനാണ് ഗ്രന്ഥകാരൻ ശ്രമി ച്ചിട്ടുള്ളത്. ഇതൊക്കെയാണ് പുസ്തകത്തിന് മൂല്യമുണ്ടാക്കിക്കൊടുത്ത ഘടകങ്ങൾ[50]. വ്യക്തിപരമായി പരിചയമില്ലെങ്കിലും പ്രസ്തുത ഗ്രന്ഥകാരനെ ഞാൻ അത്യധികം ആദ രിക്കുന്നു. അതിഗഹനമായ ഗവേഷണ-വിശകലനാപഗ്രഥനങ്ങൾ നടത്തിയ ഒരു ശാസ്ത്രജ്ഞനെപ്പോലെ ബഹുമാനിക്കുകയും ചെയ്യുന്നു. വിശേഷിച്ചും ഒരു സ്വതന്ത്ര ചിന്തകനെന്ന നിലയിൽ. മേൽവിശേഷിപ്പിച്ച പുസ്തകങ്ങളിൽ ഗ്രന്ഥകർത്താവ് ഒരു പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്: "ഇമാം ഹുസൈൻ(അ) മദീന വിട്ടുപോയത് രാഷ്ട്രീയവും സൈനികുമായ ഒരു വിപ്ലവത്തിലൂടെ നിലവിലുണ്ടായിരുന്ന മർദ്ദകഭര ണത്തെ തകർക്കുകയും അതുവഴി തന്റെയും ബഹുജനങ്ങളുടെയും അപഹരിക്കപ്പെട്ട അവകാശങ്ങൾ വീണ്ടെടുക്കുകയും ചെയ്യാനുള്ള ഒരു ശ്രമമായിരുന്നു." ഞാനിതുമായി യോജിക്കുന്നില്ല. ഗ്രന്ഥകാരന്റെ ഈ അഭിപ്രായപ്രകടനം വെറുമൊരു ഭാവനയാണ്. വസ്തുതകൾ അതിനെ ലവലേശം ശരിവെക്കുന്നില്ലെന്ന് ഖേദപൂർവം പറയേണ്ടിയിരി ക്കുന്നു. ഗ്രന്ഥകാരന്റെ മേൽ കൊടുത്ത അഭിപ്രായത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഒരാൾ

ഇപ്രകാരം എഴുതി: അധികാരശക്തിയെ അട്ടിമറിച്ച് ഭരണം കൈക്കലാക്കാൻ ശ്രമിക്കുമാർ ഒരു രാഷ്ട്രീയക്കാരനൊന്നുമായിരുന്നില്ല ഇമാം ഹുസൈൻ(അ)

അൽഭുതം! പിന്നെ എന്തിന് വേണ്ടിയായിരുന്നു പ്രവാചകനും(സ) അലി(അ)യും യുദ്ധം ചെയ്തത്? എന്തു ലക്ഷ്യമായിരുന്നു ഇമാം ഹസൻ(അ) നെ വഞ്ചിച്ചു കൊന്നതിന്റെ പിന്നിൽ? അടിസ്ഥാനപരമായി ലക്ഷ്യം രാഷ്ട്രീയമല്ലായിരുന്നിരിക്കാം. എന്നാൽ ജനങ്ങളുടെ കടിഞ്ഞാൺ കൊലയാളികളുടെ കൈയിലായിരുന്നുവെന്നത് ഒരു വസ്തുതയല്ലേ? കൈയെത്തുന്നിടത്തെല്ലാം മർദ്ദനത്തിനും പിടിച്ചുപറിക്കും അറുതിവരുത്തേണ്ടതും, ഭരണാധികാരം പിടിച്ചടക്കി ജനങ്ങൾക്ക് സ്വാതന്ത്ര്യവും അവകാശവും വീണ്ടെടുത്ത് കൊടുക്കേണ്ടതും, ജനങ്ങളുടെ ഭാഗദേയത്തോട് ബാധ്യതയുള്ള ഏതൊരാളും ചെയ്യേണ്ടതാണ്. ഒരു ഇമാം എന്നനിലക്ക് അത് ഹുസൈന്റെ(അ) വ്യക്തിപരമായ കർത്തവ്യവുമാണ്.

ഇതിനായി അദ്ദേഹം സൈനികവും രാഷ്ട്രീയവുമായ യുദ്ധത്തിനൊരരുങ്ങണം. വഴിപിഴച്ച ഗവൺമെന്റിനെ പിടിച്ചിറക്കണം. ശക്തമായ ജാഹിലിയ്യത്തിനെ നശിപ്പിക്കണം. മർദ്ദകഭരണത്തിന്റെ നിയമസാധുത വിപ്ലവത്തിലൂടെ ഇല്ലാതാക്കണം. സമൂഹത്തിൽ സത്യം പുനഃസ്ഥാപിക്കണം. സമുദായ നേതൃത്വം സ്വന്തം കരവലയത്തിൽ കൊണ്ടുവരണം. ബഹുജനങ്ങളുടെ പ്രശ്നങ്ങൾ കൈയിലെടുത്ത് കൈകാര്യം ചെയ്യണം. ഈ രാഷ്ട്രീയ സൈനിക വിപ്ലവം തന്നെയായിരുന്നു ഇമാം ഹുസൈന്റെ(അ) പ്രധാന ദൗത്യം. പക്ഷേ ഈ ദൗത്യം പ്രയോഗതലത്തിൽ നിർവ്വഹിക്കാനുള്ള പ്രാപ്തി അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നുമാത്രമാണ് ഞാൻ പറയുന്നത്. മേൽ പ്രസ്താവിച്ച പുസ്തകത്തിൽ ഇതിന് വിപരീതമായി വന്ന പരാമർഷത്തോടാണ് എനിക്ക് വിയോജിപ്പ്.

സൈനികവും രാഷ്ട്രീയവുമായ അട്ടിമറിക്കാണ് ഇമാം ഹുസൈൻ(അ) ശ്രമിച്ചതെന്ന വാദക്കാരുടെ തെളിവിതാണ്; ഇമാം ഹുസൈനെ(അ) പിന്തുണയ്ക്കുന്നവരുടെ കേന്ദ്രമായിരുന്നു കൂഫ. അദ്ദേഹത്തിന്റെ കുടുംബവും പ്രവാചകന്റെ(സ)യും അലി(അ)യുടെയും സ്വന്തക്കാരും അവിടെയായിരുന്നു. ശരിയാണ്. ഇറാൻ കൂഫയുടെ തൊട്ടടുത്താണ് സ്ഥിതിചെയ്യുന്നത്. എല്ലാതരം പിന്തിരിപ്പൻമാർക്കുമിടയിൽ നിന്നുകൊണ്ട് അലി(അ)യെയും അദ്ദേഹത്തിന്റെ കുടുംബത്തേയും പിന്തുണച്ചവരാണ് ഇറാൻകാർ. എല്ലാവരാലും അംഗീകരിക്കപ്പെട്ട വസ്തുതയാണിത്. പക്ഷെ ഞാൻ പറയുന്നതിതാണ്. കൂഫ മുഴുവനായും ഇമാം ഹുസാന്റെ(അ) പിടിയിലായിരുന്നു എന്നു തന്നെയിരിക്കട്ടെ, ഇമാമിന്റെ പ്രധിനിധി മുസ്ലിമുബ്നുഅഖീൽ[51] കൂഫക്കാരാൽ വഞ്ചിക്കപ്പെട്ടിട്ടില്ല എന്നുമിരിക്കട്ടെ, ഹുസൈന്റെ(അ) ആഗമനത്തോടെ കൂഫ മഹത്തായ ഒരിസ്ലാമിക ശക്തികേന്ദ്രമായിത്തീരുമായിരുന്നുവെന്നും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സ്വതന്ത്ര ഇസ്ലാമിക ഭരണകൂടം നിലവിൽ വരുമായിരുന്നുവെന്നും സങ്കൽപ്പിക്കാം. ഡമാസ്കസ്സ് നിലം പൊത്തുമായിരുന്നുവെന്നും വേണമെങ്കിൽ സമ്മതിക്കാം. ഇതൊക്കെയാണെങ്കിലും ഹുസൈൻ(അ) നയിച്ചിരുന്ന പ്രസ്ഥാനം ഒരു സൈനിക രാഷ്ട്രീയ വിപ്ലവത്തിന് വേണ്ടിയുള്ളതായിരുന്നില്ല. ചിലർ വാദിക്കും പ്രകാരം രാഷ്ട്രീയവും രാഷ്ട്രീയ സമരവും ഇമാമിനു ചേരാത്ത ഒരു മോശപ്പെട്ട സംഗതിയാണെന്ന അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. ഒരിക്കലുമല്ല. അദ്ദേഹത്തിന്റെ കർത്തവ്യമായിരുന്നു അതെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷെ അദ്ദേഹത്തിന്റെ മുമ്പിൽ സാധ്യതകളുണ്ടായിരുന്നില്ല എന്നേ ഞാൻ പറയുന്നതിനർത്ഥമുള്ളൂ.

ചോദിച്ചേക്കാം: എന്തു കൊണ്ട് സാധ്യതയുണ്ടായിരുന്നില്ല? കൂഫയിലെത്തിയാൽ അവിടത്തുകാരുടെ സഹായത്തോടെ ഡമാസ്കസിനെ മറിച്ചിടുകയും തുടർന്ന് ഒരിസ്ലാമിക ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്യാനുള്ള സാധ്യത ഇമാമിന്റെ മുമ്പിലുണ്ടായിരുന്നില്ലേ? കൂഫ ശക്തമായിരുന്നുവെന്ന് അംഗീകരിച്ചു കഴിഞ്ഞതാണല്ലോ. ആ നിലക്ക് അമവികൾക്കെതിരേ ഒരു സൈനികരാഷ്ട്രീയ സമരത്തിന് തന്നെയായിരുന്നു ഇമാമിന്റെ പുറപ്പാടെന്ന് സമ്മതിച്ചുകൂടെ? ഈ ചോദ്യത്തിനുള്ള മറുപടി മദീനയിൽ നിന്ന് ഇമാം പുറപ്പെട്ട രംഗം വിവരിച്ചെങ്കിലേ സ്പഷ്ടമാവുകയുള്ളൂ.

# എട്ട്

ഇമാംഹുസൈൻ(അ) മദീനവിട്ട് മക്കയിലേക്ക് പുറപ്പെടുന്നു. അപ്പോഴാണ് കൂഫക്കാരുടെ ക്ഷണക്കത്ത് ലഭിക്കുന്നത്. 'അങ്ങയിൽ വിശ്വാസമർപ്പിച്ചവരും അങ്ങയുടെ നേതൃത്വത്തിനുവേണ്ടി കാത്തുകഴിയുന്നവരുമാണു ഞങ്ങൾ. അങ്ങയുടെ നേതൃത്വം ഏറ്റവും ആവശ്യമായ സമയമാണിത്. ഞങ്ങളുടെ കടിഞ്ഞാണുകൾ അങ്ങയുടെ കൈകളിൽ സമർപ്പിക്കാം. അക്രമത്തിനും ബലാൽക്കാരത്തിനുമെതിരെ അങ്ങയുടെ പിന്നിൽ അണിനിരക്കാം. അങ്ങയുടെ സംരക്ഷണത്തിനുള്ള എല്ലാ പ്രതിരോധങ്ങളും ഏർപ്പെടുത്താം. ഈ ചൂഷക ഭരണത്തിന്റെ ചവിട്ടടിയിൽ നിന്നു ഞങ്ങളെ മോചിപ്പിക്കാൻ വരിക ദയവു ചെയ്ത്.'

"ഞാൻ എന്റെ പിതാവിന്റെയും പിതാമഹന്റെയും കാൽപ്പാടുകൾ പിന്തുടർന്നു ജനങ്ങളെ നന്മയിലേക്ക് വിളിക്കാനും തിന്മയിൽ വിലക്കാനും വേണ്ടി മദീന വിട്ടുപോവുകയാണ്", ഇമാം ഹുസൈൻ(അ) മദീനയിൽ വച്ച് പരസ്യമായി വിളംബരം ചെയ്തു. അനന്തരം മക്കയിലേക്ക് യാത്ര തിരിച്ചു. മുഴുവൻ കുടുംബാംഗങ്ങളെയും കൂട്ടി അറുനൂറ് കി.മീ. സഞ്ചരിച്ച് പരസ്യമായി മക്കയിലെത്തിച്ചേർന്നു. ഹജ്ജ് കാലമായിരുന്നു അത്. വിവിധ നാടുകളിൽ നിന്നുവന്ന മുസ്ലിം തീർത്ഥാടകരുടെ മുമ്പിൽ വെച്ച് അദ്ദേഹം പ്രഖ്യാപനം ചെയ്തു. "ഞാൻ മരണത്തിലേക്ക് സഞ്ചരിക്കുകയാണ്." ഒരു രാഷ്ട്രീയ വിപ്ലവത്തിനു ആസൂത്രണം ചെയ്യുന്ന വ്യക്തിയിൽ നിന്നു ഇത്തരം വാക്കുകൾ ഒരിക്കലും പ്രതീക്ഷിക്കാവതല്ല. അയാളിപ്രകാരമാണ് പറയുക. "നാം പൊരുതും, കൊല്ലും, കീഴടക്കും, ശത്രുവിന്റെ കഥ കഴിക്കും......" ഹുസൈന്റെ(അ) നാക്കിൽ നിന്നുതിർന്നു വരുന്നതാകട്ടെ ഇതുമാത്രമാണ് "മരണം മനുഷ്യപുത്രനു അലങ്കാരമാണ്- ഒരു യുവ സുന്ദരിക്കു കണ്ഠാഭരണം പോലെ."

ഹുസൈൻ(അ) മക്കവിടുന്നു, മരണത്തിന്റെ വായിലേക്ക്.

അമവീ ആധിപത്യത്തിൻ കീഴിൽ അവരുടെ ഭരണസീമക്കുള്ളിലെ ഒരു ജില്ലാ ആസ്ഥാനത്തു ജീവിക്കുന്ന പ്രമുഖനായൊരു വ്യക്തി. കേന്ദ്ര ഭരണത്തിനെതിരേ ഇളകിയിരിക്കുന്ന പ്രക്ഷോപകാരികളിൽ നിന്നും അയാൾക്ക് ക്ഷണം ലഭിച്ചിരിക്കയാണ്; പ്രക്ഷോപത്തിനു നേതൃത്വം നൽകാൻ വരണമെന്നഭ്യർഥിച്ചു കൊണ്ട്. അതും വളരെ അകലെയുള്ള തലസ്ഥാനത്തുനിന്ന്. യാതൊരു ഒളിയും മറയുമില്ലാതെ മറുപടി പറയുന്നു: ശരി ഞാനിതാ വരുന്നു. "തുടർന്ന് ഭാര്യ, സന്താനങ്ങൾ, മരുമക്കൾ, മറ്റു കുടുംബാംഗങ്ങൾ തുടങ്ങി താനുമായി ബന്ധമുള്ള എല്ലാസ്ത്രീപുരുഷൻമാരെയും അയാൾ സംഘടിപ്പിക്കുന്നു. ഒരു യാത്രാസംഘം ചേർന്ന തുറന്ന വഴിക്ക് വളരെ സാധാരണമായ മട്ടിൽ ഗ്രാമങ്ങളും നഗരങ്ങളും കടന്നു പോകുന്നു. പുറപ്പെട്ടിടത്തും വഴിനിറച്ചും ഭരണകൂടത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്ന എതിരാളികളാണ് പാർക്കുന്നത്. അതൊന്നും പ്രശ്നമാക്കാതെ അറുനൂറ് കി.മീ. തരണം ചെയ്ത് മക്കയിലെത്തിയിരിക്കയാണ്.

മക്കയിലെ അവസ്ഥ ഇതിനേക്കാൾ തുലോം ഗുരുതരമാണ്. ഡമസ്കസിനെ സപ്പോർട്ട് ചെയ്യുന്ന വിവിധ മുസ്ലിം പ്രദേശങ്ങളിൽനിന്നുള്ള പ്രതിനിധികളും സൈന്യങ്ങളും രാഷ്ട്രതലവൻമാരും അവിടെ ഒത്തുകൂടിയിരിക്കുന്നു. അവിടെ വെച്ച് ഒന്നിലധികം തവണ എല്ലാവരും കേൾക്കുമാറുച്ചത്തിൽ അദ്ധേഹം വിളിച്ചു പറയുന്നു. "ഞാൻ കൂഫയിലേക്ക് പുറപ്പെട്ടിരിക്കയാണ്." തുടർന്നു പശ്ചിമാതിർത്തിയിലൂടെ അറേബ്യൻ ഉപദ്വീപിലൂടെ കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങൾ പിന്നിട്ട് നേരെ ഇറാക്കിൽ പ്രവേശിക്കുന്നു. അനന്തരം വിപ്ലവത്തിന്റെ ആസ്ഥാനമായ കൂഫയോടടുക്കുന്നു. അവിടെ വെച്ച് അദ്ധേഹത്തിന്റെ പ്രയാണം തടയപ്പെടുമെന്ന കാര്യം സംശയാതീതമാണല്ലോ.

നിലവിലുള്ള ഭരണകൂടത്തിന്റെ കടുത്ത പ്രതിയോഗികളായി പരക്കെ അറിയപ്പെടുന്ന വ്യക്തിത്വങ്ങൾ പോകട്ടെ, ഒരു സാധാരണ പ്രതിപക്ഷ രാഷ്ട്രീയക്കാരൻ പോലും പുറത്തുള്ള വിപ്ലവസമിതിയോട് ചേർന്ന് ഭരണകൂടത്തിനെതിരെ വിപ്ലവപ്രവർത്തനങ്ങളിലേർപ്പെടാൻ പോകുമ്പോൾ ആ പോക്കിന്റെ രൂപം എത്തരത്തിലുള്ളതായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. വിപ്ലവത്തിന്റെ സ്വഭാവം എങ്ങനെയുള്ളതാകട്ടെ ആ രഹസ്യം അയാൾ പുറത്തുവിടുകയില്ല. തനിക്ക് ലഭിച്ച ക്ഷണക്കത്ത് അയാൾ ഒളിപ്പിച്ചു വെക്കുകയേയുള്ളൂ. തന്റെ ലക്ഷ്യവും, യാത്രപോലും പരമരഹസ്യമായിരിക്കുക, പരമാവധി പരിശ്രമിക്കുകയും അജ്ഞാതമാർഗത്തിലൂടെ പുറപ്പെടുകയുമായിരിക്കും അയാൾ ചെയ്യുക. അത്തരമൊരു യാത്രയുടെ സ്വാഭാവികതയാണീപ്പറഞ്ഞത്. നേരെമറിച്ച് അയാൾ നിലവിലംഗീകരിക്കപ്പെട്ടിട്ടുള്ള നിയമാനുസൃത സർക്കാറിനോട് ഇപ്രകാരം തുറന്നു പറഞ്ഞാലത്തെ സ്ഥിതി എന്തായിരിക്കും?

ഞാൻ ഭരണകൂടത്തിനെതിരെ രംഗത്തിറങ്ങിയ വിപ്ലവകാരിയാണ്. ഗവൺമെന്റിനോട് എനിക്കൊരുവിധ വിധേയത്വവും കൂറുമില്ല. മാത്രമല്ല പുറംരാജ്യത്തുള്ള എന്റെ വിപ്ലവ സുഹൃത്തുക്കളോട് ചേർന്ന് നിലവിലുള്ള ഭരണകൂടത്തെ അട്ടിമറിക്കാൻ നാടുവിടുകയാണ് ഞാൻ. വിപ്ലവശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുവാനായി അവരെന്നെ ക്ഷണിച്ചിരുന്നു. അതിനു വേണ്ടി എനിക്കുരാജ്യം വിടണം ദയവായി പാസ്പോർട്ട് തരിക.
“അയാൾക്ക് പാസ്പോർട്ട് ലഭിക്കുകയില്ലെന്ന് മാത്രമല്ല ബന്ധനസ്ഥനാക്കപ്പെടുകയാണുണ്ടാവുക. മിക്കവാറും ജീവൻ നഷ്ടപ്പെടുകയും ചെയ്യും. ഇത് വളരെ ലളിതവും സാധാരണവുമായ ഒരു സംഗതിയാണ്. എന്നാൽ ഇമാം ഹുസൈൻ(അ) അങ്ങനെയാണു ചെയ്തത്. യാതൊരു വിധ അവ്യക്തതയ്ക്കും പഴുതില്ലാത്തവിധം ദൃഢസ്വരത്തിൽ അദ്ദേഹം തുറന്നു പറയുന്നു-സർക്കാറിനോട്, ഭരണസാരഥിയോട്, സൈന്യത്തോട്, സൈനികമേധാവിയോട്, സർവ്വോപരി ജനങ്ങളോട് ; എനിക്ക് ഭരണത്തോട് കൂറില്ല. ഞാൻ ‘ബൈഅത്ത്’ ചെയ്യുകയില്ല. ഞാൻ മക്കവിടുകയാണ്. കൂഫയിലേക്ക് പാലായനം ചെയ്യുകയാണ്. എന്റെ പാലായനം മരണത്തിനുനേരെയാണ്. ഇതാ ഞാൻ പുറപ്പെടുകയായി.”

ഇമാം ഹുസൈൻ(അ) നാടുവിട്ട വിവരം പെട്ടെന്നൊരു സുപ്രഭാതത്തിൽ ജനങ്ങൾക്കിടയിൽ വാർത്തപരക്കുകയാണ് ചെയ്തിരുന്നതെങ്കിൽ, അദ്ദേഹം ആരുമറിയാതെ അപ്രത്യക്ഷമാവുകയാണുണ്ടായതെങ്കിൽ, പ്രവാചകൻ(സ) മക്കയിൽനിന്ന് മദീനയിലേക്ക് പാലായനം ചെയ്തപോലെ ആരോടും മിണ്ടാതെ അർദ്ധരാത്രിയിൽ മദീനയിൽ നിന്ന് പുറപ്പെട്ട് കുടുംബത്തിന്റെ സഹായത്തോടെ കൂഫയിലെത്തുകയും വിപ്ലവകാരികളുടെ മധ്യത്തിൽ പ്രത്യക്ഷപ്പെട്ട് വിപ്ലവ സംരഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനിടക്ക് പിടികൂടപ്പെടുകയുമാണ് ചെയ്തിരുന്നതെങ്കിൽ ഭരണകൂടത്തിനതിരെ അട്ടിമറിനടത്താനാണ് ഹുസൈൻ(അ) പോയതെന്ന വാദം മനസ്സിലാക്കാമായിരുന്നു.

സംഘം ചേർന്നുള്ള പുറപ്പാട്, യാത്ര പുറപ്പെട്ട രീതിയുമെല്ലാം കുറിക്കുന്നത് ഇമാം ഹുസൈന്റെ(അ) ലക്ഷ്യം മറ്റൊന്നായിരുന്നുവെന്നാണ്. അത് ഏകാന്തവാസമോ ഒളിച്ചോട്ടമോ അല്ല. കീഴടക്കുകയോ രാഷ്ട്രീയം ത്യജിച്ച് ബുദ്ധിപരവും വൈജ്ഞാനികവുമായ മണ്ഡലങ്ങളിൽ ഒതുങ്ങുകയോ? അതുമല്ല. സൈനിക രാഷ്ട്രീയ വിപ്ലവമെന്നും അതിനുപേരു കൊടുത്തുകൂട. പിന്നെ എന്തായിരുന്നു?

## ഒമ്പത്

ചിന്ത നിഷ്ക്രിയമാക്കപ്പെട്ടിരിക്കുന്നതാണ് കാലഘട്ടം. കനപ്പെട്ട പല വ്യക്തിത്വങ്ങളും വിൽപനച്ചരക്കുകളായി മാറി. വിശ്വാസികൾ ഒററപ്പെട്ടു. ഭക്തൻമാർ ആരാധനാലയങ്ങളുടെ മൂലതേടിപ്പോയി. യുവജനങ്ങൾ നൈരാശ്യത്തിനടിപ്പെടുകയോ സർക്കാർ

പാളയത്തിലേക്ക് നീങ്ങുകയോ ചെയ്തു. മഹദ്വ്യക്തിത്വങ്ങൾ രക്തസാക്ഷികളായി. അവശേഷിച്ചവർ മൂകരാണ്. ചിലരൊക്കെ വ്യക്തിത്വം വിറ്റവരും. സമൂഹത്തിന് ശബ്ദമില്ല. പേനകൾക്കു മുനയില്ല. നാക്കുകൾ അരിഞ്ഞുവീഴ്ത്തപ്പെട്ടു. ചുണ്ടുകൾ മുദ്ര വെയ്ക്കപ്പെട്ടു. സത്യത്തിന്റെ സ്തംഭങ്ങൾ അതിന്റെ അനുയായികൾക്കു മീതെ പൊളിഞ്ഞു വീണു.

ഇപ്പോൾ കർത്തവ്യമറിയുന്ന ഒരൊറ്റ നേതാവ് ഹുസൈൻ(അ) മാത്രം. താൻ മൗനം പാലിച്ചാൽ ഇസ്ലാം ഒരു സർക്കാർ മതമായി രൂപാന്തരപ്പെടും. ഒരു രാഷ്ട്രീയ മുക്തമായ പട്ടാളഭരണമെന്ന നിലവാരത്തിലേക്കതു തരം താണു പോകും. ചരിത്രം അനേകം സംഭവപരമ്പരകളുടെ കൂട്ടത്തിൽ അതിനൊരു ഇടം കൊടുക്കും, അത്ര തന്നെ. മുഗൾ ഭരണം, സൽജൂക്കി ഭരണം, അലക്സാണ്ടറുടെയും ചെങ്കീസ്ഖാന്റെയുമൊക്കെ ഭരണം, കൂട്ടത്തിൽ ഇസ്ലാമിക ഭരണവും എന്ന ഒരവസ്ഥവരും. ഭരണകൂടവും പട്ടാളവും നശിച്ചശേഷവും നിലനിൽക്കതക്ക ഒരവസ്ഥവരും. ഭരണകൂടവും പട്ടാളവും നശിച്ചശേഷവും നിലനിൽക്കതക്ക ഒരു വ്യവസ്ഥിതിയോ മറ്റൊ അവക്കൊന്നുമുണ്ടായിരുന്നില്ല. അതുപോലെ ഭരണം നശിക്കന്നതോടെ ഇസ്ലാമിനും മരണശയ്യ വിരിക്കപ്പെടും. ഒരു ഭൂതകാല ചരിത്രസംഭവമെന്ന നിലയിൽ കവിഞ്ഞ് ഇസ്ലാം മറ്റൊന്നുമല്ലാതാകും. ഹുസൈൻ(അ) ഇപ്രകാരം ദീർഘവീക്ഷണം ചെയ്യുന്നു.

രണ്ടു നിസ്സഹായതകൾക്കു നടുവിലാണ് അദ്ദേഹം നിൽക്കുന്നത്. എങ്ങനെ യുദ്ധം ചെയ്യും? എങ്ങനെ മൗനംദീക്ഷിക്കും? സന്ദർഭം പാഴായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ മിണ്ടാതിരുന്നാൽ പിന്നീട് അവസരം എന്നന്നേക്കുമായി നഷ്ടപ്പെടുകയാണ് ചെയ്യുക. എല്ലാം അടിയോടെ പിഴുതെറിയപ്പെടുകയാണ്. ജനങ്ങളുടെ മനസ്സുകളിൽ, ബോധങ്ങളിൽ, വികാരങ്ങളിൽ, ചിന്തകളിൽ, ചിന്താസരണികളിൽ, ലക്ഷ്യങ്ങളിൽ, ഉന്നങ്ങളിൽ, ആശയങ്ങളിൽ, ആദർശങ്ങളിൽ, പള്ളികളിൽ, പാഠശാലകളിൽ അങ്ങനെ എല്ലായിടങ്ങളിലും ശ്യൂന്യതയായിരിക്കും പിന്നെ. പ്രവാചകൻ കൊണ്ടുവന്നതും ഇസ്ലാം നടപ്പിൽ വരുത്തിയതുമായ സന്ദേശം, ത്യാഗപരിശ്രമങ്ങളിലൂടെയും ആത്മാർപ്പണങ്ങളിലൂടെയും നേടിയനേട്ടങ്ങൾ എല്ലാം മാറ്റിമറിക്കപ്പെടും. മറ്റുള്ളവരെല്ലാം വഞ്ചിക്കപ്പെട്ടും, വഴിതെറ്റിക്കപ്പെട്ടും നമ്രശിരസ്ക്കരായി നിൽക്കുകയാണ്. അവരെല്ലാം കീഴടങ്ങിയിരിക്കുകയാണ്. നിശ്ശബ്ദരാണ്. ഹുസൈന്(അ) നിശ്ശബ്ധനായി അടങ്ങിയിരിക്കാൻ വയ്യ. അക്രമത്തിനെതിരിൽ അടരാടേണ്ട ബാദ്ധ്യത ഹുസൈന്(അ) ഉണ്ട്. അദ്ദേഹം അറിയുകയും ചെയ്യുന്നു.

സൈന്യവും സാമഗ്രികളുമില്ലാതെ എങ്ങനെ യുദ്ധം ചെയ്യും? അതൊക്കെ ഒന്നടങ്കം മർദ്ദക ഭരണത്തിന്റേതായിക്കഴിഞ്ഞിരിക്കുന്നു. നിലവിളിക്കാനും നിശ്ശബ്ദനാകാനും സാധ്യമല്ലാത്ത സ്ഥിതി! കീഴടങ്ങാനും ആക്രമിക്കാനും വയ്യാത്ത പരുവം! ഏകനാണ്, ഇരുകൈകളും ശൂന്യമാണ്, ചുമലിലെ ഉത്തരവാദിത്വങ്ങളുടെ താങ്ങാനാവാത്ത ഭാരവും പേറി പരുങ്ങിക്കഴിയുകയാണദ്ദേഹം. ഭരണകൂടത്തിന്റെ പക്കൽനിന്നൊന്നും അദ്ദേഹത്തിനു കിട്ടിയില്ല. പിതാവ്, പിതാമഹൻ, സഹോദരൻ എന്നിവരുയടെ കഠിനാദ്ധ്വാനത്തിന്റെ ഫലങ്ങളൊന്നും അദ്ദേഹം അനുഭവിക്കുന്നില്ല. ആകെ കിട്ടിയത് അഭിമാനിക്കാവുന്ന അനുസ്മരണകൾ............. കനത്ത കർത്തവ്യങ്ങളുടെ ചുമട്...............

ഒറ്റപ്പെട്ട മനുഷ്യൻ... നിരായുധൻ...... മുന്നിൽ നിൽക്കുന്നത് ലോകത്തേറ്റവും വലിയ അതി കിരാതമായ ഒരു രാഷ്ട്രം. അതാകട്ടെ അത്യാകർഷവും വഞ്ചന നിറഞ്ഞിട്ടുള്ളതുമായ ഭക്തിയുടെ കവറിനുള്ളിലും തൗഹീദിന്റെ പരിശുദ്ധമായ വസ്ത്രമണിഞ്ഞും!.

ഹുസൈൻ(അ) ഏകാകിയാണ്. തൗഹീദിന്റെ ചിന്താപ്രസ്ഥാനത്തോട് കടപ്പെട്ടിരിക്കുന്ന ഏകനായ മനുഷ്യൻ. ഈ ചിന്താപ്രസ്ഥാനത്തിൽ ഒറ്റപ്പെട്ടുകഴിയുന്നവനും കടമയുള്ളവനാണ്. ഏകനായ വാക്താവുപോലും കടിഞ്ഞാൺ കയ്യിലേന്തുന്ന പ്രസ്ഥാനമാണിത്. കാരണം, വിശ്വാസത്തിൽ നിന്നും ജ്ഞാനബോധത്തിൽ നിന്നുമാണ് കടമകൾ ആവിർഭവിക്കുന്നത്. ശക്തിയിൽനിന്നും സാധ്യതയിൽനിന്നുമല്ല. ഏറ്റവും കൂടുതൽ ഉൽബുദ്ധൻ ഏറ്റവും കൂടുതൽ കടപ്പാടുള്ളവനായിത്തീരുന്നു. ഇമാം ഹുസൈനെ(അ)ക്കാൾ ഉത്ബു

ദ്ധനായി തന്റെ കാലത്ത് മറ്റാരുണ്ട്?

അദ്ദേഹത്തിനു കർത്തവ്യനിർവഹണത്തിനിറങ്ങേണ്ട ചുറ്റുപാട് ഇങ്ങനെയുള്ളതായിരുന്നു. സത്യം നശിച്ചു കഴിഞ്ഞ, യാഥാർഥ്യം അസ്തമിച്ച, മൂല്യങ്ങൾ ശുഷ്കിച്ച, വിപ്ലവ ചൈതന്യം കെട്ടടങ്ങിയ, വിപ്ലവത്തിന്റെ സന്ദേശം മറന്നുപോയ, ജനങ്ങൾക്കു പ്രിയങ്കരമായ വിശ്വാസവും സംസ്കാരവും മനുഷ്യത്വവും ശത്രുവിന്റെ കൈയിലെ കളിപ്പാവയായിത്തീർന്ന സാഹചര്യത്തിൽ, പട്ടിണി, അടിമപ്പണി, മർദ്ദനം, ചമ്മട്ടിപ്രഹരം, കൂട്ടക്കൊല, നാടുകടത്തൽ, ബന്ധനം, വിഷയലമ്പടത്തം, വിവേചനം, മനുഷ്യത്വ വാണിഭം, വിശ്വാസവിക്രയം, മതത്തിന്റെ പേരിൽ ജനങ്ങളെ വിഡ്ഢീകരിക്കുന്നതിന്റെ പുതിയ രീതികൾ, പൊങ്ങച്ചം, പ്രഭുത്വം, പുതിയ ശിർക്ക്, പുത്തൻ ജാഹിലിയ്യത്ത്, ഇതെല്ലാം രണ്ടാമതും തിരിച്ചുവന്ന സമൂഹത്തിലാണ് അദ്ദേഹത്തിനു പ്രവർത്തിക്കേണ്ടത്.

എന്തിനെയെല്ലാം നേരിടണം? ഏതെല്ലാം തരത്തിൽ സമരമുറകൾ ആസൂത്രണം ചെയ്യണം?

വിചാരരംഗത്ത്, വഞ്ചനക്കെതിരെ, മനുഷ്യരോട് കാണിക്കുന്ന ചതിവുകളിക്കും ക്രൗര്യങ്ങൾക്കുമെതിരെ ജനങ്ങൾ ചമ്മട്ടിപ്രഹരമേറ്റു പുളയുകയാണ്, അതിനെതിരെ പുതുതായി രംഗപ്രവേശം ചെയ്തിരിക്കുന്ന പിന്തിരിപ്പത്വത്തിനെതിരെ മഹത്തായ ദൈവിക വിപ്ലവത്തിൻ സംരക്ഷണത്തിനുവേണ്ടി അങ്ങനെ പലതരം സമരങ്ങൾ. എല്ലാം ഒരേയൊരു വ്യക്തിയുടെ ചുമലിൽ ഒരേയൊരു മനുഷ്യന്റെ ശിരസ്സിൽ.

തന്റെ കേന്ദ്രത്തിൽ സത്യമില്ല: ബോധമില്ല: ബഹുജനങ്ങളില്ല: കൂട്ടുകാരെല്ലാം കൊല്ലപ്പെട്ടു. അതല്ലെങ്കിൽ രംഗം വിട്ടു. താൻ മാത്രം ബാക്കിയായി, ഒഴിഞ്ഞ കൈയോടെ മാധ്യമങ്ങളും മാർഗങ്ങളും അടഞ്ഞുപോയി. അതല്ലെങ്കിൽ ശത്രുവിന്റെ കൈപ്പത്തിയിൽ അമർന്നുകഴിഞ്ഞു. തികഞ്ഞ മൂകതയുടെയും അനിശ്ചിതത്വത്തിന്റെയും ഏകാന്ത തടവുകാരനായി ഒരേ ഒരു വ്യക്തി. മിണ്ടാൻ ശബ്ദമുയരുന്നില്ല. മിണ്ടാതിരിക്കാൻ കർത്തവ്യബോധം അനുവദിക്കുന്നുമില്ല. എങ്ങനെ മൗനം ദീക്ഷിക്കും? ഉത്തരവാദിത്വങ്ങൾ നാനാ ഭാഗത്തും നിദ്രഹീനമായി കാത്തിരിക്കുകയാണ്, ഈ ഒറ്റപ്പെട്ട മനുഷ്യൻ എന്തുചെയ്യാൻ പോകുന്നുവെന്ന് നോക്കിക്കൊണ്ട്. എങ്ങനെ ശബ്ദമുയർത്തും? ശബ്ദം ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. അറു കൊല ചെയ്യപ്പട്ട മനുഷ്യരുടെ ഭീകരത മുറ്റി നിൽക്കുന്ന മൂകതയെ ഭഞ്ജിക്കാൻ ആ ദുർബലരായ സ്വരത്തിനു കരുത്തുണ്ടാ? രക്ഷാ ഏർപ്പാടുകളുടെ ഭീഷണി തരണം ചെയ്ത്, കട്ടികൂടിയ അജ്ഞാനാന്ധകാരത്തിന്റെ അവഗണനയെ ഭേദിച്ച്, സർക്കാർ മതക്കാരുടെ വിഡ്ഢീകരണത്തെ അതിജയിച്ച് ആ ശബ്ദം ലക്ഷ്യ സ്ഥാനത്തെത്തുമോ? പുണ്യ സമരമെന്ന വ്യാജേന, വിജയത്തിന്റെയും ലാഭത്തിന്റെയും വാഗ്ദാനങ്ങളിൽ മയങ്ങി നടത്തപ്പടുന്ന നിഷ്ഠൂരമായ കൂട്ടക്കൊലകൾ, മുദ്രാവാക്യങ്ങൾ, സമ്മേളനങ്ങൾ, തീർത്ഥാചമയങ്ങൾ, ഖുർആൻ, ഇസ്ലാം. ഇവയെല്ലാം കൂടി സൃഷ്ടിക്കുന്ന ബഹളത്തെ കവച്ച് കടന്ന് ലക്ഷ്യം പ്രാപിക്കാൻ ആ ദുർബലസ്വരത്തിനൊട്ടും പ്രാപ്തിയില്ലതന്നെ. കൂടാതെ നൃത്തനർത്ത്യങ്ങൾ സംഗീതശ്രുതികൾ, കല, പ്രകടനങ്ങൾ, ആനന്ദാർഭാടങ്ങൾ ലഹരിപദാർഥങ്ങൾ, അധാർമികതയുടെ സ്വൈരവിഹാരങ്ങൾ എന്നിവയും.!

യുദ്ധം അനിവാര്യമാണ്. പക്ഷെ, കഴിയില്ല...... വിചിത്രം! അനിവാര്യമാണ് പക്ഷെ കഴിയില്ലെന്ന്. കഴിവില്ലായ്മ കർത്തവ്യനിർവഹണത്തിൽനിന്നൊഴിഞ്ഞു നിൽക്കാൻ കാരണമാകുന്നില്ല. ജ്ഞാനവും ബോധവുമാണ് ഈ കർത്തവ്യം തന്നെക്കൊണ്ട് വഹിപ്പിച്ചത്. താൻ ഹുസൈൻ ആയതിന്റെ പേരിലാണ് ഈ ബാദ്ധ്യത തന്നിലർപ്പിതമായിരിക്കുന്നത്. വലിയ കഴിവും ശേഷിയുമുള്ളവനായത് കൊണ്ടല്ല. ഏകനാണ്; അശക്തനാണ്; നിരായുധനാണ്; നിസ്സഹായനാണ്; ഇതൊക്കെയായിരുന്നാലും താൻ ഹുസൈനാണ്. ഹുസൈനായതിനാൽ യസീദിനോട് യുദ്ധം ചെയ്യാനുള്ള ആഹ്വാനം അടങ്ങിയിട്ടുണ്ട്. ആയുധമില്ല. ആയുധമില്ലെങ്കിലും, ബാധ്യതയുണ്ട്.

"ആയുധസജ്ജീകരണങ്ങളില്ലാത്ത സാഹചര്യം നിലനിൽക്കുമ്പോഴുംയുദ്ധം ചെയ്യേണ്ട

ബാധ്യതയുണ്ടോ?"

മതകാര്യങ്ങളിൽ അഗാധപാണ്ഡിത്യമുള്ളവർ, വിവേകശാലികൾ, നിയമജ്ഞർ, നിയമോപദേഷ്ടാക്കൾ, സമൂഹതൽപരർ, ഗുണകാംക്ഷികൾ, ബുദ്ധിമാൻമാർ, പ്രായോഗിക പരിജ്ഞാനമുള്ളവർ എല്ലാവരും സ്ഥിതിഗതികൾ വിലയിരുത്തി ഏക സ്വരത്തിൽ പറയുന്നു:

"ഇല്ല, യുദ്ധം നിർബന്ധമില്ല."

ഹുസൈൻ(അ) മാത്രം ദൃഢസ്വരത്തിൽ മറുപടി പറയുന്നു:

"അതെ, യുദ്ധം നിർബന്ധമുണ്ട്".

തന്റെ ഒറ്റപ്പെട്ട അഭിപ്രായം മുസ്‌ലിം ലോകത്തെയാകമാനം അറിയിക്കാൻ പറ്റിയ സന്ദർഭം തെരഞ്ഞെടുത്ത്കൊണ്ടാണദ്ദേഹം ഹജ്ജുവേളയിൽ മക്കയിൽ വന്നത്.

ശരി, യുദ്ധം നിർബന്ധമുണ്ടായിരിക്കാം, പക്ഷെ, "എങ്ങനെ?"

തന്റെ നിലപാടുയർത്തിയ ഈ ചോദ്യത്തിനുള്ള മറുപടിയെന്നോണം അദ്ദേഹം മക്ക വിടുന്നു.

ഹുസൈൻ(അ) നയിച്ച സവിശേഷ വിപ്ലവത്തിന്റെ ദാർശനികവശം മുഴുവനും "അതെ" എന്ന അദ്ദേഹത്തിന്റെ മറുപടിയിൽ കണ്ടെത്താം. ചരിത്രത്തിൽ ജനങ്ങളുടെയും ഇസ്‌ലാമിന്റെയും വിധിനിർണ്ണായകവും അതിപ്രധാനവുമായൊരു ഘട്ടത്തിലാണീ ചോദ്യം എത്തിയിരിക്കുന്നത്. എല്ലാം അധപതനത്തെ അഭിമുഖീകരിച്ചു നിൽക്കുന്ന നിർണ്ണായക ഘട്ടം. വിവരസ്ഥൻമാരും ബുദ്ധിജീവികളും സത്യത്തിലും സ്വാതന്ത്ര്യത്തിലും സാമൂഹ്യ നീതിയിലും വിശ്വസിക്കുന്ന എല്ലാവരും ഇസ്‌ലാമിക വിപ്ലവതൽപ്പരർ വിശേഷിച്ചും ചോദിക്കുന്നു: "എന്തുവേണം?" നിസ്സഹായതയുടെ ലോകത്ത് എല്ലാം കണ്ടും അറിഞ്ഞും അനുഭവിച്ചും കർത്തവ്യ ബോധത്തിന്റെ പ്രതിഷേധങ്ങൾ സഹിച്ചും പ്രശ്നപരിഹാരത്തിനു മാർഗ്ഗമന്വേഷിക്കുന്നവർ ചോദിക്കുന്നു:"എന്താണൊരു വഴി?"

ജബ്‌രിയാക്കൾ മറുപടി പറയുന്നു: "ഒന്നുമില്ല. നടന്നതും നടക്കാനിരിക്കുന്നതുമെല്ലാം ദൈവത്തിന്റ ഇച്ഛക്കനുസരിച്ചു മാത്രം. നമുക്ക് ദുർഗ്രഹമെങ്കിലും അതിലൊക്കെ അപാരമായ യുക്തി ഒളിഞ്ഞു കിടപ്പുണ്ടായിരിക്കും. സംതൃപ്തിയോടെയിരിക്കുക. അസ്വസ്ഥതയകറ്റുക. നമ്മുടെ കൈകളിൽ അടങ്ങുന്നതല്ലല്ലോ കാര്യങ്ങളൊന്നും.

"ശരിയാണ്. പറയുന്നതപ്പടി ശരി തന്നെ. അക്രമം തേർവാഴ്ച നടത്തുന്നുണ്ട്. അവകാശങ്ങൾ അപഹരിക്കപ്പെടുന്നുണ്ട്. ജിഹാദും സകാത്തും പ്രവാചക ചര്യയും ഇസ്‌ലാം നേടിയ വിജയങ്ങളുമൊക്കെ ഇസ്‌ലാമിന്റേതല്ലാതായി തീർന്നിരിക്കുന്നു. അമ്പലങ്ങളും അഗ്നിക്ഷേത്രങ്ങളും പള്ളികളായി മാറിയിട്ടുണ്ട്. ഖുർആന്റെ കോപ്പികൾ ധാരാളമായി എഴുതപ്പെട്ടിട്ടുണ്ട്. അതെല്ലാം കേവലം വഞ്ചനയാണ്, ഏകദൈവത്വ വാദം വെറുമൊരു മറയാണ്. എല്ലാം ശരി തന്നെ. ആർക്കാണ് മറിച്ചഭിപ്രായമുള്ളത്. .... പക്ഷെ എന്താണ് പ്രതിവിധി? ഒരു ഇലപോലും ദൈവത്തിന്റെ വേണ്ടുകപ്രകാരമല്ലാതെ വീഴുന്നില്ല എന്നാണ് നമ്മുടെ വിശ്വാസം,[52] ഇങ്ങനെയൊക്കെ നടക്കണമെന്നത് അവന്റെ തീരുമാനമാണ്. നിരൂപണം ചെയ്യാൻ മുതിരുന്നത് അനാവശ്യവും അർത്ഥശൂന്യവുമാണ്. ഓരോരോ മനുഷ്യനും അവനവന്റെ വിധിയുടെ കൈയിലെ കളിപ്പാട്ടം മാത്രം. ലോകത്തെന്തു നടന്നാലും നല്ലതോ ചീത്തയോ ആകട്ടെ, ആരെന്തു ചെയ്താലും അത് അലം

ഘ്യമായ മുന്നെഴുത്തു പ്രകാരമെ ആകൂ. ഉൽപ്പത്തിക്കു മുമ്പുതന്നെ ഉല്ലേഖനം ചെയ്യ പ്പെട്ട മുൻവിധി പ്രകാരം. അലി പരാജയപ്പെട്ടത്, ഒറ്റപ്പെട്ടത്, മുആവിയ്യ വിജയം വരിച്ച ത്, അധികാരാധിപത്യങ്ങൾ അദ്ദേഹം അധീനമാക്കിയത് എല്ലാം ശരി. അതും ആ മഹേ ശ്വരന്റെ മുൻ തീരുമാനപ്രകാരം തന്നെ. വിശുദ്ധ ഖുർആന്റെ അരുളപ്പാട് കണ്ടില്ലേ? 'ഭര ണാധികാരത്തിന്റെ ഉടമസ്ഥനായുള്ളവനേ, നീ ഇച്ഛിക്കുന്നവർക്ക് ആധിപത്യം നൽകിയ രുളുന്നു. ഇച്ഛിക്കുന്നവരിൽ നിന്ന് ആധിപത്യം പിടിച്ചെടുക്കുന്നു. നീ ഉദ്ദേശിക്കുന്നവരെ യോഗ്യൻമാരും അല്ലാത്തവൻമാരെ നീചൻമാരുമാക്കി തീർക്കുന്നു. നീ സർവ്വ ശക്തൻ തന്നെ'[53] പിന്നെ എന്താണീ പറയുന്നത്? എന്തു ചെയ്യാനാണ് ഭാവം? സഹനമവലം ബിച്ചു മിണ്ടാതെ കഴിഞ്ഞു കൂടുകയല്ലാതെ. സസന്തോഷം വിധിക്ക് കീഴടങ്ങുകയ ല്ലാതെ. നീതിയുടെ ബലിഷ്ടമായ ചങ്ങലകളിൽ കുടുങ്ങിക്കഴിയുന്നവൻ ബാധ്യതയെ ക്കുറിച്ച് എന്തു ചിന്തിക്കുവാൻ? യാതൊന്നുമില്ല."

ഇന്ന് നമ്മുടെ സാംസ്കാരികമണ്ഡലത്തിലേക്ക് ഉമർഖയ്യാം[54] വീണ്ടും ഉയർത്തെഴു ന്നേൽപ്പിക്കപ്പെടുന്നത് ഒരു യാദൃശ്ചിക സംഭവമല്ല. രണ്ടാം ലോകയുദ്ധത്തിനു ശേഷം ലോകത്തെല്ലായിടത്തും ഖയ്യാം ജനങ്ങൾക്ക് പ്രിയപ്പെട്ടവനാവുകയുണ്ടായി. ശാസ്ത്ര ജ്ഞനായ ഖയ്യാമല്ല ഇതെന്ന് പ്രത്യേകം ശ്രദ്ധിക്കണം. കവിയായ ഖയ്യാം! വിസ്മയമുള വാക്കുന്ന ഗണിതശാസ്ത്ര ചിന്തകളുള്ള ജീനിയസ്സായ ഖയ്യാമല്ല, ആവർത്തിച്ചുരുവിടാ നുള്ള ഏതാനും ശ്ലോകങ്ങൾ രചിച്ച സൂത്രശാലിയായ ഖയ്യാം! മിക്ക ഓറിയന്റലി സ്റ്റുകളും ഇസ്ലാമോളജിസ്റ്റുകളും ഇറാനോളജിസ്റ്റുകളും സംസ്കാരങ്ങളുടെയും നാഗ രികതകളുടെയും വിവിധ വശങ്ങളെക്കുറിച്ച് ഈ ബൃഹത് ഗ്രന്ഥങ്ങൾ രചിക്കുന്നതും സൂഫിസത്തെ പുനർജ്ജീവിപ്പിക്കാൻ ഇത്രത്തോളം താൽപര്യം കാട്ടുന്നതും ലക്ഷ്യമി ല്ലാതെയല്ല. നമ്മുടെ ശാസ്ത്ര, സാഹിത്യ, മത, ചരിത്ര, ദാർശനിക, കലാഗ്രന്ഥങ്ങളിൽ എഴുപതു ശതമാനവും ഒന്നുകിൽ സ്വകാര്യ ലൈബ്രറികളുടെ അല്ലങ്കിൽ പൊതു ലൈബ്രറികളുടെ സംഭരണികളിൽ അച്ചടിക്കാതെ കൈയ്യെഴുത്തു പ്രതികളായി കിടക്കു മ്പോൾ, സൂഫിസത്തെ കുറിച്ചുള്ള ഗ്രന്ഥങ്ങൾ വൈവിധ്യങ്ങളോടു കൂടിയും പലപതി പ്പുകളായും പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമുക്കറിയാത്ത ലക്ഷ്യങ്ങളോടു കൂടിയാണ് ഓരോന്നും സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ഒരു സത്യമാണ്. ദൈവികയു ക്തിയല്ല, വിധിയാണ് എല്ലാറ്റിനെയും നിയന്ത്രിക്കുന്നത്. ഉന്നതനായ ദൈവമല്ല, ഭൂമി യിലെ 'ദൈവങ്ങളാണ്' ഈ വിധിക്കു പിന്നിൽ.

വിധിവാദികളുടെ തത്വശാസ്ത്രപ്രകാരം ജിഹാദിന് കഴിവും കഴിവുകേടുമൊന്നും പ്രശ്നമല്ല. കാരണം അവർക്ക് ചിന്താവിഷയമേ ആവുന്നില്ല. പ്രപഞ്ചത്തിൽ മനുഷ്യ നുള്ള ചിന്താസ്വാതന്ത്ര്യമോ പ്രവർത്തന സ്വാതന്ത്ര്യമോ അവർ അംഗീകരിക്കുന്നില്ല. തന്നിമിത്തം ബാധ്യത എന്ന ഒന്നിനെ അടിസ്ഥാന പരമായിത്തന്നെ അവർ നിഷേധിക്കു കയാണ്. ഇതിനേക്കാൾ തുലോം വിചിത്രമായ മുർജിആ കക്ഷിക്കാരുടെ മറുപടി ഇങ്ങനെ പോകുന്നു.

"ആർ, ആർക്കെതിരെ, എന്തുചെയ്യാനാണീ പറയുന്നത്? ഏതു വിഭാഗത്തിനെതിരിൽ? ആരുടെ സുരക്ഷാർത്ഥം? നമ്മോട് ആരാണിതാവശ്യപ്പെട്ടത്? ദൈവം എല്ലാവർക്കും മോക്ഷവും സ്വർഗ്ഗവും വാഗ്ദാനം ചെയ്യുന്നു. എല്ലാവർക്കും ആശ തരുന്നു. ആ സ്ഥി തിക്ക് ഒരാളെ നരകാവകാശിയെന്ന് വിധിയെഴുതി അയാളോട് നാമെങ്ങനെ യുദ്ധം ചെയ്യും? ദൈവം ചെയ്യേണ്ട ഒരു കാര്യം അവനു മുമ്പ് നാം ചെയ്യാൻ മെനക്കെടരുത്. അത് സ്വയം ദിവ്യത്വം ചമയുന്നതിനു തുല്യമായിരിക്കും. അന്ത്യ വിപ്ലവത്തിനു മുമ്പ് വിപ്ലവമോ? അന്ത്യവിചാരണയ്ക്കുമുമ്പ് വിചാരണയോ? പാപിയും ക്രൂരനും കുറ്റവാളി യുമെന്ന് നിങ്ങൾ വിധിയെഴുതിയ ഈ മുആവിയക്ക് ദൈവം പൊറുത്തു കൊടുക്കുക യില്ലെന്നാരുകണ്ടു? ദൈവം അദ്ദേഹത്തെ അനുഗ്രഹിച്ചു മാപ്പരുളിയാൽ നിങ്ങളെന്തു ചെയ്യും? നിങ്ങൾ ചോദ്യമുന്നയിക്കുന്നു: 'എന്തുവേണ'മെന്ന്. ആര്? ആർക്കെതിരായി? എന്തിന്? വേണ്ട. ആരും ഒന്നും ചെയ്യേണ്ടതില്ല. ദൈവം ആരെ, എന്തിന്റെയൊക്കെ പേരിൽ എന്തു ചെയ്യുമെന്ന് കാണാൻ കാത്തിരിക്കുക.

“അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, തൽഹ, സുബൈർ, മുആവിയ്യ, യസീദ് ഇവ രെല്ലാം പ്രവാചകന്റെ അനുചരൻമാരാണ്. വിവരസ്ഥൻമാരും ഗവേഷണപടുക്കളുമാണ്. അവരവരുടെ ഗവേഷണഫലത്തിന്റെ വെളിച്ചത്തിലാണ് ഓരോരുത്തരും പ്രവർത്തിച്ചത്. അതുകൊണ്ട് മതപണ്ഡിതൻമാരും ഗവേഷകൻമാരും ഇസ്ലാമിന്റെ അകത്തു നിന്നു നടത്തിയ ഗവേഷണത്തിൽ സംഭവിച്ച വ്യത്യസ്ഥ നിഗമനങ്ങളായിട്ടേ മുമ്പു നടന്നതും ഇപ്പോൾ നടക്കുന്നതുമായ സംഭവവികാസങ്ങളെ കാണാവൂ. ഇസ്ലാമിനും കുഫ്റിനുമിടക്കോ മർദ്ദകനും മർദ്ദിതനും തമ്മിലോ ശത്രുവിനും ശത്രുവിനുമിടയിലോ ഉള്ള പ്രശ്നമായി ഇതിനെ ഗണിക്കാവുന്നതല്ല.

“പണ്ഡിതൻ പാമര ജനങ്ങളുടെ അഭിപ്രായങ്ങൾ ഗൗനിക്കേണ്ടതില്ല”. വിദഗ്ധരായ പണ്ഡിതൻമാർ കൈകാര്യം ചെയ്യേണ്ട ഇത്തരം പ്രശ്നങ്ങളിൽ സാധാരണക്കാർക്കെന്തുകാര്യം? ദൈവശാസ്ത്രം, കർമ്മശാസ്ത്രം തുടങ്ങിയ അതിസങ്കീർണങ്ങളായ വിശയങ്ങളിൽ ബഹുജനങ്ങളെ ഇടപെടാനനുവദിച്ചുകൂടാ. ദൈവമാണ് അന്തിമ വിധി കർത്താവ്; പരമദയാലു. ‘എന്തിന്’ ‘എങ്ങനെ’ എന്നിത്യാദി പ്രശ്നങ്ങളിൽ കുടുങ്ങി വിഷമിക്കേണ്ടതില്ല നമ്മൾ. നമുക്കതിനെന്തധികാരം?’

മതഭക്തരും സാത്വികൻമരും ഉത്തരം പറയുന്നു: “ദൈവ സാക്ഷാത്കാരത്തിനു വഴികൾ പലതുണ്ട്. സൃഷ്ടികളുടെ അത്രതന്നെ എണ്ണം അതുമുണ്ട്. എന്താ ജിഹാദിലൂടെ മാത്രമേ ദൈവത്തിങ്കലെത്താൻ കഴിയുകള്ളോ? നിങ്ങൾ ജിഹാദിനെക്കുറിച്ചുള്ള പല്ലവി തന്നെ ആവർത്തിച്ചു കൊണ്ടിരിക്കുന്നു സദാസമയത്തും? മറ്റുബാധ്യതകളൊക്കെ നിർവ്വഹിച്ചു കഴിഞ്ഞോ? സൽക്കർമ്മങ്ങളുടെ പട്ടികയൊക്കെ ചെയ്തു തീർത്തോ? നമസ്കാരം മതത്തിന്റെ ഒരു പ്രധാനപ്പെട്ട സ്തംഭമാണ്. ജിഹാദും നന്മ കൽപ്പിക്കലും തിന്മ തടയലുമൊക്കെ അതിന്റെ ശാഖകൾ മാത്രം. നമസ്കാരത്തിന്റെ ആചാരമര്യാദകൾ, നിയമനിബന്ധനകൾ, അഭിവാജ്യഘടകങ്ങൾ ഇതൊക്കെ പൂർണ്ണമായും നിങ്ങൾക്കറിയാമോ? അതെല്ലാം സൂക്ഷിച്ചും ശ്രദ്ധിച്ചുമാണോ നിങ്ങൾ നമസ്ക്കരിക്കാറ്? നമസ്കാരത്തെ സംബന്ധിക്കുന്ന സങ്കീർണ്ണമായ ‘മസ്അലക’ളുടെ ഒരു പട്ടിക തന്നെയുണ്ട്. അതൊക്കെ നിശ്ചയമുണ്ടോ നിങ്ങൾക്ക്? നമസ്കാരത്തിനു മുന്നോടിയായി അനുഷ്ടിച്ചിരിക്കേണ്ട അംഗശുദ്ധി, മലിനവസ്തുക്കളിൽ നിന്നുള്ള വെടിപ്പും വൃത്തിയും-ഇങ്ങനെയുമുണ്ട് പലജാതി ‘മസ്അല’കൾ. അതറിയാമോ? പറഞ്ഞതെന്തെന്നു വച്ചാൽ നിങ്ങൾ അന്യരെ നന്നാക്കാനും ജനസേവനത്തിനും ഇറങ്ങുന്നതിനു മുമ്പ് അവനവന്റെ കാര്യമൊന്ന് നേരെയാക്ക്. സമുദായോദ്ധാരണത്തെപ്പറ്റി ചിന്തിക്കാൻ വരട്ടെ, സ്വയം പരിഷ്കരണത്തിലും സംസ്കാരത്തിലും ശ്രദ്ധിക്ക്.

“അതല്ല, നിങ്ങൾക്കെന്താണുറപ്പുള്ളത്, ഭാവിയിൽ നിങ്ങൾ പിഴച്ചുപോവുകയില്ലെന്നതിന്? സ്വാർഥംഭരികളും താൽപര്യപൂജകരുമായിത്തീരുകയില്ലെന്നതിന്? ദേഹേച്ഛകളുടെയും വൈകാരിക സമ്മർദ്ദങ്ങളുടെയും പിടുത്തത്തിൽ നിന്ന് നിങ്ങൾ പൂർണ്ണമായും വിമോചിതരാണെന്ന് അവകാശപ്പെടാമോ? പാപങ്ങളിൽനിന്നു പൂർണ്ണമായും സുരക്ഷിതരായിത്തീർന്നോ? നിങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും നിസ്സാര ചലനങ്ങൾപോലും അല്ലാഹുവിന്റെ പ്രീതിമാത്രം ലാക്കാക്കിക്കൊണ്ടുള്ളതാണോ? കളങ്കമറ്റ ദൈവപ്രീതിക്കുവേണ്ടിയാണോ? അതുപോകട്ടെ, വിശ്വാസകാര്യങ്ങളുടെ അടിസ്ഥാനങ്ങളും ശാഖകളുമൊക്കെ ഉറച്ചു കഴിഞ്ഞോ? തികഞ്ഞ ഭക്തന്മാരുടെയും സജ്ജനങ്ങളുടെയും അണിയിൽ പ്രവേശിച്ചു കഴിഞ്ഞോ? സാമൂഹ്യ പരിഷ്കരണത്തിന് അരയും തലയും മുറുക്കി ഇറങ്ങിയിരിക്കുന്നു!

സ്വർഗത്തിന് എട്ട് കവാടങ്ങളുണ്ട്.[55] ജിഹാദിന്റെ കവാടത്തിൽ കൂടി തന്നെ കടക്കണമെന്ന് എന്താണിത്ര വാശി? സ്വർഗത്തിന്റെ അനേകം താക്കോലുകളിൽ ഒന്നു മാത്രമാണ് ജിഹാദ്. പ്രാർഥനകൾ, നിത്യജപങ്ങൾ, മന്ത്രങ്ങൾ ഇതൊക്കെ സ്വർഗത്തിന്റെ താക്കോലുകൾ തന്നെ. ദേഹാധ്വാനം കൂടാതെ, വേദനയേൽക്കാതെ, ആപത്തുകൾ വരി

ക്കാതെ സ്വർഗം കൈക്കലാക്കിക്കൂടെ?

പുണ്യ കാര്യങ്ങൾ വേറെ എന്തൊക്കെയുണ്ട്! സാധുക്കൾക്ക് അന്നദാനം ചെയ്യുക, കുടുംബബന്ധം ചാർത്തുക, തീർത്ഥാടനകേന്ദ്രങ്ങളും ശവകുടീരങ്ങളും സന്ദർശിക്കുക, ആരാധനകളനുഷ്ഠിക്കുക, ധ്യാനനിരതനായിരിക്കുക, സ്വത്തുക്കൾ വഖ്ഫ് ചെയ്യുക, വഴിപാടുകൾ നടത്തുക, അയൽക്കാരെ സഹായിക്കുക, ദൈവസ്മരണയിൽ മുഴുകിയിരിക്കുക, പ്രാർഥനാ സദസ്സുകളിൽ പങ്കുകൊള്ളുക, വിലാപം, ശുപാർശ അങ്ങനെ പലതും.................................ജിഹാദു മുഖേന കിട്ടാവുന്നതൊക്കെ ഇത്തരം പുണ്യകർമ്മങ്ങൾ വഴിയായി ലഭിക്കും, ചില ദിക്റുകളും ദുആകളുമുണ്ട്, അവചൊല്ലുക മാത്രമേ വേണ്ടൂ, ബദർയുദ്ധത്തിൽ പങ്കെടുത്ത് മരണപ്പെട്ട എഴുപത് രക്തസാക്ഷികൾക്കുള്ള പ്രതിഫലമുണ്ട്. ഇപ്പോൾ തിരിഞ്ഞില്ലേ, എന്താണു ചെയ്യേണ്ടതെന്ന്?

വേറൊരു പ്രശ്നം, അതായത് ദൈവഭക്തരും പണ്യവാളൻമാരും സർക്കാർ കാര്യങ്ങളിലൊ രാഷ്ട്രീയത്തിലൊ ഭാഗഭാക്കാവുന്നത് നന്നല്ല. സത്യത്തിൽന്നും അദ്ധ്യാത്മികതയിൽ നിന്നും വ്യതിചലിക്കാനാണതിടവരുത്തുക. ഭൗതികതക്കുവേണ്ടി മതത്തെ വിൽക്കുകയായിരിക്കുമത്. അദ്ധ്യാത്മികതയുടെയും ധാർമികതയുടേയും ഉച്ചിയിലേക്കുയരുന്നതിനു പകരം, ആർഭാടങ്ങളുടെയും സ്ഥാനമാനങ്ങളുടെയും പുറകെ പായലുമായിരിക്കുമത്. കാരണം അത് രണ്ടും രണ്ടാണ്. ഒരു വിശുദ്ധ യുദ്ധം കഴിഞ്ഞു മടങ്ങവെ പ്രവാചകപുംഗവൻ അരുൾ ചെയ്തതോർക്കുന്നില്ലേ? "നാം ചെറിയ യുദ്ധത്തിൽനിന്നു മടങ്ങി വലിയ യുദ്ധത്തെ അഭിമുഖീകരിക്കാൻ പോവുകയാണ്." ആളുകൾ തിരക്കി: " അത് ഏത് യുദ്ധമാണ്?" പ്രാവചകൻ പ്രതിവചിച്ചു: " ദേഹേച്ഛയോടുള്ള യുദ്ധം".

അതിനാൽ നമ്മുടെ കർത്തവ്യമിതാണ്: ആചെറിയ യുദ്ധം വേണ്ടെന്നുവെക്കുക. വലിയ യുദ്ധത്തിൽ ഏർപ്പെടുക. സംഗതി വ്യക്തമായല്ലോ, എന്തുചെയ്യണമെന്ന്. ശത്രുവിനോടല്ല, അവനവനോട് തന്നെ സമരം പ്രഖ്യാപിക്കാം.

## പത്ത്

പ്രവാചകന്റെ അനുയായികൾ, ചിന്തകൻമാർ, തത്വജ്ഞാനികൾ, മതപണ്ഡിതൻമാർ എല്ലാവരും ഒന്നു ചേർന്നു മുറവിളികൂട്ടുന്നു: അലിമോഡൽ ജീവിതവീക്ഷണം പ്രായോഗികമല്ല. അതുവളരെ കടുത്തതും തീരെ വിട്ടുവീഴ്ചയില്ലാത്തതുമാണ്. യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാനും അംഗീകരിക്കാനുമുള്ള കഴിവാണ് മനുഷ്യന് വേണ്ടത്. ആദർശവാദിയായി കാലം കഴിക്കുന്നതിൽനിന്ന് പ്രയോഗവാദിയായി ജീവിതത്തെ സമീപിക്കുന്ന നിലപാടിലേക്ക് വളരുകയാണ് ബുദ്ധിപൂർവ്വകമായിട്ടുള്ളത്. ലോകത്തിന്റെ വലിയൊരു ഭാഗം ഭരിക്കുന്ന അരചനായിട്ടും സ്വന്തം കൈകൊണ്ട് ചെരുപ്പ് തുന്നി കേടുപോക്കുക! ഇക്കാലത്ത് ജനങ്ങളുടെ ബുദ്ധി അവരുടെ കണ്ണുകളിലാണ്. റോമും പേർഷ്യയും അധീനപ്പെടുത്തിയ കാലമാണിത്. പേർഷ്യൻ ചക്രവർത്തിയുടെയും റോമാസാമ്രാജ്യത്തിലെ സീസർമാരുടെയും അരമനകളുടെ ഗാംഭീര്യവും ആഡംബരവുമൊക്കെ ഇന്നലെവരെ കേട്ടുകേൾവി മാത്രമായിരുന്നു. ഇന്നാകട്ടെ ജനങ്ങൾ അതൊക്കെ നേരിൽ കാണുകയാണ്. എന്നിട്ടും പഴയ ജീവിതരീതി തുടരുകയോ? അതിന് ആളെ കിട്ടുകയില്ല. ഇസ്ലാമിക ഭരണകൂടത്തിന്റെ അന്തസ്സിനും കീർത്തിക്കും അതൊട്ടും നിരക്കുന്നതുമല്ല.

ഇത്രനാൾ ആഡംബരത്തിലും ആർഭാടത്തിലും ജീവിച്ചുപോന്ന പേർഷ്യക്കാരും റോമക്കാരും അലിയുടെ ഭരണസമ്പ്രദായം എങ്ങനെ വെച്ചുപൊറുപ്പിക്കും? പ്രഭുക്കൻമാരും രാജകുടുംബാംഗങ്ങളുമല്ലെ അവർ? അലി ഭരണത്തിൽ കയറിയ ഉടനത്തന്നെ എല്ലാ നിലവാരത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കും തുല്യവേതനമാക്കികൊണ്ട് ശമ്പളനിരക്ക് നിശ്ചയിക്കുകയുണ്ടായി. എല്ലാവർക്കും തുല്യ ശമ്പളം! ഉസ്മാനുബ്നു ഹുനൈഫ് [56] ഇസ്ലാമിലെ ഒരു മഹാ വ്യക്തിത്വം; ഉന്നതനായ രാജ്യതന്ത്രജ്ഞൻ; അലിയുടെ

ഏറ്റവും അടുത്ത കൂട്ടുകാരിൽ ഒരാൾ; ഗവൺമെന്റിന്റെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ. ശമ്പളമോ? മാസത്തിൽ മൂന്നു ദിർഹം! തികച്ചും അപ്രായോഗികമാണീ സാമ്പത്തിക വ്യവസ്ഥ.

പേർഷ്യ അലിയുടെ ഭരണത്തിൻ കീഴിലുള്ള ഒരു സംസ്ഥാനമായി തീർന്നപ്പോൾ മുൻ ഭരണത്തിന്റെ ആഡംബര ജീവിതം നേരിൽ കണ്ടവരും അവിടെ ഉണ്ടായിരുന്നു. അവരിൽ ചിലർ ഇപ്രകാരം അനുസ്മരിക്കുകയുണ്ടായി: "ഞങ്ങളിന്നും ഓർക്കുന്നു, ഇപ്പോൾ അറബികളുടെ അധീനത്തിലും അലിയുടെ ഭരണത്തിലുമുള്ള ഇറാന്റെ പഴയ ചക്രവർത്തി കിസ്റാ മുസ്ലിംകളോട് യുദ്ധത്തിനുവന്ന ആ രംഗം. യുദ്ധത്തിനു പുറപ്പെട്ടതായതുകൊണ്ട് ആവുന്നത്ര ആർഭാട വിഭൂഷകൾ ഒഴിവാക്കിയിരുന്നു. എന്നിട്ടും ഏഴായിരം സുന്ദരിമാർ, അടിമകൾ, ഭൃത്യൻമാർ, ഗായകസംഘം, സംഗീതോപകരണങ്ങൾ എന്നിവയുടെ അകമ്പടി സേവിച്ചുകൊണ്ടാണദ്ദേഹം വന്നത്". അതൊക്കെ വേണ്ടതുതന്നെ എന്നു ന്യായീകരിക്കുകയല്ല. പക്ഷെ ഒരു കാര്യം ശരിയാണ്. അലി പരാജയപ്പെട്ടുവെങ്കിൽ അതിനു പ്രധാന കാരണം അദ്ദേഹത്തിന്റെ അപ്രായോഗിക കാഴ്ചപ്പാടും ചിന്താഗതിയും തന്നെയായിരുന്നു. സാഹചര്യത്തിനും സംഭവയാഥാർത്ഥ്യങ്ങൾക്കുമൊത്ത് അനുരഞ്ജനാത്മകമായി തന്നെ ഇണക്കിയെടുക്കാൻ അദ്ദേഹത്തിനു കഴിയാത്തതായിരുന്നു. അലിക്ക് രാഷ്ട്രീയം തിരിഞ്ഞിരുന്നില്ല. മനശ്ശാസ്ത്രവും സാമൂഹ്യ ശാസ്ത്രവും പരിചയമുണ്ടായിരുന്നില്ല. എല്ലാവരെയും ധിക്കരിച്ചുകൊണ്ടുള്ള നയം. കടുംപിടുത്തക്കാരൻ. ശക്തിയും സ്വാധീനവുമുള്ള വ്യക്തിത്വങ്ങളെയോ ഒന്നും വകവെക്കാതെയാണ് അദ്ദേഹം സംസാരിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും.

'ഇമാമത്തി'നോടും 'നുബുവ്വത്തി'നോടും ഖിലാഫത്തിനെ തുലനം ചെയ്യാതിരിക്കുക. പ്രവാചകനെപ്പോലെയോ അലിയെപ്പോലെയോ അല്ല മുആവിയയും യസീദും. കിസ്റായോടും കൈസറിനോടുമാണ് ഇവർക്ക് കൂടുതൽ സാദൃശ്യം. ഹരിതകൊട്ടാരം.......... പൊതുഭണ്ഡാരം......., തകർത്തു തരിപ്പണമാക്കണം.....ജനങ്ങളുടെ അവകാശങ്ങൾ ............. എന്നിങ്ങനെ നിങ്ങൾ ബഹളം കൂട്ടാറുള്ള ഡമാസ്കസിലെ രാജധാനിയില്ലേ. അവിടെ നിന്നാണ് റോമും പേർഷ്യയും ഉൾകൊള്ളുന്ന ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്നത്. എന്നിട്ടും റോമൻ ഡർബാറിനെയും സിറിയൻ ഗവർണ്ണറുടെ രാജ്ഭവനെയും അപേക്ഷിച്ചു എത്ര ലളിതമാണത്!

അബൂദർറ് മുആവിയ്യക്കെതിരെ ആക്രമണം അഴിച്ചുവിട്ടത് ഇതും പറഞ്ഞാണ്: 'റൊട്ടിയുണ്ടാക്കുവാൻ ഗോതമ്പുപൊടി തരച്ചെടുക്കുന്നതെന്തിനാണ്? അതിലെ തവിടു കളയുന്നതെന്തിന്? രാത്രിയും പകലും ഒരു വസ്ത്രം പോരെ? നിശാവസ്ത്രമൊന്നു വേറെയെന്തിനാ?" എന്നിങ്ങനെ. ഇതു മദീനയാണന്നാണിക്കൂട്ടരുടെ വിചാരം. ഇപ്പോഴും പ്രവാചകന്റെ കാലഘട്ടത്തിലാണ് ജീവിക്കുന്നതെന്നാ ധാരണ! ഇസ്ലാമിൽ പുതുതായി വന്ന പരിഷ്കാരികളായ റോമക്കാരെയും പേർഷ്യക്കാരെയും മുഹാജിറുകളും അൻസാറുകളുമെന്ന് ഇവർ തെറ്റിദ്ധരിച്ചിരിക്കുകയാണ്!

കാര്യങ്ങൾ ആപേക്ഷികമായി കാണാൻ തുടങ്ങണം. സത്യത്തിന്റെ യഥാർത്ഥ മുഖം തിരഞ്ഞ് സങ്കൽപ്പലോകത്ത് അലഞ്ഞുനടക്കാതിരിക്കുക. കൺമുമ്പിൽ കാണുന്നതെന്തോ അതുതന്നെയാണ് സത്യം എന്നുറപ്പിക്കുക. കിഴക്കും പടിഞ്ഞാറുമടക്കം ഒരു വലിയ വിഭാഗം ലോകത്തിന്റെ തന്നെ ആധിപത്യം കൈയ്യിലേറ്റിരിക്കുന്ന ഈ പാവം മുസ്ലിംകളെ നിങ്ങൾ എത്ര ശ്രമിച്ചാലും ബോദ്ധ്യപ്പെടുത്താനാവില്ല. പ്രവാചകന്റെ കാലത്തേതുപോലെ ജീവിതം നയിക്കണമെന്ന്; അലിയുടെ കർമ്മ മാതൃക അനുധാവനം ചെയ്യണമെന്ന്. ഈ പാഴ്വേലക്കു മുതിരാതെ! ജിവിതത്തോത് ഒരു പാട് മുന്നോട്ട് കുതിച്ചെത്തിയിരിക്കുന്നു.

## പതിനൊന്ന്

ആചാരങ്ങൾ, നിയമങ്ങൾ, പെരുമാറ്റച്ചട്ടങ്ങൾ, സാമ്പത്തികവ്യവസ്ഥ, ചിന്ത, ആശയങ്ങൾ, അഭിരുചി, സാഹിത്യം, കല, കവിത, സംഗീതം, നൃത്തനർത്തനം, വിനോദം, സാമൂഹ്യബന്ധങ്ങൾ, സദാചാരം, നാഗരികത എന്നിവയുടെ മേഖലകളിലെല്ലാം പേർഷ്യയും റോമും ഇസ്‌ലാമികസമൂഹത്തിൽ അഗാധമായ സ്വാധീനമുറപ്പിച്ചു കഴിഞ്ഞു. പ്രഭുത്വവാഴ്ചയുടെ സാമൂഹ്യ വിഭാഗീയത കിസ്റാ-കൈസറിൻ രാജാധിപത്യ ജനാധിപത്യവ്യവസ്ഥ, പൗരോഹിത്യത്തിന്റെ ആചാരമര്യാദസമ്പ്രദായങ്ങൾ, ഉദ്യോഗസ്ഥ മേധാവിത്വം, ചുരുക്കിപ്പറഞ്ഞാൽ പേർഷ്യാ-റോമാ സംസ്കാരങ്ങളുടെ കൂത്തരങ്ങായി മാറി ഇസ്‌ലാമിക രാഷ്ട്രവും ഭരണവും.

പണം, പദവി, അധികാരം, കൊയ്തെടുത്ത വിജയങ്ങളിലൂടെ ഒഴുകിവന്ന ഗനീമത്ത് മുതലുകൾ എന്നിവ മുഖേന ജനങ്ങളിലൊരു വിഭാഗം തടിച്ചു കൊഴുത്തു. അതോടെ ലക്ഷ്യബോധം, ത്യാഗബുദ്ധി എന്നീ ഗുണങ്ങൾ അപ്രത്യക്ഷമായി. അലി(അ)യുടെ ആത്മരോധനവും തത്വചിന്തയും അവരുടെ കാതുകൾക്ക് അരോചകമായി. ഭൂരിഭാഗം ജനങ്ങളും പൂർണ്ണ സംതൃപ്തരാണ് നിലവിലുള്ള സാഹചര്യത്തിൽ. വയറു നിറഞ്ഞതോടെ സാമൂഹ്യപ്രശ്നങ്ങളിലൊന്നും പിന്നെ താൽപ്പര്യം തോന്നിയില്ല. സത്യം ആരുടെ പക്ഷത്താണ്. ഉമറിന്റേയോ അലിയുടെയോ? ഉസ്മാന്റെയോ അബൂദർറിന്റേയോ? അബൂബക്കറിന്റേയോ ഫാത്വിമയുടെയോ? അഹ്‌ലുബൈത്തിന്റെ കൂടെയോ അബൂസുഫ്യാന്റെ കുടുംബത്തിന്റെ പക്ഷത്തോ? ഇത്യാതി പ്രശ്നങ്ങളൊന്നും ഇപ്പോഴവർക്ക് ചർച്ചാ വിഷയമല്ല. ആരും കർത്തവ്യങ്ങളെപ്പറ്റി അന്വേഷിക്കുന്നുമില്ല. സമ്പത്തിന്റെയും അധികാരത്തിന്റെയും അടിമകളായി സകലരും. വല്ലതും ചോദിക്കാനോ പറയാനോ ധൈര്യപ്പെടുന്നവനെ വാൾ അടക്കിയിരുത്തുകയും ചെയ്തു.

അലി(അ)യും ഫാത്വിമ(അ)യും അവരുടെ ജീവിതകാലത്തു തന്നെ എന്തെല്ലാം തരത്തിലുള്ള വേദനകൾക്കും വിപത്തുകൾക്കുമാണ് ഇരയാക്കപ്പെട്ടത്. സ്വന്തം പട്ടണമായ മദീനയിൽ വെച്ച്; മുഹാജിറുകളുടെയും അൻസാറുകളുടെയും കൺമുമ്പിൽവെച്ച്; യുദ്ധക്കളത്തിൽ ഒരുമിച്ചു പൊരുതിയ സ്വന്തം ചങ്ങാതിമാരുടെ കൈക്ക്. അന്ന് മദീനയിലോ സഖീഫയിലോ അമവികളുണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പു കമ്മറ്റിയിൽ അവരാരും പങ്കെടുത്തിരുന്നതുമില്ല. അനന്തരം അലി(അ)ന്റെയും ഹസൻ(അ)ന്റെയും പരിചയസമ്പന്നരും ധീരരുമായ ഉദ്യോഗസ്ഥന്മാർ ഇരുവരോടും എങ്ങനെയാണ് പെരുമാറിയതെന്ന് പിൽക്കാലത്ത് നാം കണ്ടു കഴിഞ്ഞു. യുദ്ധം കൊടുമ്പിരിക്കൊണ്ട നിർണ്ണായക ഘട്ടത്തിൽ സൈനിക നേതാക്കൾ തങ്ങളെ മുആവിയ്യയുടെ തൊഴുത്തിലേക്ക് മാറ്റിക്കെട്ടുകയാണ്. തങ്ങളുടെ മഹത്വം, മതം, അത്രയും നാളത്തെ അഭിമാനകരമായ സേവനം, കീഴുദ്ധോഗസ്ഥന്മാർ-ഇതെല്ലാം കൂടി ഒരുമിച്ച് മുആവിയ്യക്ക് ഏൽപ്പിച്ചു കൊടുക്കുകയാണവർ ചെയ്യുന്നത്.

'ഖവാരിജുകൾ'[57] അമവികളിൽപ്പെട്ടവരായിരുന്നില്ല. അമവികളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധവും അവർക്കിയല്ലായിരുന്നു. പ്രത്യുത മുആവിയ്യയുടെ ആജന്മ ശത്രുക്കളും അമവീ ഭരണത്തിന്റെ രക്തദാഹികളുമായിരുന്നു അവർ. ബഹുജനങ്ങളുമായിട്ടായിരുന്നു അവർക്ക് കെട്ടുപാട്. സാധാരണക്കാരും നാട്ടിൻ പുറങ്ങളിലെ ചെറുകിട കച്ചവടക്കാരും ചേർന്നതായിരുന്നു ആ കക്ഷി. ഭക്തിയിലും പരിശുദ്ധിയിലും അവർ പ്രസിദ്ധരായിരുന്നു. ആരാധനയിലും ധ്യാനത്തിലും ഋഷിതുല്യരായിരുന്നു. തീവ്രമായ ഒരു തരം മത പക്ഷപാതിത്വമായിരുന്നു അവരുടെ പ്രത്യേകത. ഇങ്ങനെയെല്ലാമായിരുന്നിട്ടും സംഭവിച്ചതെന്താണെന്നല്ലേ? താമസിയാതെ അവരെല്ലാം സ്വയം മറന്ന് മുആവിയ്യാഭരണത്തിന്റെ പണിയായുധങ്ങളായി മാറുന്നതാണ് ചരിത്രം കണ്ടത്. അലി(അ)യുടെ ജീവൻ അപകടപ്പെടുത്തുന്നതിനു വേണ്ടി വളഞ്ഞവഴിക്കും വളരെ വഞ്ചനാപരമായ രീതിയിലുമാണവർ പ്രവർത്തിച്ചത്. സിഫ്ഫീൻയുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ അലി(അ)യുമായി സംവാദത്തിലേർപ്പെടുകയും അദ്ദേഹത്തിനു നേരെ വാളൂരിച്ചെല്ലുകയും ചെയ്യുന്നു അവർ. അങ്ങനെ പടക്കളത്തിൽ അദ്ദേഹത്തെ ഒറ്റപ്പെടുത്തുന്നു. പ്രതിഫലമൊന്നുംവാങ്ങാതെ സ്വന്തം ശത്രുവിന്റെ കൈയിലിരുന്നു പണിയെടുത്തു ആ ശുദ്ധഗതിക്കാർ. അലി(അ)യെ തേജോവധം ചെയ്യാൻ വേണ്ടി അദ്ദേഹത്തിനെതിരെ ആക്ഷേപങ്ങളും ആരോപണങ്ങളും കിംവദന്തികളുമായി നെടുനീളെ അവർ സഞ്ചരി

ച്ചു. അലി(അ)യെ ദുഷ്ടൻ, തെമ്മാടി എന്നൊക്കെ അധിക്ഷേപിച്ചു. അവസാനം മതത്തിനു പുറത്തെന്ന് 'ഫത്വാ' പുറപ്പെടുവിക്കാനും മടികാണിച്ചില്ല. അവരുടെ ഫത്വാ കണക്കിനു ഫലിക്കുകയും ചെയ്തു. അംറുബ്നു ആസിനെപ്പോലെ ചുരുക്കം ചിലർക്കറിയാമായിരുന്നു, ആത്മീയവും മതപരവുമായ മണ്ഡലത്തിൽ അലി(അ)യുടെ സൽക്കീർത്തിക്ക് അഗാധമേൽപ്പിക്കുക സാധ്യമല്ലെന്ന്. ഖവാരിജുകൾ അവരുടെ അജ്ഞതയും അവിവേകവും ഹേതുവായി വൈരാഗ്യം മൂത്ത് അലി(അ)യെ വധിക്കുന്നപക്ഷം അതവരുടെകൂടി ശത്രുക്കളായി അമവികൾക്കു വഴി തുറന്നുകൊടുക്കുകയായിരിക്കുമെന്നും അത്തരക്കാർ മനസ്സിലാക്കിയിരുന്നു.

ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ 'എന്തുവേണം' എന്ന ചോദ്യത്തിന് 'ഒന്നും വേണ്ട' എന്ന ഉത്തരത്തിൽതന്നെയാണ് ചപലന്മാർ എത്തിച്ചേരുക. അത്തരക്കാരെ മുആവിയ്യക്കാവശ്യവുമാണ്. അലി(അ)യ്ക്കവർ ചേരുകയില്ല. മുആവിയ്യ തന്റെ എല്ലാ ദൗർബല്യങ്ങളും ദൂഷ്യങ്ങളുമുള്ളതോടൊപ്പം വലിയ തന്ത്രജ്ഞനും അലി(അ)യെക്കാൾ പ്രയോഗിക വിദ്യകളറിയുന്ന ആളുമാണ്. സ്ഥിതിഗതികൾ തനിക്കനുകൂലമായി വരുന്നതു കൃത്യമായിക്കാണാനും അതിനുവേണ്ട പുതിയമാർഗങ്ങളാവിഷ്കരിക്കാനും അദ്ദേഹത്തിനു അപാരമായ വിരുതുണ്ട്. ജനങ്ങളെ ഭക്തിയുടെയും ലളിത ജീവിതത്തിന്റെയം പാതയിലൂടെ നയിക്കാനാണ് അലി(അ)യുടെ ശ്രമങ്ങളത്രയും. അതാകട്ടെ അപ്രായോഗികവും. എന്നാൽ മുആവിയ്യ ഭരണം അഴിമതിയും അക്രമവും കുഴപ്പവും നിറഞ്ഞതാണെങ്കിലും അത് സമൂഹത്തെ അതിവേഗം പുരോഗതിയിലേക്കും അഭിവൃദ്ധിയിലേക്കും ആനയിക്കുകയാണ്. അഭിവൃദ്ധ്യിലേക്കുള്ള ഈ പ്രയാണം ത്വരിതപ്പെടുത്തുന്നതിന് പേർഷ്യയുടെയും റോമിന്റെയും മാതൃക അതേപടി പകർത്താനും അവർക്ക് നിഷ്പ്രയാസം സാധിക്കുന്നു. അതിനെല്ലാം വല്ല ആത്മീയ ശക്തിയുടെയും നിയന്ത്രണം അവരെ അലോസരപ്പെടുത്തിയിരുന്നുമില്ല. അധികാരം ഔപചാരികമായി കൈയേൽക്കുകയും അബൂദർറ്, അലി, ഹസൻ, ഹുജ്റ് മുതലായവരുടെ ഇടപെടലും മറ്റു അഭ്യന്തരതടസ്സങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും അവസാനിക്കുകയും ചെയ്ത് ഇരുപതു വർഷത്തിനകം ആധുനിക പരിഷ്കൃത പാശ്ചാത്യൻ നഗരങ്ങളെപ്പോലെ ആയിത്തീർന്നു ഇസ്ലാമിക രാഷ്ട്രത്തിന്റെ തലസ്ഥാനം. റോമൻ ഉൾക്കടലിൽ സായുധരായ നാവികപ്പട സ്ഥാപിതമായി. സൈപ്രസ് കീഴടക്കി. കോൺസ്റ്റാന്റിനോപ്പിളിനെതിരെ നിരന്തരമായ ആക്രമണങ്ങൾ തുടർന്നു കൊണ്ടുമിരുന്നു.

റോമൻ "ആർക്കിടെക്ച്ചർ" മാതൃകയിൽ നിർമ്മിച്ചതും 'സാസാനിയൻ സ്റ്റൈലിൽ' അലങ്കരിച്ചതുമായിരുന്നു മുആവിയ്യയുടെ ആസ്ഥാനമായ 'ഗ്രീൻ പാലസ്'. ദാസികളും ബദാവികളുമടങ്ങുന്ന ഗ്രാമീണ ഗായക സംഘത്തിനും പാട്ടുകാർക്കും പകരം ഇറാനിയൻ സംഗീതാചാര്യന്മാരും റോമൻ നർത്തകിമാരുമുൾക്കൊണ്ട ഒരൊന്നാന്തരം 'ഓർക്കസ്ട്രാ' കൊട്ടാരത്തിൽ സംവിധാനിച്ചിട്ടുണ്ടായിരുന്നു. കിസ്റാ- കൈസർമാരെ യഥാവിധം അനുകരിച്ചു കൊണ്ടായിരുന്നു കൊട്ടാരത്തിലെ ആചാരോപചാരങ്ങളും സമ്പ്രദായങ്ങളും. അവരുടെ വസ്ത്രധാരണം, ഭക്ഷണ രീതി, വിനോദങ്ങൾ, അലങ്കാരപ്പണികൾ, സംഗീതം, കാവ്യം, സാഹിത്യം, ജീവിതരീതി, നഗരനിർമ്മാണം, രാഷ്ട്രീയ സംവിധാനത്തിന്റെ അടിസ്ഥാനം എന്നിവയെല്ലാം സ്വായത്തമാക്കിക്കഴിഞ്ഞിരുന്നു. അറബിമാതൃകയിലുള്ള ലളിതവും സാധാരണവുമായ സമ്പ്രദായങ്ങൾ പിടിക്കാതെ വന്നു. സർവ്വരംഗത്തും റോമൻ മോഡൽ സംസ്കാരിക വിപ്ലവം അരങ്ങേറി. നീതി, അനീതി, ശരി, തെറ്റ് ഇത്യാദി ചർച്ചകളൊക്കെ വലിച്ചെറിയൂ. ശരി അലിയുടെയോ മുആവിയ്യയുടെയോ ആരുടെ പക്ഷത്തായാലെന്താ, പ്രത്യക്ഷത്തിൽ പുരോഗതി കണ്ടെത്താൻ കഴിയുന്നെതവിടെയാണ്. എന്തെല്ലാം പദ്ധതികളാണ് അമവിയ്യാക്കൾ നടപ്പാക്കിയിട്ടുള്ളത്! ഇനിയുമതു തുടരുകയാണ്. തലസ്ഥാനനഗരി പുതുക്കിപ്പണിതെങ്കിൽ, കൂടുതൽ അന്തസ്സോടും ഗംഭീരമായും ഖലീഫയുടെ ആസ്ഥാനം മനോഹരമായി അലങ്കരിച്ചിട്ടുണ്ടെങ്കിൽ അതു മൂലം ഇസ്ലാമിന്റെ അന്തസ്സും ഗാംഭീര്യവുമല്ലെ വർദ്ധിക്കുക? ഇസ്ലാമിന്റെ മഹത്വവും പ്രൗഢിയും കണ്ട് അന്യദേശക്കാരും ക്രിസ്ത്യാനികളും അഗ്നിയാരാധകരും ഞെട്ടട്ടെ.

മറുവശത്ത് കിസ്റാ-ഖൈസർമാരുടെ ഭരണ കാലഘട്ടത്തോട് താരതമ്യപ്പെടുത്തി പരിശോധിക്കുമ്പോൾ ജനങ്ങൾക്കു വിധി കൽപ്പിക്കാൻ കഴിയണം ഇപ്പോഴത്തെ ഭരണം തന്നെയാണ് കൂടുതൽ ജനോപകാരപ്രദവും സാധാരണക്കാർക്ക് ഗുണകരവുമെന്ന്. പ്രജകളോട് വളരെ സ്വാതന്ത്ര്യത്തോടും സൗമ്യഭാവത്തോടും കൂടിയാണവർ പെരുമാറുന്നതെന്ന് ജനങ്ങൾക്ക് ബോധ്യമാകണം. രാജ്യനിവാസികൾക്ക് ആദരവും ശക്തിയും നേടിക്കൊടുക്കാനും വർദ്ധിച്ചതോതിൽ വിജയങ്ങളും യുദ്ധമുതലുകളും സമ്പാദിച്ചു കൊടുക്കാനും രാഷ്ട്രീയ വിസ്താരം കൂട്ടിക്കൊടുക്കാനും പുതിയ ഭരണകൂടത്തിനാണ് ഏറെ സാമർത്ഥ്യമുള്ളതെന്ന് ജനങ്ങൾ കണ്ടറിയണം. യഥാർത്ഥത്തിൽ ഇതു കൊണ്ടെല്ലാമുണ്ടാകുന്ന നേട്ടം ഇസ്ലാമിനു തന്നെയാണ്. ഇസ്ലാമിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും അതിനെക്കുറിച്ച് മതിപ്പു സൃഷ്ടിക്കുവാനും ഇതു സഹായകമാവുന്നതാണ്. കൂടാതെ പലക്ഷേത്രങ്ങളും ചർച്ചുകളും ഇന്നു പള്ളികളായിമാറിയിരിക്കുന്നു. അവിശ്വാസികളുടെ മണ്ണിൽ 'തക്ബീർ' നാദവും 'കലിമ'യുടെ ധ്വനികളും ഉയർന്നുകേൾക്കുന്ന എത്ര നഗരങ്ങളാണു പൊന്തിവന്നിരിക്കുന്നത്! എത്ര ഖജനാവുകളാണ് ബൈത്തുൽമാലായി പരിവർത്തിതമായിരിക്കുന്നത്! അതൊക്കെ സമ്പാദിച്ചുണ്ടാക്കിയതിന്റെ ന്യായാന്യായതകൾ ചികഞ്ഞുനോക്കിയാൽ പല സംശയങ്ങളും കാണും. അതെന്തുമാകട്ടെ, ഇസലാമിക രാഷ്ട്രത്തിന്റെ നിർദ്ദേശപ്രകാരമാണ് ഇന്നതൊക്കെ വ്യയം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. പല മുസ്ലിംകളും അതിൽ നിന്നുള്ള പ്രയോജനങ്ങൾ അനുഭവിച്ചു കഴിയുന്നുമുണ്ട്. അതിനെല്ലാം ഉപരിയായ ഈ വിജയങ്ങൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു തന്നു. ചെറുപ്പക്കാർക്കു ജോലിയും മുതിർന്നവർക്കു വരുമാനവും ഉദ്യോഗപദവിയുമൊക്കെ തദ്വാരാ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

'എന്തുവേണം?' എന്ന ചോദ്യത്തിനു മറുപടിയാണിത്രയും പറഞ്ഞുവന്നത്. .പ്രവാചക കാലഘട്ടത്തിലെ ആ തീവ്ര ഇസ്ലാമികചിന്തയൊക്കെ ഒന്നു കുറയ്ക്കണം. കാലം മാറിയിരിക്കുന്നു. ഇസ്ലാം മക്കയുടെയും മദീനയുടെയും അതിരു കടന്ന് ബഹുദൂരം സഞ്ചരിച്ചിരിക്കുന്നു. ബൈസാന്ത്യ മുതൽ ഇറാൻവരെ അതു വികസിച്ചിരിക്കുന്നു. അലിയുടെ സങ്കൽപ്പലോകത്തെ പ്രത്യയശാസ്ത്രവും ശുഷ്കിച്ചചിന്താഗതിയും നീതിയെ മാത്രം ആസ്പദമാക്കിയുള്ള നിയമങ്ങളും ആരെയും സ്വാധീനിക്കാൻ പോന്നതല്ലെന്നു കണ്ടു കഴിഞ്ഞില്ലേ? സ്വന്തം സഹോദരങ്ങൾ പോലും അദ്ധേഹത്തെ കൈവെടിഞ്ഞ് മുആവിയ്യയെ അന്വേഷിച്ച് പാഞ്ഞുപോയി. പിന്നെയുണ്ടോ കിസ്റായുടെയും ഖൈസറിന്റെയും ഭരണമാസ്വദിച്ച പേർഷ്യക്കാരെയും റോമക്കാരെയും അദ്ധേഹത്തിന് വഴങ്ങിക്കിട്ടുന്നു? അതൊക്കെ വെറും പൂതിയാണ്.

യാഥാർത്ഥത്തിന്റെ കണ്ണാടിയിലൂടെ പുതിയ ലോകത്തെയും അതിന്റെ നാഡീമിടിപ്പുകളെയും നോക്കിക്കാണുക. അപ്പോൾ അംഗീകരിക്കേണ്ടിവരും, അമവികളുടെ ഭരണം, രാഷ്ട്രീയം, ചിന്ത, സമ്പത്ത്, സൈനിക ശക്തി ഇതെല്ലാം സേവിക്കുന്നത് ഇസ്ലാമിനെ തന്നെയാണ്; ലോകത്ത് ഇസ്ലാമിന്റെ പ്രചാരത്തിനും പുരോഗതിക്കും വികാസത്തിനും വേണ്ടിയാണവർ പ്രവർത്തിക്കുന്നതെന്ന്; ഇസ്ലാമിന്റെ കീർത്തിക്കും ഖുർആനിന്റെയും പ്രവാചകാചര്യയുടെയും ഉയർച്ചക്കും വേണ്ടിയാണവർ ഇസ്ലാമേതര മതക്കാരോട് യുദ്ധം ചെയ്യുന്നത്. ഇസ്ലാമിക നാഗരികതയുടെ പുരോയാനം, മുസ്ലിംകളുടെ ജീവിത നിലവാരമുയർത്തൽ, സമൂഹത്തിനു സുസ്ഥിതി കൈവരുത്തൽ, സമ്പത്തുണ്ടാക്കിക്കൊടുക്കൽ, ലോകത്തു വളർച്ചപ്രാപിച്ച നാഗരികതയോടൊപ്പം മുസ്ലിം നാഗരികതയെ എത്തിക്കൽ ഈദൃശ പ്രവർത്തികളിൽ വ്യാപൃതരാണ് അമവികൾ.

എന്തുവേണമെന്നല്ലേ ചിന്തിക്കുന്നത്? പറയാം: അഭ്യന്തരയുദ്ധം, രാഷ്ട്രീയ സംഘർഷവും സംവാദവും തെറ്റും ശരിയും ന്യായവും അന്യായവും സംബന്ധിച്ച ചർച്ചകൾ, ഇമാമത്ത്, തെരഞ്ഞെടുപ്പും നാമനിർദ്ദേശവും മുതലായവ സംബന്ധിച്ച പാഴ്ചിന്തകൾ- ഇതൊക്കെ പാടേ നിർമ്മാർജ്ജനം ചെയ്യുക. പുണ്യം, ഭക്തി, ചാരിത്രം, ആചാരം, അനാചാരം ഈ വക ബുദ്ധിയെകുഴക്കുന്ന ആലോചനയും ചർച്ചയുമൊക്കെ വെറുതെയാണ്. ഒരു പ്രയോജനവും അതുകൊണ്ടൊന്നുമില്ല. ഭരണകൂടവുമായി അനുര

ജ്ഞനത്തിലാവുകയാണ് നമുക്ക് വേണ്ടത്. ഫലം എന്തായാലെന്താ? തോൽവിയും പല വട്ടം കണ്ടു തഴക്കം സിദ്ധിച്ചവരാണല്ലോ നമ്മൾ. മറ്റൊരു സംഗതിയുംകൂടി നാം കണക്കിലെടുക്കേണ്ടതാണ്. അമവീഖലീഫ ഒരു വിശുദ്ധയുദ്ധത്തിലേർപ്പെട്ടിരിക്കുകയാണിപ്പോൾ. റോമിൽ ക്രിസ്ത്യാനികൾക്കെതിരെ ഇറാനിൽ അഗ്നിപൂജകരായ മജൂസികൾക്കെതിരെ. അകത്ത് ഏതെങ്കിലും തരം അഭ്യന്തരകുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് ഇസ്ലാമിക ശക്തിയെ ബലഹീനമാക്കാനും തദ്വാരാ ശത്രുക്കൾക്ക് സഹായകമാകുവാനും മാത്രമേ ഇടവരുത്തൂ. ഈ ഒരൊറ്റ കാരണംകൊണ്ടു തന്നെ അഭ്യന്തരവഴക്ക് നിഷിദ്ധമാണെന്നുവരുന്നു.

വരൂ.........രാഷ്ട്രീയസമരങ്ങളോ ഏകാന്തവാസമോ നമുക്കു വേണ്ട. യാഥാർത്ഥ്യബോധത്തിന്റെ ചൈതന്യമുൾക്കൊണ്ട്, നിലനിൽക്കുന്ന പരമാർത്ഥങ്ങളെ അംഗീകരിച്ച്, ജനസേവനത്തിനും പൊതു നന്മക്കും കൂടുതലായി പ്രവർത്തിക്കാം. ഇസ്ലാമിന്റെ താൽപര്യത്തിനായി പ്രയത്നിക്കുന്ന അമവികൾക്ക് കൂടുതൽ കരുത്തു നൽകാം. ഭരണകൂടത്തിന്റെ തെറ്റുകൾ തിരുത്താൻ ആവുംവിധം ശ്രമിക്കാം. ഭരണകൂടത്തിനകത്തു കടന്നുകൂടാൻ സൗകര്യംപോലെ പദ്ധതികൾ ആസൂത്രണവും ചെയ്യാം.

പാവങ്ങളെ സേവിക്കാൻ, മർദ്ദിതരുടെ അവകാശം നേടിക്കൊടുക്കാൻ, സാമൂഹ്യകാര്യങ്ങളിൽ വല്ലതുമൊക്കെ ചെയ്യാൻ, ആവശ്യക്കാരനെ സഹായിക്കാൻ, മതപരമായ പ്രവർത്തനവും പ്രബോധനവും നിർവ്വഹിക്കാൻ, സമൂഹത്തെ സമുദ്ധരിക്കാൻ, കൂടുതൽ ദൂഷ്യങ്ങൾ ഉണ്ടായിത്തീരുന്നതിനെതിരെ പ്രതിരോധം സൃഷ്ടിക്കാൻ-ഇതിനൊക്കെ വേണം ഭരണകൂടത്തോട് ഒട്ടിച്ചേർന്നു നിൽക്കുക. ഭരണതലത്തിൽ ഉന്നത സ്ഥാനവും ഉദ്യോഗവും അലങ്കരിക്കുന്നവർക്കേ ഇത്തരം സംഗതികൾ ഫലപ്രദമായി ചെയ്യാനൊക്കൂ.

പണ്ഡിതന്മാരുടെയും സാഹിത്യകാരന്മാരുടെയും അറിയപ്പെടുന്നവരുടെയും വാദമിതാണ്: അലിയുടെ വിപ്ലവം പരാജയത്തിൽ കലാശിച്ചുവെന്ന് നാം കണ്ടു കഴിഞ്ഞു. ജനവിരുദ്ധവും ദൈവവിരുദ്ധവുമായ യഥാസ്ഥിതിക പിന്തിരിപ്പൻ ശക്തികൾക്കെതിരെ പിന്നെ വാളെടുത്തത് ഹസനാണ്. അദ്ധേഹമാകട്ടെ മുആവിയ്യയുമായി സന്ധിയിലേർപ്പെടാൻ നിർബന്ധിതനായി. അവസാനം അയാളുടെ ഗൂഢാലോചനയ്ക്കിരയായി മരണം വരിച്ചു. ഇനിയിപ്പോൾ ആരുണ്ട്? അതിനാൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. എല്ലാം വെറുതെയാണ്. ഇനി ഒന്നു മാത്രമേ ചെയ്യാനുള്ളൂ! മതകാര്യങ്ങളിൽ ശ്രദ്ധചെലുത്തുക. ദൈവീകവിജ്ഞാനീയങ്ങളും നീതിവ്യവസ്ഥകളും നിരീക്ഷണ-ഗവേഷണ-വിചിന്തനങ്ങൾക്ക് വിധേയമാക്കുക. അവയുടെ വ്യാപകമായ പ്രചാരത്തലൂടെ ജനങ്ങളെ ഉൽബുദ്ധരാക്കുക. ഖുർആന്നകത്ത് ഏതെല്ലാം തരത്തിലുള്ള ശാസ്ത്രസത്യങ്ങളും നിഗൂഢാർത്ഥങ്ങളും ഒളിഞ്ഞിരിപ്പുണ്ട്! അതൊക്കെ അന്വേഷിച്ച് കണ്ടെത്തേണ്ടത് നമ്മുടെ ബാധ്യതയാണ്.

ദൈവിക വിജ്ഞാനീയങ്ങളുടെ ആഴങ്ങളിലേക്ക് ഗവേഷണബുദ്ധിയോടെ ഇറങ്ങിച്ചെല്ലുക. പ്രകൃത്യതീത തത്വശാസ്ത്രം, ഖുർആനിലെ ആന്തരികസത്യങ്ങൾ, തത്വങ്ങൾ, അർത്ഥങ്ങൾ, സാഹിത്യം, പ്രതിപാദനരീതി, അലങ്കാരം, രൂപം, ക്രോഢീകരണം, അദ്ധ്യാപനം, ഹദീസുനിവേദനം, ചരിത്രം, മതപരിവർത്തനം, മതപരിത്യാഗം, പഠനം, പരിശീലനം, യുദ്ധങ്ങൾ, ഇസ്ലാമികനിയമസംഹിത, വചനശാസ്ത്രം- അങ്ങനെ എന്തൊക്കെ കാര്യങ്ങളാണ് നമുക്ക് ശ്രദ്ധിക്കാനും ചിന്തിക്കാനുമുള്ളത് !

മതവിജ്ഞാനങ്ങളുടെ ഗവേഷണ-നിരീക്ഷണകേന്ദ്രങ്ങളും പരിശീലന - പ്രചരണ സ്ഥാനങ്ങളും ഉടനെ തുടങ്ങുക. അതുവഴി ഇസ്ലാമിനെയും മുസ്ലിംകളെയും സേവിക്കുക-ചിന്താപരമായും വൈജ്ഞാനികമായും മാത്രം. രണ്ടാമതൊരു വിഷയത്തിലും ഇടപെടേണ്ട.

മഹാൽഭുതം തന്നെ അലി(അ)യുടെ പക്ഷത്തുണ്ടായിരുന്ന ബുദ്ധിജീവികൾക്കും അദ്ദേഹത്തിന്റെ കുടുംബത്തിൽപെട്ടവർക്കും നബികുടുംബത്തോട് ബന്ധമുള്ളവർക്കും

സംഗതികൾ പകൽ വെളിച്ചംപോലെ പച്ചയായറിയാം. എന്നിട്ടവരും ഹശിം കുടുംബവും 'എന്തു വേണം' എന്ന ചോദ്യത്തോട് 'ഒന്നുംവേണ്ട' എന്നാണു പ്രതികരിക്കുന്നത്. മുന്നോട്ടുള്ള ഏതൊരു കാൽവെയ്പ്പും പരാജയത്തിൽ കലാശിക്കുകയേയുള്ളുവെന്ന് എല്ലാവരും കണക്ക്കൂട്ടുന്നതാണ് കാരണം. 'കൈമുഷ്ടിയും കുന്തമുനയും തമ്മിലെ മല്ലയുദ്ധത്തിന്റെ' കഥയാണിത്. ഖഡ്ഗപാണിയുടെ മുമ്പിൽ വെറും കൈയോടെനിൽക്കുന്നത് അനുവദനിയമല്ലെന്നാണ് പ്രമാണം. അത്തരുണത്തിൽ ഏതോരു മനുഷ്യന്റെയും ഉത്തരവാദിത്വം ഉയർന്ന് പോകും. 'സ്വന്തം കൈകൊണ്ട് തന്നത്താൻ മരണത്തിലേക്ക് എടുത്തെറിയരുത്.'[58] ഖുർആനിന്റെ ശാസനയാണിത്. നിസ്സംശയം അവിശ്വാസത്തിനും അക്രമത്തിനുമാണ് അതുകോണ്ട് നേട്ടമുണ്ടാവുക. അത് ആത്മഹത്യാപരമാണ്. മറിച്ച് സ്വൈരമായി ഒരിടത്തിരുന്ന് മതാദ്ധ്യാപനത്തിലും ഖുർആൻ ക്ലാസുകളിലും ഹദീസുനിവേദനത്തിലും മതവിധികൾ വ്യാഖ്യാനിച്ച് കൊടുക്കുന്നതിലും മറ്റു പ്രബോധന-സംസ്ക്കരണ പ്രവർത്തനങ്ങളിലും ശ്രദ്ധ ചെലുത്തുകയാണങ്കിൽ അതല്ലേ സമൂഹത്തിനു പ്രയോജനം ചെയ്യുക.

രാജഭക്തർ, ശുദ്ധഗതിക്കാർ, പണ്ഡിതൻമാർ, ബുദ്ധിജീവികൾ, സത്യം ഗ്രഹിക്കുകയും സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളിൽ സ്വതന്ത്രവും വ്യക്തവുമായ നയങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്ന ശിയാക്കൾ പോലും ഒന്നൊഴിയാതെ ഹിജ്റ അറുപതാമാണ്ടിന്റെ ചോദ്യത്തിന് ഒരു പോലെയാണ് മറുപടി പറയുന്നത്:

"ഒന്നും വേണ്ട"

ഒരാൾ മാത്രം, ഒറ്റപ്പെട്ടമനുഷ്യൻ മാത്രം എഴുന്നേറ്റുനിന്നു പറയുന്നു:

"വേണം"

എന്താണീ 'വേണ'മെന്ന വാക്കിനർത്ഥം? ആ പ്രതികരണത്തിനു പിന്നിൽ സർവ്വഥാ നിസ്സഹായതയാണുള്ളത്. അന്ധകാരത്തിനും മൂകതയ്ക്കും നടുവിൽ ഒന്നിനും കഴിയാതെ നിൽക്കുന്ന ഒരു വ്യഥിതമാനത്തിന്റെ പൂർണ്ണ ദൗർബല്യം. നിഷ്ഠൂരമായ ഏകാധിപത്യത്തിന്റെയും മർദ്ദനത്തിന്റെയും ക്രൂരമുഖമാണു മുന്നിൽ. വിശ്വാസത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചത്തിൽ ഒരു മനുഷ്യൻമാത്രം ഈ ഇരുട്ടിനെതിരെ ജിഹാദ് ചെയ്യേണ്ട കർത്തവ്യം കണ്ടറിയുന്നു. ആ മനുഷ്യൻ ഇമാം ഹുസൈൻ(അ) ആണ്. അദ്ദേഹത്തിന്റേതാണ് പ്രസ്തുതവാക്ക്.

ഹുസൈന്റെ(അ) വാദമിതാണ് : "അതെ, നിസ്സഹായതയുടെയും കർത്തവ്യത്തിന്റെയും ലോകത്തും കർത്തവ്യമുണ്ട്."

അദ്ദേഹത്തിന്റെ വീക്ഷണത്തിൽ "ജീവിതം ആദർശവും സമരവുമാണ്".

അതിനാൽ ജീവനുള്ളകാലത്തോളം ആദർശത്തിനുവേണ്ടി യുദ്ധംചെയ്യണം.

ജീവിച്ചിരിക്കുന്നുവെന്നതു കൊണ്ടാണ് മനുഷ്യന്റെമേൽ ബാധ്യത വന്നുവീഴുന്നത്. കഴിവും ശേഷിയുമുള്ളവനായതുകൊണ്ടല്ല.

ഹുസൈൻ(അ)യെക്കാൾ വലിയ 'ജീവിച്ചിരിക്കുന്ന മനുഷ്യൻ' മറ്റാരുണ്ട്? ജീവിച്ചിരിക്കാൻ അർഹതയും യോഗ്യതയുമുള്ളതായി ഹുസൈനെപ്പോലെ മറ്റാരെയാണ് ചരിത്രത്തിന് പരിചയമുള്ളത്?

മനുഷ്യനാവുക, അറിവും ബോധവാനുമാവുക, സത്യവിശ്വാസിയാവുക, ജീവിച്ചിരിക്കുന്ന ഈ ഉപാദികളത്രയും തികഞ്ഞ ഒരു വ്യക്തിയെ ജിഹാദിന്റെ ബാധ്യത ഒരു സാഹചര്യത്തിലും വിട്ടൊഴിയുന്നതല്ല. ഹുസൈ(അ)ന്റെ സത്യവിശ്വാസത്താൽ പ്രദീപ്തവും ദിവ്യാനുരാഗവും ദിവ്യപ്രേമവും ആശ്ലേഷിച്ചലതല്ലുന്നതും ജ്ഞാനോൽബുദ്ധതയാൽ പ്രകാശിതവുമായ ഒരു വ്യക്തിത്വത്തിന്റെ ഉയർന്ന മാതൃകയാണ്. കഴിവും കവഴിവുകേടും ശക്തിയും ദൗർബല്യവും ഏകാന്തതയും ബാഹുല്യവും കർത്തവ്യനിർവ്വഹണത്തിന്റെ രൂപത്തിലും മാർഗ്ഗത്തിലും വ്യത്യാസം വരുത്തുമെന്നേയുള്ളൂ. ബാധ്യതനിർണ്ണയിച്ചു തരുന്ന അടിസ്ഥാനഘടകമല്ല അതൊന്നും.

യുദ്ധം ചെയ്യാൻ ഉൽക്കടമായ ഉൽസുകതയുണ്ട്. പക്ഷെ ആയുധമെവിടെ?..........ആയുധിമില്ലെങ്കിലും യുദ്ധം ചെയ്യേണ്ട ബാധ്യതയുണ്ട്. ഹുസൈൻ(അ) തന്റെ നിർണ്ണായകവിധി വീണ്ടും ആവർത്തിക്കുന്നു: "അതെ യുദ്ധം ചെയ്യണം". ഈ അഭിപ്രായം രണ്ടാമതൊരാൾക്കില്ല.

ഇത്തരമൊരു സാഹചര്യത്തിൽ പ്രസ്തുത ചോദ്യത്തിന് "അതെ" എന്നുത്തരം പറയുന്ന ഏക മനുഷ്യൻ.

"അതെ" അദ്ദേഹം വീണ്ടും ആവർത്തിച്ചു പറയുന്നു. ഒറ്റപ്പെട്ട ആ മനുഷ്യൻ!

മദീനവിട്ട്, സ്വന്തം വീട് വിട്ട് പുറത്തുവരുന്നു. മക്കയിലെത്തുന്നു. ഹജ്ജുവേളയിൽ, ജനങ്ങളുടെ ആസ്ഥാന ഭവനമായ കഅബയുടെ മടിയിൽനിന്നുകൊണ്ട് മറുപടി പറയുന്നു:

"അതെ"

മക്കയിൽ നിന്ന് ഹജ്ജ് കർമ്മങ്ങൾ മുഴുവനാക്കാതെ അതി വേഗം പുറപ്പെടുന്നു. കാലഘട്ടത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കാൻ 'എങ്ങനെ' എന്ന്.

## പന്ത്രണ്ട്

പ്രവാചകന്റെ വിയോഗാനന്തരം അമ്പത് വർഷം പിന്നിട്ടു. ഇത് ഹിജ്റാബ്ദം അറുപതാണ്. എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. അലി, ഹസൻ, അബൂദർറ്, അമ്മാർ എല്ലാം പോയിക്കഴിഞ്ഞു. രണ്ടാം തലമുറയിലാകട്ടെ ഹുജ്റും കൂട്ടുകാരും കൂട്ടത്തോടെ കൊലചെയ്യപ്പെട്ടു.

അതുകഴിഞ്ഞു "കഴുമരം പൊളിച്ചുനീക്കി, രക്തം കഴുകിക്കളഞ്ഞു."

ബുദ്ധിയും ആദർശവുമൊക്കെ നൈരാശ്യത്തിലാണ്. അന്ധകാരം, അധഃപതനം, വിനാശം, ഭയം, മൂകത എന്നിവ അവയെ പൊതിഞ്ഞിരിക്കയാണ്. സർവ്വത്ര ഇരുട്ട്!

അബൂ ഹുറൈറ, അബൂ മൂസ, ശുറൈഹ്,[59] അബുദ്ദർദാ എന്നിവരെപ്പോലെ ഇസ്‌ലാമിക വിപ്ലവത്തിന്റെ നല്ലകാലത്ത് ഉജ്ജ്വലമായി ശോഭിച്ചിരുന്ന മഹത് വ്യക്തിത്വങ്ങൾ പലരും അക്രമത്തിന്റെയും ക്രൂരതയുടെയും മലിന ഹസ്തങ്ങൾ പിടിച്ച് പ്രതിജ്ഞ ചെയതിരിക്കുകയാണ്. വയറുകൾ തടിച്ചു വീർത്തു. പുണ്യയുദ്ധങ്ങൾക്കായി ഉപയോഗിച്ചിരുന്ന ബലിഷ്ഠഹസ്തങ്ങളിന്ന് ആരാച്ചാരന്മാരുടെ കൈകളെ ഹസ്തദാനം ചെയ്യുകയും കൊലയാളികളെ കെട്ടിപ്പിടിക്കുകയും ചെയ്യുന്നു. അപമാനിതരും നീചരുമായ യസീദിനു ചുറ്റും കൂടിയിരിക്കുകയാണ് പല പ്രമുഖരും. ഖുറാസാൻ മുതൽ ഡമാസ്കസ്സ് വരെ ചുകന്ന ഖഡ്ഗങ്ങൾ സുരക്ഷിതത്വത്തിന്റെ തണൽ പാകിയിരിക്കുന്നു. വിപ്ലവകാരികൾ ചാണിലും മുഴത്തിലം പരാജിതരായി വീണുകിടക്കുന്ന കാഴ്ചയാണു ചുറ്റും.

വഞ്ചന അംഗീകാരം നേടി. രക്ഷവേണമെങ്കിൽ രംഗം വിടണം. രാജ്യമൊട്ടുക്കും നൈരാശ്യത്തിന്റെ ഭീകരവാഴ്ച................മരണം കോരിച്ചൊരിയുകയാണ്. പർശുകാസ്ഥി പഞ്ജരങ്ങൾക്കുള്ളിൽ വീർപ്പുകൾ കിടന്നു മുട്ടുകയാണ്.

ശവപ്പറമ്പിലെ മൂകത.
മൂങ്ങകളുടെ മൂളൽ പോലും കേടൾക്കാനില്ല.
വേദന സഹിക്കുന്നവർ വിലാപരോധനങ്ങൾ
തൊണ്ടയിൽ അടക്കിവെച്ചിരിക്കുകയാണ്
വൈരാഗ്യവും വിദ്വേഷവും തിളച്ചുമറിയുന്നവരും
തണുത്തുറഞ്ഞുപോയി.മിണ്ടാട്ടം മുട്ടിപ്പോയി.
ഒരിക്കൽ ആകാശം ഇടിച്ചുതകർക്കാൻ
കരുത്തോടെ ചുരുട്ടിപ്പിടിച്ച മുഷ്ടികൾ
ഇന്നിതാ തുറന്നു കിടക്കുന്നു!
അപമാനവും നിന്ദ്യതയുമാണ്
ഇന്നവക്കിഷ്ടം!
നാരിമാരുടെ  ഉള്ളംകൈകണക്കെ
കുഴഞ്ഞ്കിടക്കുന്നു അവ!
പിച്ചക്കാരന്റെ തളികപോലെ
മലർക്കെ തുറന്ന് കിടക്കുന്നു!
ജനവാസമുണ്ട്, പക്ഷെ,
ശവപ്പറമ്പുപോലെ നിശ്ചലവും
ഭീകരവുമാണിവിടെ
കഴുമരങ്ങൾ എടുത്തു മാറ്റി
രക്തം കഴുകി വൃത്തിയാക്കിയിരിക്കുന്നു.
ഫലദായകങ്ങളായ കൂറ്റൻ തരുനിരകൾ വേണ്ടിടത്ത്
പുല്ലും പാഴ്ച്ചെടികളും
വിളയുകയാണ്.
എന്തിനീ ദുർബലൻമാർ ബാക്കിയായി
എന്നതിലാണമർഷം![60]

കാലം കാത്തിരിക്കുന്നു: ഒരൊറ്റ വ്യക്തിയെ. ഏതും ഏവരും ഒരാളെയാണ് കാത്തുകഴിയുന്നത്. അസ്തപ്രായമായ ജീവിത മൂല്യങ്ങളുടെ നിദർശനമായ വ്യക്തിത്വത്തെ. ആരാരുമില്ലാതെ, എല്ലാവരും കൈയൊഴിച്ച തത്വങ്ങളുടെ സാക്ഷാത്കാരവും അവയുടെ ജീവിക്കുന്ന മൂർത്തീമൽഭാവവുമായ ഒരു വ്യക്തിത്വത്തെ. കാവൽക്കാരും സംരക്ഷകരും ഇട്ടെറിഞ്ഞു ശത്രുസേവക്കിറങ്ങിപ്പോയതിനാൽ അനാഥമായിത്തീർന്ന വിശ്വാസ സംഹിതയുടെ തിളങ്ങുന്ന പ്രതിഭാസമായി പ്രത്യക്ഷപ്പെടുന്ന ഒരു വ്യക്തിത്വത്തെ.

ആ അപൂർവ്വ വ്യത്കിത്വം എന്താണുചെയ്യാൻ പോകുന്നതെന്ന് ഉറ്റുനോക്കുകയാണ്-കാലം.

ചിലപ്പോൾ ഇങ്ങനെയും സംഭവിക്കൽ ചരിത്രത്തിന്റെ സ്വഭാവത്തിൽപെട്ടതായിരിക്കാം. ഹിജ്റാബ്ദം അറുപതാണ്. സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സ്ഥാപകനായ ജനങ്ങളുടെ പ്രവാചകൻ ദിവിംഗതനായിട്ടു കൊല്ലാം അമ്പതു തികഞ്ഞു. ആ വിപ്ലവത്തിന്റെ ഫലങ്ങൾ ഒന്നൊന്നായി വഴുതിപ്പോയി. ഹതാശരാണ് ജനങ്ങൾ. അവരുടെ വിശ്വാസവും.

ഇസ്ലാമിന്റെ ഉദയത്തോടെ അസ്തമിച്ചുപോയ ദുഷ്പ്രഭുത്വം വീണ്ടും ഉയർത്തെഴുന്നേറ്റു കഴിഞ്ഞ ഈ ഇരുണ്ട യുഗത്തിലും അധികാരശക്തിയുടെ വേഷം ഭക്തിയുടേയും പരിശുദ്ധിയുടേതുമാണ്. ധനപ്രമത്തതയുടെയും ഭരണാധികാരത്തിന്റെയും ഹുങ്ക് അവസാനിപ്പിച്ച് തൽസ്ഥാനത്ത് സമത്വബോധവും സ്വാതന്ത്ര്യചിന്തയുമാണ് ഇസ്ലാം മനുഷ്യമനസ്സുകളിൽ നട്ടുപിടിപ്പിച്ചത്. അതെല്ലാം ഉണങ്ങിപ്പോയി. ഇസ്ലാമിന്റെ സർവ്വലൗകിക-മാനു

ഷികവിപ്ലവത്തെ ദേശഭക്തി വിഴുങ്ങിയിരിക്കുന്നു. സത്യസന്ധതയുടെ 'വേദ പുസ്തകം' വഞ്ചനയുടെ 'കുന്ത'ത്തിലാണ് തുളഞ്ഞുകയറിയിരിക്കുന്നത്. പള്ളിമിനാരങ്ങളിലെ കണ്ഠങ്ങളിൽ നിന്ന് കാതിൽവന്നലയ്ക്കുന്നത് 'ശിർക്കിന്റെ ബാങ്കൊലി'കളാണ്. 'സാമിരി[61]യുടെ സ്വർണക്കന്ന്' തൗഹീദിന്റെ മുക്രയിടുന്നു. നംറൂദ് [62] ഇബ്രാഹീമിന്റെ കുപ്പായമണിഞ്ഞു. ദൈവദൂതന്റെ തലപ്പാവ് സീസറുടെ തലയിലാണ്. പുണ്യയുദ്ധങ്ങളിലുപയോഗിച്ച വാളുകൾ ആരാച്ചാരുമാരുടെ കൈകളിലാണ് തിളങ്ങുന്നത്. ഈമാൻ കുഫ്റിന്റെ 'മരുന്നുപീടിക'യിലെ മയക്കുമരുന്നാണ്. മുസ്‌ലിം യോദ്ധാക്കളുടെ പ്രയത്നങ്ങൾ മണ്ണടിഞ്ഞു. കപടൻമാരുടെ മുമ്പിൽ ഖജനാവുകൾ മലർക്കെ തുറക്കപ്പെട്ടു.

ജിഹാദ് എന്നാൽ കൂട്ടക്കൊല, സക്കാത്ത് കൊള്ളയടി, നമസ്കാരം വഞ്ചന, തൗഹീദാകട്ടെ ശിർക്കിന്റെ മുഖംമൂടി, ഇസ്‌ലാമെന്നാൽ ജനങ്ങളെ പിടിച്ചുകെട്ടാനുള്ള ചങ്ങല, പ്രവാചകചര്യ ഭരണകൂടത്തിനു നിലനിൽക്കാനുള്ള ഏണി, ഖുർആൻ ജാഹിലിയ്യത്തിന്റെ പ്രകടനം, നബിവചനങ്ങൾ വഞ്ചനക്കു വേണ്ടി മാത്രം. ഖഡ്ഗങ്ങൾ കഴുത്തിനുനേരെ ഓങ്ങിനിൽക്കുന്നു. പഴയ അടിമത്തത്തിന്റെ തിരിച്ചുവരവ്! സ്വാതന്ത്ര്യംഎന്നെന്നേക്കുമായി ചങ്ങലയ്ക്കിടപ്പെട്ടു. ചിന്തകൾ ജയിലറകൾക്കകത്ത് നിശ്ശബ്ദം കഴിയുകയാണ്. ജനങ്ങളെല്ലാം കീഴടങ്ങിക്കഴിഞ്ഞു. പൗരുഷമുള്ളവരൊക്കെ ബന്ധനസ്ഥരായി. "കുറുക്കന്മാർ രംഗത്തു സജീവമായി. ചെന്നായ്ക്കൾ കൂട്ടിനകത്തു തീറ്റകൊടുത്തു വളർത്തപ്പെടുന്നു". നാവുകൾ സ്വർണ്ണം കൊടുത്തുവാങ്ങുന്നു. അതല്ലെങ്കിൽ ബലാൽക്കാരം തുന്നിക്കൂട്ടുന്നു. അതുമല്ലെങ്കിൽ അരിഞ്ഞു വീഴ്ത്തപ്പെടുന്നു.

വിശ്വാസവും ആദർശസമരവും മുഖേന മഹാന്മാരായിത്തീരുകയും ഇസ്‌ലാമിക വിപ്ലവത്തിന്റെ ഉന്നതസ്ഥാനം കരസ്ഥമാക്കുകയും ചെയ്തിരുന്ന പലരും വളരെ തുച്ഛമായ വിലയ്ക്കാണ് അവനവന്റെ അന്തസ്സും അഭിമാനവുമൊക്കെവിൽക്കുന്നത്; നിസ്സാരമായ ഗവർണർപദവിക്കും മറ്റും പകരമായി. അതല്ലെങ്കിൽ ഉത്തരവാദിത്തത്തിൽനിന്ന് കഴുത്തൂരി രംഗംവിട്ടോടുകയും വിപ്ലവസാഹസത്തിൽ നിന്നൊഴിഞ്ഞുമാറി ആരാധനാലയങ്ങളുടെ സ്വൈര്യവും സുരക്ഷിതവും പരിശുദ്ധവുമായ മൂലകളിലേക്ക് രക്ഷപ്പെടുകയാണവർ. കുഫ്റിന് കീഴടങ്ങുകയും ആക്രമത്തിനെതിരെ നിശ്ശബ്ദത പാലിക്കുകയുമാണ്; ആരോഗ്യത്തിനും മാന്യതക്കും കേടുപറ്റാതിരിക്കാൻ വേണ്ടി. ധീരൻമാരായ ആദർശശാലികളാകട്ടെ, റബ്ദാമണൽക്കാടുകളിലോ അദ്റാ പുൽമേടുകളിലോ വെച്ച് കാലയവനികയ്ക്കുള്ളിലേക്ക് തള്ളപ്പെടുകയും ചെയ്തു.

ഇപ്പോൾ ദീനും ദുനിയാവും അക്രമത്തിന്റെയും അവിശ്വാസത്തിന്റെയും താളത്തിനൊത്താണ് തുള്ളുന്നത്. വാളുകൾ പൊട്ടിപ്പോയി. പിരടികൾ ഛേദിക്കപ്പെട്ടു. "കഴുമരം എടുത്തുമാറ്റി; രക്തം കഴുകിത്തുടച്ചു". വിപ്ലവത്തിന്റെ തരംഗങ്ങൾ, പ്രതിഷേധത്തിന്റെ ആക്രോശങ്ങൾ, ധിക്കാരത്തിന്റെ തീജ്വാലകൾ- എല്ലാം കെട്ടടങ്ങി. അലതല്ലിയിരുന്ന ആവേശങ്ങളും അടങ്ങിയിരിക്കാത്ത ഉൽസാഹങ്ങളുമെല്ലാം ആലിപ്പഴംപോലെയായി. രക്തസാക്ഷികളുടെ ശവകുടീരങ്ങളും ജീവിച്ചിരിക്കുന്നവരുടെ ശ്മശാനമൂകമായ പ്രദേശങ്ങളിലും ഒരുപേലെ ഭീകരവും കരാളവുമായകാളരാത്രി കുടിപ്പാർക്കുകയാണ്. മുറിഞ്ഞുവീണ വിശ്വാസത്തിന്റെയും ഇടിഞ്ഞുപൊളിഞ്ഞ പ്രത്യാശയുടെയും മരവിച്ച മേഖലകളിൽ ഒരു 'മൂങ്ങയുടെ ശബ്ദം പോലും കേൾക്കാതായി'.

പുതിയ ജാഹിലിയ്യത് പഴയതിനേക്കാൾ ഇരുണ്ടതും നിഷ്ഠൂരവും ക്രൂരവുമാണ്. മുമ്പത്തേക്കാൾ പതിന്മടങ്ങ് ഉണർവ്വും ഉശിരുമുള്ളതാണ് പുതിയ ശത്രു. ജേതാവും തന്ത്രശാലിയും അനുഭവപരിജ്ഞാനവും ബുദ്ധിമാന്മാരുടെ എണ്ണസംഖ്യയും ഇസ്‌ലാമികവിപ്ലവത്തിന്റെ ആദ്യകാലത്തെ അപേക്ഷിച്ച് വളരെ ഇരട്ടികളുള്ളതുമാണ്. അതിനാൽ ഏതു വിപ്ലവത്തിന്റെയും അന്ത്യം പരാജയം; മരണം. മറിച്ചു പ്രതീക്ഷിക്കുകയേ വേണ്ട.

## പതിമൂന്ന്

..........പെട്ടെന്ന്, ഭയങ്കരമായ കൂരിരുട്ടിനിടയിൽ പ്രതീക്ഷയുടെ ഒരു പ്രഭാകിരണം..........ഭീകരമായ നിശ്ശബ്ധതയ്ക്കിടയിൽ ഒരു ഭഞ്ജനം...................ഒരു രക്തസാക്ഷി ഭൂമുഖത്തുകൂടി നടന്നുപോകുന്നു. അന്ധകാരത്തിന്റെ അഗാധതയിൽ നിന്ന്, വിനാശത്തിന്റെ മണിമുഴക്കങ്ങൾക്കിടയിൽ, നൈരാശ്യത്തിന്റെ കയങ്ങളിൽനിന്ന് പ്രതീക്ഷയുടെ ഉജ്വലവും ശക്തവുമായ ഒരു മുഖം പ്രത്യക്ഷപ്പെടുന്നു.

ഫാത്വിമ(അ)യുടെ വിഷാദമൂകമായ ഭവനത്തിൽ നിന്ന്- മുഴുവൻ ചരിത്രത്തേക്കാളും മഹത്വമേറിയ ആ കൊച്ചു കുടിലിൽ നിന്ന് -ഒരാൾ വെളിപ്പെടുന്നു - വിഷണ്ണനായി; ദൃഢനിശ്ചയത്തോടെ; ക്രൂരതയുടെയും അക്രമത്തിന്റെയും മുഴുവൻ കോട്ടകൾക്കുമെതിരെ ഒറ്റക്കുപൊരുതാൻ മാത്രം മന:ശക്തിയോടെ; രണോൽസുകനായി; തിളച്ചുമറിയുന്ന അഗ്നിപർവ്വം ഉള്ളിലൊതുക്കി വെച്ചിട്ടുള്ള മലയുടെ കൊടുമുടിപോലെ..........ആദ് ജനതക്കെതിരെ ദൈവമയച്ച അലറിവരുന്ന കൊടുങ്കാറ്റു പോലെ..............

ഇത്തരമൊരു മനുഷ്യൻ ഫാത്വിമാ(അ)യുടെ ഗൃഹത്തിൽനിന്ന് പുറത്തുവരുന്നു. അദ്ദേഹം ചുറ്റുപാടും കണ്ണയയ്ക്കുന്നു; മദീനയെ വീക്ഷിക്കുന്നു; പ്രവാചകന്റെ(സ) പള്ളിയുടെ നേരെ ദൃഷ്ടി പായിക്കുന്നു; ദൈവദൂതനായ ഇബ്രാഹിമി(അ)ന്റെ മക്കാപട്ടണം ശ്രദ്ധിക്കുന്നു; നിംറൂദിന്റെ കൈയിലകപ്പെട്ട ഇബ്രഹിമി(അ) ന്റെ കഅബ, ഇസ്ലാം, മുഹമ്മദീയ സന്ദേശം, ഡമാസ്ക്കസിലെ ഹരിതകൊട്ടാരം, വിശന്നുപൊരിയുന്ന വയറുകൾ, അടിമച്ചങ്ങലകളിൽ കെട്ടുപിണഞ്ഞ മനുഷ്യർ ഇതെല്ലാം ആ മനുഷ്യന്റെ കണ്ണിൽപ്പെടുന്നു
.

ഫാത്വിമ(അ)യുടെ ഗൃഹത്തിൽനിന്ന് ഒരു മനുഷ്യൻ പുറത്തുവരുന്നു. മുഴുവൻ ഉത്തരവാദിത്വങ്ങളുടെയും ഭാരം അദ്ദേഹത്തിന്റെ സ്കന്ധങ്ങളിലാണ്. മാനവരാശിയുടെ എല്ലായാതനകളുടെയും അനന്തരാവകാശിയാണദ്ദേഹം. ആദമി(അ)ന്റെ, ഇബ്രാഹീമി(അ)ന്റെ, മുഹമ്മദ് നബി(സ)യുടെ-ജീവിച്ചിരിപ്പുള്ള ഏക അനന്തരാവകാശി. ഒറ്റപ്പെട്ട ആ മനുഷ്യൻ! അല്ല, ഒരു വനിതാരത്നവും കൂടി ഫാത്വിമ(അ)യുടെ ഗൃഹത്തിൽ നിന്ന് എഴുന്നേറ്റു വരുന്നു. ആ മനുഷ്യനെ കാലടി തോറും അനുഗമിക്കുന്നു. സഹോദരന്റെ താങ്ങാനാവാത്ത ചുമട് പകുതി വാങ്ങി തന്റെ ചുമലിൽ വഹിക്കുന്നു.

ഒരു മനുഷ്യൻ ഫാത്വിമ(അ)യുടെ ഗൃഹത്തിനു പുറത്തുവരുന്നു. ഏകൻ, ശൂന്യഹസ്തൻ, ഒറ്റപ്പെട്ട തടി..........ഇരുട്ടിനെ, ഭീകരതയെ, ഖഡ്കത്തെ നേരിടാൻ വരുന്നു. ഇവയെ മുഴുവനും നേരിടാൻ അദ്ദേഹത്തിന്റെ കൈയിൽ ആകെക്കൂടി ഒരേയൊരു ആയുധമാണുള്ളത്: മരണം............പക്ഷെ അദ്ദേഹം ജീവിതത്തിന്റെ പാഠശാലയിൽ വെച്ച് മരണമെന്ന മനോഹര കല ഏറ്റവും നന്നായി അഭ്യസിച്ച കുടുംബത്തിൽ പിറന്ന സന്തതിയാണ്.

എങ്ങനെയാണു മരിക്കേണ്ടതെന്നു അദ്ദേഹത്തെപ്പോലെ ഉലകത്തിൽ മറ്റാർക്കും അറിയില്ല. ലോകം ഭരിക്കുന്ന അദ്ദേഹത്തിന്റെ എതിരാളിക്കു പക്ഷെ ഇതറിയില്ല. ശത്രുവിന്റെ സൈനികബലവും ആയുധബലവും അറിയാമായിരുന്നിട്ടും പൂർണ്ണമായ ആത്മവിശ്വാസത്തോടും മനോദാർഢ്യത്തോടും മുന്നോട്ടായാൻ ഈ ഏകനായ 'ഹീറോ'വിനു സാധിച്ചതും അതു കൊണ്ടുതന്നെയാണ്. യാതൊരു ശങ്കയും കൂടാതെ അദ്ദേഹം പാദങ്ങൾ മുന്നോട്ടു ചലിപ്പിക്കുന്നു.

ശഹാദത്തിന്റെ മഹാനായ ആചാര്യനിതാ എഴുന്നേറ്റിരിക്കുന്നു. ശക്തിയും സാധ്യതയുമുള്ളപ്പോഴേ ജിഹാദ് ബാധ്യതയുള്ളൂവെന്ന് ധരിച്ചുവെച്ചിട്ടുള്ളവരെയും കീഴടക്കലും ജയിച്ചടക്കലും മാത്രമാണ് ശത്രുവിനെതിരെ വിജയമെന്നു മനസ്സിലാക്കിയിട്ടുള്ളവരെയും അദ്ദേഹം പഠിപ്പിക്കാൻ പോവുകയാണ്- 'ശഹാദത്ത്' ഒരു നഷ്ടക്കച്ചവടമല്ല, അതൊരു സ്വയം വരമാണ് എന്ന്. സ്വാതന്ത്ര്യമാകുന്ന ക്ഷേത്രത്തിന്റെ കട്ടിലപ്പടിയിൽ സ്വയം സമർപ്പിക്കുകയാണ് ഒരു യോദ്ധാവ് അതു വഴി ചെയ്യുന്നത്. അലൗകികമായ അനുരാഗ

ത്തിന്റെയും തുടർന്നുള്ള വിജയങ്ങളുടെയും അൾത്താരയിൽ സ്വയം ബലിയർപ്പിക്കുകയാണയാൾ.

ഹുസൈൻ(അ)- മനുഷ്യമക്കൾക്ക് ജന്മം നൽകിയ ആദമി(അ)ന്റെ അനന്തരാവകാശി, മാനവരാശിക്ക് ജീവിതം പഠിപ്പിച്ച പ്രവാചകൻമാരുടെ പിൻഗാമി-ഇപ്പോൾ രംഗത്തു വന്നിരിക്കുകയാണ്; മനുഷ്യവർഗത്തിന് എങ്ങനെ മരിക്കണമെന്ന് പഠിപ്പിച്ചുകൊടുക്കാൻ വേണ്ടി.

ഉപ്പൂറ്റികൾതമ്മിലുരസി മരിക്കുന്നത് താണതരം മനുഷ്യരുടെ ഭാഗ്യദോഷത്തിന്റെ അടയാളമാണ്. ജീവിക്കാൻ വേണ്ടി എല്ലാ മാനക്കേടുകളും അത്തരക്കാർ സഹിക്കുന്നു. "രക്തസാക്ഷ്യം തെരഞ്ഞെടുക്കാൻ ധൈര്യപ്പെടാത്തവനെ മരണം തെരഞ്ഞെടുക്കുന്നു".

## പതിനാല്

രക്തസാക്ഷിയെന്നു പരിഭാഷപ്പെടുത്താറുള്ള 'ശഹീദ്' എന്ന പദം വളരെ അർത്ഥമുള്ളതും ഞാനുദ്ദേശിക്കുന്ന ആശയങ്ങളത്രയും ഉൾക്കൊള്ളാൻ പര്യാപ്തവുമാണ്. സന്നിഹിതൻ, സാക്ഷ്യം വഹിക്കുന്നവൻ, തെളിവ് എന്നൊക്കെയാണ് അതിന്റെ ഭാഷാർത്ഥം. വിശ്വസ്തൻ, സത്യസന്ധമായി വിവരം നൽകുന്നവൻ, ജ്ഞാനി, ഇന്ദ്രിയ ഗോചരമായത്, അനുഭവിച്ചറിയാവുന്നത് എന്നീ അർത്ഥങ്ങളും ആ വാക്കിനുണ്ട്. കൂടാതെ ശ്രദ്ധേയമായ വ്യക്തിത്വം, മാതൃക, ഉദാഹരണം, ദൃഷ്ടാന്തം എന്നിങ്ങനെയും പ്രസ്തുത അറബി പദത്തിന് അർത്ഥം കൽപ്പിക്കാറുണ്ട്.

ശഹാദത്ത്-ഉയിർത്തെഴുന്നേറ്റ് സാക്ഷ്യം വഹിക്കുക-അഹിതമെങ്കിലും അടിച്ചേൽപ്പിക്കപ്പെടുന്നതും രക്തമയവും യാദൃശ്ചികവുമായ ഒരു അത്യാഹിതമായല്ല നമ്മുടെ മതവും സംസ്കാരവും അതിനെ കാണുന്നത്. വലിയ വലിയ രണശൂരന്മാരും ധൈര്യശാലികളും യാദൃശ്ചയാ ശത്രുവിന്റെ കൈയാൽ കൊല്ലപ്പെടുക എന്നാണ് ഇതരമതക്കാരുടെയും ജനവിഭാഗങ്ങളുടെയും ഇടയിൽ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള സങ്കൽപ്പം. ദുഃഖകരമായ ഒരു അത്യാഹിതമായും കനത്ത നഷ്ടമായും അവരതിനെ കാണക്കാക്കുന്നു.

നമ്മുടെ സംസ്കാരത്തിന്റെ ഭാഷയിൽ ശത്രു ഏൽപ്പിക്കുന്ന ജീവഹാനിയല്ല ശഹാദത്ത്; തികഞ്ഞ ബോധത്തോടും ഉള്ളിൽ തട്ടിയ അഭിലാഷത്തോടും തത്വശാസ്ത്രപരമായ ഉൾക്കാഴ്ചയോടും കൂടിയ ഒരു യോദ്ധാവ് തെരഞ്ഞെടുക്കുന്നതും സ്വയം വരിക്കുന്നതുമായ മരണമാണത്. രക്തസാക്ഷിത്വത്തിന്റെ ഉജ്വല പ്രതീകമായ ആശൂറാപ്രസ്ഥാനം വെറുമൊരു "കരച്ചിൽ പ്രസാഥാനമായി" വഴി തെറ്റിക്കപ്പെട്ടിരിക്കുന്നത് എന്തൊരു ദൗർഭാഗ്യം! യാതൊന്നും ചിന്തിക്കുകയോ ഗ്രഹിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാതെ നാമതോർത്ത് കരയുകയാണിന്ന്.

'ആശൂറാ'യുടെ ഏറ്റവും ഉജ്വലമായ വശം ഇസ്ലാമിക ചരിത്രത്തിൽ അത് ചെലുത്തിയ രാഷ്ട്രീയവും സാമൂഹികവും ബുദ്ധിപരവുമായ സമീപനമാണ്. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഇന്നതിന്റെ ഏറ്റവുമേറെ തമസ്കരിക്കപ്പെട്ടിട്ടുള്ള വശവും അതുതന്നെ. ആ സ്വാധീനത്തെക്കുറിച്ച് കുറച്ചോ കൂടുതലോ പരിശോധിച്ചിട്ടുള്ള പണ്ഡിതന്മാരാകട്ടെ, അതിനെ ശിയാ ചരിത്രത്തിന്റെ ഭാഗമാക്കി ചുരുക്കുകയും ശിയാക്കൾ നേടിയ സാമൂഹ്യ വിപ്ലവപരിവർത്തനങ്ങളുടെ ഉദാഹരണമായെണ്ണുകയാണ് ചെയ്തത്. വാസ്തവത്തിൽ ഇസ്ലാമിന്റെ കഴിഞ്ഞ പതിനാല് നൂറ്റാണ്ട് കാലത്തെ സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തിലേക്ക് പതിച്ച ശക്തിയേറിയ ഒരു പ്രഹരമായിരുന്നു ആശൂറ. ഭരണവർഗ്ഗത്തിന്റെ ദുർമുഖം അതിന്റെ ആദർശവും മുദ്രാവാക്യവും വേഷഭൂഷകളും പ്രശ്നമാക്കാതെ ഇസ്ലാമിക സമൂഹത്തിന്റെ മുമ്പാകെ അത് തുറന്നുകാട്ടി. വിശ്വാസവും സദാചാരബോധവുമുള്ള ഇസ്ലാമികവ്യക്തിത്വങ്ങളും പണ്ഡിതന്മാരും ഭരണകൂടങ്ങളോട് തങ്ങൾക്കടുപ്പമുണ്ടായിപ്പോകുന്നതിനെതിരിൽ ജാഗ്രതപാലിക്കുന്ന ഒരവസ്ഥസംജാതമാക്കി അത്. ആ ഭരണകൂടങ്ങൾ ഇസ്ലാമിന്റെ ലേബലിൽ അറിയപ്പെട്ടതുകൊണ്ടോ ഭരണാധികാരി പ്രവാചകന്റെ(സ) ഉത്തരാധികാരി(ഖലീഫത്തുർറസൂൽ)യായി പരിചപ്പെടുത്തുകയും

ഹജ്ജിനും ജിഹാദിനും പോവുകയും ചെയ്തതു കൊണ്ടോ ഒന്നും അവർ അവയുമായ ടുക്കാൻ കൂട്ടാക്കിയില്ല. പണ്ഡിതന്മാരും ഫഖീഹുകളുമടങ്ങുന്ന അത്തരം വ്യക്തിത്വ ങ്ങൾ "ഖലീഫ"യെ നിയമാനുസൃത ഭരണാധികാരിയായി അംഘീകരിക്കുന്ന സുന്നീ വിഭാഗത്തിൽപ്പെട്ടവരായിട്ടും ഇതു സംഭവിച്ചു. ഖിലാഫത്തെന്ന് സ്വയം വിളിക്കുന്ന തുൾപ്പെടെയുള്ള സകല ഗവൺമെന്റുകളുടെയും നെറ്റിത്തടത്തിൽ ഹുസൈൻ(അ) പതി പ്പിച്ച അയോഗ്യതാ പത്രം മനപ്പൂർവ്വമോ അല്ലാതെയോ വായിക്കാൻ മാത്രം മുസ്ലിം സമൂ ഹങ്ങളുടെ ഹിതത്തെയും മനസ്സാക്ഷിയെയും സദാചാരബോധത്തെയും ചരിത്രത്തിൽ അഗാധമായി സ്വാധീനിച്ച ഒരു ശക്തിയേറിയ പ്രഹരമായിരുന്നു ആശൂറാ എന്നതിനാലാ യിരുന്നു ഇത്. ഈ അയോഗ്യതാ മുദ്ര ഗവൺമെന്റിനും ജനതയ്ക്കുമിടയിൽ ധ്രുവീകര ണമുണ്ടാക്കിയ ഭരണവർഗങ്ങളുടെ വഞ്ചനാപരമായ രാഷ്ട്രീയ അടിത്തറയെ അപകട പ്പെടുത്തുകമാത്രമല്ല ചെയ്തത്. അതൊരു ചെറുത്തുനിൽപ്പിന്റെ അനൗദ്യോകിക പാരമ്പ ര്യത്തിന് തുടക്കം കുറിക്കുക കൂടിചെയ്തു. ജനങ്ങളുടെ സാമൂഹ്യ പാരമ്പര്യ മായിത്തീർന്നു പിന്നീടത്.

ശിയാക്കൾ, അവരുടെ ഇമാമുകൾ, നേതാക്കൾ എന്നിവരുടെയും വിട്ടുനിൽപ്പ് പ്രസിദ്ധ മാണ്. എന്നാൽ ഇസ്ലാമിക ചരിത്രത്തിനുമേൽ രക്തസാക്ഷ്യത്തിന് എത്രത്തോളം സ്വാധീനം ചെലുത്താനായി എന്ന് കാണിച്ചു തരുന്നതാണ് അമവി, അബ്ബാസി വംശവാ ഴ്ചകളുടെ നേരെ സുന്നി ഇമാമുകൾ കൈകൊണ്ട വിട്ടുവീഴ്ചയില്ലാത്ത എതിർ നിലപാട്. ഖിലാഫത്ത് ഭരണത്തിന്റെ പിന്തുണയും ആദരവും മഹത്വവൽക്കരണവും അവർ അനുഭ വിച്ചിരുന്നു. എന്നിട്ടുകൂടി അതിനോടുള്ള അവരുടെ നിലപാട് വിരുദ്ധമായിരുന്നു. ശിയാ ഇമാമുകൾക്കാകട്ടെ, സ്വാതന്ത്ര്യവും സ്വാധീനവും അവസരങ്ങളും നിഷേധിക്കപ്പെടുക യാണ് ചെയ്തിരുന്നത്.[64]

അമവി കാലഘട്ടത്തിന്റെ ഒടുവിൽ ഇറാഖ് ഗവർണായിരുന്ന ഇബ്നു ഹുബൈറ സുന്നി കളുടെ ഏറ്റവും വലിയ ഇമാമായ(ഇമ്മുൽ അഅ്ളം) അബുഹനീഫയെ (ഹി.150-ൽ മര ണം) ജഡ്ജിയുടെ പദവി സ്വീകരിക്കാൻ ക്ഷണിച്ചു. അദ്ദേഹമത് ശക്തിയായി നിരസിക്കു കയാണ് ചെയ്തത്. അബുഹനീഫ മതപരമായും വൈജ്ഞാനികമായും ഉന്നതസ്ഥാനിയ നായിരുന്നിട്ടും: ഇബ്നു ഹുബൈറ ഇതിന്റെ പേരിൽ അദ്ധേഹത്തെ കഠിനമായി പ്രഹരി ക്കുകയും പീഡിപ്പികുകയും ചെയ്തു. പിന്നീട് അബ്ബാസികൾ അധികാരത്തിലേറിയ ശേഷം മൻസൂർ അബുഹനീഫയെ ഇസ്ലാമിക സാമ്രാജ്യത്തിന്റെ ചീഫ് ജസ്റ്റിസകാൻ ക്ഷണിച്ചു. പക്ഷെ അബുഹനീഫ സമ്മതിച്ചില്ല. തുടർന്ന് മൻസൂർ അദ്ധേഹത്തെ കാരാഗൃ ഹത്തിലടച്ചു. അതിനുള്ളിൽ കിടന്ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

മാലിക് മദ്ഹബിന്റെ ഇമാമായ മാലികിബ്നു അനസിന് ഇമാംജഅഫർ സാദിഖിനില്ലാത്ത സ്ഥാനം ഖലീഫയുടെയടുത്തുണ്ടായിരുന്നു. എന്നാൽ ഭരണകൂടത്തോട് പ്രതിഷേധിച്ച തിന്റെ പേരിൽ- "ആർക്കും ജനങ്ങളെ ബലാൽക്കാരം ഭരിച്ചുകൂടാ" എന്ന് പറഞ്ഞതിന്റെ പേരിൽ മദീന ഗവർണർ ജഅഫറുബ്നു മുഹമ്മദ് അദ്ധേഹത്തെ ചമ്മട്ടികൊണ്ടടിച്ചു. കർ മ്മശാസ്ത്ര വിശാരദനും ഇമാം ശാഫിയുടെ ശിഷ്യനുമായിരുന്ന ഇമാം ബുവൈത്തി ബഗ്ദാദിലെ തടവറയിൽ കിടന്നാണ് മരിച്ചത്. മറ്റൊരു പ്രസിദ്ധ കർമശാസ്ത്ര പണ്ഢിത നായ സർക്കശി ജയിലിൽ വെച്ചാണ് തന്റെ പ്രശസ്ത ഗ്രന്ഥമായ 'അൽമബ്സൂത്ത്' രചി ച്ചത്. ഇബ്നു തൈമിയ്യയും[66] ഇബ്നുഖയ്യിമും ഡമാസ്ക്കസിലെ സൈനിക ബംഗ്ലാവിൽ തടവിലാക്കപ്പെടുകയുണ്ടായി. ഇബ്നു തൈമിയ്യ അതിനുള്ളിൽ കിടന്ന് മരിച്ചു.

അബുഹനീഫയേയും ഖാളി അബുമുത്തീഇനേയും വേറൊരു നിയമശാസ്ത്ര പണ്ഡിതനേയും കൂടി അബ്ബാസിയഖലീഫമാരിലൊരാൾ ജഡ്ജിമാരായി നിയമിക്കാൻ വേണ്ടി കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. മൂന്നുപേരും ആ സ്ഥാനം സ്വീകരിക്കാൻ കൂട്ടാക്കി യില്ല. ഖലീഫ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ അബുമുത്തീ തൽക്കാലം വാക്ക് മൂളിയെങ്കിലും ഏറെ താമസിയാതെ അദ്ധേഹം നാടുവിട്ട് ഒളിവിൽ പോവുകയാണ് ചെയ്തത്.

ഹമ്പലികളടെ നേതാവ് ഇമാം അഹ്മദുബ്നുഹമ്പലിനോട് ഖലീഫ വാസിഖ് “ഖുർആൻ സൃഷ്ടിയാണെ”ന്ന വാദത്തെ പിൻതുണക്കാനാവശ്യപ്പട്ടു. പക്ഷെ അഹമദ് വിസമ്മതിച്ചു. തൽഫലമായി കടുത്ത പീഡനത്തിനിരയാക്കപ്പെടുകയും കാരാഗ്രഹത്തിലടക്കപ്പെടുകയും ചെയ്തു അദ്ധേഹം.

സമൂഹത്തിന്റെ താഴെ തട്ടിൽ പോലും ഭരണകൂടത്തിനെതിരിൽ നിലനിന്നിരുന്ന രാഷ്ട്രീയ വൈരത്തെയും ജനകീയ ചെറുത്ത് നിൽപ്പിനേയും കാണിക്കുന്ന ഒരു കഥ ഏഴാം നൂറ്റാണ്ടിൽ ‘ഫളായിലെ ബൽഖിൽ’ നിന്ന് ഞാനിവിടെ ഉദ്ധരിക്കാം.

അഹമദ്ബ്നു ഹമ്പലിന്റെ പുത്രൻ സാലിഹ് വലിയ ഭക്തനായിരുന്നു. രാത്രി മുഴുവൻ നമസ്കാരവും പകൽ നോമ്പുമായിരിക്കും അദ്ദേഹത്തിനെന്നും. ഒരു വർഷം ഇസ്ഫഹാനിലെ ജഡ്ജിയായിരുന്നു അദ്ദേഹം. രാപ്പകൽ ഭേദമന്യേ തന്റെ കൃത്യനിർവ്വഹണത്തിൽ മുഴുകിയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. അർദ്ധരാത്രിയിലും ആളുകൾക്ക് പ്രശ്നങ്ങളുമായി അദ്ദേഹത്തിനടുത്തേക്ക് കടന്ന് ചെല്ലാമായിരുന്നു. വാതിൽക്കലാണദ്ദേഹം കിടന്നുറങ്ങിയത്; ആവശ്യമുള്ളപ്പോൾ ജനങ്ങൾക്ക് തന്നെ കിട്ടണമെന്ന നിർബന്ധമുള്ളതു കൊണ്ട്.

ഒരു ദിവസം ഇമാം അഹ്മദിന്റെ വീട്ടുകാർ റൊട്ടി പാകം ചെയ്തു. “ഇതിനുള്ള കിണ്ണം എവിടെ നിന്ന് കിട്ടി”? ഇമാം ചോദിച്ചു.

“അങ്ങയുടെ പുത്രൻ സ്വാലിഹിന്റെ അവിടെ നിന്ന് കൊണ്ടുവന്നതാണ്”. വീട്ടുകാർ മറുപടി പറഞ്ഞു. “അവൻ ഇസ്ഫഹാനിൽ ജഡ്ജിയായിരുന്നിട്ടില്ലേ ഒരു കൊല്ലക്കാലം!” ഇതും പറഞ്ഞ് ഇമാം തന്റെ മുന്നിൽവെച്ച റൊട്ടിപ്പാത്രം നീക്കിവെച്ചു. അദ്ദേഹം അതിൽനിന്നൽപ്പം പോലും തിന്നാൻ കൂട്ടാക്കിയില്ല. “വല്ലഭിക്ഷക്കാർക്കും കൊടുത്തേക്കുക. പക്ഷെ, ഇതുണ്ടാക്കാനുപയോഗിച്ച കിണ്ണം ഒരു കൊല്ലം ഇസ്ഫഹാനിൽ ജഡ്ജിയായിരുന്ന സാലിഹിന്റെവിടെ നിന്ന് കിട്ടിയതാണ് എന്ന് പറഞ്ഞുകൊണ്ടു തന്നെ കൊടുക്കണം, മറക്കരുത്”. ഇമാം വീട്ടുകാരോട് നിർദ്ദേശിച്ചു. അങ്ങനെ ആ റൊട്ടി നാൽപ്പതു ദിവസം അവിടെ കിടന്നുവത്രെ. ഒരു ഭിക്ഷക്കാരൻപോലും അത് സ്വീകരിക്കുകയുണ്ടായില്ല. ഒടുവിൽ വലിച്ചെറിയേണ്ടി വന്നു.

തീർന്നില്ല. ആ റൊട്ടി എന്തു ചെയ്തുവെന്ന് ഇമാം അഹ്മദ് വീട്ടിലെ വേലക്കാരോടന്വേഷിച്ചു. “ഞങ്ങളത് ടൈഗ്രീസിലെറിഞ്ഞു.” അവർ മറുപടി പറഞ്ഞു. അതിനു ശേഷം മരിക്കുന്നതുവരെ ഇമാം അഹ്മദ് ടൈഗ്രിസ് നദിയിൽ നിന്നുപിടിച്ച മൽസ്യം തിന്നിട്ടില്ലത്രെ.[69]

ഇസ്ലാമിന്റെ, വിശിഷ്യാ ശീയിസത്തിന്റെ ചരിത്രത്തിൽ എത്ര അഗാധമാണ് കാര്യങ്ങളൊക്കെ! എന്നാൽ കഷ്ടം, ആശൂറായോടും രക്തസാക്ഷ്യപ്രസ്ഥാനത്തോടുമുള്ള നമ്മുടെ ബാധ്യത കരയലും കരയിപ്പിക്കലും, ചുരുങ്ങിയത് കരയുന്നതായി അഭിനയിക്കുകയെങ്കിലും ചെയ്യലുമാണെന്നാണ് നമ്മുടെ വിചാരം. ആഴത്തിൽ ചിന്തിക്കേണ്ട ഒരു പ്രശ്നമിതാണ്. ഒരു വശത്ത് ഇസ്ലാമികഖിലാഫത്തിന്റെ മതഭരണകൂടം. മറുവശത്ത് ഖിലാഫത്തിനെ നിയമാനുസൃത ഭരണകൂടമായി കണക്കാക്കുന്ന മഹാന്മാരായ സുന്നീ ഇമാമുകളും യഥാർത്ഥസുന്നീ ചിന്താസരണികളുടെ സ്ഥാപകന്മാരും ആചാര്യന്മാരുമായ പണ്ഡിതന്മാരും. എന്നിട്ടും ചെറുത്തുനിൽപ്പിനും ഗവൺമെന്റ് വിരുദ്ധ ധ്രുവീകരണത്തിനും കാരണമുണ്ടാവുന്നു. ദാരിദ്രവും അജ്ഞതയും നിമിത്തം ഏതൊരു സമൂഹത്തിലും മാനവികഗുണങ്ങൾ നഷ്ടപ്പെട്ട് വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും, പ്രതികരണം, ചെറുത്തുനിൽപ്പ് എന്നിവയുടെയും പ്രശ്നങ്ങൾക്ക് അർത്ഥം കാണാതായിത്തീരുന്ന സാമൂഹ്യവിഭാഗങ്ങൾപ്പോലും ഇവിടെ ചെറുത്തുനിൽപ്പിൽ പങ്കുചേരുന്നു. വിശക്കുന്ന യാചകർ ആ റൊട്ടിയെടുത്തില്ല എന്നാണ് നാം വായിക്കുന്നത്. അതിൽ ചേർത്ത കിണ്ണം ഇമാം അഹ്മദ്ബ്നു ഹമ്പലിന്റെ പുത്രൻ സാലിഹിന്റെ വീട്ടിൽനിന്നു കൊണ്ടുവ

ന്നതാണെന്നതാണു കാരണം. സാലിഹാകട്ടെ, ഭക്തനാണുതാനും. അതെ, സ്വാലിഹ് ഭക്തൻതന്നെ. പക്ഷെ, ഗവൺമെന്റ് ശമ്പളം പറ്റി ഒരു വർഷക്കാലം ജഡ്ജിയായിട്ടുണ്ട് അദ്ദേഹം. അന്നത്തെ വ്യവസ്ഥിതിയിൽ ജഡ്ജിസ്ഥാനം വഹിച്ചു കിട്ടിയ ശമ്പളത്തിൽ നിന്നൊരു ചില്ലിയെങ്കിലും റൊട്ടിയിൽ ചേർത്തകിണ്ണം വാങ്ങാൻ ചിലവാക്കിയ സംഖ്യ യിൽ ചേർന്നിരിക്കാമെന്നതിനാൽ അത് വലിച്ചെറിഞ്ഞ ടൈഗ്രീസ് നദിയിൽ നിന്നു പിടിച്ച മൽസ്യം ശേഷിച്ച ജീവിതത്തിലൊരിക്കലും തിന്നുന്നില്ല ആര്? സുന്നീ ഇമാമായ അഹ്മദ്ബ്നുഹമ്പൽ!

തലനാരിഴ കീറി അവരുടെ ശാസ്ത്രീയ പരിശോധനയുടെ ആയുധവും പിടിച്ച് ചോദി ച്ചേക്കാം: ഈ കഥ യഥാർത്ഥത്തിൽ സംഭവിച്ചതാണെന്നതിന് എന്താണ് തെളിവ്? സംഭവം യഥാർത്ഥമാണോ അല്ലേ എന്നതിനേക്കാളെല്ലാം ഉപരിയായ ഒരു സംഭവം ഇതി ലുണ്ട് എന്നാണ് ഞാനവരോട് പറയുന്നത്. ഞാനിപ്പോൾ ചരിത്രശാസ്ത്രത്തെക്കുറിച്ചല്ല പ്രഭഷണം നടത്തുന്നത്. അതിലാണല്ലോ അവർ പറയുന്ന ''ചരിത്രം'' വരുന്നത്. ഒരു ചരി ത്രപ്രശ്നത്തെ രാഷ്ട്രീയവും സാമൂഹ്യശാസ്ത്രപരവുമായി പരിശോധിക്കുകയാണ് ഞാൻ ചെയ്യുന്നത്. വ്യക്തമായിപ്പറഞ്ഞാൽ, ''ആശൂറാ''യുടെ വിപ്ലവസ്വാധീനത്തിന്റെ ഫലമായി രക്തസാക്ഷ്യ പ്രസ്ഥാനം ഇസ്‌ലാമിക ചരിത്രത്തിൽ, വിശിഷ്യാ സുന്നീ മുസ്‌ലിം സമൂഹത്തിൽ ജനങ്ങൾക്ക് ഖിലാഫത്ത് ഭരണങ്ങളോടുള്ള ബന്ധത്തെ ബുദ്ധിപ രമായും രാഷ്ട്രീയമായും എത്രത്തോളം സാധീനിച്ചുവെന്നാണ് നാം ചൂണ്ടിക്കാട്ടുന്നത്. മതബോധമുള്ള ബഹുജനങ്ങളും അറിയപ്പെടുന്ന മതകീയ വ്യക്തിത്വങ്ങളും ആ മതഭരണ കൂടങ്ങളുടെ അടിസ്ഥാനത്തെ എങ്ങനെ വിലയിരുത്തിയെന്ന് നോക്കുകയും കൂടി ചെയ്യു ന്നു അതോടൊപ്പം. ഈ പശ്ചാത്തലത്തിൽ ഈ കഥ വസ്തുതാപരമായി ശരിയല്ലെങ്കിൽ കൂടി അതൊരു സത്യം ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ, കഥ യഥാർത്ഥത്തിൽ സംഭവിച്ച താണെങ്കിൽ സവിശേഷമായ ഒരാദർശബോധത്തെ കാണിക്കുന്ന ഒരപൂർവ്വ സംഭവം തന്നെയാണത്. സംഭവിച്ചതെന്തെങ്കിലുമാവട്ടെ, പൊതുവായ ഒരു സത്യത്തെ പ്രതീക വൽക്കരിക്കുന്നുണ്ടത്. ജനങ്ങളുടെ കൂട്ടായ വികാര ചൈതന്യങ്ങളും സമൂഹമനസ്സാക്ഷി യുമാണ് ഇത്തരം കഥകളിലൂടെ പ്രതിഫലിച്ചു കാണുന്നത്.

ശക്തിയും സ്വധീനവുമുണ്ടായിരുന്ന ഈ ഖലീഫമാർ-അത് തങ്ങൾ ഖുറൈശികളായതി നാൽ തങ്ങളാണ് അറബികളിൽ അത്യുന്നത വംശജർ എന്ന് ചിന്തിച്ചിരുന്ന അമവികളാ വട്ടെ, ബനൂഹാശിമികളായ തങ്ങൾ പ്രവാചകന്റെ കുടുംബമാണെന്ന് ചിന്തിച്ചിരുന്ന അബ്ബാസികളാവട്ടെ-അറബികൾക്കും മുസ്‌ലിംകൾക്കും മഹത്തായ വിജയങ്ങൾ നേടി ക്കൊടുക്കുകയും അവരുടെ രാജ്യം വിസ്തൃതമാക്കിക്കൊടുക്കുകയും ചെയ്ത ജേതാ ക്കൾകൂടിയായിരുന്നു. രാജ്യത്തിന് ശക്തിയും സമ്പത്തും പ്രതാപവുമുണ്ടാക്കിക്കൊടുത്ത വരുമാണവർ. ഇതെല്ലാമായിട്ടും മതബോധമുള്ള ജനങ്ങളുടെ കണ്ണിൽ, വിശിഷ്യാ ദൈവ ഭക്തിയും അറിവും വിശ്വാസവും മഹത്വത്തിന്റെ മാനദണ്ഡമായി സ്വീകരിച്ച മുസ്‌ലിം വിദ്വൽകേന്ദ്രങ്ങളിൽ അവർ വെറുക്കപ്പെടുകയും ആക്ഷേപിക്കപ്പെടുകയുമാണ്. എന്തു കൊണ്ട് ''ഇസ്‌ലാമിന്റെ'' ഖലീഫമാരുടെയും ''അമീറുൽമുമീനീൻ'' മാരുടെയും കൊട്ടാര സദസ്യർ, ആരാച്ചാർമാർ, വിദൂഷകൻമാർ, ജോത്സ്യൻമാർ, സ്തുതിപാഠകർ, അന്തപുര ത്തിലെ നപുംസകർ, തുർക്കി അടിമകൾ, അടിമ മന:സ്ഥിക്കാരായ പേർഷ്യൻ ആരിസ്റ്റോ ക്രാററുകൾ, നാട്യക്കാർ എന്നിവരെപ്പോലെയുള്ളവർ മത്രമായി? സുന്നികളായ പണ്ഡി തന്മാരെയും നിയമശാസ്ത്ര വിശാദരൻമാരെയും ഹദീസ്നിവേദകരെയും ഖിലാഫത്ത്ഭര ണകൂടങ്ങൾ ഔദ്യോഗികമായി പിന്തുണച്ചിരുന്നു. അവരെ അനൗഔദ്യോഗിക പണ്ഡി തൻമാരും ബുദ്ധിജീവികളും ആധികാരിക നിയമജ്ഞൻമാരുമൊക്കെയാക്കാൻ ശ്രമിക്കു കയും ചെയ്തിരുന്നു. ഭരണകൂടത്തോട് അടിസ്ഥാന വിയോജിപ്പും വിട്ടുവീഴ്ചയില്ലാത്ത അതൃപ്തിയുമുണ്ടായിരുന്ന അഹ്ലുബൈത്തിന്റെയും ശിയാ വിപ്ലവപ്രസ്ഥാനത്തി ന്റെയും നിലപാടിനെ ബലഹീനമാക്കുകയെന്ന ഉദ്ദേശ്യമായിരുന്നു അതിന്റെ പിന്നിൽ അവർക്കുണ്ടായിരുന്നത്. എന്നാൽ ശിയാക്കളും അവരുടെ നേതാക്കളും പോട്ടെ, ഈ സുന്നി പണ്ഢിതൻമാർതന്നെ ഏറിയും കുറഞ്ഞുമുള്ള ജനപിന്തുണയോടെ ഗവൺമെന്റ് വിരുദ്ധ നിലപാടെടുക്കുകയുമാണ് ചെയ്തത്. ഇസ്‌ലാമിൽ മൗലികതത്വങ്ങളോടും ചൈത ന്യത്തോടും പൊതുവായ ഗതിയോടും കൂറുപുലർത്തിയും ദൈവീക പ്രീതിമോഹിച്ചു

മാണ് അവരീനിലപാട് കൈകൊണ്ടത്. ജനങ്ങൾക്കുവേണ്ടിയും തങ്ങളുടെ ഇസ്‌ലാമികമായ അന്തസ്സും ധാർമികവും വൈജ്ഞാനികവുമായ നിലവാരവും കാത്തുരക്ഷിക്കുവാനും അപ്രകാരം ചെയ്തവരും കൂട്ടത്തിലുണ്ടായിരിക്കാം. ഗവൺമെന്റുമായി സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ പൊരുത്തവും പൊതുതാൽപ്പര്യവുമുള്ളവരായിരുന്നു അവർ. ശിയാക്കളോട് അവർക്കാ മത, സാമൂഹ്യ രാഷ്ട്രീയവിഷയങ്ങളിൽ തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും നിലനിൽക്കുന്നുമുണ്ടായിരുന്നു. എങ്കിൽകൂടി ശിയാപ്രസ്ഥാനത്തോടവർ സഹകരിക്കുകയും രഞ്ജിപ്പിൽ വർത്തിക്കുകയും ചെയ്തിരുന്നുവെന്ന സംഗതി നാം കണക്കിലെടുത്തേ തിരൂ. ഖിലാഫത്തുഭരണത്തിന്റെ ചട്ടുകങ്ങളാകുന്നതിനു വിരുദ്ധമായുള്ള അവരുടെ രാഷ്ട്രീയ സ്വഭാവത്തിന്റെയും സാമൂഹ്യ ചൈതന്യത്തിന്റെയും കാര്യത്തിൽ ശിയാസ്വാധീനത്തിലായിരുന്നു അവർ. അതിനാൽ അവർ ഗവൺമെന്റ് വിരുദ്ധരായിരുന്നു. ഈ വിരുദ്ധത നമ്മുടെ ചിന്താവിഷയമാകണം.

സുന്നി സമൂഹം ഖിലാഫത്ത് ഭരണകൂടത്തെ നിയമാനുസൃതമായി അംഗീകരച്ചിരുന്നു. സുന്നി മദ്ഹബുകളെ ഖലീഫമാർ വലിയതോതിൽ പിന്തുണക്കുകയുമുണ്ടായി. ഇമാം മാലിക്കിനെപ്പോലുള്ളവരോട് അവരുടെ നിയമശാസ്ത്രവിദികളും ഗവേഷണഫലങ്ങളും ഗ്രന്ഥമായിക്രോഡീകരിച്ചുകൊടുക്കാൻ ഭരണകൂടം ആവശ്യപ്പെടുക പോലും ചെയ്തു. ഇസ്‌ലാമിക സമൂഹത്തിന്റെ ഔദ്യോഗിക നിയമശാസ്ത്രമായി അവരുടെ കർമശാസ്ത്ര സംഹിതയെ അംഗീകരിക്കുകയും, രാജ്യത്ത് മുഴുവൻ സ്വകാര്യ പ്രശ്നങ്ങൾക്കും പൊതു പ്രശ്നങ്ങൾക്കുമുള്ള പരിഹാരസ്രോതസായി അവയെ നിശ്ചയിച്ച് അവയ്ക്ക് പ്രാചാരം നൽകുകയും, രാജ്യത്തിലെ എല്ലാ ന്യായധിപൻമാർക്കും അവയെ പിന്തുടരേണ്ടത് ബാദ്ധ്യതയാക്കുകയുമായിരുന്നു അതിന്റെ ഉദ്ധേശ്യം സുന്നിസത്തിൽ ആവേശം കൊണ്ടിരുന്ന പലരും സുന്നികളായ പ്രസംഗകർ, കർമ്മശാസ്ത്രൻമാർ എന്നിവരും ഖലീഫയെ ഇസ്‌ലാമിന്റെ അഭയകേന്ദ്രവും ഖുർആന്റെയും സുന്നത്തിൻരെയും സംരക്ഷകനുമായാണ് കണ്ടിരുന്നത്. യഥാർഥ ഇസ്‌ലാമിനെ "റാഫിളിക[72]"ളുടെ ദ്രോഹത്തിൽനിന്ന് "അല്ലാഹുവിന്റെ ഖഡ്ഗമുപയോഗിച്ച് രക്ഷിക്കാൻ അവർ ഖലീഫയോടഭ്യർത്തിച്ചിരുന്നു. അവർ ഖലീഫയോട് പറഞ്ഞു:

"റാഫിളികളുടെ ലക്ഷണക്കേടുകൾ എണ്ണമറ്റതാണ്. അവരുടെ രക്തം ചിന്താം. കാരണം അവർ മുശ്‌രിക്കുകളാണ്: സഹാബികളെ തെറിവിളിക്കുന്നവരാണ്; കുഴപ്പക്കാരാണ്; മുസ്‌ലീംകൾക്കിടയിൽ ശൈഥില്യമുണ്ടാക്കുന്നവരാണ്, ഇസ്‌ലാമിക ഗവൺമെന്റിനോട് സമരത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഫഖീഹുകളും മുഹദ്ദിസുകളും ഖാളിമാരും മത നേതാക്കളും പ്രവാചകത്തെസംരക്ഷിക്കുന്ന എല്ലാവരും ഈ വിഭാഗത്തിന് മതഭൃഷ്ട് കൽപ്പിക്കേണ്ടതാണ്. അവരുടെ ബാധ്യതയായിത്തീർന്നിരിക്കുകയാണത്. റാഫിളികളുടെ തെളിവുകൾ സ്വീകരിച്ചുകൂട. അവരുടെ ശല്യത്തെക്കുറിച്ചും ദൂഷ്യത്തെക്കുറിച്ചും മുസ്‌ലിംകൾക്ക് മേൽപ്പറഞ്ഞ എല്ലാവരും താക്കീത് നൽകണം".

ഇതെല്ലാം കണക്കിലെടുക്കുമ്പോൾ പ്രശ്നം വളരെയധികം പരിചിന്തനമർഹിക്കുന്നു. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് ഗവൺമെന്റുമായുള്ള അടുപ്പവും ന്യായാധിപന്റെയോ മന്ത്രിയുടെയോ ഗവർണ്ണറുടെയോ പദവി സ്വീകരിക്കുന്നതും സുന്നീഇമാമുകളും പണ്ഡിതൻമാരും മതാവഹേളനമായും ഭക്തിക്കും അന്തസ്സിനും ഇസ്‌ലാമിക മൂല്യങ്ങൾക്കും യോജിക്കാത്തതായും ഗണിച്ചത്? സുന്നീ വീക്ഷണത്തിനു തന്നെ വിരുദ്ധമല്ലേ ഈ നിലപാട്? സ്വതന്ത്രചിന്തയും അടിസ്ഥാനവിവരവും ബുദ്ധിപരമായ യോഗ്യതയുമുള്ള മഹാപണ്ഡിതന്മാരുടെയും ഫഖീഹുകളുടെയും ശിയാ വിരുദ്ധരായ പണ്ഡിതശ്രേഷ്ഠരുടെയും നിലപാടിനു പൊരുത്തപ്പെടാത്തതല്ലേ ഇത്?

രക്തസാക്ഷ്യത്തിന്റെ അനശ്വര സ്വാധീനമല്ലാതെ എന്താണ് ഇസ്‌ലാമികഗവൺമന്റിനോട് ഇത്തരമൊരു വിമ്മിഷ്ടം ജനിപ്പിച്ചത്? പ്രത്യേകിച്ച്, ഇമാം ഹുസൈൻ(അ) ആസൂത്രണം ചെയ്തതും പ്രയോഗവത്കരിച്ചതുമായ അതിന്റെ ഏറ്റവും മഹത്വവും പൂർണ്ണവും തീക്ഷ്ണവും വികസിതവും ശരിയും അവസരോചിതവുമായ മാതൃകയുടെ സ്വാധീനം. ഖിലാഫത്ത് ഭരണകൂടത്തിന്റെ ഉള്ളിൽ നിന്നു തന്നെ അതിനെതിരായ ആക്ഷേപമു

യർത്തി; രാഷ്ട്രീയം സത്യവിരുദ്ധമാണെന്ന പ്രഖ്യാപനത്തിലൂടെ. ഖിലാഫത്ത് ഇമാമത്തുമായി പൊരുത്തപ്പെടാത്തതാണെന്നും ഗവൺമെന്റ് ലൗകികതയുടെയും അഴിമതിയുടെയും മാലിന്യം പുരണ്ടതും ദൈവികനിയമത്തെ ലംഘിക്കുന്നതുമാണെന്നും ഉള്ള പ്രഖ്യാപനങ്ങളുമുണ്ടായി. രാഷ്ട്രീയോപകരണങ്ങളത്രയും അനീതിയുടെയും അധികാര ദുരയുടെയും ധനപൂജയുടെയും കാപട്യത്തിന്റയും അഴിമതിയുടെയും പര്യായവും മതത്തിന്റെ ചൈതന്യത്തിനു ഇസ്‌ലാമിന്റെ സത്യത്തിനും ദൈവത്തിന്റെ പ്രീതിക്കും ധർമ്മം, മാന്യത, പാണ്ഡിത്യം, സദാചാരം എന്നിവയ്ക്കു നിരക്കാത്തതുമാണെന്നും രക്തസാക്ഷ്യത്തിന്റെ അനശ്വര സ്വാധീനത്തിനല്ലാതെ മറ്റെന്തിനാണ് പ്രഖ്യാപിക്കാൻ കഴിയുമായിരുന്നത്?

ഹുസൈൻ(അ) ഇത് ചെയ്ത കാലമേതായിരുന്നു? ഹിജ്റാബ്ദം അറുപതിനു ശേഷം. കൃത്യമായിപ്പറയാമല്ലോ, ഇസ്‌ലാമികസമൂഹത്തിന്റെ രാഷ്ട്രീയ അധികാരശക്തി തെരഞ്ഞെടുക്കപ്പെട്ട ഖിലാഫത്തിൽ നിന്ന് പാരമ്പര്യ വാഴ്ചയിലേക്ക് പരിവർത്തിപ്പിക്കപ്പെടുകയും സമുദായനേതാവിനേയോ ഖലീഫയേയോ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രവാചകന്റെ(സ) വസിയ്യത്ത് നിർദ്ദേശത്തെയോ കൂടിയാലചനാ രീതി (ശൂറ)യെയോ പൊതു ജനഹിതത്തെ(ഇജ്മാ)യോ മാനദണ്ഢമാക്കുന്ന സമ്പ്രദായം നശിപ്പിക്കപ്പെടുകയും ചെയ്തു കഴിഞ്ഞിട്ടുള്ള സന്ദർഭമായിരുന്നു അത്. പാരമ്പര്യമെന്ന തനി അനാചാരമായ ഒരു നവീന ഇസ്‌ലാമികരാഷ്ട്രത്തിന്റെ ഔദ്യോഗികവും അംഗീകൃതവുമായ അടിത്തറയായത്തീർന്നിരിക്കുകയാണ്. മുആവിയ്യ ഔദ്യോഗികമായി സ്വപുത്രനെ ഭാവി ഖലീഫയായി അവരോധിക്കുന്നു. ഇമാം ഹസന്റെ(അ) മേൽ ഒരു യുദ്ധവിരാമം അടിച്ചേൽപ്പിക്കുകയും അതിനടിസ്ഥാനമായ സന്ധിവ്യവസ്ഥയനുസരിച്ച് ഇത്തരമൊരു സ്ഥാനാവരോധത്തിന്റെ മുമ്പിൽ തടസ്സമാകുമായിരുന്ന ഇമാമിനെ(അ) വിഷം കൊടുത്ത് കൊല്ലുകയും ചെയ്തശേഷമാണിത്. സായുധസമരത്തിലൂടെ ഡമസ്കസ്സ് ഭരണകൂടത്തെ വീഴ്ത്തുക സാധ്യമല്ല. ഉറച്ച രാഷ്ട്രീയ കണക്കുകൂട്ടലിലൂടെ അടുത്തൊന്നും ഒരു കലാപത്തേയോ വിപ്ലവത്തേയോ നേരിടേണ്ടി വരികയില്ലെന്ന നിഗമനത്തിലെത്താൻ മുആവിയ്യക്ക് കഴിയുന്നു. അങ്ങനെ പൊതു മൗനത്തിനും കീഴടങ്ങലിനും മധ്യേ പാരമ്പര്യ രാജവാഴ്ചയുടെ രാഷ്ട്രീയാടിത്തറകൾ ഔദ്യോകികാംഗീകാരം. ഇങ്ങനെയുള്ള സഹാചാര്യത്തിൽ ജിഹാദ് അസാധ്യമായേടത്ത് ഹുസൈൻ(അ) അതിനുപരിയായ രക്തസാക്ഷ്യത്തെ ഒരു തത്വവും ബാധ്യതതയുമന്നോണം വരിക്കുകയാണ്. മആവിയ്യ ബുദ്ധിമാനും ക്രാന്തദർശിയും ഒക്കെയായിട്ടും അയാൾക്കിതു കാണാൻ കഴിഞ്ഞില്ല. "മുജാഹിദി" നെ പരാജയപ്പെടുത്തുകയും "ജിഹാദ്" വിഫലമാക്കപ്പെടുകയും ചെയ്താൽ വിശ്വാസികളുടെ പരാജിതവും നിരായുധീകൃതവുമായ മുന്നണിക്ക് ശക്തിയേറിയ മർദ്ദകരുടെ മുമ്പിൽ മൗനം പാലിക്കുകയല്ലാതെ മറ്റൊരു വഴിയുണ്ടാവുകയില്ലെന്നും ആ മൗനം പുണ്യകരമായ ഒരു കീഴൊതുങ്ങലും സമ്മതവും അംഗീകാരവുമായിരിക്കുമെന്നും അയാൾ സങ്കൽപ്പിച്ചു.

എന്നാൽ ഇമാം ഹുസൈൻ(അ) ഹസ്രത്ത് അലി(അ)യിൽ നിന്ന് രക്തസാക്ഷ്യം അതിന്റെ സവിശേഷവും കൂടുതൽ ഉന്നതവുമായ അർത്ഥത്തിൽ ഒരു യോദ്ധാവ് ശത്രുവിന്റെ കൈയിൽ കൊല്ലപ്പെടുന്നസന്ദർഭം മാത്രമല്ലെന്നും ജിഹാദിൽ നിന്ന് വ്യതിരക്തവും സ്വതന്ത്രവുമായ ഒരു നിയമമാണതെന്നും പഠിച്ചിട്ടുണ്ടായിരുന്നു. ജിഹാദിനു ശേഷവും നിലനിൽക്കുന്ന ഒരു പകരമാണ് രക്തസാക്ഷ്യം .

ശൈശവം തൊട്ട് പ്രവാചകന്റെ(സ) ശിഷ്യത്വം സിദ്ധിക്കുകയും വെളിപാടിന്റെ വെളിച്ചത്തിൽ വളരുകയും ചെയ്ത ഇസ്‌ലാമിന്റെ ശുദ്ധമാനുഷിക രൂപമാണ് അലി(അ). ഇസ്‌ലാമിന്റെ തത്വശാസ്ത്രവും നിയമവും വിവരിക്കുമ്പോൾ ലളിതവും സമഗ്രവും അഗാധമായ വ്യാഖ്യാനമുൾക്കൊള്ളുന്ന രൂപത്തിലാണ് ഒരോന്നിന്റെയും താത്വികവശങ്ങളും ഉദ്ധേശ്യ ലക്ഷ്യങ്ങളും വിവരിക്കുക.

അലി(അ) പറയുന്നു: "അല്ലാഹു വശ്വാസം കൽപ്പിക്കുന്നത് ബഹുദൈവത്വത്തിൽനിന്നുള്ള വിമുകിതിയാണ്. നമസ്കാരം പാപം വർജിക്കാനും, സക്കാത്ത് നിത്യോപജീവന മാർഗമായും, വ്രതം ആത്മാർഥതാ പരിശോധയായും, ഹജ്ജ് മതത്തിന് സംരക്ഷണക്കോ

ട്ടയായും, ജിഹാദ് ഇസ്ലാമിന്റെ പ്രതാപമായും, നൻമ കൽപ്പിക്കൽ സാമൂഹ്യോദ്ധാരണമായും, തിൻമ തടയൽ അജ്ഞതയെചുരുക്കാൻ വേണ്ടിയും, രക്തസാക്ഷ്യം നിഷേധിക്കപ്പട്ടതിന്റെ വെളിപ്പെടുത്തലായും അവർ നിശ്ചയിച്ചിരിക്കുന്നു."

അലി(അ) യുടെ ആശയപ്രകാശന സാമർത്ഥ്യവും ചിന്താപരമായ അഗാധതയും വിസ്മയാവഹമാണ്. ജിഹാദിൽനിന്ന് വ്യത്യസ്തമായ ഒരു സ്വതന്ത്ര തത്വമെന്ന നിലയ്ക്കുള്ള രക്സാക്ഷ്യത്തിന്റെ അർത്ഥവും തത്വശാസ്ത്രവും, അപ്രകാരം തന്നെ അതിന്റെ സാമൂഹ്യ ധർമ്മവും പങ്കും സവിശേഷ ദൗത്യവും പ്രകാശിപ്പിക്കാൻ ഞാൻ എത്രയാണ് പാട് പെടുന്നത്, എന്നിട്ടും വിജയിക്കാൻ ആവുന്നില്ല. എന്നാൽ അലി(അ) കൃത്യമായും വ്യക്തമായും പൂർണ്ണമായും ലളിതമായും അത് പ്രകാശിപ്പിച്ചിരിക്കുന്നു.

മുസ്ലിംകളെ അശ്രദ്ധരാക്കിക്കൊണ്ട് ബഹുജനങ്ങൾക്ക് നിഷേധിക്കപ്പെട്ടതും അവരിൽനിന്ന് മറയ്ക്കപ്പെട്ടതും എന്തായിരുന്നു? ജനങ്ങൾക്ക് സംശയിക്കാനവസരം കൊടുക്കാതെ ആസൂത്രണം ചെയ്യപ്പട്ട ആ മാനവവിരുദ്ധ ഗൂഢാലോചനയും മഹാദുരന്തവുമെന്തായിരുന്നു? ചതിയിൽ മെനഞ്ഞെടുത്ത് സ്ഥാപിച്ചതും ക്രമേണ ഇസ്ലാമിക പാരമ്പര്യമെന്നോണം ജനങ്ങൾ അംഗീകരിച്ചതുമെന്തായിരുന്നു? സ്വഹാബികളോടും പ്രമുഖ വ്യക്തിത്വങ്ങളോടുമാണ് അവയല്ലാം ബന്ധപ്പെട്ടു കിടക്കുന്നത്. അവർ സഹകരിച്ചല്ലോ! മാറിനിന്നല്ലോ! വാക്കാൽ പിന്തുണ്ക്കുകയോ മൗനം പൂണ്ടിരിക്കുകയോ ചെയ്തല്ലോ! പിന്നെയുള്ള ബന്ധം പണത്തോട്, ശക്തിയോട്, രാഷ്ട്രീയത്തോട്, പ്രചാരണങ്ങളോട്, ഹദീസു നിർമ്മാണത്തോട്, ഖുർആൻ വ്യഖ്യാനത്തോട്, തത്വശാസ്ത്രരൂപീകരണത്തോട്, മതദുർവിനിയോഗത്തോട്, വിശ്വാസങ്ങളും നിയമങ്ങളും ന്യായീകരിക്കുന്ന ജാടകളോട്, വലിയ വലിയ വ്യക്തിത്വങ്ങളുടെ ബലഹീനതകൾ പണവും സ്ഥാനമാനങ്ങളും സുഖഭോഗങ്ങളും കാട്ടി ചൂഷണം ചെയ്യുന്നതിനോട്, സ്വാർത്ഥതയോട്, കാപട്യത്തോട്, അസൂയയോട്, വ്യക്തിപരമായ ദുർഗ്രാഹ്യതകളോട്, ദീർഘദൃഷ്ടിയില്ലായ്മയോട്, ബഹുജനങ്ങളുടെ അജ്ഞതയോട്, പ്രതിപക്ഷത്തെ മതത്തിൽ നിന്ന് പുറത്താക്കാനും നിലവിലുള്ള അവസ്ഥയെ ഖുർആന്റെ മാമോദിസയിൽ മുക്കാനും വേണ്ടി ബുദ്ധിപരവും മനശ്ശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ ഒരുക്കുന്ന മിമ്പറുകളോട്.

ഇസ്ലാം ഇന്നോളം മതവും ദൗത്യവുമായിരുന്നു. അദൃശ്യത്തിലും പുനരുത്ഥാനത്തിലും വെളിപാടിലും പ്രവാചകത്വത്തിലുമുള്ള വിശ്വാസം; ആരാധനാനുഷ്ഠാനങ്ങൾ, നിയമ നിർവ്വഹണം, സദാചാരപാലനം, ആത്മസംസ്കരണം മുതലായവയുടെ അടിസ്ഥാനത്തിലുള്ള മതം. അതേ സമയം തന്നെ ഒരു സമൂഹം സ്ഥാപിക്കുകയെന്നദൗത്യവുമായിരുന്നു അത്. കുലീനാധിപത്യത്തേയും വർഗ്ഗ വിരോധത്തെയും പണം കൊണ്ട് തൊഴിലാളിയെ ചൂഷണം ചെയ്യുന്നതിനെയും എതിർക്കുന്ന സമൂഹം; ഏകാധിപത്യമോ സ്വേച്ഛാധിപത്യമോ കുലീനാധിപത്യമോ പ്രഭു ജനാധിപത്യമോ കുടുംബവാഴ്ചയോ വർഗ മേധാവിത്വമോ വംശാധീശത്വമോ അനുവദിക്കാത്ത, ഇമാമത്തിന്റെ ഉപരി ഘടനയുള്ള സമൂഹം.

ഇസ്ലാം മത പ്രവാചകൻ നുബുവ്വത്തി(പ്രവാചകത്വം)നേയും ഇമാമത്തി(സമുദായ നേതൃത്വം)നെയും ഒരുമിച്ചുൾക്കൊണ്ടിരിക്കുന്നു. ജനങ്ങളെ അഭിസംബോധന ചെയ്യുന്നതിനും ഇഹലോകവും പരലോകവും ഉൾക്കൊള്ളന്നതുമായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. ഉത്തമ ജീവിതമെന്നതിനർത്ഥം ദൈവവും അപ്പവുമുള്ളതും ആരാധനയും നീതിയും കൂടുന്നതുമായ ജീവിതമെന്നാണ്.

ഒരു മത മെന്ന നിലയ്ക്ക് ഇസ്ലാം അതിന്റെ സാമൂഹ്യാടിത്തറയിൽനിന്ന് വേർപെട്ടതാണ് ഒന്നാമത്തെ വ്യതിയാനം. സാമൂഹികവും രാഷ്ട്രീയവും ലോകോപകാരപരവുമായ അതിന്റെ മാനങ്ങളിൽനിന്ന് വേർപെടുത്തി വ്യക്തിയുടെ പരലോകമോക്ഷത്തിനായുള്ള ഏതാനും വിശ്വാസാചാരങ്ങളിലും സംസ്കരണപ്രവർത്തനങ്ങളിലുമൊതുങ്ങുന്ന, മറ്റേതൊരു മതവും പോലുള്ള മതമാക്കി അധപ്പതിപ്പിച്ചു അതിനെ. അപ്പോൾ പിന്നെ ഇസ്ലാമിനു മുമ്പത്തെ വംശാധിഷ്ടിത കുലീനാധിപത്യമോ വർഗാപാരമ്പര്യമോ രാഷ്ട്രീ ഘടനയോ തിരിച്ചു വരുന്നതിനോ റോമിന്റെയോ ഇറാന്റെയോ സാമൂഹ്യവ്യവസ്ഥിതിയെ അനുകരിക്കുന്നതിനോ എതിരുണ്ടാവില്ലല്ലോ. ഖുറൈശികളുടെ താൽപര്യ സംരക്ഷണം

മാത്രമല്ല അത്തരം ഒരു ഭരണം ഉറപ്പു നൽകുക. രാഷ്ട്രത്തെ കൊള്ളചെയ്യാനും ജനങ്ങളെ അടിച്ചമർത്താനും ഏറ്റവും പറ്റിയ നവീന രാഷ്ട്രീയാധികാര ശക്തിയുടെ അടിസ്ഥാനമാവുകകൂടി ചെയ്യും അത്. അങ്ങനെത്തന്നെ സംഭവിച്ചു.

ഈ ലക്ഷ്യം നേരിടേണ്ടതിന് രാഷ്ട്രീയാധികാരം കൈവശപ്പെടുത്താനാവശ്യമായ പശ്ചാത്തലമൊരുക്കേണ്ടിയിരുന്നു. കാരണം, ഇസ്ലാമിക സമൂഹത്തിന്റെ രാഷ്ട്രീയ നിയന്ത്രണം ആ വിപ്ലവവിരുദ്ധരായ പ്രതിലോമകാരികളുടെ കൈകളിൽ ചെന്നുപെട്ടാൽ പിന്നെ ഇസ്ലാമിന്റെ ഉള്ളടക്കത്തിലോ മുസ്ലിം സമൂഹത്തിനകത്തോ ഒരു മാറ്റത്തിനുള്ള വഴി തെളിയിക്കുക സുഗമമായിരുന്നില്ല. മുഹമ്മദിന്റെ "ഇമാമത്തിൽ" നിന്ന് ഖുറൈശികളുടെ സുൽത്താൻ ഭരണത്തി(സുൽത്താനത്ത്)ലേക്ക് ഒരു പാടകലമുണ്ട്. അത് ഒറ്റച്ചാട്ടത്തിനെത്തുന്നതല്ല. മുസ്ലിംകൾക്ക്, വിശിഷ്യാ ഒന്നാം തലമുറയ്ക്ക് അത് സഹിക്കില്ല. മാറ്റം സാധ്യമാകാൻ ഒരു പരിവർത്തന കാലം കഴിയണം. പ്രവാചകനു ശേഷം അലിയെ മാറ്റിനിർത്താൻ കഴിഞ്ഞുവെങ്കിലും മുആവിയ്യക്ക് പെട്ടെന്ന് വിജയിക്കാൻ കഴിഞ്ഞില്ല. പ്രവാചകന്റെ "ഇമാമത്തി"നുശേഷം നിയമവാഴ്ചയായിരുന്നു. പ്രവാചകന് വിശേഷാധികാരമുള്ളതോടൊപ്പം തന്നെ അദ്ദേഹം ജനങ്ങളുമായി കൂടിയാലോചന നടത്താൻ ബാധ്യസ്ഥനായിരുന്നു. നിയമത്തിന് അദ്ദേഹവും വിധേയനായിരുന്നു. അദ്ദേഹം ഭരിക്കപ്പെടുകയില്ലെന്നേയുള്ളൂ. അങ്ങനെ ഖുറൈശികളുടെ പാരമ്പര്യവാഴ്ചയ്ക്ക് പ്രവാചകന്റെ തൊട്ടുടനെ വിജയിക്കാൻ കഴിഞ്ഞില്ല. ക്രമേണയേ അത് കഴിയുകയുള്ളൂ. ആദ്യം പ്രവാചകന്റെ അന്ത്യ നിർദ്ദേശത്തെ നിഷേധിക്കണം. എന്നാൽ എങ്ങനെ? പൊതുഹിതം എന്നതത്വം പകരം വെച്ചു കൊണ്ടു തന്നെ.

"ബൈഅത്തും"[71]"ശൂറ"യും അങ്ങനെ പൊതു അഭിപ്രായമാരായൽ വഴി ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായവും അംഗീകൃതവും നിയമാനുസൃതമായ ഒരു തത്വമാണ്. അറബ് സമൂഹത്തിന് പാരമ്പര്യമായി പരിചയമുള്ള ഒരു സമ്പ്രദായവുമാണത്. ഖുർആനും പ്രവാചക വചനങ്ങളുമുദ്ധരിച്ച് അതിന് വ്യാഖ്യാനവും നൽകാം. ഇസ്ലാമിന്റെ പൊതു ചൈതന്യത്തോട് അതിന് പൊരുത്തവുമുണ്ട്. സ്വാതന്ത്രത്തേയും പൊതുജനങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും മാനിക്കുക എന്ന അടിസ്ഥാനത്തെയുമാണ് അതവലംബിക്കുന്നത്. അതായത് "ശൂറ" എന്ന തത്വം. ഇതാണ് സഖീഫാ സംഭവം നടക്കുന്ന പശ്ചാത്തലം. "ഒരു പൊതു തെരഞ്ഞെടുപ്പിലൂടെ ഖലീഫയെ തെരഞ്ഞെടുക്കാതെ-- ഒരു തത്വത്തെ നിഷേധിക്കാൻ മറ്റൊരു തത്വം. അങ്ങനെ പ്രവാചകന്റെ അന്ത്യനിർദ്ദേശത്തെ നിഷേധിക്കാൻ വേണ്ടിയുള്ളതായിരുന്നു. അലിയെ പുറം തള്ളുക എന്നതായിരുന്നു മുഖ്യോദ്ദേശ്യം. അത് നടന്നു. അലിയെ കൊണ്ടുണ്ടായേക്കാവുന്ന അപകടം ദുർബ്ബലമാക്കപ്പെട്ടതോടെ സ്വതന്ത്രതെരഞ്ഞെടുപ്പ് എന്ന ആശയവും ദുർബ്ബലമാക്കപ്പെട്ടു. ഒന്നാം ഖലീഫ നമുക്കെല്ലാം അറിയാവുന്നതുപോലെ തെരഞ്ഞെടുക്കപ്പെടുകയാണുണ്ടായത്. രണ്ടാം ഖലീഫയോ? ഒരു നിയമനം വഴി അധികാരത്തിലേറി. മൂന്നാം ഖലീഫയുടെ കാര്യത്തിലാവട്ടെ, രണ്ടും ഒരുമിച്ചുണ്ടായി: നിയമനവും തിരഞ്ഞെടുപ്പും. അലി(അ) അധികാരത്തിലെത്തുന്നത് നാലാം ഖലീഫയായാണ്. ഒരു സാമൂഹ്യ രാഷ്ട്രീയ വിപ്ലവത്തിന്റെ തുടർച്ചയായിരുന്നു അത്. പല അഭ്യന്തരശത്രുക്കളെയും കീഴിൽ നിർത്തി വേണ്ടിയായിരുന്നു അദ്ദേഹത്തിന് ഭരണം നടത്തുവാൻ. അദ്ദേഹത്തിന് സ്വന്തമായി ഭരണനയങ്ങൾ നടപ്പിലാക്കാൻ വേണ്ട പശ്ചാത്തലമൊന്നുമുണ്ടായിരുന്നില്ല. എല്ലാം മാറിക്കഴിഞ്ഞിരുന്നു. തൽസ്ഥാനത്ത് ഒരേകാധിപത്യത്തിന്റെയും, പാരമ്പര്യവാഴ്ചയുടെയും ഉയർന്നുവരലിനുള്ള എല്ലാ ഘടകങ്ങളും ഒരുങ്ങിക്കഴിയുകയും ചെയ്തിരുന്നു.

ഇപ്പോൾ ഹിജ്റ അറുപതാം വർഷം. പ്രവാചകന്റ(സ) അന്ത്യനിർദ്ദേശത്തിന്റെ സ്ഥാനത്ത് ഖിലാഫത്തിന് പകരം പാരമ്പര്യവാഴ്ച ഔദ്യോഗികമായി പ്രതിഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിക സമ്മതി കിട്ടിക്കഴിഞ്ഞിരിക്കുന്നു. പിന്തുണയും കീഴൊതുങ്ങലും. ആത്മാർത്ഥമായ അംഗീകാരമല്ല. അമ്പത്വർഷക്കാലത്തെ രാഷ്ട്രീയമായ തെയ്യാറെടുപ്പും ഗൂഢാലോചനയും വഞ്ചനയും വേണ്ടിവന്നു. ഈ ഉദ്ദേശം നേരിടാൻ. ഇപ്പോൾ അടിത്തറ നന്നായി ഒരുങ്ങിക്കഴിഞ്ഞു. സാധാരണക്കാർമാത്രമല്ല. നേരത്തെ അലിക്കു

സമ്മതിദാനം നൽകുന്നത് കുറ്റമായിപ്പോകുമോ എന്നു ചിന്തിച്ച് മാറിനിൽക്കാൻ ഭക്തി പ്രകടിപ്പിച്ചിരുന്ന അബ്ദുല്ലാഹിബ്നു ഉമറിനെപ്പോലെ സ്വാധീനമുള്ള മഹാ വ്യക്തിത്വ ങ്ങൾ വരെ ഈ ഭരണകൂടത്തിന് നൽകുകയും തങ്ങളുടെ കീഴിലുള്ളവരെ സമ്മതിദാനം നൽകാൻ നിർബന്ധിക്കുകയും ചെയ്യുന്നു, ഇല്ലെങ്കിൽ അവർ തങ്ങൾക്കനുയോജ്യമായി തോന്നുന്നഭാഗം പിന്തുടർന്നെങ്കിലോ എന്നു സംഭവിച്ച് ഭാവിയെ കുറിച്ച് ദീർഘക്കാഴ്ച യുള്ള മുആവിയ്യ യസീദ് ഭരണത്തിനെതിരിൽ ഒരു ജിഹാദിനുള്ള സാധ്യതയില്ലാത്തതി നാൽ അതൊരു ഇസ്‌ലാമികഭരണമായി നിലനിന്നുകൊള്ളുമെന്ന് കൃത്യമായി മനസ്സിലാ ക്കുന്നു. അയാൾ യാസീദിനോട് പറയുന്നു.

“നിനക്കു വേണ്ട എല്ലാ അടിത്തറകളും ഞാൻ ഒരുക്കിയിരിക്കുന്നു. അബ്ദുല്ലാഹിബ്നു സബൈർ കുറുക്കന്റെ കൗശലത്തോടും സിംഹത്തിന്റെ ആക്രമണശേഷിയോടും കൂടി നിനക്കെതിരിലുണ്ടാവും. എതിർക്കാനുള്ള അവസരം പാർത്തുക്കൊണ്ടെയിരിക്കും അവൻ. എതിർക്കാൻ വന്നാൽ നീയവനെ കീഴടക്കുകയും തടവിലാക്കുകയും തുണ്ടം തുണ്ടമാക്കുകയും ചെയ്യണം. അബ്ദുള്ളാഹിബ്നു ഉമർ ഭക്തിയുടെ മാർഗമാണ് പിൻതുടർന്നിരിക്കുന്നത്. എല്ലാവരും ബൈഅത്ത് ചെയ്യട്ടെ എന്ന് കരുതി കാത്തിരിക്കുക യേഉള്ളൂ. ഒടുവിൽ ബൈഅത്ത് ചെയ്യുകയും ചെയ്യും. ഹുസൈൻ ഊർജ്ജസ്വലനാണ്. കൂഫക്കാർ അദ്ദേഹത്തെ നിനക്കെതിരിൽ രംഗത്തിറങ്ങാനും വിപ്ലവം നടത്താനും പ്രേരി പ്പിക്കും. അങ്ങനെ അദ്ദേഹം വിപ്ലവശ്രമത്തിലേർപ്പെടുകയും നീ അതിനെതിരിൽ വിജയി ക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന് മാപ്പ് നൽകണം. അദ്ദേഹം നമ്മുടെ ബന്ധുവാണ്. അദ്ദേഹത്തിന് വലിയ അവകാശമുണ്ട്. അതിനും പുറമെ അദ്ദേഹം പ്രവാചകന്റ പൗത്രനു മാണ്.

രക്തസാക്ഷ്യത്തിന്റെ അപ്രതിരോധ്യമായ പങ്കിനെയും അപകടത്തേയും മുആവിയ്യ അവഗണിക്കുന്നില്ലെന്നാണ് പുത്രൻ യസീദിന് നൽകിയ മുകളിൽ കൊടുത്ത ഉപദേശ ത്തിന്റെ ധ്വനി. ഇപ്പോൾ ഒരു യോദ്ധാവാവുക എന്നതിന്റെ അർത്ഥം എന്താണെന്ന് വ്യക്തമായല്ലോ.

ജിഹാദിന് ഇപ്പോൾ സാദ്ധ്യതയില്ലന്ന് വ്യക്തം. മുആവിയ്യക്കിതുറപ്പാണ്. ഹുസൈനും(അ) അത് സമ്മതിക്കുന്നു. മുആവിയ്യ ദീർഘദർശനം ചെയ്യും പോലെ സത്യസ്നേഹികളുടെ ജിഹാദിനുള്ള കഴിവില്ലായ്മ അവരെ മിണ്ടാതിരുത്തും. പുതിയ പാരമ്പര്യവാഴ്ചയെ ഉറ പ്പിച്ചു നിർത്താനും അതിന്റെ മുമ്പിലെ തടസ്സങ്ങൾ നീക്കം ചെയ്യാനും വേണ്ട അടിത്തറ യുംസാഹചര്യവും ഏജന്റുമാർ ഒരുക്കുന്നുമുണ്ട്. അജ്ഞതയോ ഭയമോ നിസ്സംഗതയോ മൂലം ബഹുജനങ്ങൾ അവരുടെ സമ്മതിദാനം പ്രഖ്യാപിക്കുന്നു. അങ്ങനെയാണ് പ്രവാ ചക നിർദേശം(വസിയത്ത്) ഖലീഫാഭരണ(ഖിലാഫത്ത്)മായും അത് പിന്നെ പാരമ്പര്യ വാഴ്ചയായും പരിവർത്തിതമാകുന്ന പരിപാടി നടപ്പിലാകുന്നത്. അങ്ങനെ അത് ഒരു മത പാരമ്പര്യമായും ഒരിസ്ലാമിക സമ്പ്രദായമായും നിയമാനുസൃതവും ജനങ്ങൾക്ക് സ്വീകാര്യവുമായ വിശ്വാസമായും മാറുന്നു.

അഭിജാതഭരണത്തിനും, വർഗ്ഗം, വംശം, ഗോത്രം എന്നിവയുടെ ആധിപത്യത്തിനും ഏകാ തിപത്യത്തിനും ചൂഷണത്തിനുമെല്ലാം എതിരായി നിലകൊള്ളുകയും, ജനങ്ങളെ സ്വാത ന്ത്ര്യത്തിലേക്കും സമത്വത്തിലേക്കും നീതിയിലേക്കും മഹത്വത്തിലേക്കും ക്ഷണിക്കുക യും, ചരിത്രത്തിൽ മുഴുവൻ ധാർമ്മികനീതിക്കുവേണ്ടിയുള്ള ജനങ്ങളുടെ സമരത്തി ലേക്ക് പ്രവാചകൻമാരും ദൈവിക ഗ്രന്ഥങ്ങളും നൽകിയ സംഭാവനകളെ പരിചയപ്പെടു ത്തുകയും, അജ്ഞാനത്തെയും മർദ്ദനത്തേയും വിശപ്പിനേയും ബഹുദൈവത്വത്തിന്റെ അടയാളങ്ങളും അവിശ്വാസത്തിന്റെ കാരണങ്ങളും മായെണ്ണുകയും, ആരാധനയുടെ പത്ത് കവാടങ്ങളിൽ എട്ടും അനുവദനീയമാർഗ്ഗത്തിലൂടെ ഉപജീവനം തേടലാണെന്നും ഐഹികാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കാത്തവർക്ക് പാരത്രിക മോക്ഷമില്ലെന്നും പഠിപ്പി ക്കുകയും, മർദ്ദിതർ ഭൂമിയുടെ അനന്തരാവകാശികളായിത്തീരുമെന്ന് ശുഭവാർത്ത നൽകുകയും ചെയ്ത ഇസ്ലാം ഒരു വിപ്ലവ പ്രസ്ഥാനമെന്ന അതിന്റെ നിലവാരത്തിൽ നിന്ന് ഈ അമ്പത് വർശത്തിനുള്ളിൽ പടിപടിയായി മാറി. ഒരു കൂട്ടം ആചാരങ്ങളും വ്യക്തിപരമായ അനുഭൂതികളും ആത്മനിഷ്ടമായ വിശ്വാസങ്ങളും പൊള്ളയായ രൂപ

ങ്ങളും മാത്രമായി അത്. മതപരമായ ലക്ഷ്യമെന്നാൽ വ്യക്തികളുടെ പരലോക മോക്ഷം. ഭൗതിക ലക്ഷ്യം രാജ്യങ്ങൾ പിടിച്ചടക്കുക, ജനങ്ങളെ മർദ്ദിച്ചൊതുക്കുക, അധികാരം വാഴുക, ഗനീമത്തും നികുതിയും വസൂലാക്കുക.

ഇതൊക്കെയാണ് മാറ്റിമറിക്കപ്പെട്ടതും നിഷേധിക്കപ്പെട്ടതും തിരസ്കരിക്കപ്പെട്ടതും മന സ്സുകളിൽ നിന്ന് മറയ്ക്കപ്പെട്ടതും ഖുർആനിൽ നിന്നും നബിചര്യയിൽ നിന്നും തൗഹീദ്, ജിഹാദ്, ഉമ്മത്ത്, ഇഅമാത്ത്, ഇത്റത്ത്,[72] ഹജ്ജ്, സക്കാത്ത്, ഉബാദത്ത് എന്നിവയിൽ നിന്ന് കിഴിക്കപ്പെട്ടതും. ഇപ്പോൾ ജനങ്ങളെ മയക്കാനുള്ള കറുപ്പ് തന്നെയാണ് ഇസ്ലാം. ഐശ്വര്യവാൻമാർക്കുള്ള ന്യായീകരണവും ഗവൺമെന്റിന്റെ അധികാരത്തിനും കൊള്ള യടിക്കുമുള്ള ഒരടിസ്ഥാനവുമാണ് ഇന്നത്.

മറുവശത്ത് ഈ അമ്പത് വർശത്തിനുള്ളിൽ വ്യക്തികളുടെ സ്വകാര്യ ജീവിതത്തിലുള്ള വഞ്ചനകളും രാഷ്ട്രീയമായ ഗൂഢാലോചനകളും ആഭ്യന്തര സംഘർഷങ്ങളും വർദ്ധിച്ചിരിക്കുകയാണ്. അലിയെയും അബൂദർറിനെയും പോലെയുള്ളവരെ സംസാരി ക്കാനനുവദിച്ചിട്ട് അരനൂറ്റാണ്ടായി. അതിനാൽ ഈ രൂപാന്തരീകരണം ആളുകൾക്ക് നിശ്പ്രയാസം സഹിക്കാൻ കഴിയുന്നു. സംഭവങ്ങളുടെ നേരെ യാതൊരു വികാരവും പ്രകടിപ്പിക്കാതെ കാണികളായി നോക്കിനിൽക്കുകയാണവർ. തെറ്റും ശരിയും വിവരിക്കു ന്നവരാരും രണ്ട് കാര്യത്തെപ്പറ്റി മിണ്ടുന്നില്ല. ഒന്ന് ജമാഅത്ത്, അഥവാ ഗവൺമെന്റു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. രണ്ട്, സാമ്പത്തികകാര്യങ്ങൾ അതായത് വർഗ്ഗനില. അവർ അലിയോട് എന്തുചെയ്തുവെന്ന് നമുക്കറിയാം. മഹാൻമാരായ ഖലീഫമാരുടെ ഭരണത്തിന്റെ ഭരണത്തിൽ, അതായത് പ്രവാചക പാരമ്പര്യം ബാഹ്യതലത്തിലെങ്കിലും പരിരക്ഷിക്കപ്പെട്ടിരുന്ന കാലത്ത് അബൂദർറ് “കൻസി”ന്റെ[73] ആയത്തോതിയിട്ട് എന്തു ണ്ടായി? മുആവിയ്യ ഉസ്മാന് കത്തെഴുതി:“സിറിയ നഷ്ടപ്പെടാതിരിക്കണോ എങ്കിൽ അബൂദർറിനെ നിർവ്വീര്യനാക്കുക.” ഉസ്മാൻ മറുപടി എഴുതി: “ആ മുറിവ് ഉണക്കുക തന്നെ വേണം. ചാരക്കൂനയിൽ നിന്ന് തീപ്പെട്ടി ഉയർന്നുവരാൻ അനുവദിച്ചു കൂടാ.” അങ്ങനെ അബൂദർറ് നാടു കടത്തപ്പെട്ടു- വിജനമായ മരുഭൂമിയിലേക്ക്. അവിടെ നിന്ന് അദ്ദേഹത്തിന്റെ സ്വരം ജനങ്ങളിലേക്കെത്തുകയില്ലെല്ലോ. അബൂദർറ് അവിടെ പട്ടിണി കിടന്ന് മരിച്ചു.

രണ്ട് കാര്യം ഇസ്ലാമിൽ നിന്നെടുത്തുമാറ്റണം: ഇമാമത്തും സമത്വവും. ജനങ്ങളുടെ നേതൃത്വമോ വർഗ സമത്വമോ ഇല്ലാത്ത ഇസ്ലാം. ഖുറൈശികൾക്ക് അവരുടെ സമ്പന്നത യോടും അധികാരത്തോടും പൊരുത്തപ്പെടുന്ന ഇസ്ലാമിന്റെ ഒരു ഭാഷ്യമാണ് ബഹുദൈ വത്വത്തേക്കാൾ ഗുണകരം. ഈ അമ്പത് വർഷത്തിനുള്ളിൽ ഖുറൈശികളുടെ പദ്ധതി അതിന്റെ ഉത്തുംഗുതയിലെത്തി. പ്രവാചക നിർദ്ദേശിത ഭരണത്തിനും ഖിലാഫത്തിനും പകരം പാരമ്പര്യ ഭരണം ഔദ്യോഗികമായിത്തന്നെ അംഗീകാരം നേടി. ജനങ്ങളുടെ ഭാഗ ദേയം അമവീരാജഭരണത്തിൽ തലമുറകളിലൂടെ സുരക്ഷിതമാവുകയാണ്. അലിയിൽ നിന്ന് തിരഞ്ഞെടുപ്പ് വഴി എടുത്തുമാറ്റപ്പെട്ട മുഹമ്മദിന്റെ പൈതൃകം ഇപ്പോൾ നിയമനം വഴി അബൂസുഫിയാൻ സന്തതികൾക്ക് നൽകിയിരിക്കുകയാണ്. ഇനി പുതിയ ഭരണ കൂടം ഉറച്ചു നിൽക്കണം. അതിന് പാരമ്പര്യവാഴ്ചയിലേക്കുള്ള ഖിലാഫത്തിന്റെ രൂപാന്ത രീകരണത്തിന് പ്രവാചകനിർദ്ദേശിതഭരണം ഖിലാഫത്തിലേക്ക് മാറ്റിയതിന് കിട്ടിയതുപോ ലുള്ള ന്യയീകരണം മതപരമായി കിട്ടണം. എങ്ങനെ? എല്ലാ പ്രവിശ്യകളും മുഴുവൻ സ്വഹാബികളും മതപരമായി ഉന്നതനിലവാരത്തിലുള്ള വ്യക്തിത്വങ്ങളും ബൈഅത്ത് ചെയ്യുന്നതിലൂടെ.

ഈ ഗൂഢാലോചന തകർക്കണം. അത് സാധ്യമല്ല. ഈ പുതിയ ഭരണകൂടത്തിന്റെ തകർച്ചയ്ക്ക് ഒരാൾ ജിഹാദിലേർപ്പെടണം. പക്ഷെ കഴിയില്ല. ആ ദുരന്തം പരസ്യപ്പെടു ത്തണം. ഭരണകൂടത്തിന്റെ രൂപമാറ്റത്തിന് നേരെ അതിന് നിയമ സാധുത്വം നൽകുന്ന തര ത്തിലുള്ള മൗനം ഭഞ്ജിക്കപ്പെടണം. ഇതു വരെ ജനങ്ങളിൽ നിന്ന് മറച്ചു പിടക്കപ്പെട്ടതും മുഹമ്മദീയ ദൗത്യത്തിൽ നിന്ന് കിഴിച്ചുമാറ്റപ്പട്ടതും ജനമധ്യത്തിൽ നന്മയായി പ്രത്യക്ഷ

പ്പെട്ടിരുന്ന തിന്മയും തിന്മയായി പ്രത്യക്ഷപ്പെട്ടിരുന്ന നന്മയും വെളിച്ചെത്തുകൊണ്ടു വരണം.

എന്തിലൂടെ?

രക്തസാക്ഷ്യത്തിലൂടെ. നിഷേധിക്കപ്പെട്ടതെന്തോ അ്തിനെയൊക്കെയും വെളിച്ചത്ത് കൊണ്ടുവരാനുള്ളതാണ് രക്തസാക്ഷ്യം. ഇക്കാരണത്താലാണ് മുആവിയ്യയുടെ മരണവിവരം ഹസൻ(അ) മുആവിയ്യാക്ക് ഭരണം കൈമാറിയപ്പോൾ, അവർ തമ്മിലുണ്ടാക്കിയ ഉടമ്പടിയുടെ കാലാവധി മുആവിയ്യായുടെ മരണത്തോടെ തീരുമായിരുന്നു. ഹസൻ(അ) രക്തസാക്ഷിയായിക്കഴിഞ്ഞ സ്ഥിതിക്ക് ഉടമ്പടി വ്യവസ്ത പ്രകാരം ഇനി ഹുസൈ(അ)ന്റെ ഭരണം കൈമാറണമായിരുന്നു-ഹുസൈൻ(അ)യെ അറിയിക്കുകയും ഉടനെ യസീദിന് ബൈഅത്ത് ചെയ്യണമെന്ന് അദ്ധേഹത്തോട് ആവശ്യപ്പെടുകയും ചെയ്ത ഉടൻ ഹുസൈൻ തന്റെ തീരുമാനം സഹോദരൻ മുഹമ്മദ്ബ്നു ഹനഫിയ്യയെ ഇങ്ങനെ അറിയിച്ചത്: "ഞാൻ നൻമ കൽപ്പിക്കാനും തിൻമ തടയാനും അല്ലാഹുവിന്റെ തിരുദൂതരായ എന്റെ പിതാമഹന്റെ ചര്യയെ പുനർജീവിപ്പിക്കാനും തീരുമാനിച്ചുകഴിഞ്ഞു." പിന്നെ രാത്രി സമയത്ത് അദ്ധേഹം തന്റെ മുഴുവൻ കുടുംബാംങ്ങളെയും കൂട്ടി മദീന വിട്ട് മക്കയിലേക്ക് പോകുന്നു. ഹജ്ജ് കാലത്ത് മുസ്ലിം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിച്ചേരുന്ന ഹാജിമാരോട് താൻ ഭരണകൂടത്തെ അംഗീകരിക്കുന്നില്ലെന്ന് അദ്ധേഹത്തിന് തുറന്ന് പ്രഖ്യാപിക്കേണ്ടതുണ്ട്. അതിന് വേണ്ടിയാണദ്ധേഹം മക്കയിലേക്ക് പോകുന്നത്. ഹജ്ജ് കർമം പൂർത്തിയാക്കാതെയാണ് അദ്ധേഹം രക്തസാക്ഷ്യക്കളത്തിലേക്ക് യാത്ര പോകുന്നത്. സാധ്യമാകുന്നതിൽ വെച്ചേറ്റവും മഹത്ത്വവും പൂർണവും ശക്തവും വിപ്ലവകരവുമായ രീതിയിലും, കിട്ടാവുന്ന എല്ലാ ഉപകരണമെടുത്തും, തനിക്കുള്ള മുഴുവൻ ശക്തിയും സമ്പാദ്യവുമായും, ഏറ്റവും വികാര സാന്ദ്രമായ മുഹൂർത്തത്തിലും എറ്റവും കൃത്യമായ നിമിഷത്തിലും, ഈ ഗുഢാലോചന സഫലമാകുന്നതിന്റെ തുടക്കത്തിൽതന്നെ, ഈ ശൃംഖലയുടെ ഒന്നാം കണ്ണിക്കെതിരിൽ[74], ഡമാസ്കസ്സിലെ ഹരിത കൊട്ടാരത്തിനെതിരിൽ, ഇസ്ലാമിന്റെ പ്രവാചകന്റെയും ഇമാമുകളുടെയും പ്രതിനിധിയായി ചമഞ്ഞു രംഗത്തെത്തിയിട്ടുള്ള ഈ ചതിയൻ ബാർദിയ[75]ക്കെതിരിൽ, എല്ലാം പ്രാതിനിധ്യം വഹിക്കുന്ന, ശത്രുവിന് ഏറ്റവുമധികം അപകീത്തിയേൽപ്പിക്കുന്ന രക്തസാക്ഷ്യത്തിന്റെ ശകതമായ ദുരന്തം പ്രഖ്യാപനം ചെയ്യാൻ വേണ്ടി. അധികാരത്തിലൂടെ എല്ലാ അനിസ്ലാമിക സ്വഭാങ്ങളും മനുഷ്യത്വവിരുദ്ധ നിലപാടുകളും തുറന്ന് കാണിക്കണം. ഭരണകൂടത്തിന്റെ കപടമായ മത പ്രമാണങ്ങൾക്കും രാഷ്ട്രീയ കിംവദന്തികൾക്കും ബലിയാടുകളായിക്കഴിഞ്ഞവർ മാനുഷികമൂല്യങ്ങളെക്കുറിച്ചോ പ്രവാചകകുടുംബത്തിന്റെ ഇസ്ലാമികമായ മഹത്വത്തെക്കുറിച്ചോ ഒന്നുമറിയാത്തവിധത്തിൽ രൂപപ്പെടുത്തപ്പെട്ടവരായിരുന്നു. എന്നിട്ടും ഹുസൈൻ(അ) മദീനയിൽനിന്ന് കർബലയിലേക്കും സൈനബ് കർബലയിൽന്ന് ഡമാസ്കസിലേക്കും നടത്തിയ ഹിജ്റകളിൽ, ഫാതിമയുടെ ശൂന്യവും അടച്ചിട്ടതുമായ ഭവനത്തിന്റെ മൂലയിൽനിന്നുൽഭവം പ്രാപിച്ചതും കഅ്ബയിലേക്ക് പകർന്നെത്തിയതും മരുഭൂമിയുടെ ഗാലറികളിൽ ലോകത്തിന്റെ മുമ്പാകെയും ചരിത്രത്തിന്റെ മനസ്സാക്ഷിയിലും പ്രത്യക്ഷപ്പെടുന്നതുമായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ആത്മാർത്ഥയുടെയും വിശുദ്ധിയുടെയും മഹത്വത്തിന്റെയും മൗലികതയുടെയും അമ്പരപ്പുളവാക്കുന്ന ബാഹിർ പ്രകടനങ്ങളുണ്ടായി. ഹുസൈന്റെ രക്തസാക്ഷ്യസംഭവം അജ്ഞരും അശ്രദ്ധരുമായിക്കഴിയുന്ന എല്ലാതലമുറകൾക്കും തുറന്ന് കാണിച്ച് കൊടുത്തു. എന്താണ് ആ ഭവനത്തിൽ അടച്ച് ഒളിപ്പിച്ചിരുന്നതെന്ന്. അധികാരക്കൊതിയൻമാരുടെയും വിശ്വാസപാതകികളുടെയും മദോൻമത്ത കലഹങ്ങൽക്കും പ്രചണ്ഡമായ പ്രചാരണവാദങ്ങൾക്കുമിടയിൽ എന്തായിരുന്നു അവിടെ ഒളിഞ്ഞുകിടന്നിരുന്നതെന്ന് എല്ലാവർക്കും വ്യകതമായി. ആ അവകാശ നിഷേധിതർ ഒന്നായി യൂഫ്രട്ടീസിന്റെ തീരത്ത് ജനങ്ങളുടെ സാക്ഷിയായി. അവരവരെ സ്വയം പ്രദർശിപ്പിച്ചു- ഒന്നുകിൽ രക്തസാക്ഷ്യത്തിന്റെ കൊലക്കളത്തിൽ, അല്ലെങ്കിൽ ബന്ധനസ്ഥരുടെ യാത്രാസംഘത്തിൽ.

ഈ പ്രഹരം യാസീദിന്റെ ഭരണത്തെ ശിയാക്കളുടെയും ഹുസൈൻ കുടുംബത്തിന്റെ അനുരക്താക്കളുടെയും ദൃഷ്ടിയിൽ നിന്ദ്യവും അപലപനീയവുമായി തുറന്നുകാട്ടുകയും ഹുസൈന്റെ മാർഗത്തെ പരിചയപ്പെടുത്തിക്കാട്ടുകയും മാത്രമല്ല, ചെയ്തത്. ഇമാമത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമല്ല ഖിലാഫത്തിൽ വിശ്വസിക്കുന്നവർക്കും ഇസ്ലാമിക ചരിത്രത്തിൽ ഗവൺമെന്റിനെ എന്നും ആക്ഷേപാർഹവും അപലപനീയവുമായി കാണിച്ചുകൊടുക്കുകകൂടി ചെയ്തു അത്. എത്രത്തോളമെന്നാൽ ഒരു മുസ്ലിം ഭിക്ഷക്കാരൻ ഇസ്ലാമികഖലീഫയുടെ വരുമാനത്തിൽ ഒരംശം കലർന്ന് മലിനപ്പട്ടതാവാനിടയുണ്ടെന്ന് കിണ്ണം കൊണ്ടുണ്ടാക്കിയ റൊട്ടി തിന്നുന്നതിനേക്കാൾ ഒഴിഞ്ഞവയറുമായി പോയി കിടന്നുറങ്ങാനാണിഷ്ടപ്പെടുന്നത്. ആ റൊട്ടിയുടെ ഒരു കഷണം വീണിട്ടുണ്ടെന്ന് കേട്ടതിനാൽ സുന്നീ ഇമാം ജീവിതകാലം മുഴുവൻ ടൈഗ്രീസ് നദിയിൽനിന്ന് പിടിക്കുന്ന മൽസ്യം തിന്നാൻ വിസമ്മതിക്കുകയാണ് ചെയ്യുന്നത്.

ചിലർ ഹുസൈന്റെ രക്തസാക്ഷ്യത്വത്തിന്റെ ഫലദായകത്വം സംബ്ധിച്ച് സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. അതൊരു തോൽപ്പിക്കപ്പെട്ട വിപ്ലവമാണ് അവരുടെ ദൃഷ്ടിയിൽ. ഇതംഗീകരിക്കാനാവില്ല. സമൂഹത്തിന്റെ മനസ്സിലും വികാരങ്ങളിലും ഇത്രവ്യാപകമായി കടന്നുചെന്ന് വിജയം നേടുകയും ചരിത്രത്തിൽ മുഴക്കെ ഇത്ര അഗാധമായി സ്വാധീനം ചെലുത്തുകയും ചെയിത്ട്ടുള്ള ജിഹാദ് ഏതാണ്? രക്തസാക്ഷ്യത്വത്തിന്റെ ഫലദായകത്വവും അത് സൃഷ്ടിച്ച അനുരണനവും ഏതൊരു വിജയിച്ച ജിഹാദിനെക്കാളും വ്യാപകമായി അഗാധവും അനുസ്യൂതവുമല്ലേ എന്നാണ് ചിന്തിക്കേണ്ട പ്രശ്നം.

ലക്ഷക്കണക്കിന് സായുധ ഭടന്മാരും അസംഖ്യം സൈനികസജ്ജീകരണങ്ങളും സഹിതം എണ്ണമറ്റ യുദ്ധങ്ങൾ നടത്തുകയും വലിയ വലിയ സ്വന്തം കാൽക്കീഴിൽ കൊണ്ടുവന്ന് മഹാ വിജയങ്ങൾ നേടുകയും ചെയ്തവരാണ് പല ഖലീഫമാരും. എന്നാൽ യുദ്ധം നിൽക്കേണ്ട താമസം, യുദ്ധഭേരികൾ കെട്ടടങ്ങുന്നു. പിന്നെ യാതൊന്നും ശേഷിക്കുന്നില്ല-കെടുതികളും മൃതദേഹങ്ങളുമല്ലാതെ. പിന്നെ ചരിത്ര പുസ്തകങ്ങളിൽ ഏതാനും വരികളും. അതേസമയം കർബലയുടെയും ഹുസൈന്റെ(അ) രക്തസാക്ഷിത്വത്തിന്റെയും ഫലമോ? എഴുപത്തിരണ്ട് തെരഞ്ഞെടുത്ത രക്തസാക്ഷികളുടെ രക്തസാക്ഷിത്വമാണ് യസീദിന്റെ സിംഹാസനത്തിലിരുന്ന അയാളുടെ മുഴുവൻ അനന്തരാവകാശികളുടെയും നെറ്റിത്തടത്തിൽ "അക്രമി"എന്ന മുദ്ര പതിപ്പിച്ചത്. ജിഹാദിനോ, കാഫിർ രാജ്യം ജയിച്ചടയ്ക്കലിനോ, സോമനാഥ്[76] കൈവശപ്പെടുത്തലിനോ, ചർച്ചോ അഗ്നിക്ഷേത്രമോ പള്ളിയാക്കലിനോ, സംഭാവന നൽകലിനോ, പ്രസ്ദ്ധീകരണത്തിനോ ഖുർആന്റെ മഹത്വം വാഴ്ത്തിയതിനോ ഒന്നുംതന്നെ അവരുടെ നെറ്റിയിൽ നിന്ന് ആലേബൽ എടുത്തൊഴിവാക്കാൻ കഴിഞ്ഞില്ല. ബഹു ജനങ്ങൾക്കിടയിൽ അവർ അപമാനിതരാണ്. ചരിത്രത്തിൽ അവർ അഭിശപ്തരാണ്. സുന്നീ ഇമാം പ്രവാചകന്റെ ഖലീഫയുമായി സഹകരിക്കുന്നതു പോകട്ടെ. "ഇസ്ലാമിക ഖലീഫത്തി"ന്റെ ഭരണത്തിൻ കീഴിൽ ജഡ്ജിയായി നിയമിക്കുന്നതിലുള്ള അപമാനത്തിന് വഴങ്ങുന്നതിനേക്കാൾ മുതുകിൽ ചാട്ടവാറടി ഏറ്റുവാങ്ങാൻ തയ്യാറാകുന്നു.

കർബലയിൽ ഹുസൈന്റെ ശത്രുക്കൾ രക്തസാക്ഷികളുടെ ശരീരങ്ങളെയാണ് കീഴടക്കിയത്. എന്നാൽ രക്തസാക്ഷികളുടെ ആദർശം ആ ശത്രുക്കളെയും അവരുടെ ഭരണകൂടത്തെയും അപകീർത്തിപ്പെടുത്തി. സ്വന്തം രക്തംകൊണ്ട് രക്തസാക്ഷികൾ ആ വൻ ഗൂഢാലോചനയെ എന്നെന്നേക്കുമായി തുറന്നുകാട്ടി.

ശത്രു ജനദൃഷ്ടിയിൽനിന്ന് മറച്ചുപിടിക്കാനും ചരിത്രത്തിന്റെ ആഴത്തിലേക്കു കുഴിച്ചുമൂടാനും മനുഷ്യത്വത്തിൽനിന്ന് ശ്രമിച്ചിരുന്ന എല്ലാത്തിനെയും അവരുടെ രക്തസാക്ഷിത്വം വെളിപ്പെടുത്തി. ഗൂഢാലോചനകളും, കൂട്ടക്കൊലകളും, കുപ്രചാരങ്ങളും, മുഖേനയും ഖുർആനും തത്വചിന്തയും ശാസ്ത്രസാഹിത്യാദികളുമുപയോഗിച്ചും ശത്രു അതിന്റെ അതിക്രമഗോപുരങ്ങൾക്ക് "വിശ്വാസത്തിന്റെ" മൂടുപടം നെയ്തുണ്ടാക്കുന്ന ശ്രമത്തിലായിരുന്നു. രക്തസാക്ഷികളുടെ രക്തം അത്തരത്തിലുള്ള വഞ്ചനയുടേതായ എല്ലാമൂടുപടങ്ങളും വലിച്ചുകീറി ഏകദൈവത്വസമൂഹത്തിന്റെ വിവേചനം അസാധ്യമാക്കുകയും

പ്രവാചകത്വ സമൂഹത്തിൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഗവൺമെന്റിനെ അസ്വീകാര്യമാക്കുകയും ഹുസൈനെ(അ) സ്നേഹിക്കുന്നവരുടെ ദൃഷ്ടിയിൽ ഫിർഔന്റെ മായാജാലത്തെ വിലപ്പോവാതാക്കുകയും ചെയ്തു അത്. മൂസ(അ)യുടെ അൽഭുത ഹസ്തം ചെയ്ത തെന്തോ അത് തന്നെയാണ് രക്തസാക്ഷ്യം കൊണ്ട് ഹുസൈൻ(അ) ചെയ്തത്. അന്ധന്മാരെ കണ്ണുകാണിക്കുകയും മരിച്ചവർക്ക് ജീവനിടുകയും ധനപൂജന്മാരായ ജൂതന്മാരെയും സീസറോട് കൈകോർത്ത് പിടിച്ച് പ്രവർത്തിച്ചിരുന്ന അവരുടെ വഞ്ചകരായ റബ്ബികളെയും അയോഗ്യരും വിലകെട്ടവരുമാക്കുകയും ചെയ്ത ക്രിസ്തുചെയ്തത് തന്നെയാണ് രക്തസാക്ഷികൾ അവരുടെ രക്തസാക്ഷിത്വം മുഖേന ചെയ്തത്. ഇതൊരു കാലത്തേക്കോ ഒരു നാട്ടിലേക്കോമാത്രം ബാധകമായ സംഗതിയല്ല.

രക്തസാക്ഷ്യം യുദ്ധമല്ല, അതൊരു ദൗത്യമാണ്, ആയുധമല്ല, സന്ദേശമാണ്, അത് ചോരകൊണ്ട് കുറിക്കുന്ന വാക്കാണ്.

അതിനെ ഇല്ലാതാക്കാനാവില്ല. പക്ഷെ, സാർവ്വത്രികമായ കൂരിരുട്ടിനിടയിൽ അത് പ്രകാശം പരത്തി അക്രമത്തെ ചൂണ്ടിക്കാട്ടുന്നു. ഒരു കൊലയാളി അർദ്ധരാത്രിയിൽ പ്രാർത്ഥനയുരുവിട്ട് ഒരു ഇമാമിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുകയും ജനങ്ങൾ അയാളെ പിന്തുടരുകയും അയാൾക്കുപിന്നിൽ അണിനിരക്കാനും തുടങ്ങുകയും ചെയ്യുമ്പോൾ രക്തസാക്ഷി ജനക്കൂട്ടത്തിന് മധ്യത്തിൽ ഒരു മെഴുകുതിരി കത്തിച്ചു കാട്ടുന്നു, അത്രതന്നെ.

ക്രിസ്തുവിന്റെ കുരിശാരോഹണവും ഹല്ലാജിന്റെ[77] രക്തസാക്ഷിത്വവും ഹേതുവായി ക്രൈസ്തവ പ്രപഞ്ചവീക്ഷണത്തിലും സൂഫീചിന്തയിലും രക്തസാക്ഷികൾ കൊല്ലപ്പെടാൻ വേണ്ടി ഉയർന്നു വരികയാണ്. ഗവൺമെന്റിനെതിരിൽ പൊരുതാൻ വേണ്ടി ഉയർന്നുവരികയല്ല എന്ന ഒരു ധാരണ പരന്നിട്ടുണ്ട്. ഹുസൈൻ(അ) സമൂഹത്തിനു വേണ്ടി സ്വയം ബലിയർപ്പിക്കുവാനും അഹ്ലുബൈത്തിനോട് സ്നേഹമുള്ളവർക്ക് അന്ത്യനാളിൽ വിചാരണ വേളയിൽ അവരുടെ തിന്മകളത്രയും നന്മകളാക്കി പരിവർത്തിപ്പിക്കാൻ മദ്ധ്യവർത്തിയാകാനും വേണ്ടിയാണത്രെ എഴുന്നേറ്റത്. ഈ വീക്ഷണ പ്രകാരം ഹുസൈൻ(അ) സൃഷ്ടിക്കുമുമ്പ് തന്നെ രക്തസാക്ഷിയാകാനുള്ള ഒരു കരാറുണ്ടാക്കിയിരിക്കണം. ക്രിസ്ത്യൻ വീക്ഷണം പോലെത്തന്നെ ക്രിസ്തു മാനവരാക്ഷിക്കുവേണ്ടി സ്വയം ബലിയർപ്പിച്ചുവെന്നാണല്ലോ ക്രൈസ്തവമതം. അഥവാ ആദമിന്റെ ആദ്യപാപം മൂലം സ്വർഗത്തിൽ നിന്നു പുറത്താക്കപ്പെട്ട മനുഷ്യപുത്രന്മാർക്കെല്ലാം ദൈവം പൊറുത്തുകൊടുത്ത് അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ വേണ്ടി ക്രിസ്തു രക്തം നൽകി.

ഈ വീക്ഷണം ഹുസൈൻ (അ) ന്റെ മഹത്വവും ശ്രേഷ്ഠതയും കാത്തു സൂക്ഷിക്കുന്നുണ്ടെങ്കിലും അദ്ധേഹത്തിന്റെ രക്തസാക്ഷിത്വത്തെ നിരർത്ഥകമാക്കുന്നതാണ്. അതതിനെ ഒന്നുമല്ലാതാക്കുന്നു. അതോടൊപ്പം ഹുസൈന്റെ കൊലയാളികളെ അത് കുറ്റവിമുക്തമാക്കുകയും ചെയ്യുന്നു. കാരണം അവർ മുൻകൈയ്യെടുത്ത് ചെയ്തതല്ല അത്. ദൈവത്തിന്റെ ഇച്ഛപ്രകാരം പ്രവർത്തിക്കുകയാണവർ ചെയ്തത്. സൃഷ്ടിക്കു മുമ്പേ തീരുമാനിക്കപ്പെട്ട വിധി നടപ്പാക്കുക മാത്രം. ദൈവേഛ നടപ്പിലാക്കാനുള്ള മാർഗമായതല്ലേയുള്ളു അവർ. യസീദിനെപ്പോലുള്ള അക്രമികൾക്കും മുആവിയ്യയെപോലുള്ള ബൈഅത്ത് പിടിച്ചുപറിക്കാർക്കും ആശൂറയുടെ അപകടത്തിൽ നിന്നു ഹുസൈന്റെ(അ) ഓർമ്മയുയർത്തുന്ന അമർഷത്തിൽനിന്നും രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുക കൂടി ചെയ്യുന്നു ഈവീക്ഷണം. അക്രമത്തിന്റെയുയം അപഹരണത്തിന്റെയും അധികാര കേന്ദ്രങ്ങൾക്കിതിരിലുള്ള പോരാട്ടമായ രക്തസാക്ഷ്യത്തിന്റെ ലക്ഷ്യത്തെ ആർക്കും ഒന്നിനും എതിരിലുള്ളതല്ലാത്ത ഒരു പോരാട്ടമാക്കി അധ:പ്പതിപ്പിക്കും.

ഇത് കണക്കിലെടുക്കുമ്പോൾ, ആശൂറ യസീദ് ഭരണത്തെ ആക്രമിച്ച് നശിപ്പിക്കാൻ വേണ്ടിയുള്ള വിപ്ലവവും ജിഹാദുമായിരുന്നുവെന്ന് “ശഹീദെ ജാവീദി”ൽ പ്രകടിപ്പിച്ച അഭിപ്രായമാണ് രക്തസാക്ഷ്യത്തെക്കുറിച്ചുള്ള സഫവികളുടെ സൂഫി-ക്രിസ്ത്യൻ വ്യാഖ്യാനത്തേക്കാൾ ശരിയും പുരോഗനപരവും. ഹുസൈന്നും ആശുറാക്കുമെതിരിൽ സൗഹാർദ്ധഭാവത്തിലുള്ള ഒരു വൻ ഗൂഡാലോചനയാണ് സഫവികളുടെ വീക്ഷണം.

ശഹീദെജാവിദിൽ ഹുസൈൻ(അ)ന്റെ എഴുന്നേൽപ്പ് പ്രവാചകന്റെ(സ) നേതൃത്വത്തിൽ പരാജയപ്പെട്ട ഉഹദ് യുദ്ധം പോലെയോ ഹസൻ(അ)ന്റെ നേതൃത്വത്തിൽ പരാജയപ്പെട്ട മുആവിയ്യക്കെതിരായ വിപ്ലവം പോലെയോ തോൽപ്പിക്കപ്പെട്ടതായി വ്യാഖ്യാനിക്കപ്പെടുന്ന ഒന്നേ ആവുന്നുള്ളു. എന്റെ അഭിപ്രായത്തിൽ രകതസാക്ഷ്യം ഇസ്ലാമിൽ അതിന്റെ സവിശേഷാർത്ഥത്തിൽ "ജിഹാദി"നു ശേഷം സ്വയം തന്നെയുള്ള ഒരു തത്വമാണ്. രക്തസാക്ഷി യുദ്ധക്കളത്തിലേക്ക് വരുമ്പോൾ തന്നെ പരാജയപ്പെട്ടു കഴിഞ്ഞ ഒരു യോദ്ധാവുമാണ്. ഹുസൈന്റെ പരാജയപ്പെടുത്തപ്പെട്ട വിപ്ലവം എന്ന അഭിപ്രായത്തെക്കാൾ ഉന്നതവും പുരോഗമനപരവും വ്യാഖ്യാനിക്കാൻ കഴിയുന്നതുമാണീ അഭിപ്രായം.

ഹുസൈന്(അ) മുമ്പ് ഈ അർത്ഥത്തിലുള്ള ശഹാദത്തിന്റെ താരതമ്യേന ചെറുതും വലുതുമായ രണ്ടു മാതൃകകളുണ്ട്. ഒന്ന് പ്രവാചകന്റെ(സ) കാലത്ത് നടന്നതാണ്. മറ്റൊന്ന് ഹസ്രത്ത് അലി(അ) യുടെ കാലത്തും. രണ്ടും ഒരേ കുടുംബത്തിൽ നിന്നുള്ള രണ്ട് മാതൃകകളായിരുന്നുവെന്നത് കൗതുകമുളവാക്കുന്നതാണ്.

അമ്മാറിന്റെ ചരിത്രം നോക്കൂ: അമ്മാറിന്റെ മാതാപിതാക്കളായ സുമയ്യയും യാസിറും അബുജഹലിന്റെ പീഡനമേറ്റപ്പോൾ സത്യത്തെ നിഷേധിക്കുന്നതിനേക്കാളും പ്രവാചകനെ തള്ളിപ്പറയുന്നതിനേക്കാളും മുൻഗണന നൽകിയത് രക്തസാക്ഷ്യത്തിനാണ്. അങ്ങനെ അവർ രക്തസാക്ഷ്യം വരിച്ചു. യുവാവായ അമ്മാർ പീഡിപ്പിക്കപ്പെട്ടപ്പോൾ അങ്ങേയറ്റം വരെ അത് സഹിച്ചു. മാതാപിതാക്കൾ പീഡിപ്പിക്കപ്പെടുന്നത് കണ്ട് അസ്തവീര്യനായ അദ്ധേഹം ഒടുവിൽ തന്റെ ശത്രു തന്നിൽനിന്ന് കേൾക്കാൻ ആഗ്രഹിച്ചതെന്തോ അത് ശത്രുവിന്റെ മുമ്പിൽ വെച്ചങ്ങ് പറഞ്ഞു. പ്രവാചൻ(സ) അമ്മാറിനെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ തന്ത്രത്തിന് അംഗീകാരം നൽകുകയും ചെയ്തു. അമ്മാർ പറഞ്ഞത് പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർക്കും രക്ഷപ്പെടാമായിരുന്നു. പക്ഷെ, അവർ അതിനു പകരം രക്തസാക്ഷ്യമാണ് തിരഞ്ഞെടുത്തത്. അവർ ചെയ്തത് തെറ്റോ ബുദ്ധി ശൂന്യതയോ ആയിരുന്നില്ല. മറിച്ച് അത് രക്തസാക്ഷ്യമായിരുന്നു.

അമ്മാർ അതിനു ശേഷം അമ്പത് വർഷത്തോളം ഒരു ഭടനെന്ന നിലയിൽ ഇസ്ലാമിനെ സേവിച്ചുകൊണ്ട് ജീവിച്ചു പോന്നു. പ്രവാചകന് വലിയ ഇഷ്ടമായിരുന്നു അമ്മാറിനോട്. ഒരിക്കൽ അവിടുന്നിപ്രകാരം പറയുകയുണ്ടായി: "അമ്മാർ, ഒരുനാൾ ഒരക്രമി സംഘം താങ്കളെ വധിക്കും."

ഹിജ്റ 40-തിൽ സിഫ്ഫീൻ യുദ്ധം നടക്കുമ്പോൾ അമ്മാർ വൃദ്ധനായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന് ജിഹാദിലേർപ്പെടാൻ ശക്തിയില്ലായിരുന്നു. സത്യത്തിന്റെ സൈന്യത്തിന് യുദ്ധം ചെയ്യാൻ കഴിവുണ്ടായിരുന്നുവെങ്കിലും ആ സൈന്യത്തിലെ ഒരു ഭടനായ അദ്ധേഹം യുദ്ധത്തിന് പോകാനോ ശത്രുവിനെ കൊല്ലാനോ കഴിയുന്ന അവസ്ഥയിലായിരുന്നില്ല. എങ്കിലും തന്റെ പങ്ക് സത്യത്തിന്റെ വിജയത്തിൽ ഒരു പങ്ക് വഹിക്കാൻ കഴിഞ്ഞെങ്കിൽ- അമ്മാർ രക്തസാക്ഷ്യം തെരഞ്ഞെടുക്കുന്നു. സിഫ്ഫീനിൽ അലിയുടെയും മുആവിയ്യയുടെയും സൈന്യങ്ങൾ മുഖാമുഖം നിൽക്കുകയാണ്. ആയിരക്കണക്കിന് മുസ്ലിംകൾ മുആവിയ്യയുടെ സൈന്യത്തിൽ അലിക്കെതിരിൽ വാളോങ്ങിപ്പിടിച്ചുകൊണ്ട് തങ്ങൾ സത്യത്തിനും ഇസ്ലാമിനും ഖുർആനും വേണ്ടി, സമൂഹത്തിൽ ഭിന്നിപ്പിന് കാരണമാവുകയും പ്രവാചകന്റെ നിരപരാധിയായ സ്വഹാബി ഉസ്മാനെ വധിക്കുകയും ചെയ്ത അധികാരമോഹിയായ സാഹസികനെതിരെ പൊരുതുകയാണെന്ന ഭാവത്തിൽ നിൽക്കുകയാണ്.

അമ്മാറിന്റെ വിറയാക്കുന്ന കൈകൾക്ക് വാളൂരാൻ കഴിയുന്നില്ല. മുആവിയ്യയുടെ ശക്തി നശിപ്പിക്കാൻ അദ്ധേഹത്തിന് ഒന്നും ചെയ്യാനാവുന്നില്ല. എങ്കിലും അമ്മാറിനെ ഒരക്രമി സംഘം കൊല്ലുമെന്ന പ്രവാചക വചനം എല്ലായിടത്തും പ്രചരിച്ചിട്ടുണ്ട്. ഹരിതകൊട്ടാരത്തിന്റെ കുപ്രചാരണങ്ങൾ കേട്ട് വിശ്വസിക്കുകയെന്നതിൽ കവിഞ്ഞ യാതൊന്നുമറിയാത്ത ജനങ്ങൾക്കും ഈ പ്രവചനം കേട്ടറിവുണ്ട്. അമ്മാർ ചിന്തിക്കുന്നു: താൻ മുആവി

യ്യയുടെ സൈന്യത്തിന്റെ കൈയാൽ സിഫ്ഫീനിൽ കൊല്ലപ്പെടുകയാണെങ്കിൽ പ്രവാചകൻ പറഞ്ഞ ആ അക്രമി സംഘം ഇതു തന്നെയാണെന്ന് തെളിയില്ലേ? അത് അലിയുടെ സൈന്യത്തിന്റെ ധാർമ്മിക ശക്തിവർദ്ധിപ്പിക്കുകയും മുആവിയ്യയുടെ സൈന്യത്തിന്റെ മനസ്സിളക്കുകയും ചെയ്യുകയില്ലേ? നിസ്സംശയം.

അമ്മാർ രക്തസാക്ഷ്യം തെരഞ്ഞെടുക്കുന്നു. നരച്ച് വെളുത്ത തലയും ഏതാണ്ട് കാഴ്ച നഷ്ടപ്പെട്ട കണ്ണുകളും വിറക്കുന്ന കൈകളുമായി, അദ്ധേഹം ഒരു രക്തസാക്ഷിയാണ് മറ്റുള്ളവരൊക്കെ യോദ്ധാക്കളും. അവർ കൊല്ലാൻ ശ്രമിക്കുന്നു. അമ്മാർ കൊല്ലപ്പെടാൻ ശ്രമിക്കുന്നു. അമ്മാർ ഉത്സാഹത്തോടെ തന്നെ വാളുകൾക്ക് സമർപ്പിക്കുന്നു. അമ്മാർ എല്ലായിടത്തും തന്റെ ഘാതകനെ തിരയുന്നു. ശത്രു സൈന്യത്തിന്റെ മദ്ധ്യത്തിൽ തനിക്കു നഷ്ടപ്പെട്ട എന്തോ വസ്തുവാണ് മരണമെന്നപോലെ! യോദ്ധാക്കളോടൊപ്പമെത്തിയ ഈ വൃദ്ധനായ രകതസാക്ഷി അത് തെരഞ്ഞ് യുദ്ധക്കളത്തിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്.

യുദ്ധഭേരി മുഴങ്ങുന്നു! ആരോ വിളിച്ചുപറയുന്നു: അമ്മാർ യുദ്ധത്തിന് വന്നിട്ടുണ്ട്! മുആവിയ്യയുടെ സൈന്യത്തിന് ആത്മവീര്യം നഷ്ടപ്പെടുന്നു. രക്തസാക്ഷ്യത്തിന്റെ ഒന്നാമത്തെ സ്വാധീനം! രക്തസാക്ഷ്യത്തിന്റെ മാരുതൻ ശത്രു സൈന്യത്തിന്റെ പൊയ്കയിൽ ആന്ദോളനങ്ങൾ സൃഷ്ടിക്കുന്നു. പിന്നെ ചോദ്യങ്ങൾ! പ്രധിഷേധങ്ങൽ! വിവരം മുആവിയ്യയുടെ കാതിലെത്തുന്നു. "അദ്ധേഹം കൊല്ലപ്പെട്ടിട്ടില്ലല്ലോ, അതിനാൽ അദ്ധേഹത്തിന്റെ അടുത്തുനിന്ന് ഒഴിഞ്ഞുമാറുക!" മുആവിയ്യ കൽപ്പന കൊടുക്കുന്നു, പക്ഷെ തന്റെ മരണം തിരയുന്ന ആ രക്തസാക്ഷി ആക്രമിക്കാൻ തുടങ്ങുന്നു. ഒടുവിൽ വിജയിച്ചു. രകതസാക്ഷിയുടെ മഹത്വത്തിന്റെയും സാക്ഷാൽക്കാരത്തിന്റെയും കൊടുമുടിയിലെത്തിയ മഹാവിജയം! അമ്മാർ കൊല്ലപ്പെട്ടു.

തങ്ങളുടെ മാർഗ്ഗമാണ് സത്യമെന്നും തങ്ങളുടെ നേതാവാണ് യഥാർത്ഥ നേതാവെന്നുമുള്ളതിന് ദൃഷ്ടാന്തം കണ്ട അലി(അ)യുടെ സൈന്യത്തിന്റെ ഹൃദയഭാഗത്തുനിന്ന് അന്തരീക്ഷം ഭേദിക്കുന്ന ഒരു ശബ്ദമുയർന്നു. "അക്രമിസംഘം അമ്മാറിനെ വധിച്ചു! അല്ലാഹുവിന്റെ ദൂതരുടെ വാക്കിന്റെ പുലർച്ച!" അതേസമയം മുആവിയ്യയുടെ സൈന്യത്തിലോ, ശൈഥില്യം, ഭയം, സംശയം! സംശയം കലർന്ന ശബ്ദം: അമ്മാർ കൊല്ലപ്പെട്ടല്ലോ! നാം അമ്മാറിനെ കൊന്നു! അക്രമിസംഘം ...........

അമ്മാർ അമ്പത് വർഷക്കാലം ജിഹാദനുഷ്ഠിച്ചു. ഇപ്പോൾ ഒരു ദിവസം രക്തസാക്ഷ്യമനുഷ്ഠിച്ചിരിക്കുന്നു.

അമ്മാറിന്റേതിനെക്കാൾ കൗതുകകരമാണ് ഹുർറിന്റ79 കഥ. ജീവിതകാലം മുഴുക്കെ അദ്ദേഹം ദ്രോഹം ചെയ്തുകഴിഞ്ഞു. അങ്ങനെ ഒരു ദിവസം രക്തസാക്ഷ്യമനുഷ്ഠിച്ചു.

ഹുസൈനെ(അ) നോക്കൂ: അദ്ദേഹം തന്റെ ജീവിതത്തിൽ നിന്നിറങ്ങി വരുന്നു. വീട്വിട്ട് മരണത്തിനുനേരെ അടുക്കുന്നു. യുദ്ധം ചെയ്യാൻ വേണ്ടി; മരിക്കാൻ വേണ്ടി; ഭരണകൂടത്തിന്റെ ചെളിപുരണ്ട മുഖത്തിനു മീതെ അണിഞ്ഞിട്ടുള്ള വഞ്ചനയുടെ ആവരണം ചീന്തിയെറിയാൻ വേണ്ടി. വേറെ കയ്യിൽ ആയുധമൊന്നുമില്ല. ശത്രുവിനെ തോൽപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ചുരുങ്ങിയത് അപമാനിക്കുകയെങ്കിലും ചെയ്യാം. ഭരണാധികാരിയെ താഴത്തിറക്കുക. അസാധ്യമെങ്കിലും കൊള്ളരുതാത്തതെന്നു തെളിയിച്ചുകൊടുക്കാം. അതുവഴി ഈ ജീവൻ പോയ സമൂഹഗോത്രത്തിൽ - പ്രവാചക വിപ്ലവത്തിന്റെ ഈ രണ്ടാം തലമുറയിൽ - വിശ്വാസത്തിന്റെയും ജിഹാദിന്റെയും നവചൈതന്യമുള്ള ജീവരക്തം കുത്തിവെക്കാൻ കഴിയും.

നിരായുധനും നിസ്സഹായനും അശക്തനുമെങ്കിലും ജിഹാദിന്റെ ബാധ്യത തന്റെ ചുമലിലുണ്ടെന്ന് അദ്ദേഹം അറിയുന്നു. മരിക്കുകയല്ലാതെ പണിയില്ല. ....... ചുവന്ന മരണം തെരഞ്ഞടുക്കുക തന്നെ. താൻ ഹുസൈനായതുകൊണ്ടു തന്നെ ക്രൂരതക്കും തിൻമെക്കുമെ

തിരെ ജിഹാദ് ചെയ്യാൻ ബാധ്യസ്ഥനുമാണ്. പക്ഷെ ജിഹാദിന് തന്റെ ശരീരം മാത്രമാണു ള്ളത്. അതുമെടുത്താണ് വീട്ടിൽ നിന്നു പുറപ്പെട്ടിട്ടുള്ളത്. അതുമായാണ് തന്നെ കാത്തി രിക്കുന്ന കശാപ്പുശാലയിൽ പ്രവേശിക്കുന്നത്.

എത്ര കൃത്യമായ ആസൂത്രണത്തോടെയാണ് അദ്ദേഹം പദ്ധതി തയ്യാറാക്കുന്നത്! യുക്തിദീക്ഷയോടെ, ക്രാന്തദർശിത്വത്തോടെ, തികഞ്ഞ ദാർഢ്യതയോടെ, തികച്ചും ആസൂത്രിതമായ പുറപ്പാട്, പ്രയാണം പാലായനം.........

യാത്രമധ്യേ ഓരോ ഘട്ടങ്ങൾ പിന്നിടുമ്പോഴും സഹചാരികളിൽ ഓരോരുത്തരെയും ലക്ഷ്യത്തെക്കുറിച്ച് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. യാതൊരു അവ്യക്തതയും അവശേഷി ക്കരുതെന്നുവെച്ച്. ആരാണ് സഹചാരികളെന്നോ? അദ്ദേഹത്തിന്റെ കൂടെ മരിക്കാൻ പുറ പ്പെട്ടവർ. കുടുംബാംഗങ്ങളെ ഒന്നൊഴിയാതെ അദ്ദേഹം കൂടെ കൊണ്ടുവന്നിട്ടുണ്ട്. ഭൂമു ഖത്ത് ആകപ്പാടെ അദ്ദേഹത്തിനുള്ളത് ഈ കുടുംബാംഗങ്ങൾ മാത്രമാണ്. അവരിൽ ഒരാളെപ്പോലും ബാക്കിവെക്കാതെ അദ്ദേഹം നയിക്കുന്നു. രക്തസാക്ഷിത്വത്തിന്റെ അൾത്താരയിൽ ബലികൊടുക്കാൻ.

നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസത്തിന്റെ നിർണ്ണായക വിധി. ജാഹിലിയ്യത്തിന്റെ പിടിയിൽ പൂർണ്ണമായി അമർന്നുകഴിഞ്ഞിരിക്കുന്നവരും ഇസ്ലാമിക നീതിയുടെ സ്വാത ന്ത്ര്യത്തിന്റെയും തിരിച്ചുവരവിനെ കാത്തുകഴിയുന്നവരുമായ ജനങ്ങളുടെ ദയനീയ ദൃഷ്ടികൾ ആ ഒറ്റപ്പെട്ട ധീരനായ മനുഷ്യനെയാണ് ഉറ്റു പാർക്കുന്നത്. അദ്ദേഹം എന്താണ് ചെയ്യാൻ പോകുന്നത്.

ആയുധവും ആൾ ശേഷിയുമില്ലാത്ത ആ മനുഷ്യനിതാ രംഗത്തെത്തിയിരിക്കുന്നു. സ്വന്തം തടിയുമായി, മുഴുവൻ കുടുംബാംഗങ്ങളെയുമായി, പ്രിയപ്പെട്ടകൂട്ടുകാരുമായി തന്റെയും കുടുംബക്കാരുടെയും കൂട്ടുകാരുടെയും രക്തസാക്ഷ്യത്തിലൂടെ ഒരു പര മാർത്ഥത്തിനു സാക്ഷ്യം വഹിക്കാൻ പോവുകയാണദ്ദേഹം. അതായത്, സത്യം ആരാരും സംരക്ഷിക്കാനില്ലാത്ത നിസ്സഹായവും നിരായുധവുമായ സന്ദർഭത്തിൽ ഞാനെന്റെ ഉത്ത രവാദിത്വം പരിപൂർണ്ണവും വിജയകരവുമായി ഇതാ നിറവേറ്റുന്നു! ഇതിലപ്പുറം ഒന്നും തന്നെ സാദ്ധ്യമല്ല!

നിങ്ങൾ കേട്ടിരിക്കും: ആശൂറാനാളിൽ സ്വന്തം കുഞ്ഞായ അലി അസ്ഗറിന്റെ ഗളരക്തം കൈക്കുമ്പളിലെടുത്ത് ഇമാം ഹുസൈൻ(അ) വിതുമ്പുന്നു: അല്ലാഹുവേ അടിയന്റെ ഈ ബലി സ്വീകരിച്ചാലും.........എന്റെ നാഥാ, നീ സാക്ഷി!!

ഒരു മനുഷ്യന്റെ മരണം ഒരു സമൂഹത്തിന്റെ ജീവിതം ഉറപ്പുവരുത്തുകയും ഒരാളുടെ രക്തസാക്ഷിത്വം ഒരു വിശ്വാസസംഹിതയുടെ നിലനിൽപ്പിനു മൂലധനമാവുകയും ചെയ്യു ന്നതാണ് സന്ദർഭം. അക്രമവും വഞ്ചനയും മർദ്ദനവും നിറഞ്ഞ ഏകാധിപത്യത്തിന്റെ പരി പൂർണ്ണരൂപമാണ് നാട് ഭരിക്കുന്നതെന്ന പ്രത്യക്ഷ സാക്ഷീകരണമായിരിക്കുമത്. മൂല്യങ്ങ ളുടെ അസ്ഥിത്വം വിസ്മൃതിയിലേക്കും വിനാശത്തിലേക്കും തള്ളപ്പെട്ടുവെന്നതിന്റെ ഉൽഭോധനമായിരിക്കും. ഇരുട്ടിന്റെ പരമാധികാരത്തിനെതിരെ ഉയരുന്ന ഒരു ചുവന്ന പ്രധിഷേധം, നാക്കുകൾ അരിഞ്ഞു വീഴിത്തി നിശ്ശബ്ദമാക്കപ്പെട്ടതിനെതിരെ ഉയരുന്ന ഒരു ഉഗ്രൻ ഗർജ്ജനം-അതത്രെ ശഹാദത്ത്.

ചരിത്രത്തിൽ നിന്ന് മായ്ച്ചുകളയണമെന്ന് പ്രതിയോഗികൾ ആഗ്രഹിക്കുന്നതെന്തോ, അതിന്റെ മായാത്ത മാതൃകയും നിലനിൽപ്പർഹിക്കുന്നതിന്റെ അനശ്വരമായ പ്രതീകവു മാണ് ശഹാദത്ത്. നിശ്ശബ്ദതയിലും സ്ഥലം പിടിക്കേണ്ടതെന്തോ അതിന്റെ സാക്ഷീകര ണമാണ് ശഹാദത്ത്. അസ്തിത്വത്തിന് അർഹത നൽകുന്ന ഏക കാരണം; നില നിൽപ്പിന്റെ തെളിവ്; തയാറെടുപ്പിന്റെ ലക്ഷണം; പ്രത്യാക്രമണത്തിന്റെയും പ്രതിരോധ ത്തിന്റെയും ഏക ആയുധം; തിന്മയും മർദ്ദനവും ഭരണം നടത്തുന്നിടത്ത് സത്യത്തിനും മനുഷ്യാവകാശത്തിനും സാമൂഹ്യ നീതിക്കും പിടിച്ചുനിൽക്കാനുള്ള ഏക അവ ലംബം-അതാണ് ശഹാദത്ത്.

ഭരണകൂടം അദ്ദേഹത്തെ നിരായുധനാക്കി. എല്ലാ അടിത്തറകളും തകർത്തുകളഞ്ഞു. കൂട്ടുകാരെയും കൂറുകാരെയും കൂട്ടത്തോടെ കൊലചെയ്തു. ഒരു മനുഷ്യനാവുക എന്നാൽ മരണക്കിണറ്റിൽ ചാടുകയോ സാഹചര്യങ്ങളുടെ പാറക്കെട്ടുകളിൽ തലയിടിച്ചു പൊളിക്കുകയോ ചെയ്യുക എന്നാണർത്ഥം. ഇതേ അത്ഭുതങ്ങളാണ് ശഹാദത്തിലൂടെ പ്രദർശിപ്പിക്കപ്പെടുന്നത്.

ഇരുൾ മുറ്റിയ, മൂകത വ്യാപിച്ച അസ്ഥിമാടത്തിൽ ഒരു രക്ഷകനെ തുപ്പുകയാണ് ഹിജ്റ അറുപതാമാണ്ട്. ഈ യുഗത്തിൻെറ രക്ഷാർതൃബാധ്യത തന്റെ ചുമലിലാണർപ്പിതമായ തെന്ന് സംശയംവിനാ മനസ്സിലാക്കിയ ഇമാം ഹുസൈൻ(അ) ഒട്ടും താമസിയാതെ മക്ക വിടുന്നു. തന്നെ കാത്തിരിക്കുന്ന കൊലക്കളത്തിനുനേരെ അതിവേഗം സഞ്ചരിക്കുന്നു. അദ്ദേഹത്തിനറിയാം ചരിത്രം തന്നെ പ്രതീക്ഷിച്ചിരിക്കുകയാണെന്ന്. കാലം ശിർക്കിന്റയും പിന്തിരിപ്പത്വത്തിന്റെയും പുറം തിരിഞ്ഞു നിൽക്കുകയാണ്. ദൃഷ്ടികളെല്ലാം ഹുസൈ ന്റെ(അ) മുന്നേറ്റം ശ്രദ്ധിക്കുകയാണ്; അത്യന്തം ആകാംക്ഷയോടെ.

നിതാന്തവിമൂകതയിൽ മരവിച്ചുനിൽക്കുന്ന ജനത്തിന് അദ്ദേഹത്തിന്റെ മുന്നേറ്റവും വിലാ പവും ആവശ്യമുണ്ട്. ചെകുത്താൻമാരുടെ കൈകളിൽ കിടന്ന് ചക്രശ്വാസം വലിച്ച് പിട യുന്ന ദൈവിക സന്ദേശം അദ്ദേഹത്തോട് ഇങ്ങനെ അഭ്യർത്ഥിക്കുന്നു: അങ്ങയുടെ രക്ത സാക്ഷ്യം വഴി ഈ അത്യാഹിതത്തിനു സാക്ഷിയാവുക. പ്രവാചകൻ(സ) നേരത്തെകൂട്ടി പ്രവചിച്ചത് അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു വരുന്നു.

“നീ കൊല്ലപ്പെട്ടു കാണാൻ ദൈവം ആഗ്രഹിക്കുന്നു!”

## പതിനഞ്ച്

നമ്മുടെ നരതത്വ ശാസ്ത്രമനുസരിച്ചും ശഹാദത്തിന് ഒരു പ്രത്യേക അർത്ഥമാണുള്ളത്. ദൈവികവും പൈശാചികവുമായ ഗുണങ്ങൾക്ക് ആകർഷിക്കാവുന്ന തരത്തിലാണ് മനുഷ്യപ്രകൃതിയുടെ സൃഷ്ടിപ്പ്. ചെളിയും ആത്മാവും കൂടിയാണ് മനുഷ്യൻ. അതിനീചവും അത്യുന്നതവുമായ രണ്ട് ഘടകങ്ങളുടെ സമ്മിശ്രണം. മതം, മതവിധികൾ, ആരാധനകൾ, പ്രാർത്ഥനകൾ, നിയമങ്ങൾ, സൽക്കർമ്മങ്ങൾ, സേവനങ്ങൾ, വിജ്ഞാനീ യങ്ങൾ തുടങ്ങിയവയെല്ലാം തന്നിലടങ്ങിയിട്ടുള്ള പൈശാചിക ദുർഗുണങ്ങളെ ബലഹീന മാക്കുവാനും ദൈവികമായ വശത്തെ ഉയർത്തുവാനുംവേണ്ടി സംഘർഷങ്ങളും അഭ്യാ സങ്ങളുമാണ്. എന്നാൽ രക്തസാക്ഷിത്വം ഒരു വ്യക്തി തന്നിലെ ഹീനമായവശത്തെ വിശ്വാസത്തിന്റെയും അനുരാഗത്തിന്റെയും അഗ്നിയിലിട്ട് ഊതിക്കത്തിച്ച് ദൈവിക പ്രകാ ശമാക്കി മാറ്റിയെടുക്കുന്ന വിപ്ലവകരമായ പ്രക്രിയയാണ്.

രക്തസാക്ഷിയെ കുളിപ്പിക്കേണ്ടതില്ല. ശവത്തുണി ഉടുപ്പിക്കേണ്ടതില്ല. അന്ത്യനാളിൽ അയാൾ കണക്കുബോധിപ്പിക്കേണ്ടതില്ല. കാരണം രക്തസാക്ഷി തന്റെ തിന്മയുടെ എല്ലാ വശവും മരണത്തിലിട്ടു ദഹിപ്പിച്ചിരിക്കുന്നു. അതിന് സാക്ഷിയെന്നോണം ദിവ്യസവിധം പൂകിയിരിക്കയാണയാൾ.

ഇതേ കാരണം കൊണ്ടായിരിക്കാം, ഇമാം ഹുസൈൻ(അ) ആശൂറായുടെ തലേന്ന് വളരെ ബദ്ധശ്രദ്ധനായി എല്ലാ ഒരുക്കങ്ങളും ചെയ്തു തീർത്തത്. അദ്ദേഹം നന്നായി കുളിച്ച് ശുദ്ധിവരുത്തുന്നു: കൂട്ടത്തിൽ മുന്തിയ വസ്ത്രങ്ങളണിയുന്നു. നല്ല സുഗന്ധ വസ്തു ക്കൾ പെരുമാറുന്നു രക്തപ്പുഴ അലയടിക്കുന്നതിനിടയിൽ.........മരണത്തിന്റെ ചൂടു പിടിച്ച മാർക്കറ്റിൽ..വിലപ്പട്ടതും പ്രിയപ്പെട്ടതുമൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ രം.........ഘടികാരത്തിന്റെ സൂചികൾ പായുന്നതിനനുസരിച്ച്, രക്തസാക്ഷികളുടെ നെഞ്ചി ടിപ്പുകൾ ആവേശത്താൽ വർദ്ധിക്കുകയാണ്. മുഖം കൂടുതൽ പ്രസന്നമായിത്തീരുക

യാണ്. മനസ്സും മസ്തിഷ്കവും ഹൃദയവും ദിവ്യാനുരാഗത്താൽ തപിച്ചു കൊണ്ടിരിക്കുകയാണ്. പ്രതാപവാനായ ദൈവത്തിന്റെ ദർബാറിലേക്കുള്ള അകലം കുറഞ്ഞു വരികയാണെന്നവർക്കറിയാം. ശഹാദത്താണ് ആ രാജധാനിയിലേക്കുള്ള കവാടം.

രക്തസാക്ഷിത്വത്തെ ഓർക്കാപ്പുറത്ത് പിടിപെടുന്ന ഒരു വിപത്തായും ആകസ്മികമായി വന്നെത്തുന്ന മരണമായും അത്യാഹിതമായും വിശേഷിപ്പിക്കുന്ന ഇതരന്മാരുടെ വീക്ഷണഗതിക്ക് വിപരീതമായി നമ്മുടെ മതത്തിലും സംസ്കാരത്തിനും അതൊരു പദവിയാണ്.; പുരോഗതിയാണ്; ഉന്നതിയാണ്; ഉത്തരവാദിത്വമാണ്; പൂർണ്ണതയാണ്; സംസ്കാരമാണ്; മാനവികതയുടെ കൊടുമുടിയിലേക്കുയരാനുള്ള കയറ്റുപടിയാണ്.

എക്കാലത്തും ഏതു നൂറ്റാണ്ടിലും ആദർശശാലികളും വിശ്വാസസംഹിതയുടെ അനുയായികളും തങ്ങൾക്കു ശക്തി കാണുന്നുണ്ടെങ്കിൽ ജിഹാദിലൂടെ അന്തസ്സും ജീവിതവും ഉറപ്പു വരുത്തുന്നു. പൊരുതാനുള്ള ആളും ആയുധവും ബലവും അപഹരിക്കപ്പെട്ടതായി കാണുമ്പോൾ രക്തസാക്ഷിത്വത്തിലൂടെ അവർ ചരിത്രത്തിൽ ജീവിക്കുന്നു. വിശ്വാസം, അന്തസ്സ്, മഹത്വം, ഭാവി എന്നിവ രക്തസാക്ഷിത്വം മുഖേനെയാണവർ ഭദ്രമാക്കുന്നത്.

ഏതു കാലത്തും ഏതു തലമുറയിലും ജീവിക്കുന്നവരോട് ശഹാദത്തിനുള്ള സന്ദേശമിതാണ്:

“കഴിവുണ്ടെങ്കിൽ കൊല്ലുക.
കഴിവില്ലെങ്കിൽ ജീവൻ കൊടുക്കുക.”

# പ്രാർത്ഥന

പ്രസംഗം പ്രാർത്ഥനയിലവസാനിപ്പിക്കുന്ന സമ്പ്രദായം ഞാൻ ശീലിച്ചിട്ടില്ല. കാരണം അവിടെയെത്തുമ്പോൾ ഞാനതിന് അർഹതയില്ലാത്തവിധം നിസ്സാരനാണെന്നേ എനിക്കു തോന്നൂ. അത്തരമൊരു മാനസികാവസ്ഥ സഹിച്ചുകൊണ്ടുതന്നെ, നിങ്ങളുടെയെല്ലാം അനുമതിയോടെ, സ്ഥിതിഗതികൾ എങ്ങിനെയെല്ലാം ആയിത്തീരണം, ഏതൊക്കെ വിധ ത്തിൽ ആയിപ്പോകരുത് എന്ന് അഭിലഷിക്കുന്ന ഏതാനും പ്രാർത്ഥനാശകലങ്ങൾ ഉരുവി ട്ടുകൊള്ളട്ടെ.

നമ്മുടെ മതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതും അലക്സിസ്കാറൽ എടുത്തുപറഞ്ഞിട്ടു ള്ളതുമായ ഒരു സംഗതി  ഇത്തരുണത്തിൽ പ്രസ്താവയോഗ്യമായി തോന്നുന്നു. അതായ ത്, ഒരു കുട്ടി തന്റെ പിതാവിനോട് സംസാരിക്കുന്നതു പോലെയായിരിക്കണം പ്രാർത്ഥന. ഒരു ആവശ്യക്കാരന്റെ മാതിരി സ്വയം പ്രേരിതനായി പലവട്ടം പ്രാർത്ഥിക്കുക. ഉത്തരം കിട്ടാൻ അങ്ങനെയാണു വേണ്ടത്.

സ്നേഹിതൻമാരെ!

തിൻമയുടെ അന്തരീക്ഷത്തിലാണ് നാം ശ്വാസം കഴിക്കുന്നത്. വളരെ വിഷമം പിടിച്ച താണ് നാം ജീവിക്കുന്ന കാലഘട്ടം. എന്റെ വിശ്വാസവും പ്രതീക്ഷയും ഞാനർപ്പിച്ചിരി ക്കുന്നത് യുവാക്കളായ നിങ്ങളിലാണ്. അറിവും അംഗീകാരവും നേടിയവരുടെയും സമൂ ഹത്തിൽ സ്ഥാനമുള്ളവരുടെയും പണവും പദവിയും ആർജ്ജിച്ചിട്ടുള്ളവരുടെയും ബാദ്ധ്യത കൈവശമുള്ളത് കൈമോശം വരാതെ കാത്തുസൂക്ഷിക്കുന്നതിൽ കവിഞ്ഞൊ ന്നുമില്ല. എന്നാൽ നിങ്ങളിന്ന് അപഹരിക്കപ്പെട്ട അനുഗ്രഹങ്ങളുടെ ഉടമസ്ഥൻമാരാണ്. നിശ്ശേഷം നഷ്ടപ്പെടുകയും വിസ്മൃതിയിലേക്കു തള്ളപ്പെടുകയും ചെയ്തുകൊണ്ടിരി ക്കുന്ന ആ അനുഗ്രഹങ്ങളുടെ മോചനത്തിനും നമ്മുടെ മോക്ഷത്തിനും വേണ്ടി വല്ലതു മൊക്കെ ചെയ്യാൻ നിങ്ങൾക്കു സാധിക്കണം.

ദൈവമേ!

മനുഷ്യമക്കൾക്ക് നീ മഹത്വം പ്രദാനം ചെയ്തു;

അവരുടെ ചുമലിൽ നിന്റെ വിശേഷപ്പെട്ട 'അമാനത്ത്' വഹിപ്പിച്ചു;

വേദഗ്രന്ഥം പഠിപ്പിക്കാനും നീതി നടപ്പിൽ വരുത്താനും പ്രവാചകൻമാരെ അയച്ചുതന്നു.

നീയും നിന്റെ ദൂതൻമാരും നിന്നിൽ വിശ്വാസമർപ്പിച്ചവരുമാണ് അന്തസുറ്റവരെന്നു നിശ്ച യിച്ചു.

ഞങ്ങൾ മനുഷ്യർ,

നിന്നിലും നിന്റെ പ്രവാചകശ്രേഷ്ഠരിലും വിശ്വസിച്ചിട്ടുള്ളവർ.

ഞങ്ങൾക്ക് സ്വാതന്ത്ര്യം, ജ്ഞാനോൽബുദ്ധത, നീതി, അന്തസ്സ് എന്നിവ തരിക! ഞങ്ങൾ അങ്ങേയറ്റത്തെ ആവശ്യക്കാരാണ്. മുമ്പെന്നെത്തേക്കാളുമധികം വേദനയനുഭവിക്കുന്നവ രാണിന്നു ഞങ്ങൾ. അടിമത്തത്തിന്റെയും അജ്ഞതയുടെയും നിന്ദ്യതയുടെയും ബലിയാ ടുകയളായിത്തീർന്നിരിക്കുന്നു ഞങ്ങൾ .................

മർദ്ദിതരുടെയും ദുർബ്ബലരുടെയും ദൈവമേ!

ഭൂമുഖത്തെ മർദ്ദിതരെയും അടിച്ചമർത്തപ്പെട്ടവരെയും നീ തുണക്കുമല്ലോ! ചരിത്രത്തിന്റെ ചങ്ങലകളിൽ വരിഞ്ഞുമുറുകുകയും അക്രമത്തിനും അനീതിക്കുമെതിരായും കൊള്ളയും കൊലയും സഹിച്ചും ഭൂമിയിലെ നരകവാസികളായിത്തീർന്നിരിക്കയാണ് ഞങ്ങൾ. ജീവിതം തടയപ്പെട്ട ഈ അവശജനങ്ങൾക്ക് ഭൂമിയുടെ അനന്തരാവകാശവും നായകത്വവും തന്നരുളിയാലും.

ഇപ്പോൾ സമയമായിരിക്കുന്നു. ഭൂമിയിലെ മർദ്ദിത ജനകോടി നിന്റെ വാഗ്ദാനം പുലരുന്നതു പ്രതീക്ഷിച്ചിരിക്കുകയാണ്.

സ്നേഹസ്വരൂപനേ! ഇതാ ഈ മർദ്ദിതർ നിന്നെ മാത്രം വണങ്ങുകയും നിനക്കു മാത്രം വഴങ്ങുകയും ചെയ്യുന്നവരാണ്.

മഹേശ്വരാ!

ആദമി(അ)ന്റെ മുന്നിൽ നമിക്കേണ്ടതിന് നിന്റെ വിശുദ്ധരായ മുഴുവൻ മാലാഖമാരെയും അദ്ദേഹത്തിന്റെ കാൽക്കൽ കൊണ്ടുവന്നവൻ നീയല്ലയോ! ഇപ്പോൾ നീ കാണുന്നില്ലേ, ആദം സന്തതികളുടെ ശിരസ്സുകൾ ഭൂമിയിലെ ചെകുത്താൻമാർ പിടിച്ചു കുമ്പിടീക്കുന്നത്? ഈ നൂറ്റാണ്ടിലെ സ്വയം സൃഷ്ട ബിംബങ്ങളുടെ തടങ്കൽപാളയത്തിൽനിന്ന് ആദം സന്തതികളെ മോചിപ്പിച്ച് നിന്റെ മാത്രം അടിമകളായി ജീവിക്കാനവസരം നൽകി! അതുവഴി അവർ പരിപൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കട്ടെ.

ലോകരാജാവേ!

നിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരും പ്രവാചകന്മാരെ അന്യായമായി കൊലചെയ്തവരും നീതിക്കും സമത്വത്തിനും സ്വരമുയർത്തിയവരെ വധിച്ചവരുമാണ് ലോകം ഭരിക്കുന്നത്!

തമ്പുരാനെ!

ഞങ്ങളുടെ മതപണ്ഡിതന്മാരെ കർത്തവ്യബോധമുള്ളവരാക്കിയാലും! സാധാരണക്കാർക്ക് വിവരം, വിശ്വാസികൾക്ക് വെളിച്ചം, ബുദ്ധിജീവികൾക്ക് വിശ്വാസം, തീവ്രവാദികൾക്ക് സമചിത്തത, സമചിത്തതയും കാര്യബോധവുമുള്ളവർക്ക് തീവ്രത, സ്ത്രീകൾക്ക് തന്റേടം, ആണുങ്ങൾക്ക് മാന്യത, വൃദ്ധന്മാർക്ക് ദീർഘദൃഷ്ടി, യുവജനങ്ങൾക്ക് മനക്കരുത്തും തടിയുറപ്പും, ഗുരുഭൂതന്മാർക്ക് ആദർശം, വിദ്യാർത്ഥികൾക്കും....ആദർഷം, ഉറങ്ങിക്കിടക്കുന്നവർക്ക് ഉണർവ്വ്, ഉണർന്നിരിക്കുന്നവർക്ക് തീരുമാന ശക്തി, പ്രബോധകന്മാർക്ക് പരമാർത്ഥം, മതവിശ്വാസികൾക്ക് മതനിഷ്ഠത, എഴുത്തുകാർക്ക് ബാധ്യത, കലകാരന്മാർക്ക് വേദന, കവികൾക്ക് ഭാവനയും വകതിരിവും, ജ്ഞാനികൾക്ക് ലക്ഷ്യം, നിരാശബാധിച്ചവർക്ക് പ്രത്യാശ, ദുർബ്ബലന്മാർക്ക് ശക്തി, കാവൽക്കാർക്ക് ധൈര്യം, വിശ്രമിക്കുന്നവർക്ക് വിപ്ലവം, മരവിച്ചു പോയവർക്ക് ചലനം, മരിച്ചവർക്ക് ജീവിതം, അന്ധന്മാർക്ക് കാഴ്ച, ഊമകൾക്ക് വിലപിക്കാനും ബഹളമുണ്ടാക്കാനുമുള്ള കഴിവ്, മുസ്ലിംകൾക്ക് ഖുർആൻ, ശിയാക്കൾക്ക് അലി, കക്ഷികൾക്കിടയിൽ ഐക്യം, അസൂയാലുക്കൾക്ക് ശമനം, സ്വാർത്ഥന്മാർക്ക് പരാർത്ഥത, ദുസ്വഭാവികൾക്ക് സൽസ്വഭാവം, തെറിപറയുന്നവർക്കും ശകാരിക്കുന്നവർക്കും മര്യാദ, യോദ്ധാക്കൾക്ക് സഹനം, സാമാന്യ ജനങ്ങൾക്ക് ആത്മവിശ്വാസം, സമുദായത്തിന് നിശ്ചയദാർഢ്യത, ധീരത, അർപ്പണ സന്നദ്ധത, ആവേശം, അർഹിക്കുന്ന മോചനം, അന്തസ്സ് എന്നിവ നൽകിയാലും!

കഅബാലയത്തിന്റെ നാഥാ!

ആയുഷ്കാലത്തിന്റെ ഒരു ദിവസവും പാഴായ്പ്പോകാതെ എല്ലാ രാവിലെയും വൈകുന്നേരവും നിന്റെ ഭവനത്തിന്നഭിമുഖമായി നിൽക്കുന്നവരാണീജനത. മരണവേളയിലും നിന്റെ ഭവനത്തിനുനേരെ മുഖം ചരിച്ചു കൊണ്ടാണിവർ കിടക്കുക. നിന്റെ ഇബ്രാഹീം നബി(അ) പണിത മന്ദിരത്തിനു ചുറ്റും പ്രദക്ഷിണംവെച്ചു കറങ്ങുന്നവരാണിവർ. എന്നിട്ടും ഈ അടിയങ്ങളെ നോക്ക്. ബഹുദൈവത്വത്തിന്റെയും അജ്ഞനാന്ധകാരത്തിന്റെയും ബലിപീഠത്തിലാണിവർ വന്നു പെട്ടിരിക്കുന്നത്. നിംറൂദിന്റെ ചങ്ങലയിൽ ബന്ധപ്പെട്ടിരിക്കുകയാണിവരുടെ കഴുത്തുകൾ! ഇതിനിയും അനുവദിക്കില്ല!

# ആത്മഭാഷണം

**മുഹമ്മദ് (സ)!**

ശക്തിയുടെയും സ്വാതന്ത്ര്യത്തിന്റെയും ജാഗ്രതയുടെയും പ്രവാചകാ! അവിടുത്തെ വീടിനു തീപിടിച്ചിരിക്കുന്നു. അത് ആളിപ്പടർന്നു പരക്കുകയാണ്. പടിഞ്ഞാറുനിന്ന് കൊള്ളയുടെയും ചൂഷണത്തിന്റെയും ഭയങ്കരവും ആപൽക്കരവുമായ ഒരു മഹാ ജലപ്രളയമിതാ അവിടുത്തെ വിശുദ്ധ മണ്ണിലേക്ക് ഇരമ്പി വരുന്നു. അവിടുത്തെ സമൂഹ മാണെങ്കിൽ ദീർഘകാലമായി അപമാനകരമായ നിദ്രയിലാണ്ടു കിടപ്പാണ്............... ഒരു ധ്വനിയിടുക ...........എഴുന്നേറ്റ് അവരെ താക്കീത് ചെയ്യുക....... അവരെ ഉണർത്തുക!

**അലി (അ) !**

ദിവ്യ കേസരി! ദൈവത്തിന്റെയും മനുഷ്യരുടെയും പ്രതിപുരുഷാ! ഖഡ്ഗത്തിന്റെയും അനുരാഗത്തിന്റയും ഭിന്നഗുണങ്ങളുടെ പരിപൂർണ്ണ സമ്മേളനമേ! അങ്ങയെ അറിയാ നുള്ള യോഗ്യത ഞങ്ങളുടെ കൈകളിൽ നിന്ന് ചോർന്ന് പോയിക്കൊണ്ടിരിക്കുന്നു. കാലം ഞങ്ങളുടെ മനസ്സുകൾക്ക് അങ്ങയെ പരിചയമില്ലാത്തതാക്കിയിരിക്കുന്നു. എങ്കിലും അങ്ങയോടുള്ള അനുരാഗം ഞങ്ങളുടെ ഹൃദയാന്തർഭാഗത്ത് അത്യഗാധമായി പതിഞ്ഞു കിടപ്പുണ്ട്. മനസ്സിനെ മൂടിയിരിക്കുന്ന ആവരണത്തിനു പിന്നിൽ അതിന്നുംജ്വ ലിക്കുന്നു. അങ്ങയുടെ ഈ അനുരക്തന്മാരെ നിന്ദ്യരും നീചരുമായി വിട്ടിരിക്കുന്നതെന്ത്!

അങ്ങയുടെ ഭരണത്തിനു കീഴിൽ വസിച്ചിരുന്ന ഒരു ജൂതവനിതയ്ക്കെതിരെ ഉണ്ടായ നിസ്സാരമായ ഒരു കയ്യേറ്റം പോലും അങ്ങേക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ജൂതന്മാരുടെ ആധിപത്യത്തിനു ചുവട്ടിൽ കഴിയേണ്ടി വന്നിരിക്കുന്ന മുസ്‌ലിംകളെ നോക്കൂ; അവരുടെ സ്ഥിതിയെന്താണെന്ന്? അങ്ങയുടെ കൈകൊണ്ടുള്ള ആ പ്രഹരം!.................മുഴു ലോകത്തിന്റെയും പ്രാർത്ഥനയേക്കാൾ ശ്രേഷ്ഠതരമാണത്. ഒന്നു പ്രഹരിക്ക.......ഒരിക്കൽ കൂടി.

സഹോദരാ, സഹോദരീ!

മനുഷ്യരുടെ അസ്ഥിത്വത്തിന് അർത്ഥം നൽകിയവരേ! നിങ്ങളിരുവരും ആത്മാവിന് സ്വാതന്ത്ര്യവും വിശ്വാസത്തിനും പ്രതീക്ഷക്കും വിശ്വാസവും പ്രതീക്ഷയും പ്രദാനം ചെയ്തു സ്വന്തം മരണം കൊണ്ട് ജീവിതത്തിനു ജീവൻനൽകി.

നിസ്സംശയം,

വേദനയിൽ നിന്നെഴുന്നേറ്റിട്ടില്ലാത്ത ആശൂറാ ദിനത്തെ-സങ്കൽപ്പിക്കുമ്പോഴേക്ക് ഭാവന വിറകൊള്ളുകയും മനസ്സ് ശിഥിലമാവുകയും ചെയ്യുന്ന ആ ഭീകരദിനത്തെ-ഓർമ്മിപ്പിച്ചു കൊണ്ടുള്ള കണ്ണുനീർ ഈ സമുദായത്തിന്റെ നയനങ്ങളിൽ നിന്നൊരിക്കലും വറ്റിയിട്ടില്ല.

ഈ ജനത നിങ്ങളുടെ ദുഃഖസ്മരണകൾ അയവിറക്കിയും നിങ്ങളോടുള്ള അനുരാഗവാ യിപുകളനുഭവിച്ചും നൂറ്റാണ്ടുകളായി കേഴുകയാണ്. ഈനിർമ്മല പ്രണയം കണ്ണീരിന്റെ ഭാഷയിൽ എന്തോ പറയുന്നില്ലേ?

ഒരു ജനതയുടെ മുഴുവൻ ചരിത്രവും നിങ്ങളനുഭവിച്ച യാതനയിൽ അനുശോചിച്ചുകൊ ണ്ടിരിക്കുന്നു നിങ്ങളെ സ്നേഹിച്ചുവെന്ന കുറ്റത്തിന് ചാട്ടവാറടികളേൽക്കുകയും കൂട്ട വധങ്ങൾക്കിരയാവുകയും ചെയ്യുന്നു അവർ പലജാതി മർദ്ദനങ്ങൾക്കു വിധേയരാക്ക പ്പെട്ടിട്ടും അവരുടെ അധരങ്ങളിൽ നിന്നു നിങ്ങളുടെ നാമം ഒരു നിമിഷത്തേക്കുപോലും

അപ്രത്യക്ഷമായില്ല; മനസ്സുകളിൽനിന്ന് ഓർമ്മ മാഞ്ഞുപോയില്ല; അവരുടെ അന്തരംഗങ്ങളിൽ നിങ്ങളോടുള്ള അനുരാഗാഗ്നി അടങ്ങതുമില്ല.

ജയിലറുടെ ഓരോ ചമ്മട്ടി പ്രഹരവും നിങ്ങളോടുള്ള അനുരാഗത്തിന്റെ മുദ്രകളായി അവരുടെ മുതുകിലും പാർശ്വങ്ങളിലും പതിഞ്ഞുകൊണ്ടിരുന്നു.

## സൈനബ്(അ)!

അലി(അ)യുടെ നാക്ക് സ്വായത്തമാക്കിയവളേ! സ്വന്തം സമുദായത്തോട് സംസാരിച്ചാലും.

അല്ല പർദ്ദധാരിണീ! മഹതീ!

നിന്റെ ജീനിച്ചവിട്ടിൽനിന്നാണ് ധീരത ധൈര്യമെന്തെന്ന് പഠിച്ചത്.

നിന്റെ തിരുനാമം അതിലടങ്ങിയിട്ടുള്ള ദിവ്യനുരാഗവും വേദനയും സഹിതം ഞങ്ങളുടെ വനിതകൾ അവരുടെ ആത്മാവിന്റെ ആഴങ്ങളിലേക്ക് ആവാഹിച്ചെടുത്തിരിക്കുകയാണ്.

എന്നെത്തേക്കാളുമേറെ ഇപ്പോഴാണ് അവർക്ക് നിന്നെ വേണ്ടത്. ഒരു വശത്ത് അജ്ഞത അവരെ നിന്ദ്യരും നീചരും അടിമകളുമാക്കിത്തീർത്തിരിക്കുന്നു. മറുവശത്ത് പാശ്ചാത്യൻ നാഗരികത അന്യവും അടിമത്തപൂർണ്ണവുമായ പുതിയതരം അപമാനങ്ങളിലേക്ക് അവരെ വലിച്ചിഴച്ചുകൊണ്ടു പോവുകയുമാണ്. തൽഫലം നിന്നെയും നിന്റെ വ്യക്തിത്വത്തെത്തന്നെയും വിട്ടകലുകയാണവർ.

അവരെ വിഡ്ഢിത്തത്തിൽ വീഴ്ത്താൻ പുരാതനവും പുതിയതുമായ കപടതന്ത്രങ്ങൾ ഇവിടെ പണിയെടുക്കുന്നുണ്ട്. ജീർണ്ണിച്ച വ്യവസ്ഥിതിയുടെ അസഹ്യമായ പ്രബോധനങ്ങൾ, പഴയ യാഥാസ്ഥിതികത്വം, പുതിയ മനോരമ്യതകൾ- ഇതൊക്കെ അവളെ വഴിതെറ്റിക്കാൻ പാടുപെടുകയാണ്. ഇതിനെതിരെ ഒരു ഗർജ്ജനം പുറപ്പെടുവിക്കുക. കൗടില്യവും കാട്ടാളത്തവും തേർവാഴ്ച നടത്തിയിരുന്ന നഗരത്തെ വിറകൊള്ളിക്കുകയും അവിടെ നിലനിന്നിരുന്ന വ്യവസ്ഥിതിയെ കുഴച്ചുമറിക്കുകയും വഞ്ചനയുടെയും അടിച്ചമർത്തലിന്റെയും അധികാരകേന്ദ്രമായ കൊട്ടാരത്തിന്റെ അടിയിളക്കുകയും ചെയ്ത ആ അലർച്ച അത്യുച്ചത്തിൽ ഒന്നുകൂടി മുഴങ്ങട്ടെ. അതിന്റെ മാറ്റൊലികളായി ഞങ്ങളുടെ സ്ത്രീകൾ ഇവിടെ ബഹളവും അസ്വസ്ഥതയും ഉണ്ടാക്കട്ടെ. വഞ്ചനയുടെയും കപടതയുടെയും ചിലന്തിവല പോലൊത്ത ഈ തിരശ്ശീലകൾ അവർ ചീന്തിയെറിയട്ടെ.

ഭയാനകവും വിനാശകവുമായ ഈ കൊടുങ്കാറ്റിനു മുമ്പിൽ അവരുടെ മുന്നേറ്റത്തിന്റെ ഉൽഘാടനമായിരിക്കട്ടെ ആ അലർച്ച. അക്രമത്തിന്നഭിമുഖമായി എഴുന്നേറ്റു നിൽക്കാനുള്ള ഒരു ആഹ്വാനമായിരിക്കട്ടെ അത്.

ആ ഭീകര യന്ത്രം തകർത്തുകളയുക. സ്ത്രീകളെ മാർക്കറ്റുകളിൽ പ്രദർശിപ്പിക്കാനും ആർത്തിപൂണ്ട മുതലാളികളുടെ ആസക്തി ശമിപ്പിക്കാനും ഒഴിവു സമയങ്ങളിലെ നേരമ്പോക്കെന്നോണം ഉപയോഗിക്കനുമുള്ള ഉപകരണങ്ങളാക്കി മാറ്റിപ്പണിയുകയാണ് ആ യന്ത്രത്തിന്റെ ഉപയോഗം.

ബൂർഷ്വാസികളുടെ ദുർമോഹങ്ങളെ ആനന്ദിപ്പിക്കുക, തണുത്തു നിർവ്വികാരമായ ഹാളുകളിൽ ഉത്തേജനം പകരുക, പണക്കാരുടെ ശോകമായ വിരുന്നുസൽക്കാരങ്ങളെ ഹർഷോഷ്മളമാക്കുക, ശ്യൂന്യവും അലക്ഷ്യവും വിഷാദകലുഷവുമായ സാമൂഹ്യജീവിതത്തെ ആശ്വാസപ്രദവും ആസ്വാദ്യപ്രകവുമാക്കിത്തീർക്കുക-ഇതൊക്കെയാണ് മെക്കാനിസത്തിലടങ്ങയിട്ടുള്ള വിദ്യകൾ.

പഴയ യഥാസ്ഥിതികത്വത്തിന്റെ അടിമത്വത്തിൽ നിന്നും പുതിയപരിഷ്കാരത്തിന്റെ മാർക്കറ്റുകളിൽനിന്നും അവർക്കു മോചിതരാവാൻ നേതൃത്വം നൽകുക!

അലി (അ)യുടെ നാക്കുള്ളവളേ!
ഹുസൈൻ (അ)ന്റെ ചുമതലകൾ ചുമലിൽ വഹിച്ചവളേ!

കർബലയുടെ താവളങ്ങൾ തരണം ചെയ്തു വന്നവളേ!

കൊലയാളികളുടെയും ആരാച്ചാരുമാരുടെയും ഇരച്ചുയരുന്ന ബഹളങ്ങൾക്കിടയിൽ രക്തസാക്ഷികളുടെ സന്ദേശം ചരിത്രത്തിന്റെ കാതുകളിലെത്തിച്ചു നീ.

**ബീബീ സൈനബ് (അ) !**

അവിടെ വെച്ച് നിന്റെ അളവിൽ എന്തുണ്ടായി എന്നും ഞങ്ങൾക്കു കേൾക്കേണ്ട.

ശത്രുക്കൾ എങ്ങനെ പെരുമാറിയെന്നോ മിത്രങ്ങൾ എന്തു നിലപാട് സ്വീകരിച്ചുവെന്നോ ഞങ്ങളോട് വിസ്തരിക്കാതിരിക്കുക.

ഹുസൈനിയ്യാ വിപ്ലവത്തിന്റെ സന്ദേശവാഹികേ!

അതെല്ലാം ഞങ്ങൾക്കറിയാം.

ഞങ്ങൾ അതൊക്കെ കേട്ടുകഴിഞ്ഞതാണ്.

കർബലയുടെയും രക്തസാക്ഷികളുടെയും സന്ദേശം വളരെ സുന്ദരമായി നീ സമർപ്പിച്ചിട്ടുണ്ട്.

നീ സ്വയംതന്നെ ജീവരക്തംകൊണ്ട് വാക്കുകളെ അനശ്വരമാക്കിയ രക്തസാക്ഷിയാണല്ലോ.

തന്റെ ഓരോ തുള്ളിരക്തംകൊണ്ടും ഓരോ പാഠങ്ങൾ രചിച്ച സ്വസഹോദരനെപോലെതന്നെ.

എന്നാൽ പറഞ്ഞുതരിക:

സഹോദരീ!

ഞങ്ങളെന്തു ചെയ്യണം?

ഒരു നിമിഷത്തേക്ക് ഞങ്ങളനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ നേരെ ഒന്നു കണ്ണയയ്ക്കുക. ഇതാ ഒരു നിമിഷം; ഞങ്ങളുടെ വിഷമസന്ധികളൊന്നു കൈമാറട്ടെ.

ഞങ്ങളുടെ പ്രിയ സഹോദരീ, കേട്ടാലും.

ഇനി നീ ഞങ്ങൾക്കുവേണ്ടിയാണ് കരയേണ്ടത്.

സഹോദരന്റെ വിശ്വസ്തയായ ദൗത്യവാഹികേ!

രക്തസാക്ഷിത്വത്തിന്റെ ചുവന്നു രക്താഭമായ രുധിരോധ്യാനത്തിൽ നിന്ന് വന്നവളേ, അവിടെ വിരിഞ്ഞ പുതു പൂക്കളുടെ നറുമണം നിന്റെ വസ്ത്രാഞ്ചലത്തിൽനിന്നടിച്ചുപരക്കുന്നു.

അലിയുടെ പുത്രീ!

ഹുസൈന്റെ(അ) സഹോദരീ !

തടവുകാരുടെ സ്വാർത്ഥവാഹകസംഘത്തിന്റെ ചുക്കാൻ പിടക്കുന്നവളേ!

ആ ബന്ധനസ്ഥരുടെ യാത്രാസംഘത്തിൽ ഞങ്ങളെയും ചേർക്കുമോ?

**ഹുസൈൻ (അ) !**

ഞാനെന്തു പറയട്ടെ?

അലയാഴിക്കു നടുവിലെ അന്ധകാരനിബിഡമായ ഈ രാത്രിയിൽ ഞാൻ എന്തു പറയാനാണ്?

എപ്പോഴാണ് തിരയടിയേറ്റ് തകരുക എന്നാവോ? ചുഴിയിൽ പെട്ട് മുങ്ങുക എപ്പോഴാണാവോ?

മാർഗ്ഗദീപമേ!

രക്ഷാപേടകമേ!

ഹാ.......... ആ രക്തം മരുഭൂമിയിൽ കിടന്നു തിളച്ചുകൊണ്ടിരിക്കുകയാണ്; കാലാ കാലങ്ങളായി രോഷം കൊള്ളുകയാണ്; കാലത്തിന്റെ നിരപ്പിലൂടെ പരന്നൊഴുകുകയാണ്; തലമുറകളെ കടന്നൊഴുകുകയാണ്. ഫലഭുയിഷ്ഠമായ ഭൂമിയെ ചോരകൊണ്ട് നനയ്ക്കുകയാണ്; കരുത്താർന്ന ബീജങ്ങളെ മുളപ്പിക്കുകയും കായ്പ്പിക്കുകയുമാണ്; ഉണങ്ങിയ ചെടികളെ പച്ചപിടിപ്പിക്കുകയും ഇലയും ഫലവും പ്രധാനം ചെയ്യുകയുമാണ്.

രക്തസാക്ഷ്യത്തിന്റെ മഹാനായ ഗുരോ!

ഞങ്ങളുടെ നൈരാശ്യത്തിലേക്കും ഇരുൾമുറ്റിയ ഉറക്കറയിലേക്കും ആ പ്രകാശത്തിൽ നിന്നൊരു കിരണം എറിഞ്ഞു തരിക. വരണ്ടു നിർജ്ജീവമായ ഞങ്ങളുടെ നിലത്തേക്ക് ഒരിറ്റ് രക്തം വീഴ്ത്തിത്തരിക. ആ മരുഭൂമിയിലെ അഗ്നിയിൽനിന്നൊരു ജ്വാല ഇങ്ങു തണുത്തു കോച്ചുന്ന ശീതകാലത്തിനു നേരെ പടർത്തുക.

രക്തസാക്ഷ്യത്തിലൂടെ ചുവന്ന മരണം തെരഞ്ഞെടുത്തവനേ!

മതത്തെ ആചാരോപചാരങ്ങളിൽ പരിമിതമെന്നു ധരിച്ച് ജീവിതകാലം മുഴുവനും അതനുഷ്ഠിച്ച് അപമാനകരമായ കറുത്തമരണത്തിനടിപ്പെടാൻ നിന്റെ അനുരക്തന്മാർക്കിടവരാതിരിക്കട്ടെ. നിന്റെ ഓരോ ചോരത്തുള്ളിയും സമൂഹത്തിനു ജീവനും ചരിത്രത്തിനു ചൂടും നിർജ്ജീവവും നിശചേതനവുമായ കാലത്തിനു ചൈതന്യവും നൽകുമാറാകട്ടെ ! പ്രേമവും പ്രത്യാശയും ആവേശവും തരട്ടെ !

ഞങ്ങളുടെ വിശ്വാസത്തിന്, ജനതയ്ക്ക്, ഭാവിചരിത്രത്തിന്, കാലത്തിന് നീയും നിന്റെ രക്തവും ആവശ്യമാണ്.

# രക്തസാക്ഷ്യശേഷം

ഇപ്പോൾ രക്തസാക്ഷികൾ ഈ ലോകം വിട്ടുപോയിക്കഴിഞ്ഞു. ജീവനില്ലാത്തനമ്മൾ ഇവിടെ അവശേഷിക്കുകയും ചെയ്തു. പറയാനുള്ളത് മുഴുവൻ പറഞ്ഞ് തീർത്തിട്ടാണ് രക്തസാക്ഷികൾ പോയത്. നാമാകട്ടെ അവരുടെ അഭിസംബോധിതരും ശ്രോതാക്കളുമായിരിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. ജീവിതം അസാധ്യമെന്നു കണ്ടപ്പോൾ മരണത്തിന്റെ പാത തെരഞ്ഞെടുത്ത് സ്ഥലംവിട്ട ധീരന്മാരാണവർ. നാണം കെട്ട നമ്മൾ നിന്ദ്യതയുടെയും ഹീനതയുടെയും പകർപ്പുകളായി ലോകം നമ്മെ അപഹസിക്കുന്നതിനും അവഹേളിക്കുന്നതിനും ന്യായീകരണം നൽകിക്കൊണ്ട് ഇവിടെത്തന്നെ ഇരിക്കുകയാണ്; വർഷങ്ങളായി. അതേ സമയം അന്തസ്സിന്റെയും മഹത്വത്തിന്റെയും ഉജ്ജ്വല പ്രതീകങ്ങളായ ഹുസൈനും(അ), സൈനബിനും(അ)വേണ്ടി നാം വിലപിക്കുകയും ചെയ്യുന്നു. ഈ നികൃഷ്ടന്മാർ ആ ഉൽകൃഷ്ടന്മാർക്കു വേണ്ടി അനുശോചിക്കണമെന്ന് ചരിത്രത്തിന്റെ ഒരു ദ്രോഹമായിരിക്കാം.

രക്തസാക്ഷികൾ അവരുടെ ചോരയിൽ കുറിച്ചിട്ട സന്ദേശമിതാ പിന്തലമുറകളോടുള്ള വിപ്ലവാഹ്വാനമെന്നോണം നമ്മുടെ കണ്ണിനുമുമ്പാകെ കിടക്കുന്നു.

നമ്മുടെ മതത്തിന്റെയും സംസ്കാരത്തിന്റെയും ചരിത്രത്തിൽ മനുഷ്യൻ ജന്മം കൊടുത്ത അതിമഹനീയവും അതിശ്രേഷ്ഠവുമായ ഒരു ജീവിത പ്രദായക ബീജമാണ് ശീയിസം. അത് ചരിത്രത്തിന് ചൂടും ചലനവും ചൈതന്യവും പ്രദാനം ചെയ്യുന്നു. ദൈവം തന്നോടുള്ള സാമീപ്യം സിദ്ധിക്കാൻ ഏറ്റവും അനുയോജ്യമായതായി അറിയിച്ചുതന്ന പടവുകൾ പഠിപ്പിച്ചുതരികയും ചെയ്യുന്നു അത്. ദൈവത്തിന്റെ മഹത്വമേറിയ ആ അമൂല്യനിധിയുടെ അനന്തരാവകാശം വന്നുപെട്ടിരിക്കുന്നത് അഴുക്ക് പിടിച്ച് വൃത്തിയില്ലാതായ നമ്മെപ്പോലുള്ളവരുടെ നിഷ്ഠൂരകരങ്ങളിലാണ്.

നാം അനന്തരമെടുത്തിട്ടുള്ള ഈ അമാനത്തിന് ദീർഘനാളത്തെ ത്യാഗ പരിശ്രമങ്ങളുടെയും മഹത്തായ മാനുഷിക മൂല്യങ്ങളുടെയും ചരിത്രമുണ്ട്. മനുഷ്യകുലത്തിന് മാതൃകയാകേണ്ട സമുദായമെന്ന നിലക്കാണ് നാം ഈ അമാനത്തുകളുടെ ഉടമസ്ഥരും അവയോട് ബാധ്യസ്ഥരുമാക്കിയിരിക്കുന്നത്. നമ്മെ അഭിസംബോദനം ചെയ്തു കൊണ്ട് ഖുർആൻ പറയുന്നു. “അങ്ങനെ നിങ്ങളെ നാം ഒരിടത്തരം സമുദായമാക്കി; നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാകാനും ദൈവദൂദൻ നിങ്ങൾക്ക് സാക്ഷിയാകാനും”[80]

പ്രിയപ്പെട്ട രക്തസാക്ഷികളുടെ പാരമ്പര്യം കൈയിലെടുത്തുകൊണ്ട് യോദ്ധാക്കൾ, നേതാക്കൾ, മാർഗ്ഗദർശികൾ, വിശ്വാസം, വേദഗ്രന്ഥം എന്നീ എല്ലാ ഘടകങ്ങളും സഹിതം ഒരു മാതൃകാ സമൂഹമായിത്തീരുകയാണ് നമ്മുടെ ബാദ്ധ്യത. ലോകത്തിലെ മുഴുവൻ ആളുകൾക്കും നാം സാക്ഷികളാവണം. പ്രവാചകൻ നമുക്ക് പ്രവർത്തനമാതൃകയും.

മനുഷ്യരാശിക്ക് ചലനം പ്രദാനംചെയ്യുവാനും നവജീവിതം തുടുപ്പിച്ച് പരിവർത്തിപ്പിക്കുവാനും കരുത്തുറ്റ ഈ മഹത്തായ സന്ദേശത്തെ ജീവിതത്തിൽ കൂടുതൽ പരാജിതരും കഴിവുകെട്ടവരുമെന്ന് അനുദിനം തെളിയിച്ചുകൊണ്ടിരിക്കുന്ന നമ്മെപ്പോലുള്ളവരുടെ ചുമലുകളിൽ തന്നെ ദൈവം വഹിപ്പിച്ചതിന്റെ പിന്നിലെ പൊരുൾ എന്താണാവോ?

അധമജീവിത്തിൽ അതൃപ്തി തോന്നാത്ത കന്നുകാലികളെപ്പോലെ കഴിഞ്ഞുകൂടുന്ന നമ്മെപ്പോലുള്ള കേവലൻമാർ കർബലയിൽ രക്തസാക്ഷികളാവുകവഴി ദൈവത്തിന്റെ സവിധത്തിലും മുക്തിയുടെ രാജാങ്കണത്തിലും പ്രമാണമായുദ്ധരിക്കപ്പെടാൻ അർഹത നേടിയ അസ്തിത്വങ്ങളുടെ ഉടമകളായ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും കുട്ടികൾക്കും വേണ്ടി ദുഃഖം ആചരിക്കണം പോൽ!

ദൈവമേ, ഇത് വല്ലാത്തൊരു ഗതികേടുതന്നെ. ഹുസൈൻ(അ) കുടുംബം വീണ്ടും മർദ്ദിക്കപ്പെടുകയാണോ?

രക്തസാക്ഷികൾ സ്വകർത്തവ്യങ്ങൾ പൂർണ്ണമായും നിറവേറ്റി. നമ്മളോ? ഇരവുപകൽ അവർക്കുവേണ്ടി ദുഃഖാചരണങ്ങൾ അനുഷ്ടിക്കുകയും അതോടപ്പംതന്നെ അവർ തുടങ്ങിവെച്ച ചുമതല അവരുടെ വിയോഗത്തോടെ തീർന്നതായി വിളംബരപ്പെടുത്തുകയും ചെയ്യുന്നു. ഹുസൈനോ(അ)ടുള്ള അനുരാഗവായ്പ്പിനാൽ പ്രചോദിതരായി അലമുറയിടുന്ന നാം കർബലയിലെ രക്താങ്കിത സംഭവത്തെ ചരിത്രത്തിന്റെ തിരശ്ശീലക്കുള്ളിൽ ഒതുക്കാനും സംഭവലോകത്ത് അതിനെ അപ്രസക്തമാക്കാനും പരിശ്രമിക്കുന്ന യസീദിനോടു കൂട്ടുകൂടുന്ന കാഴ്ച വിരോധാഭാസം തന്നെ!

പറയാനുള്ളത് അപ്പടി പറഞ്ഞുതീർത്തും ചെയ്യേണ്ടതൊക്കെ ചെയ്തുതീർത്തുമാണ് രക്തസാക്ഷികൾ പിൻവാങ്ങിയിട്ടുള്ളത്. പ്രായത്തിന്റെയും പദവിയുടെയും വ്യത്യാസം കൂടാതെ, സ്ത്രീപുരുഷ ഭേദമെന്യേ ആ കാലഘട്ടത്തിന്റെ സകല പ്രതിനിധികളും ചേർന്ന ഒരു ചെറുസംഘമാണവിടെ കർബലയിൽ അനശ്വര മരണം വരിക്കാൻ എത്തിച്ചേർന്നിരുന്നത്. ഉജ്ജ്വലമായ ആത്മ ചൈതന്യത്തോടും തികഞ്ഞ മനഃസാന്നിധ്യത്തോടും കൂടി അമരത്വം പുൽകേണ്ടതിനായി പ്രാണനെ ത്യജിക്കാൻ ഒരുങ്ങിവന്നവരാണവർ. ഹുസൈൻ(അ), അദ്ദേഹത്തിന്റെ കുരുന്നുകുഞ്ഞ്, സഹോദരൻ, വേലക്കാരൻ, ഖുർആൻ വ്യക്താക്കൾ എന്തിനേറെ പള്ളിയിലെ ബാങ്കിയും പള്ളിക്കൂടം അദ്ധ്യാപകനും വരെ, സമൂഹത്തിലെ ഉന്നതസ്ഥാനീയർ തൊട്ട് താഴേക്കിടയിൽ കഴിയുന്നവർ വരെ സകലരും ഒരേ വികാരം ഉൾകൊണ്ട് രക്തസാക്ഷ്യം വരിക്കാൻ വേണ്ടി കാത്തുനിൽക്കുകയാണ്. ജീവിതത്തിന്റെ പലപടിയിലുള്ള ആ കൂട്ടത്തിലെ ആബാലവൃദ്ധം ആളുകളും അവരവർ പ്രതിനിധാനം ചെയ്യുന്ന പ്രായക്കാർക്കും പദവിക്കാർക്കും നൽകുന്ന അനശ്വരമായ പാഠം ഇതാണ്. ജീവിതം സുസാദ്ധ്യമാണെങ്കിൽ എങ്ങനെ ജീവിക്കണം, ജീവിതം അസാദ്ധ്യമാകുന്ന സാഹചര്യത്തിൽ എങ്ങനെ മരിക്കണം.

കർബല, രക്തസാക്ഷികൾ തങ്ങളുടെ രക്തസാക്ഷ്യം വഴി മറ്റൊരു മഹൽകൃത്യം കൂടി നിർവഹിക്കുകയുണ്ടായി. നാക്കുകൊണ്ടും വാക്കുകൊണ്ടുമല്ല, ജീവരക്തം കൊണ്ടെഴുതിയ രേഖയുമായി ചരിത്രത്തിന്റെ ന്യായാസനത്തെ സമീപിച്ച് അന്ന് നിലവിലുണ്ടായിരുന്ന ഭരണവ്യവസ്ഥിതിയെ പ്രതിക്കൂട്ടിൽ കയറ്റിക്കൊണ്ട് ഇപ്രകാരം സാക്ഷ്യം വഹിച്ചു അവർ: രാഷ്ട്രീയം, സാമ്പത്തികം, മതം, കല, തത്വശാസ്ത്രം, ചിന്ത, ഭാവന, അനുഭൂതി, വികാരം, ധാർമ്മികത, മനുഷ്യത്വം തുടങ്ങി മുഴുമണ്ടലങ്ങളെയും ഭരണാധികാരി തന്റെ കരവലയത്തിലും നിയന്ത്രണത്തിലും ഒതുക്കിയിരിക്കുകയാണ്. തന്റെ ദുർമോഹങ്ങളുടെ യാഗപീഠത്തിൽ മനുഷ്യാത്മക്കളെകൊണ്ട് യജ്ഞം നടത്തുകയാണയാൾ. അക്രമത്തിന്റെയും അനീതിയുടെയും ഹിംസാത്മകതയുടെയും അസ്ഥിവാരത്തിൻമേലാണ് ആ ഭരണവ്യവസ്ഥിതി നിലനിൽക്കുന്നത് തന്നെ. മനുഷ്യരും മാനുഷികമൂല്യങ്ങളും അവിടെ വിങ്ങിക്കൊണ്ടിരിക്കുന്നു. ചരിത്രത്തെ ഭരിക്കുകയും ചരിത്രത്തിനുമേൽ ആധിപത്യം നേടുകയും ചെയ്യുകയാണ് അക്രമിയായ ഭരണാധികാരി. അയാളുടെ കൊലക്കയറ് എണ്ണമറ്റ മനുഷ്യമക്കളുടെ ജീവൻ ഉന്നം വെച്ച് നീങ്ങുകയാണ്. കണക്കില്ലാത്ത സ്ത്രീകൾ ആ കൊലാളിയുടെ ചമ്മിട്ടകൾക്ക് ശരവ്യമായിക്കൊണ്ടിരിക്കുന്നു. പട്ടിണിപ്പാവങ്ങൾ, അടിമകൾ, സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ, ധീരൻമാർ, ഗുരുക്കൻമാർ എന്നിങ്ങനെ പ്രായമോ പദവിയോ പരിഗണിക്കാതെ എല്ലാവരും കൂട്ടത്തോടെ വേട്ടയാടപ്പെടുകയാണിവിടെ. സംഭവവികാസങ്ങളെ രംഗത്തവതരിപ്പിക്കുക അസാദ്ധ്യമാകുമാറ് ചരിത്രത്തിൻമേൽ ഭരണാധികാരി അധീശത്വം സ്ഥാപിച്ചിരിക്കുകയാണ്. അവനവന്റെ ചോരയുടെ വിലമനസ്സിലാക്കി മൗനം പൂണ്ടിരിക്കുന്നവരെ മാത്രമേ എവിടെയും കാണുന്നുള്ളൂ.

ഈ പരിതോവസ്ഥയിലാണ് ഹുസൈൻ(അ) തന്നിൽ നിക്ഷിപതമായിരിക്കുന്ന ഉത്തരവാദിത്വത്തിന്റെ ഗൗരവം മനസ്സിലാക്കി രംഗത്ത് വന്നിരിക്കുന്നത്. തന്നെയും തനിക്കുള്ളവരുമായി മർദ്ദിക്കപ്പെടുന്ന എല്ലാവർക്കും വേണ്ടി യൂഫ്രട്ടീസിന്റെ തീരത്ത് ചരിത്രത്തിന്റെ കോടതിയിൽ സാക്ഷ്യം വഹിക്കാൻ എത്തിയിരിക്കുകയാണ് അദ്ദേഹം.

ചരിത്രത്തെ അടക്കിവാഴുന്ന കൊലയാളിഭരണത്തിനു കീഴിൽ നരകിച്ചു കഴിയുന്ന സമൂഹത്തിനുവേണ്ടി അദ്ദേഹം സാക്ഷ്യം വഹിക്കുകയാണ്.

യുവജനങ്ങളുടെ പ്രജ്ഞയേയും മസ്തിഷ്ക്കത്തേയും ദയനീയമായി വീർപ്പുമുട്ടിച്ചു കൊന്ന ക്രൂരനായ 'ഉഹ്ഹാക്ക്' 81 മോഡൽ ആരാച്ചാർക്കെതിരെ പുത്രൻ അലിഅക്ബറിനെ 82 സാക്ഷിനിർത്തി സാക്ഷ്യം വഹിക്കുകയാണ്.

ക്രൂരതയും ദുഷ്ടതയും തേർവാഴ്ച നടത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ ധീരനും ഉന്നത മാനസികനിലവാരത്തോടുകൂടിയവനുമായ ഒരു പോരാളി മരണംവരിക്കേണ്ടതെങ്ങനെ എന്നത് സ്വന്തം വീരമൃത്യുവിലൂടെ സാക്ഷ്യം വഹിക്കുകയാണ്.

സ്ത്രീകൾ അൽപ്പത്തിന്റെയും അടിമത്തത്തിന്റെയും ജീവിതം തെരഞ്ഞെടുത്ത് അനന്തപുരത്തിലെ കളിപ്പാവകളായതിനും സ്വാതന്ത്ര്യം ഇച്ഛിച്ചവർക്ക് അവടവങ്ങൾ വരിഞ്ഞുകെട്ടപ്പെട്ട് തടവുകാരുടെ മുൻനിരയിൽ ചുക്കാൻ പിടിച്ച് ഘോഷയാത്ര നടത്തേണ്ടിവന്നിരിക്കുന്നതിനും സഹോദരി സൈനബിന്റെ മാതൃകയിലൂടെ സാക്ഷ്യം വഹിക്കുകയാണ്.

ക്രൂരതയുടെ പര്യായമായ കൊലയാളിഭരണത്തിൽ കഠിനഹൃദയനായ ഭരണകർത്താവിൽനിന്ന് മുലക്കുഞ്ഞുങ്ങൾക്കു പോലും കരുണ ലഭിക്കുന്നില്ല എന്നതിന് തന്റെ അമ്മിഞ്ഞപ്പൈതലായ അലി അസ്ഗറിലൂടെ സാക്ഷ്യം വഹിക്കുകയാണ്.

നിസ്സഹായരും നിശബ്ദരുമാക്കപ്പെട്ട് ജീവൻ ത്യജിക്കേണ്ടിവന്ന രകാതസാക്ഷികൾക്കെല്ലാം വേണ്ടി ചരിത്രത്തിന്റെ ക്രിമിനൽ കോടതിയിൽ സർവ്വോപരി തന്റെ രക്തം കൊണ്ട് സാക്ഷ്യം വഹിക്കുകയാണ് ഹുസൈൻ(അ) ചെയ്തത്.

കൈവശമുള്ള എല്ലാ വസ്തുവഹകളും ഉടമയിലുള്ള മുഴുവൻ സാധ്യതകളും സഹിതം തന്റെ ദൈവികബാധ്യതയുടെ പൂർത്തീകരണമെന്നോണം ഹുസൈൻ(അ) രക്തസാക്ഷ്യത്ത്വം വരിച്ചതോടെ ആ കോടതി പിരിഞ്ഞു.

സ്നേഹിതൻമാരെ,

ഇന്നു കാണുന്ന രൂപത്തിലുള്ള ശീയീസത്തിൽ പുറത്തുനിന്ന് പലതും കടന്നുകൂടിയിട്ടുണ്ട്. ശുദ്ധമായ ശീയീസത്തെ കലർപ്പുകളിൽനിന്ന് വേർതിരിച്ചു കാണിക്കുകയെന്ന സദുദ്ദേശത്തോടുകൂടി രംഗത്തുവരുന്ന ഏതൊരാൾക്കും കടുത്ത എതിർപ്പുകളെ ശത്രുക്കളിൽനിന്നല്ല മിത്രങ്ങളിൽ നിന്ന് നേരിടേണ്ടിവരും. യഥാർത്ഥ ശീയീസം അവതരിപ്പിക്കുന്ന അദ്ധ്യാപനങ്ങളും സന്ദേശങ്ങളും മഹത്തായ മൂല്യങ്ങളും സംസ്ക്കാര പരിഷ്ക്കാര പാരമ്പര്യങ്ങളും സമൂഹത്തിനും ചരിത്രത്തിനും ജീവിതവും സ്പന്ദനവും നൽകുന്ന ജ്വാലകളാണ്.

ശീയിസത്തിന്റെ ചരിത്രത്തിലെ ജീവാധാരമെന്നു പറയാവുന്ന പരമപ്രധാന വശങ്ങളിലൊന്നാണ് രക്തസാക്ഷ്യ ബോധവും അതിനുള്ള വാഞ്ഛയും. ജലാൽ അഹമ്മദ് 83 പറഞ്ഞപോലെ നാം "രക്തസാക്ഷിത്വത്തിന്റെ പാരമ്പര്യം മറന്നിരിക്കുന്നു. രക്തസാക്ഷികളുടെ ശവകുടീരങ്ങൾക്ക് കാവലിരിക്കാനേ ഇന്നു നമുക്കറിയുകയുള്ളൂ. അതിനാൽ മൃത്യുവിന്റെ ഹീനമായ കാൽക്കീഴിൽ തലകുനിച്ച് മരിച്ചുപോകേണ്ടിവരുന്നു നമുക്ക്."

അലി(അ)യുടെയും ഹുസൈൻ(അ)യും സൈനബി(അ) ന്റെയും കക്ഷിയിൽ അംഗങ്ങളാവുന്നതിനു പകരം നമ്മുടെ ആണുങ്ങളും പെണ്ണുങ്ങളും അവരുടെ രക്തസാക്ഷ്യമോർത്ത് സങ്കടപ്പെടുകയും വികാരനിർഭരമായ വിലാപം മുഴക്കുകയുമാണ്. ഈ നില തുടരുന്ന പക്ഷം നമുക്ക് എന്നും ഇങ്ങനെ വിലപിച്ചുകൊണ്ടുതന്നെ ഇരിക്കേണ്ടിവരും.

മുഴുവൻ മനുഷ്യർക്കുമായി ഹുസൈനും(അ) കൂട്ടുകാരും നൽകിയ നിത്യ സന്ദേശത്തെ എത്ര ബോധപൂർവ്വമാണ് നാം മാറ്റിക്കുറിച്ചിരിക്കുന്നത്. പ്രിയപ്പെട്ട കൂട്ടുകാരുടെ മൃതദേഹങ്ങൾ കൂമ്പാരം കൂടി ചോരയിൽ മുങ്ങികിടക്കുന്ന രംഗം! സംഹാരതൃഷ്ണയും വൈരാഗ്യവും കൊണ്ട് രൗദ്രഭാവം പൂണ്ടുനിൽക്കുന്ന ശത്രുവിനെയല്ലാതെ കണ്ണെത്തുന്നിടത്തൊന്നും കാണുന്നില്ല. അതിനിടക്കുനിന്ന് ഹുസൈന്റെ(അ) വിലാപരോദനമുയരുന്നു.

“എന്നെ സഹായിക്കാനും എനിക്കുവേണ്ടി പ്രതികാരം ചെയ്യാനും ആരാണുള്ളത്?” തന്നോട് അനുഭാവമുള്ള ഒരാളും അവിടെയെങ്ങുമില്ലാ എന്ന പൂർണ്ണബോദ്ധ്യമുണ്ടായിരുന്നിട്ടും എന്തിനാണദ്ദേഹം അങ്ങനെ ചോദിച്ചത്.? ഒട്ടും സംശയം വേണ്ട, ആ ചോദ്യം ഭാവി ചരിത്രത്തോടായിരുന്നു. തന്റെ അനുരക്താക്കളിൽ നിന്ന് ഹുസൈൻ(അ) എന്താണ് അഭിലഷിക്കുന്നതെന്ന് വിളിച്ചുപറയുന്നതാണ് പ്രസ്തുത ചോദ്യം. രക്തസാക്ഷ്യം ആഗ്രഹിക്കുകയും രക്തസാക്ഷികളെ ആദരിക്കുകയും ചെയ്യുന്ന സകലരെയും ആ സഹായഭ്യർത്ഥനയിലൂടെ അദ്ദേഹം ക്ഷണിക്കുകയാണ്.

എന്നാൽ പിന്നീടു വന്ന എല്ലാ കാലഘട്ടങ്ങളിലും തലമുറകളിലും ആവർത്തിക്കപ്പെട്ടു പോന്ന ഹുസൈന്റെ(അ) പ്രസ്തുത ക്ഷണത്തിന്റെയും സഹായഭ്യർത്ഥനയുടെയും നേരെ നാം മൂകമായും നിസ്സംഗതാഭാവത്തോടെയുമാണ് പ്രതികരിക്കന്നത്. അതിനും പുറമെ ആളുകളോട് നാം ഇപ്രകാരം പറയുവാനും തുടങ്ങി. ഹുസൈൻ(അ) മരിച്ചുപോയി. അദ്ദേഹത്തിന്റെതായി വിശേഷിച്ചൊരു സന്ദേശവുമില്ല. അൽപ്പം കണ്ണീരും വിഷാദം കലർത്തിയ വിലാപവുമേ ഇനി അദ്ദേഹത്തിനു വേണ്ടൂ. ഇല്ല. ഒരിക്കലുമില്ല. ഹുസൈൻ(അ) മരിച്ചിട്ടില്ല. അദ്ദേഹം സാക്ഷിയാണ്. സന്നിഹിതനാണ്. എല്ലായിടത്തും എല്ലായ്പ്പോഴും അദ്ദേഹം ഹാജറുണ്ട്. അതിനാൽ അദ്ദേഹത്തിന് വേണ്ടത് അനുയായികളെയാണ്.

രക്തത്തിന്റെയും സന്ദേശത്തിന്റെതുമായ ഇരുമുഖമുള്ളതായിരിക്കും ഏതൊരു വിപ്ലവവും.

സത്യത്തോടുള്ള അനുരാഗത്താൽ പ്രേരിതനായി പ്രാണൻ ത്യജിക്കാൻ തയ്യാറാവുകയും ചുവന്ന മരണം സ്വയം തെരഞ്ഞെടുക്കുകയും ചെയ്തവനാണ് രക്തസാക്ഷി. മൂല്യങ്ങൾ നശിപ്പിക്കപ്പെടുന്നത് കാണുമ്പോൾ ഏകനാണെങ്കിൽപ്പോലും അയാൾ ആയുധമെടുക്കും. അത്തരത്തിലുള്ളവർ എന്നും എവിടെയും ജീവിച്ചിരിക്കുകയാണ് ചെയ്യുന്നത്. അവർ സാക്ഷ്യം വഹിക്കുകയും സന്നിഹിതരാവുകയും ചെയ്യുന്നു. ദൈവത്തിന്റെ ഡർബാറിൽ മാത്രമല്ല, ജനകീയ സദസ്സുകളിലും എക്കാലത്തും, എല്ലായിടത്തും.

കഷ്ടിച്ചു ജീവിക്കാൻ വേണ്ടി എല്ലാവിധ അധമത്വവും സ്വാഗതം ചെയ്യുന്ന ചിലരുണ്ട്. ചരിത്രത്തെ സംബന്ധിച്ചിടത്തോളം അവർ അപരിചിതരോ അറപ്പോടെ അനുസ്മരിക്കപ്പെടുന്നവരോ ആയിരിക്കും.

അൽപമൊന്നു ചിന്തിച്ചുനോക്കു: പ്രാണന്റെ കാര്യത്തിൽ അങ്ങേയറ്റത്തെ സൗജന്യഭാവത്തേടെയല്ലേ ഹുസൈൻ(അ) കൂടെ ആ ചെറു സംഘം കൊലക്കയത്തിലേക്ക് ഇറങ്ങിത്തിരിച്ചത്? ജീവിതം തുടരാൻ അനുവാദം നൽകുന്ന നിരവധി മതപരമായ ഒഴിവു കവിവുകളും സാധ്യതകളും അവരുടെ മുമ്പിലുണ്ടായിരുന്നു.  എന്നിട്ടും വ്യാഖ്യാനത്തിനും ന്യായികരണത്തിനും നിൽക്കാതെ അവർ ജീവിതം ബലി കൊടുത്തു. ജീവിക്കാൻ മോഹിച്ച് ഹുസൈനെ(അ) കൈവിടുകയും സർവ്വവിധ ഹീനതയും അദ്ധേഹത്തിനുമേൽ കെട്ടിയേൽപ്പിക്കാൻ ശ്രമിക്കുകയും അദ്ധേഹത്തിനുപരിയായ സ്ഥാനത്ത് യസീദിനെ കയറ്റിയിരുത്തകയും ചെയ്തവരാണ് മറുപക്ഷം. ഇരുകക്ഷികളിൽ ആരാണ് ചരിത്രത്തിൽ ജീവിക്കുന്നത്?

ശരീരം ഇളകുന്നുവെന്നതാണ് ജീവിച്ചിരിക്കുന്നതിന്റെ ഏകതെളിവെന്ന് ധരിച്ചിട്ടില്ലാത്തവർ ഹുസൈൻ(അ) ജീവിക്കുന്നതായി ദർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ജീവൻ കൊതിച്ച് നിന്ദ്യതയും നീചതയും സഹിച്ചു കഴിഞ്ഞവർ എന്നോമരിച്ചു കഴിഞ്ഞതായും.

രക്തസാക്ഷികൾ പേർത്തും അനുസ്മരിപ്പിക്കുന്ന സന്ദേശം ശ്രദ്ധിക്കുക: അക്രമത്തിനും മർദ്ദനത്തിനുമെതിരിൽ പോരാടേണ്ട ബാധ്യതയിൽനിന്നിളവു ലഭിക്കാൻ കഴിവുകേട് ഒരു കാരണം അല്ല തന്നെ. എതിരാളിയെ തോൽപ്പിക്കുന്നതിനേ വിജയമെന്നു പറയുകയുള്ളൂ വെന്ന വാദം ശരിയല്ല. കഴിവുകുറഞ്ഞ സാഹചര്യത്തിൽ ശത്രുവിനെതിരെ പൊരുതി മരണം വരിക്കുന്നതിലും വിജയം അടങ്ങിയിട്ടുണ്ട്. ശത്രുവിനെ പരാജയപ്പെടുത്താൻ കഴി ഞ്ഞില്ലെങ്കിലും നിന്ദിക്കാൻ കഴിഞ്ഞുവെന്നതാണാ വിജയം.

രക്തസാക്ഷി ചരിത്രത്തിന്റെ ഹൃദയമാകുന്നു. ശരീരത്തിലെ ശുഷ്കിച്ച ഞരമ്പുകളിലേക്ക് ഹൃദയം ജീവരക്തം പകരുന്നു. അപ്രകാരം വിശ്വാസം നഷ്ടപ്പെടുകയും ആത്മവിശ്വാസം കുറഞ്ഞുവരികയും ഉത്തരവാദിത്വം അവഗണിക്കപ്പെടുകയും മാനുഷിക വിചാരം മറന്നു കൊണ്ടിരിക്കുകയും ചെയ്യുകമൂലം സമൂഹം വളർച്ചമുരടിച്ച്, പുരോഗതി നിലച്ച് നാശ ത്തോടടുക്കുമ്പോൾ, രക്തസാക്ഷി ശ്വാസം നിലച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ ഉണ ങ്ങിയ ദേഹത്തിലേക്ക് തന്റെ ഹൃദയക്തം കുത്തിക്കയറ്റുകയാണ്. അങ്ങനെ സമൂഹത്തിന് പുതുവിശ്വാസം പുതിയജീവിതവും നൽകുന്ന രക്തസാക്ഷി നിത്യനും മരണരഹിതനുമാ യിത്തീരുന്നു. ഇതു തന്നെയാണ് രക്തസാക്ഷി സൃഷ്ടിക്കുന്ന ഏറ്റവും വലിയ അൽഭുതം.

ഹുസൈൻ(അ) തന്റെ രക്തസാക്ഷ്യത്തിലൂടെ മറ്റൊരു പാഠവും കൂടി പഠിപ്പിച്ചുതന്നിട്ടു ണ്ട്. ഹജ്ജിന്റെ അദ്ധ്യായവുമായാണ് അതിനുബന്ധം. ഹജ്ജുകർമ്മത്തിലെ ചടങ്ങുകൾ അനുഷ്ടിച്ചു തീരും മുമ്പേ അദ്ദേഹം രക്തസാക്ഷ്യം വരിക്കാൻ പുറപ്പെട്ടു. തന്റെ മുൻഗാ മികളും പൂർവപിതാക്കളും പിതാമഹനും പിതാവും ഏതൊരു ഹജ്ജിന്റെ സ്ഥാപന ത്തിനു വേണ്ടി പടവെട്ടിയോ ആ ഹജ്ജിന്റെ കർമ്മങ്ങൾ മുഴുമിക്കാതെ രക്തസാക്ഷ്യ ത്തിന് മുൻഗണന നൽകുന്നു അദ്ധേഹം. പിൽക്കാലത്ത് വരുന്ന മുഴുവൻ ഹാജിമാ രെയും നമസ്ക്കാരക്കാരെയും ഇബ്റാഹീമിന്റെ(അ) മാർഗത്തിൽ വിശ്വസിക്കുന്ന എല്ലാ വരെയും വളരെ സുപ്രധാനമായ ഒരു വസ്തുത അദ്ധേഹത്തിനു ബോധ്യപ്പെടുത്തിക്കൊ ടുക്കേണ്ടതുണ്ട്. അതിതാണ്: സമുദായത്തിന് നേതൃത്വവും മാർഗദർശിയുമില്ലാതിരിക്കു കയും ലക്ഷ്യം നിർണ്ണയിക്കപ്പെടാതിരിക്കുകയും ഹുസൈന്റെ(അ) സ്ഥാനം യസീദ് കൈയേൽക്കുകയും ചെയ്യുന്നകാലത്തോളം ദൈവമന്ദിരത്തെ പ്രദക്ഷിണം വെക്കുന്നതും വിഗ്രഹാലയത്തെ ചുറ്റിനടക്കുന്നതും തമ്മിൽ വ്യത്യാസമില്ല. ഹജ്ജ്കർമ്മം പകുതിയിൽ നിർത്തി ഹുസൈൻ(അ) കർബലയിലേക്ക് പുറപ്പെട്ടതിന് ശേഷം അദ്ദേഹത്തിന്റെ അഭാവ ത്തിൽ കഅബാപ്രദിക്ഷിണത്തിൽ മുഴുകിയിരുന്നവരും ഹരിതകൊട്ടാരത്തിനു ചുറ്റും വട്ട മിളഞ്ഞിരിക്കുകയായിരുന്നവരും തുല്യരാണ്. എന്തുകൊണ്ടെന്നാൽ? സത്യാസത്യങ്ങ ളുടെ സമരമൈതാനികളിലെല്ലാം ഹാജറാവേണ്ടവനാണ് ശഹീദ്. അക്രമത്തിനും അനീതി ക്കുമെതിരായ രണാങ്കണത്തിൽ സന്നിഹിതനാവുകയും സാക്ഷിയാവുകയും ചെയ്യണമ യാൾ. ആ സാന്നിദ്ധ്യം മുഴുവൻ ജനതയോടും ഇപ്രകാരം വിളിച്ചുപറയുന്നതാണ്: താൻ ജീവിക്കുന്ന കാലഘട്ടത്തിലെ സത്യാസത്യസംഘട്ടനങ്ങളുടെ രണഭൂമിയിൽ ഹാജറില്ലാ ത്തവൻ എവിടെയെങ്കിലും ആയിക്കൊള്ളട്ടെ, തന്റെ കാലഘട്ടവും താൻ ജീവിക്കുന്ന സമൂഹവും സാക്ഷ്യംവഹിക്കുന്ന സത്യാസത്യസംഘട്ടനങ്ങളുടെ പടക്കളത്തിൽ ഒരു രക്തസാക്ഷിയുടെ പങ്ക്വഹിച്ചു കൊണ്ട് നിന്നെക്കാണുന്നില്ലെങ്കിൽ നീ എവിടെയെങ്കിലും ആയിക്കൊള്ളുക. ആരാധനാമന്ദിരത്തിലോ മദ്യശാലയിലോ എവിടെയാണെന്നതു പ്രശ്നമേ അല്ല പിന്നെ.

സത്യത്തിനും അസത്യത്തിനുമിടയ്ക്കുള്ള അവസാനിക്കാത്ത സംഘട്ടനത്തിന്റെ ഗോദ യിൽ ചരിത്രമുള്ളകാലത്തോളം രക്തസാക്ഷ്യം പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കും. ഹുസൈനെ(അ) കൈവെടിഞ്ഞ് ഒറ്റപ്പെടുത്തിയവർ, രംഗത്തുവരാതെ മാറിനിന്നവർ, രംഗ ത്തുണ്ടായിട്ടും അദ്ദേഹത്തെ അനുഗമിക്കാതെ രക്തസാക്ഷ്യത്തിന്റെ പാതയിൽ പങ്ക് കൊള്ളാത്തവർ-ഈമൂന്നുതരക്കാരും നമ്മുടെ ദൃഷ്ടിയിൽ സമന്മാരാണ്

ഹുസൈനെ(അ) നിസ്സഹായതയിലേക്ക് തള്ളിവിട്ട് യസീദിന്റെ രാജസേവകരും പ്രചാര കരും ജിഹ്വകളുമായിപ്പോയവർ, സ്വർഗം കൊതിച്ച് അങ്ങേയറ്റത്തെ അച്ചടക്കമര്യാദക ളോടും രക്ഷാബോധത്തോടും മനഃസമാധാത്തോടും ആരാധനാമന്ദിരത്തിന്റെ മൂലയിൽ

പതുങ്ങിയവർ സത്യാസത്യസമരങ്ങളുടെ മറ്റൊരു വേദിയായ അധ്യാത്മികമണ്ഡലത്തിലെന്ന മിഥ്യാഭിമാനത്തിൽ സായൂജ്യമടഞ്ഞ് ആരാധനോഭാസനകളിൽ അകപ്പെട്ട് കഴിഞ്ഞിരുന്നവർ ഭരണാധികാരിയുടെ ശക്തികണ്ട് പരിഭ്രാന്തരായും അപായതകളെ ഭയന്നും മൗനം തെരഞ്ഞെടുത്തവർ- ഈ വിഭാഗക്കാരെല്ലാം മൗലികമായ വീക്ഷണത്തിൽ തുല്യനിലവാരത്തിലാണുള്ളത്. ഹുസൈൻ(അ) താൻ നിലകൊണ്ട മേഖലയിൽ എല്ലാക്കാലത്തും എല്ലാനൂറ്റാണ്ടുകളിലും പ്രത്യക്ഷപ്പെടുന്നു.അദ്ദേഹത്തിന്റെ പടക്കളത്തിൽ വരാത്തവർ എവിടെയായാലെന്താ? അവർ ആരുതന്നെയാവട്ടെ, വിശ്വാസിയോ അവിശ്വാസിയോ ആയിക്കൊള്ളട്ടെ അതൊട്ടും തന്നെ പ്രാധാന്യം അർഹിക്കുന്ന സംഗതിയല്ല.

ശീഇസത്തിന്റെ തത്വശാസ്ത്രപ്രകാരം ഏതൊരു പ്രവർത്തനത്തിന്റെയും അംഗീകാരയോഗ്യതയും മൂല്യകൽപ്പനയും ഇമാമത്തിനോടും വിലായത്തിനോടുമുള്ള ബന്ധത്തെ ആസ്പദിച്ചിരിക്കുന്നു. ഇമാമത്തിന്റെയും വിലായത്തിന്റെയും –അഭാവത്തിൽ എല്ലാം നിരർത്ഥവും നിഷ്ഫലവുമാണ്.[84]

എല്ലാ യുഗങ്ങളിലും വിശ്വവ്യാപകമായി നടക്കുന്ന സത്യാസത്യസംഘട്ടനവേളയിലെ തന്റെ സാന്നിദ്ധ്യം പ്രഖ്യാപനം ചെയ്തിരിക്കുകയാണ് ഹുസൈൻ(അ). എന്നെന്നേക്കും ജനിക്കാൻ വേണ്ടിയാണ് അദ്ദേഹം കർബലയിൽ മരണം വരിച്ചത്.

ഞാൻ, നിങ്ങൾ, നമ്മൾ-അനശ്വരമായ അസ്തിത്വം കൈവരിക്കാൻ സാധിക്കാത്തതിൽ സങ്കടപ്പെട്ടു കരയേണ്ടവരാണ്.

ഏതൊരു വിപ്ലവത്തിനും രണ്ട് മുഖമുണ്ട്. രക്തത്തിന്റേതും സന്ദേശത്തിന്റേതുമാണവ. ഹുസൈനും(അ) കൂട്ടുകാരും അവരുടെ ദ്വിമുഖവിപ്ലവത്തിന്റെ ഒന്നാമത്തെ വശം രക്തം നൽകിക്കൊണ്ടു പ്രയോഗവൽക്കരിച്ചു. അവശേഷിക്കുന്ന രണ്ടാമത്തെ വശം രക്തസാക്ഷിത്വത്തിന്റെ സന്ദേശം മനുഷ്യവർഗ്ഗത്തിന് എത്തിച്ചുകൊടുക്കുകയാണ്. നിശ്ചലമാക്കപ്പെട്ട ശവശരീരങ്ങളിൽ നിന്ന് ഉത്സാഹത്തുടിപ്പോടെ പ്രവഹിച്ച ചോരത്തുള്ളികളുടെ മൂകഭാഷണത്തിനിടയിൽ, ഇതുപോലുള്ളൊരു സായാഹ്നത്തിലാണ് ആസന്ദേശത്തിന്റെ ഉൽഘാടനം കുറിക്കപ്പെട്ടത്. ബുദ്ധിമതിയും ആർദ്രചിത്തയുമായ ഒരു വനിതാ രത്നത്തിന്റെ ചുമലിലാണ് പ്രസ്തുത സന്ദേശത്തിന്റെ ഭാരം. മികച്ച ധീരതയുടെ പര്യായമായ ആ ഘോഷാസ്ത്രിയുടെ ചരണചലനങ്ങളോരോന്നും ലോകത്തിന് ദീരതയുടെ ഓരോ പാഠം പഠിപ്പിച്ചു. സഹോദരന്റേതിനേക്കാൾ ദുർവ്വഹവും വിഷമകരവുമാണ് സൈനബി(അ)ന്റെ ചുമലിലിരിക്കുന്ന സന്ദേശം. സ്വയം വീരമരണം പ്രാപിക്കാൻ ധൈര്യം കാണിച്ചവർ ഒരു മഹത്തായ കാര്യം തന്നെയാണ് ചെയ്തത്. എന്നാൽ അവർക്കു ശേഷം ജീവിച്ചിരിക്കുന്നവരുടെ ഉത്തരവാദിത്വമാണ് ഏറെ പ്രയാസകരവും സങ്കീർണവും. സൈനബ്(അ) അവശേഷിച്ചവരുടെ കൂട്ടത്തിലാണ്. പിന്നിൽ ബന്ധനസ്ഥർ, മുന്നിൽ ഗൃധ്രദൃഷ്ടികളോടെ ശത്രുക്കളുടെ പട്ടാളനിര, ചുമലിൽ സഹോദരന്റെ സന്ദേശഭാരം. സൈനബ്(അ) പടക്കളം വിട്ട് പട്ടണത്തിൽ പ്രവേശിക്കുന്നു. രക്തസാക്ഷ്യത്തിന്റെ ചെമന്ന പൂന്തോട്ടം പിന്നിൽ ഉപേക്ഷിച്ചിട്ടാണ് പോന്നിരിക്കുന്നത്. വസ്ത്രങ്ങിൽ നിന്ന് രക്ത പുഷ്പങ്ങൾ ദിവ്യസൗരഭ്യം അടിച്ചുപരക്കുന്നുണ്ട്. സൈനബ്(അ) മർദ്ധനത്തിന്റെയും ക്രൂരതയുടെയും തലസ്ഥാന നഗരിയിൽ പ്രവേശിക്കുന്നു. മർദ്ധനങ്ങൾക്ക് മാർഗദർശനം നൽകുന്ന ഭരണാധികാരി സിംഹാസനത്തെ സമീപിപ്പിക്കുന്നു. അഹന്തയുടെയും കിരാതത്വത്തിന്റെയും മേൽക്കോയ്മകളായ ഭരണാധികാരികളുടെയും അവരുടെ ഉപകരണങ്ങളുടെയും നേരെ തിരിഞ്ഞുകൊണ്ട് ഒരു ജേതാവിനെപ്പോലെ ശാന്തഗംഭീരമായി അവർ ഇപ്രകാരം പ്രഖ്യാപിച്ചു: “പ്രവാചകത്വത്തിന്റെയും രകതസാക്ഷിത്വത്തിന്റെയും എല്ലാ ബഹുമതികളും ഞങ്ങളുടെ കുടുംബത്തിൻ വിതരണം ചെയ്ത ദൈവമേ നിന്റെ മഹത്വത്തിന് നന്ദി!”

ലോകത്തിനു മുഴുവൻ രക്തസാക്ഷികളുടെ സന്ദേശമെത്തിക്കുകയാണ് സൈനബി(അ)ന്റെ ജീവിതദൗത്യം. ആരാച്ചാരന്മാരുടെ വാൾത്തലകൾ അരിഞ്ഞുവീഴ്ത്തി നിശ്ശബ്ദ

മാക്കിയ രക്തസാക്ഷികളുടെ മുഴുവൻ നാവുകളെയും പ്രതിനിധാനം ചെയ്തുവേണം ഇനി സൈനബി(അ)നു സംസാരിക്കാൻ.

രക്തത്തിനു പിന്നിൽ ഒരു സന്ദേശമില്ലാത്ത പക്ഷം ചരിത്രം അതിന് ഒരു വിലയും കൽപ്പി ക്കുകയില്ല. അത് വെറുതെ ഒഴുകിപ്പോയെന്നല്ലാതെ. പിൻതലമുറകൾക്കുകൂടി ഫലപ്രദ മായ സന്ദേശമല്ല രക്തപ്രവാഹം വിട്ടു പോവുന്നെങ്കിൽ ഒരു കൊലയാളിയുടെ അൽപാ യുസ്സോളം മാത്രമേ രക്തസാക്ഷിയും ജീവിച്ചിരിക്കുകയുള്ളൂ. ചരിത്രത്തിന്റെ കാതുകളി ലേക്ക് രക്തസാക്ഷിയുടെ സന്ദേശം പകരുക എന്ന കൃത്യം സൈനബ് നിർവ്വഹിച്ചിരു ന്നില്ലെങ്കിൽ കർബല കേവലമൊരു സംഭവമായി ചരിത്രത്തിന്റെ മടക്കുകളിൽ മറഞ്ഞു കിടക്കും. ആ സന്ദേശം ആവശ്യക്കാർക്ക് ലഭിക്കുമായിരുന്നതുമില്ല. രക്തസാക്ഷികളുടെ രക്തവചസ്സുകൾ ആരും കേൾക്കാതെ പാഴായിപ്പോവുകയും ചെയ്യുമായിരുന്നു.

സൈനബി(അ)ന്റെ സന്ദേശം ഹുസൈൻ(അ)നെക്കുറിച്ച് കണ്ണീർ വാർത്തുകരയുന്ന മുഴു വൻ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ഹുസൈൻ (അ)ന്റെ ശ്മശാനത്തിൽ ആദരാ ഞ്ജലികളോടെ സവിനയം ശിരസ്സു കുനിക്കുന്ന എല്ലാ ആളുകൾക്കും വേണ്ടിയുള്ളതാ ണ്.

ആദർശത്തിലുള്ള വിശ്വാസവും അതിനായുള്ള നിരന്തരസമരവുമാണ് ജീവിതമെന്ന വീക്ഷണം ഹുസൈനെ(അ)പ്പോലെ ആത്മാർത്ഥതയുൾക്കൊണ്ടവർക്ക്‌വേണ്ടിയുള്ളതാണ് ആ സന്ദേശം.

സൈനബി(അ)ന്റെ സന്ദേശമിതാ:

“ഈ കുടുംബത്തോട് ഉറ്റബന്ധപ്പെട്ടിട്ടുള്ളവരും കടപ്പാടുള്ളവരും മുഹമ്മദ് നബി(സ)യുടെ ദൗത്യത്തിൽ വിശ്വസിച്ചിട്ടുള്ളവരും സ്വയം ചിന്തിച്ചു തീരുമാനത്തിലെത്തുക. ഏതു കാലത്ത്, ഏതു തലമുറയിൽ, ഭൂലോകത്തിന്റെ ഏതുഭാഗത്ത് ജീവിക്കുന്നവരാ യാലും കർബലാ രക്തസാക്ഷികൾക്ക് പറയാനുള്ള സന്ദേശമൊന്ന് ശ്രദ്ധിക്കുക. അവർ പറയുന്നു: “നന്നായി മരിക്കാനറിയാവുന്നവർക്കേ നന്നായി ജീവിക്കാൻ കഴിയൂ”; അലി(അ)യും കുടുംബവും അംഗീകരിച്ച ജീവിതപദ്ധതിയായ വിശുദ്ധഖുർആന്റെയും തൗഹീദിന്റെയും സന്ദേശത്തിൽ വിശ്വസിക്കുന്നവരും ഞങ്ങൾക്ക് പിമ്പേ വരുന്നവരു മായ ആൾക്കാരെ അനുസ്മരിപ്പിക്കുക: മനുഷ്യവർഗത്തിന് ജീവിതം പഠിപ്പിച്ചത് പോലെ ത്തന്നെ മരണമെന്ന സുന്ദരമായ കലയും അഭ്യസിപ്പിച്ചിട്ടുള്ള കുടുംബമാണിത്.”

മുഴുവൻ മനുഷ്യ വർഗത്തോടുമായി കർബലാ രക്തസാക്ഷികൾ പറയുന്നു: നിങ്ങൾ മത വിശ്വാസിയാണെങ്കിൽ മതപരമായ ബാധ്യതയെന്ന നിലയ്ക്കും നിർമതനാണെങ്കിൽ മാനവരാശിയുടെ മോചനത്തോടുള്ള കടമ എന്ന നിലയ്ക്കും നിങ്ങൾ ജീവിക്കുന്ന കാല ഘട്ടത്തിൽ സത്യവും അസത്യവും തമ്മിൽ നടക്കുന്ന സമരത്തിൽ നിങ്ങൾക്ക് സന്നിഹി തനാകേണ്ടിവരും. നിങ്ങളുടെ രക്തസാക്ഷിയെ ജാഗരൂകനായും സംഭവഗതികളെ വീക്ഷി ക്കുന്നവനായും മരണഹിതനായും മാതൃകയായും മാർഗരേഖയായും സാക്ഷിയായും വിധി നിർണ്ണായകനായും അവിടെ കണ്ടെത്താൻ കഴിയും.

മേൽപ്പറഞ്ഞ എല്ലാ അർത്ഥവും ഉൾക്കൊള്ളുന്നു ‘ശഹീദ്’ എന്നപദം.

ഏതൊരു വിപ്ലവകാരിക്കുമുണ്ട് രക്തത്തിന്റേതും സന്ദേശത്തിന്റേതുമായ രണ്ടു മുഖം. മനുഷ്യവർഗത്തിന്റെ വിമോചനത്തോട് പ്രതിജ്ഞാബദ്ധതയും സത്യസ്വീകരണത്തിനു സന്നദ്ധതയുമുള്ള ഏതൊരാളും ആദ്യമായി അറിഞ്ഞിരിക്കട്ടെ.

ചരിത്രത്തിന്റെ സമാധാനമില്ലാത്ത സമരഭൂമിയിൽ എല്ലായിടത്തും കർബലയാണ്. എല്ലാ മാസവും മുഹറവും എല്ലാ ദിനവും ആശൂറായും ആണ്.

ഒരു വ്യക്തി ശീയാ ആകുന്നതിന്റെ അർത്ഥവും അതു നിമിത്തം കടന്നുവരുന്ന കടമകളുടെ വൈപുല്യവും ഇപ്പറഞ്ഞതിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

ചിന്തിച്ചു തീർച്ചപ്പെടുത്തുക: ചോരകൊടുക്കാൻ സന്നദ്ധനാവുന്നോ? അതോ സന്ദേശത്തിന്റെ വാക്താവാകുന്നോ? ഹുസൈൻ(അ) ആകുണമോ? അതോ സൈനബ്(അ) ആകണമോ? ഹുസൈനെപ്പോലെ മരിക്കാനാണോ ഇഷ്ടം? അതോ സൈനബിനെപ്പോലെ ജീവിക്കാനോ? ഇത് രണ്ടുമല്ലെങ്കിൽ രംഗത്തുനിന്ന് മാറിപ്പോകുന്നതാണ് നല്ലത്.

ക്ഷമിക്കണം, സമയം നിശ്ശബ്ദമായി വളരെ ദൂരം സഞ്ചരിച്ചു. പറയാനുള്ളതിന്റെ ഒരംശം പോലുംപറഞ്ഞു കഴിഞ്ഞതായി ഞാൻ അവകാശപ്പെടുന്നില്ല. മാനവ ചരിത്രത്തിനു ഹുസൈൻ(അ) കാഴ്ചവെച്ചതും സൈനബ്(അ) പൂർത്തീകരിച്ചതുമായ ആ മഹാൽഭുതം ഒരു പ്രസംഗത്തിൽ എങ്ങനെ ഒതുക്കാൻ കഴിയും?

സൈനബ്(അ) സമർപ്പിച്ച രത്നച്ചുരുക്കം ഒന്നുകൂടി ഉറച്ചു ഗ്രഹിക്കുക:

വീരമൃത്യു വരിച്ചവർ ഹുസൈൻ(അ)ന്റെ ഭാഗം നിറവേറ്റി.

അഴശേഷിച്ചവർക്ക് സൈനബി(അ)ന്റെ ഭാഗമാണ് നിർവ്വഹിക്കാനുള്ളത്.

മൂന്നാമതൊരു മാർഗം തെരഞ്ഞെടുക്കാനുള്ളവർ യസീദിന്റെ പക്ഷക്കാരാണ്.

# കുറിപ്പുകൾ

1. ദുഃഖത്തിന്റെയും ആപത്തിന്റെയും സ്ഥലമെന്നാണ് "കർബല" യുടെ വാക്കർത്ഥം. ഇമാം ഹുസൈനും(റ) കൂടെയുണ്ടായിരുന്ന 72 പേരും രക്തസാക്ഷിത്വം വരിച്ചത് ഈ സ്ഥലത്ത് വെച്ചാണ്. ഇറാഖിൽ ഖൂഫിയയിൽനിന്ന് 25 മൈൽ വടക്കായി യൂപ്രട്ടീസ് നദിയുടെ തീരത്ത് കർബല സ്ഥിതി ചെയ്യുന്നു.
2. ഇമാം ഹുസൈന്റെ രക്തസാക്ഷ്യം ഓർത്തുകൊണ്ടുള്ള ദുഃഖപ്രകടനവും വിലാപവും ശിയാക്കൾക്കിടയിൽ പ്രോൽസാഹിക്കപ്പെടുന്നു. ഒരാൾ താൻ ആർക്കുവേണ്ടി കരയുന്നുവോ അയാളോട് ഹൃദയപരമായി അങ്ങേയറ്റം അടുത്തിരിക്കും. ശഹീദീനോട് ഹൃദയപരമായി അടുക്കാൻ വിലാപം സഹായിക്കുന്ന ഒരു ഫിലോസഫി ഇതിന്റെ പിന്നിലുണ്ട്.
3. സാമാന്യമായി ഇങ്ങനെയങ്ങ് അവകാശപ്പെടാമോ എന്നു സംശയിക്കാം. ഇബ്രാഹീമീ പരമ്പരയിൽപ്പെട്ട പ്രവാചകനാണ് ബി.സി. പത്താം നൂറ്റാണ്ടിൽ ഇസ്രായീല്യരുടെ പ്രവാചകനും രാജാവുമായിരുന്ന ഹസ്രത്ത് സുലൈമാൻ(അ). അദ്ദേഹത്തിന്റെ പിതാവ് പ്രവാചകനും രാജാവുമായിരുന്ന ഹസ്രത്ത് ദാവൂദാ(അ)ണ്. ഈ വസ്തുത ശരീഅത്തിയുടെ മേൽപറഞ്ഞ അവകാശത്തിനെതിരല്ലേ എന്ന സംശയമുന്നയിക്കുകയും ചെയ്യാം. എന്നാൽ ഇബ്രാഹീമീ പ്രവാചക ശ്രേണിയുടെ പൊതുവായ ധാരയാണ് ശരീഅത്തി ആധാരമാക്കുന്ന തെന്നും ചരിത്രത്തിൽ മർദ്ദിതരായി ഗണിക്കപ്പെട്ടിരുന്ന ഇസ്രായേല്യരിൽ ഒരംഗമായ സുലൈമാൻ പ്രവാചകനെ(അ) ഈ പൊതുധാരയിൽ ഉൾപ്പെടുത്തിയേ സാമൂഹ്യശാസ്ത്രകാരനായ ശരീഅത്തിക്കു കാണാൻ പറ്റൂ എന്നും മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരം അപവാദങ്ങൾ ഇബ്രാഹീമിയേതര പ്രവാചക പരമ്പരയായി ശരീഅത്തി എണ്ണിയ കൂട്ടത്തിലും കാണാം. ഉദാഹരണം സോക്രട്ടീസ്. ഒരു കൽപ്പണിക്കാരന് ഒരു പതിച്ചിയിലാണ് സോക്രട്ടീസ് ജനിച്ചത്. വളരെ നിർദ്ധനനായാണ് അദ്ദേഹം ജീവിച്ചതും. രക്തബന്ധവും കുലബന്ധവുമെന്നതിനേക്കളുപരി വർഗ്ഗപരമായ ആഭിമുഖ്യം അടിസ്ഥാനമായെടുത്തിട്ടാവും ശരീഅത്തി ഇങ്ങനെയൊരു വിഭജനം നടത്തിയിരിക്കുക.
4. വി.ഖു 62: 2.
5. വി.ഖുർആൻ 14:4ൽ "ഒരു പ്രവാചകനേയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ നാം അയച്ചിട്ടില്ല" എന്നു പറയുന്നു.
6. ഖുർആൻ തന്റെ ശക്തിയും സമ്പത്തും വിജ്ഞാനവും കൊണ്ട് മൂസാ നബി(അ)യേയും ഹാറൂൻ നബി(അ)യെയും വെല്ലുവിളിച്ചു. ഒടുവിൽ ഭൂമി അയാളെ വിഴുങ്ങിയതായി ഖുർആൻ 28:76-82ൽ പറയുന്നു. ബൈബിളും ഖാറൂന്റെ കഥ രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ നാമം കോരഹ്.
7. വിശുദ്ധ ഖുർആൻ 42.13-ൽ നൂഹ്, ഇബ്രാഹീം, മൂസ, ഈസാ(അ) എന്നീ പ്രവാചകൻമാരെല്ലാം ഒരേ മതത്തിന്റെ പ്രബോധകരും പ്രവാചകരുമായിരുന്നുവെന്നുണ്ട്. 16.36 ൽ അല്ലാഹുവിനെ ആരാധിക്കുവാനും താഗൂത്തിനെ വർജിക്കുവാനും ആഹ്വാനം ചെയ്യുന്ന സന്ദേശവുമായിട്ടാണ് എല്ലാ സമൂഹങ്ങളിലും നാം ദൂതൻമാരെ നിയോഗിച്ചത് എന്നു വ്യക്തമാക്കുന്നു. 33.40 ൽ മുഹമ്മദ് നബി(സ)യെ അന്ത്യ പ്രവാചകനായി വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു.
8. വി.ഖു 3.21.
9. വി.ഖു. 26.111 ൽ നൂഹ് നബി(അ)യുടെ എതിരാളികൾ അദ്ദേഹത്തോട് ഈ വാചകം പറഞ്ഞത് ഉദ്ധരിക്കുന്നുണ്ട്. 18. 28 ന്റെ അവതരണ പാശ്ചാത്തലം ഖുറൈശികൾ മുഹമ്മദ് നബി(സ)യോട് അദ്ദേഹത്തിനു ചുറ്റും സംഘടിച്ചിരുന്ന പാവപ്പെട്ടവരെ ഒഴിവാക്കാനാവശ്യപ്പെട്ട ഒരു സംഭവമാണെന്നു ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണാം.
10. മദീന മുമ്പ് യസ്രിബ് എന്നാണറിയപ്പെട്ടിരുന്നത്. പ്രവാചകൻ(സ) അവിടെ എത്തിയ ശേഷം അത് മദീനത്തുന്നബി (പ്രവാചകന്റെ നഗരം) എന്നു വിളിക്കപ്പെട്ടു. ശരീഅത്തി ഇസ്ലാമിക സമൂഹത്തിന്റെ മാതൃകാനഗരമായി (ഉട്ടോപ്പിയയായി) പ്രവാചകന്റെ കാലത്തിലെ മദീനയെ അവതരിപ്പിക്കുന്നുണ്ട്.
11. എത്യോപിയക്കാരൻ ബിലാലുബ്നുറഹ്ബാഹി(റ) കറുത്ത ഒരടിമയായിരുന്നു. ഇസ്ലാം സ്വീകരിച്ച ശേഷം പ്രവാചകന്റെ(സ) ഏറ്റവും അടുത്ത ഒരനുയായിയായി. ഇസ്ലാം മതം സ്വീകരിച്ചതിന്റെ പേരിൽ ബിലാലിനു തന്റെ യജമാനനായിരുന്ന ഉമയ്യത്തിന്റെ കഠിനമായ

പീഢനം ഏൽക്കേണ്ടി വന്നു. ഒടുവിൽ ഹസ്രത്ത് അബൂബക്കർ(റ) അദ്ദേഹത്തെ വിലകൊടുത്തു വാങ്ങി സ്വതന്ത്രനാക്കുകയാണുണ്ടായത്. പ്രവാചകന്റെ(സ) കൂടെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്ത വ്യക്തിയാണ് ബിലാൽ. ഹി. 20-ൽ ഡമാസ്ക്കസിൽ വെച്ച് അന്തരിച്ചു.

12. മക്കയിലെ ഒരു പ്രമുഖ ഗോത്രമായിരുന്നു ഖുറൈശ്. മുഹമ്മദ് നബി(സ)യും നാല് ഖലീഫമാരും (റ) ഈ ഗോത്രത്തിൽപ്പെട്ടവരായിരുന്നു.
13. മദീനയുടെ ഒരു പ്രാന്തപ്രദേശമാണ് ഖുബാ. മദീനയിലേക്ക്പലായനം ചെയ്യുമ്പോൾ നബി(സ) ഇവിടെ നാലുദിവസം വിശ്രമിച്ചിരുന്നു.

14. മുഹമ്മദ് നബി(സ) യുടെ തൊട്ടു മുമ്പത്തെ കാലഘട്ടത്തെ ജാഹിലിയ്യാ കാലമെന്നു വിളിക്കുന്നു. അജ്ഞതയുടെയും അപരിഷ്ക്കൃതത്വത്തിന്റെറയും കാലമെന്നർത്ഥം. നിർവ്വചനമനുസരിച്ച് ഇസ്ലാമേതരമായ എന്തിനേയും 'ജാഹിലിയ്യത്ത് എന്നുപറയാം.

15. പ്രവാചകന്റെ(സ) കാലത്ത് ഇസ്ലാം സ്വീകരിച്ചതിന്റെ പേരിൽ മക്കയിൽനിന്നു ഏത്യോപ്യയിലേക്കോ മദീനയിലേക്കോ പലായനം ചെയ്ത സഹാബികളാണ് 'മുഹാജിറുകൾ'

16. മക്കവിട്ട് മദീനയിലെത്തിയ മുഹമ്മദ്നബി(സ)യേയും മുഹാജിറുകളേയും സഹായിച്ച മദീനക്കാരാണ് 'അൻസാറുകൾ'.

17. ഉസ്മാന്റെ(റ) ഭരണകാലത്തെക്കുറിച്ചും അദ്ദേഹം കൈകൊണ്ടിരുന്ന നിലപാടുകളെക്കുറിച്ചും സയ്യിദ് ഖുത്ബിന്റെ 'അൽഅദാലത്തുൽ ഇജ്തിമാഇയ്യ ഫിൽ ഇസ്ലാം' എന്ന കൃതിയുടെ മലയാള പരിഭാഷയായ "ഇസ്ലാമിലെ സാമിഹ്യ നീതിയിൽ വായിക്കാം. അതിലെ ചരിത്ര സത്യങ്ങളിലൂടെ എന്ന അദ്ധ്യായത്തിൽ ഇത് പരമാവധി ന്യായീകരിച്ചുക്കൊണ്ട് വിവരിച്ചിരിക്കുന്നു. പ്രവാചകൻ(സ) അവിടുത്തെ മദീനാ ഭരണത്തിൽ ആദ്യമായി നാടുകടത്തിയ വ്യക്തിയായിരുന്നു മർവാൻ. ഹസ്രത്ത് അബൂബക്കറും(റ) ഹസ്രത്ത്ഉമറും(റ) അയാളെ തിരിച്ചുവിളിക്കാൻ ധൈര്യപ്പെടാതിരുന്നതാണ്. എന്നാൽ ഉസ്മാൻ(റ) മർവാനെ തിരിച്ചുകൊണ്ട്വരികയും വലിയ സ്ഥാനമാനങ്ങൾ നൽകി ബഹുമാനിക്കുകയും ചെയ്തു. ഖൈബർ കൊട്ടാരം അദ്ദേഹം മർവാന് കൊടുത്തു. ആഫ്രിക്കയിൽനിന്നുള്ള വരുമാനത്തിൽനിന്ന് 5 ലക്ഷം ദീനാറാണ് ഉസ്മാൻ മർവാനു നൽകിയത് (ഇത് ഇബ്നുൽ അസീറിന്റെറ അൽകാമിലുണ്ട്. ഉസ്മാന്റെയും അമവികളുടെയും വാഴ്ചയിൽ ഇസ്ലാമിക സമൂഹത്തിലേക്ക് തിരിച്ചുവന്ന ദുഷ്പ്രഭുത്വത്തിന്റെ യഥാർത്ഥ ചിത്രം ഇബ്നുൽ അസീറിന്റെ അൽകാമിൽ ഇബ്നുഖുതൈബയുടെ 'അൽമആരിഫ്', മസൂദിയുടെ 'മുറൂജുദ്ദഹബ്' ഇബ്നുസഅദിന്റെ 'തബലാത്ത്' തുടങ്ങിയ ചരിത്രഗ്രന്ഥങ്ങളിൽ നിന്നു വ്യക്തമാക്കാം

18. ഖുറൈശീനേതാവും അമവി വംശക്കാരനും മുഹമ്മദ്നബി (സ)യുടെ കടുത്ത എതിരാളിയുമായിരുന്നു അബൂസുഫ്യാൻ. മക്കാ വിജയത്തിനുശേഷം ഇദ്ദേഹം മുസ്ലിമായി.

19. മുആവിയ്യ അബുസുഫായാന്റെ പുത്രനാണ്. ഹിജ്റ 41 മുതൽ 60 വരെ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭരണാധികാരിയായിരുന്ന ഇദ്ദേഹമാണ് അമവി വംശാധിപത്യത്തിന്റെ സ്ഥാപകൻ. ഹസ്രത്ത് അലി(റ)യുടെയും അഹലുബൈത്തിന്റെയും കടുത്ത എതിരാളിയായിരുന്ന മുആവിയ്യ ഒട്ടനവധി സഹാബികളെ കൊന്നിട്ടുണ്ട്.

20. ഹിജ്റ 37-ൽ മുആവിയ്യക്കും ഹസ്രത്ത് അലി(റ)ക്കുമിടയിൽ നടന്ന യുദ്ധമാണ് സിഫ്ഫീൻ യുദ്ധം. യുദ്ധത്തിൽ പരാജയപ്പെടുകയാണെന്നു കണ്ട മുആവിയ്യ തന്റെ സൈന്യത്തിലുള്ള ചിലരോട് ഖുർആൻ കുന്തത്തിൽ കുത്തിപ്പിടിച്ചു കാണിക്കാൻ കൽപ്പിച്ചു. ഇത്കണ്ടപ്പോൾ അലി(റ)യുടെ സൈന്യത്തിൽ യുദ്ധം ചെയ്തിരുന്ന പലരും

സന്ധിക്ക് തയ്യാറാവാൻ അലി(റ)യെ നിർബ്ബന്ധിച്ചു. അങ്ങനെയാണ് സിഫ്ഫീൻ യുദ്ധം അവസാനിച്ചത്. ഇതിലേക്കാണ് ഗ്രന്ഥകർത്താവിന്റെ സൂചന.

21. ഹിജ്റ 40ാം വർഷം റമളാനിലാണ് ഇമാം അലി(റ) കൊല്ലപ്പെട്ടത്. അബ്ദുറഹ്മാനിബ്നു മുൽജിം മുറാദി എന്ന ഖവാരിജ് കക്ഷിക്കാരൻ ഇമാം സുബഹ് നമസ്ക്കരിച്ചു കൊണ്ടിരിക്കുമ്പോൾ വിഷം പുരട്ടിയ വാളുകൊണ്ട് അദ്ദേഹത്തെ വെട്ടുകയാണുണ്ടായത്.

22. ശിയാക്കളുടെ രണ്ടാമത്തെ ഇമാം ഹസൻ(റ)2. ഹിജ്റ 3 മുതൽ 50വരെ യാണ് ഇദ്ദേഹത്തിന്റെ ജീവിതക്കാലം.

23. മുആവിയ്യ ഖുർആനും നബിചര്യയും ഖുലഫാഉൽറാശിദുകളുടെ മാതൃകയുമനുസരിച്ച് മുസ്ലിംകളെ ഭരിക്കണം, തന്റെ ശേഷം ഭരണം തുടർന്നു നടത്താനായി ആരേയും ചുമതലപ്പെടുത്താൻ മുആവിയ്യക്ക് അധികാരമില്ല. ഹസന്നോ അദ്ദേഹത്തിനു വല്ലതും സംഭവിച്ചാൽ സഹോദരൻ ഹുസൈന്നോ ആയിരിക്കും മുആവിയ്യക്ക് ശേഷം ഭരണാധികാരം. മദീനക്കാരോടോ ഹിജാസുകാരോടോ ഇറാഖുകാരോടോ അലി(റ)യെ അനുകൂലിച്ചവരാണ് അവരെന്നതിന്റെ പേരിൽ യാതൊരു പ്രതികാരവും പാടില്ല; മുആവിയ്യയുടെ ഗവർണ്ണർമാർ മിമ്പറുകളിൽ വെച്ച് അലിയെ ശകാരിക്കുന്നതും അദ്ദേഹത്തിനെതിരിൽ നമസ്ക്കാരത്തിൽ ഖുനൂത്തോതുന്നതും നിറുത്തണം, രാജ്യത്തെവിടെയും എല്ലാമനുഷ്യർക്കും സുരക്ഷിതത്വം ഉറപ്പാക്കണം'. കൂഫയിലെ ബൈത്തുൽമാലിന്റെ കൈകാര്യാധികാരം മുആവിയ്യക്കല്ല ഹസനാണ്; ഹസനോ സഹോദരൻ ഹുസൈനോ അവരുടെ അനുയായികളും അവരെ പിന്തുണക്കുന്നവരുമായ ഏതെങ്കിലും സ്ത്രീയോ പുരുഷനോ കുട്ടിയോ ഒരുവിധ കയ്യേറ്റത്തിനും വിധേയരായിക്കൂടാ. ഇപ്രകാരമായിരുന്നു മുആവീയ്യക്കും ഇമാം ഹസനു(റ) മിടയിലുണ്ടായ സന്ധിയുടെവ്യവസ്ഥകൾ. ഇബ്നുൽ മുഹന്നായുടെ 'ഉംദത്തുത്താലി'.

24. ഇമാം ഹസന്റെ(റ) മരണസാഹചര്യം ശൈഖ് മുഫീദിന്റെ കിതാബുൽഇർശാദിൽ വിവരി ച്ചിട്ടുണ്ട്. മുആവിയ്യ ഇമാം ഹസന്റെ(റ)ഭാര്യ ജൂദാക്ക് അവൾ വിഷം കൊടുത്ത് കൊല്ലുക യാണെങ്കിൽ തന്റെ പുത്രൻ യസീദിനെക്കൊണ്ട് അവളെ വിവാഹം കഴിപ്പിക്കാമെന്നു വാക്കുകൊടുത്തിരുന്നുവത്രെ. അദ്ദേഹം അവൾക്ക് ഒരു ലക്ഷം ദിർഹം കൊടുത്തു. പക്ഷെ യസീദിനെക്കൊണ്ട് വിവാഹം കഴിപ്പിക്കാമെന്ന വാക്ക് പാലിച്ചില്ല.

25. മദീനയിലെ പൊതുശ്മശാനത്തിലാണ് "ജന്നത്തുൽബഖീ". "ബഖീഉൽഗർഖദ" എന്നും പറയുന്നു. സഹാബികളിൽ പലരെയും ഇവിടെയാണ് മറവ് ചെയ്തിരിക്കുന്നത്.

26. അബൂദർറുൽ ഗിഫാരി(റ). പഴയ പേർ ജുന്ദുബുബ്നു ജുനാദ. ഇമാം അലി(റ)യോട് അങ്ങേയറ്റം കൂറ് പുലർത്തിയിരുന്ന പ്രവാചകന്റെ(സ) ഒരു പ്രമുഖ സ്വഹാബി. ഇസ്ലാമിക സമൂഹത്തിൽ ദരിദ്രജനങ്ങൾ കഷ്ടപ്പെടുമ്പോൾ ചില വ്യക്തികൾ സമ്പത്ത് കുന്നുകൂട്ടി വെക്കുന്നതിനെ കഠിനമായി വിമർശിച്ചതിന്റെ പേരിൽ ഭരണവർഗത്തിന്റെ എതിർപ്പു സമ്പാദിക്കേണ്ടി വന്നു അബൂദർറിന്. ഒടുവിൽ ഖലീഫ ഉസ്മാൻ അദ്ദേഹത്തെ റബ്ദയിലേക്ക് നാടുകടത്തി. ഹിജ്റ 32-ൽ അവിടെ വെച്ച് അദ്ദേഹം മരിച്ചു.

27. അലി(റ)യെ പിന്തുണച്ചിരുന്ന മറ്റൊരു പ്രമുഖ സഹാബിയാണ് അമ്മാറ്ബ്നുയാസിർ(റ). ഇദ്ദേഹം ആദ്യം ഇസ്ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. സിഫ്ഫീൻ യുദ്ധത്തിൽ 94-ാം വയസ്സിൽ മുആവിയ്യയുടെ സൈന്യം ഇദ്ദേഹത്തെ കൊന്നു. അക്രമിയായ ഒരു കക്ഷി അമ്മാറിനെ വധിക്കുമെന്ന് നബി(സ) നേരത്തെ പ്രവചിച്ചതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

28. ഖുർആൻ രേഖപ്പെടുത്താൻ പ്രവാചകൻ(സ) നിയോഗിച്ചിരുന്നവരിൽ പെട്ട ഒരു പ്രസിദ്ധ സ്വഹാബിയാണ് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ). ഉഖ്ബത്തുബ്നു അബീ ഐകത്തിന്റെ ആട്ടിടയനായിരുന്ന അബ്ദുല്ല പിന്നീട് ഖുർആൻ പാരായണ കലയുടെ ആചാര്യനായി. എത്യോപ്യയിലേക്കും മദീനയിലേക്കും പാലായനം ചെയ്തതു കാരണം 'ഡബിൾ മുഹാജിറാ'യിട്ടാണ് ഇദ്ദേഹം അറിയപ്പെടുന്നത്. ഇസ്ലാമിന്റെയും പ്രവാചകന്റെയും പ്രധാന ശത്രുവായിരുന്ന അബൂജഹലിനെ ബദറിൽ വെച്ച് ഇദ്ദേഹമായിരുന്നു വധിച്ചത്. പ്രവാചകന്റെ ജീവിതകാലം മുഴുവൻ അവിടുത്തെ സേവിച്ച ഇബ്നു മസ്ഊദ് ഹസ്രത്ത് ഉമറിന്റെ കാലത്ത് കൂഫയുടെ ഗവർണ്ണറായി. ഹിജ്റ 30-ൽ 60-ാംവയസ്സിലാണ് ഇബ്നു മസ് ഊദ് ശഹീദായത്. ഖലീഫ ഉസ്മാനുമായുണ്ടായിരിന്ന കടുത്തവാക്കേറ്റത്തെത്തുടർന്ന് അദ്ദേഹത്തിനു മർദ്ദനമേറ്റുവെന്നും വാരിയെല്ല് തകർക്കപ്പെട്ടുവെന്നും പറയപ്പെടുന്നു. സിഫ്ഫീന് യുദ്ദത്തിലാണ് ഇബ്നുമസ്ഊദ്(റ) കൊല്ലപ്പെട്ടതെന്നൊരു പക്ഷമുണ്ട്.

29. പേർഷ്യക്കാരനായ മീഥം(റ) ബനൂ അസ്അദ് ഗോത്രക്കാരിയായ ഒരു സ്ത്രീയുടെ അടിമയായിരുന്നു. ഹസ്രത്ത് അലി(റ)യാണ് ഇദ്ദേഹത്തെ വാങ്ങി മോചിപ്പിച്ചത്. കർബലയുടെ കുറച്ച് മുമ്പ് കൂഫയിൽ അമവികളുടെ ഗവർണ്ണറായിരുന്ന ഉബൈദുല്ലാഹിബാനു സിയാദ് ഇദ്ദേഹത്തെ വധിച്ചു.

30. ഹുജ്ർ(റ) അലി(റ)യുടെ ശക്തനായ അനുകൂലിയായിരുന്നു. കൂഫയിൽ മുആവിയ്യക്കെതിരിൽ വിപ്ലവം നയിച്ചതിനെത്തുടർന്ന് വധശിക്ഷക്കിരയാക്കപ്പെട്ടു-ഹി 50-ാം വർഷത്തിൽ. സിഫ്ഫീനിലും "ജമലിലും" "നഹറവാനിലും" ഹുജ്റ് അലി(റ)യോടൊപ്പം പോരാടിയിട്ടുണ്ട്. ഹുജ്റ് മുആവിയ്യയെ എതിർത്തപ്പോൾ എനിക്ക് നിന്നേക്കാൾ കൂടുതൽ കഴിയുമെന്നോർത്തോ മുആവിയ്യ ഹുജ്റിനെ ഭീഷണിപ്പെടുത്തിയിരുന്നു.

31. രണ്ടാം ഖലീഫ ഉമറുബ്നുൽഖത്താബി(റ)ന്റെ പുത്രനായ അബ്ദുല്ലയാണ് അബ്ദുല്ലാഹിബ്നു ഉമർ(റ) എന്നറിയപ്പെടുന്നത്. പരമഭക്തനായിരുന്നു ഇദ്ദേഹം. നബി(സ)യിൽ നിന്നു കുറേ ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. ഹിജ്റ 73ൽ മക്കയൽ മരിച്ചു.

32. മുആവിയ്യയുടെ ഡമാസ്കസ്സിലെ കൊട്ടാരമാണ് ഹരിതകൊട്ടാരം. പച്ചമാർബിൾ കൊണ്ടാണിത് പണിതിരുന്നത്. ഇസ്ലാമിക ചരിത്രത്തിലെ ആദ്യത്തെ രാജകൊട്ടാരം.

33. ഉവൈറുബ്നു മാലിക്കാണ് അബുദ്ദർദാ(റ) എന്നറിയപ്പെടുന്നത്. ഖസ്റജ് ഗോത്രക്കാരനായ ഈ സ്വഹാബി ഖുർആൻ പണ്ഡിതനും ഹദീസ്നിദകനും ഡമസ്കസ്സിലെ ഇമാമുമായിരുന്നു. ഹിജ്റ 32ൽ അന്തരിച്ചു.

34. അബൂ ഹുറൈറയുടെ പേർ അബ്ദുറഹ്മാൻ. പ്രസിദ്ധസ്വഹാബി. ബഹ്റൈനിയുടെയും ഗവർണ്ണർ പദവിയും മക്കയിൽ ജഡ്ജി പദവും അലങ്കരിച്ചിട്ടുണ്ട്. ഹിജ്റ 59ൽ അന്തരിച്ചു.

35. പ്രസിദ്ധ സ്വഹാബിയും സിഫ്ഫീൻയുദ്ധത്തിൽ അലി(റ)യും മുആവിയ്യയും ഒത്തുതീർപ്പിലെത്താൻ വേണ്ടിയുണ്ടായ സന്ധിസംഭാഷണത്തിൽ അലി(റ)യെ പ്രതിനിധീകരിച്ച വ്യക്തിയുമാണ് അബൂ മുസ്അൽ അശ്അരി(റ). ഹിജ്റ 44-ൽ കൂഫയിൽ അന്തരിച്ചു.

36. സുലൈമാനുബ്നു സുറദ് കൂഫയിലെ ഒരു പ്രമുഖ ശിയാ നേതാവായിരുന്നു. ഹുസൈന്റെ(റ) മരണത്തിനു പകരം ചോദിക്കാൻ സമരോൽസുകരായി രംഗത്തിറങ്ങിയ സുലൈമാൻ വധിക്കപ്പെടുകയാണുണ്ടായത്-ഹിജ്റ65-ൽ.

37. താഹാ ഹുസൈൻ അദ്ദേഹത്തിന്റെ 'അലിയ്യുൻ വബനൂഹു'(അലിയ്യും മക്കളും)എന്ന പ്രസിദ്ധകൃതിയിലാണ് മേൽപ്പറഞ്ഞ വിവരണം നൽകിയിരിക്കുന്നത്.

38. ജാഹിലിയ്യത്തിലും പിന്നെ ഇസ്ലാമിലും തയ്യ്ഗോത്രത്തിന്റെ തലവനായിരുന്നു അദിയ്യുബ്നുഹാത്തമുത്തായി(റ), അലി(റ)യുടെയും ഹസന്റെയും ശക്തനായ അനുകൂലിയായി

രുന്ന ഒരു പ്രമുഖ സ്വഹാബിയാണ്. 'ജമലിലും' 'സിഫ്ഫീനിലും' 'നഹ്റവാനിലും' അലി(റ) യുടെ കൂടെ നിന്നു യുദ്ധം ചെയ്തിട്ടുണ്ട്. ഉസ്മാന്റെ(റ) വദത്തിലെത്തിയ കലാപത്തിലെ ഒരു നേതാവ് ഇദ്ദേഹമായിരുന്നു. ഹിജ്റ68-ൽ കൂഫയിൽ അന്തരിച്ചു.

39. ഹുജ്റി(റ)ന്റെ കൂടെ കൊല്ലപ്പെട്ടവരിൽ ശരീക്ബ്നു ശിദാദുൽ ഹളിറമി, സെയ്ഫിബ്നു ശിദാദുശ്ശെയ്ബാനി, അബ്ദുറഹ്മാനുബ്നു ഹസ്സാനുൽ അബസി, ഖുബൈസത്തുബ്നു റബീഅത്തുൽ അനസി, കിദാമുബ്നു ഹയ്യാനുൽ അനസി, മിഹ്റസ്ബ്നു ശിഹാബുത്തമീമി എന്നിവരും പെടുന്നു.

40. മാലികുബ്നു ഹാരിസ് അൽഅശ്തർ അന്നഖഈ(റ). പണ്ഡിതനും സൈനികകലയിൽ വിദഗ്ദനും കവിയുമായിരുന്ന ഇദ്ദേഹം ഇമാം അലി(റ)യുടെ സൈന്യാധിപനായിരുന്നു. ഹസ്രത്ത് അബൂബക്കറിന്റെ കാലത്ത് മതപരിത്യാഗികൾക്കെതിരിൽ നടന്ന യുദ്ധത്തിലും പിന്നീട് ജമൽ, സിഫ്ഫീന് യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. അലി(റ) ഇദ്ദേഹത്തെ ഈജിപ്തിലെ ഗവർണ്ണറായി തിരഞ്ഞെടുത്തിരുന്നുവെങ്കിലും അവിടെ എത്തുന്നതിനു മുമ്പ് അമവിയുടെ ഏജന്റുമാർ ഇദ്ദേഹത്തെ വിഷം കൊടുത്ത് കൊലപ്പെടുത്തി- ഹിജ്റ 37-ൽ.

41. പ്രസിദ്ധനായ അറബി പടത്തലവനാണ് അംറുബ്നുൽ ആസ്. ഇദ്ദേഹം മുആവിയ്യയുടെ സൂത്രശാലിയായ സഹായി ആയിരുന്നു. സിഫ്ഫീൻ ഉടമ്പടിയിൽ ഇദ്ദേഹമാണ്. ഈജിപ്ത് ജയിച്ചടക്കിയതും ഫുസ്താത്ത് പട്ടണം നിർമ്മിച്ചതും അംറുബ്നുൽ ആസാണ്. ഈജിപ്തിന്റെ ഗവർണ്ണരായിരുന്നിട്ടുമുണ്ട്. ഹിജ്റ 43 ൽ ഈജിപ്തിൽ വെച്ചായിരുന്നു അംറിന്റെ അന്ത്യം.

42. മുആവിയ്യയുയട ഒരു സൈനികമേധാവിയായിരുന്നു ബുസ്റുബ്നുക്കർത്തഅ. ഇയാളുടെ അക്രമങ്ങളും അത്യാചാരങ്ങളും എല്ലാ ചരിത്ര ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. നാട്ടിൽ നടന്ന് അലി(റ)യോട് കൂറുള്ള സകലരേയും കൊന്നൊടുക്കാൻ മുആവിയ്യ ഇയാളെ ചുമതലപ്പെടുത്തി. തുടർന്ന് ഇയാളുടെ കൈയാൽ കൊല്ലപ്പെട്ട മുസ്ലിംകളുടെ സംഖ്യ എണ്ണമറ്റതാണ്. ഒടുവിൽ ബുസ്റിന് ഭ്രാന്ത് പിടിച്ചു. ഹിജ്റ 86 ലാണ് ഇയാളുടെ അന്ത്യം സംഭവിച്ചത്.

43. യസീദുബ്നുൽ മുഹല്ലബ് ഖുറാസാനിൽ ഗവർണറായിരുന്നു. ഉമറുബിനു അബ്ദുൽ അസീസ്(റ) ഇദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് നീക്കി തടവിൽ പാർപ്പിക്കുകയുണ്ടായി. ഉമറിന്റെ മരണശേഷം ഇയാൾ ജയിൽ ചാടി പുറത്തുവരികയും അധികാരം കൈവശപ്പെടുത്താൻ ശ്രമം നടത്തുകയും ചെയ്തു. അങ്ങനെ മസ്ലമത്തുബ്നു അബ്ദുൽ മലിക്കിന്റെ കയ്യാൽ വധിക്കപ്പെട്ടു. 102 ൽ

44. അമവി ഖലീഫ അബ്ദുൽമലികുബ്നു മർവാന്റെ സൈന്യാധിപനായിരുന്നു ഹജ്ജാജുബ്നു യൂസുഫ് അസ്സഖാഫി. ഇബ്നു സുബൈറി(റ) നേയും ഇബ്നുൽ അശ്അസി(റ)നേയും വധിച്ചത് ഇയാളാണ്. അങ്ങനെ മക്കയും മദീനയും തായിഫും ഇറാഖും തന്റെ അധീനത്തിലാക്കി ഹജ്ജാജ്. ഇറാഖിലെ വാസിത് പട്ടണം ഇയാൾ സ്ഥാപിച്ചതാണ്. മദ്ധ്യേഷ്യ വരെ അറബി സാമ്രാജ്യം ഹജ്ജാജ് വികസിപ്പിച്ചു. ഖവാരിജുകളെ ഉൻമൂലനാശം വരുത്തിയത് ഹജ്ജാജാണത്രെ. പല പരിഷ്കാരങ്ങളും ഇയാളുടെ വകയായി ഇസ്ലാമിക രാഷ്ട്രത്തിൽ നടന്നിട്ടുണ്ട്. നല്ല വാചാലതയുള്ള ഒരു പ്രസംഗകൻ കൂടിയായിരുന്നു ഹജ്ജാജ്. ഹിജ്റ 95 ലായിരുന്നു മരണം.

45. ബൈബിളിലെ ഒരു കഥാപാത്രമാണ് ബൽആം(ബിലെയാം). തന്റെ അറിവും പൗരോഹിത്യ പദവിയും വ്യക്തിപരമായ താൽപര്യങ്ങൾക്കുപയോഗിച്ച പണ്ഡിതൻ. ശരീഅത്തി ബൽആമിനെ ദുഷിച്ച പണ്ഡിതന്റെ പ്രതീകമായി പലേടത്തും അവതരിപ്പിക്കുന്നുണ്ട്.

46. വി.ഖു. 9.106

47. ഹി. 83 മുതൽ 148 വരെയാണ് ഇമാം ജഅഫർ സാദിഖി(റ)ന്റെ കാലം. പിതാവ് ഇമാം മുഹമ്മദിൽ ബാഖിർ. മാതാവ് മുഹമ്മദുബ്നു അബീബക്കറി(റ)ന്റെറ മകൻ ഖാസിമിന്റെ പുത്രി ഉമ്മുഫർവ. കൂടുതൽ അറിയാൻ ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധീകരിച്ച ഇമാം ഖുമൈനിയുടെ 'ഇസ്ലാമിക ഗവൺമെൻറിന്റെ' 38ാം വ്യാഖ്യാന ക്കുറിപ്പ് കാണുക.

48. അബ്ബാസീ ഖലീഫ മൻസൂറിന്റെ കാലത്ത് തന്നെ അരിസ്റ്റോട്ടിലിൻെറയും ടോളമിയുടെയുടെയും യൂക്ലീഡിന്റെയും ഒക്കെ കൃതികൾ അറബിയിലേക്ക് ഭാഷാന്തരം തുടങ്ങിയിരുന്നു. മാമൂന്റെ കാലത്താണ് ഗ്രീക്ക് ശാസ്ത്രങ്ങൾ വ്യവസ്ഥാപിതമായ തോതിൽ അറബിയിലേക്ക് മാറ്റിക്കൊണ്ടിരുന്നത്.

49. 'അനുരാഗത്തിന്റെ സപ്തനഗരം' സൂഫികളുടെ ഏഴ് ഘട്ടങ്ങളെയാണ് സൂചിപ്പിക്കുന്നത്. ദൈവവുമായി ചേരാൻ ഒരാൾ തരണം ചെയ്യേണ്ട പൂർണ്ണതയുടെ ഘട്ടങ്ങളാണിവ.

50. സാലിഹീ നജ്ഫാബാദി രചിച്ചതും 1968-ൽ ഖുമ്മിൽ പ്രസിദ്ധപ്പെടുത്തിയതുമായ 'ശഹീദെജാവിദ്(അനശ്വര രക്തസാക്ഷി)' എന്ന പുസ്തകമാണ് ശരീഅത്തി സുചിപ്പിക്കുന്നത്. ആയത്തുല്ലാ ഹുസൈൻ അലി മുൻതസിറിയുടെ ആമുഖത്തോടു കൂടിയാണിത് പ്രസിദ്ധച്ചെടുത്തിയിട്ടുള്ളത്. യസീദിനെ തോൽപ്പിച്ച് ഒരു യഥാർത്ഥ ഇസ്ലാമിക ഗവർമെന്റ് സ്ഥാപിക്കാനായിരുന്നു ഹുസൈന്റെ ശ്രമമെന്നും അത് വിജയിച്ചില്ലെന്നുമാണ് ഈ പുസ്തകത്തിൽ പറയുന്നത്. ഹുസൈനെ(റ) രക്തസാക്ഷ്യത്തിന്റെ പ്രതീകമാക്കാനുള്ള ദൈവനിശ്ചയമായിരുന്നു അദ്ദേഹത്തിന്റെ രക്തസാക്ഷ്യത്തിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നും അതല്ലാതെ ഒരു സിംഹാസനാഭിലാഷി എന്ന നിലക്കുള്ള ഒരുനീക്കമായിരുന്നില്ല കർബലയിലേക്കുള്ള അദ്ദേഹത്തിന്റെ പ്രയാണവും അനന്തര സംഭവവികാസങ്ങളുമെന്നുമുള്ള പാരമ്പര്യ പണ്ഡിതൻമാരുടെ വീക്ഷണവുമായി പൊരുത്തപ്പെടുന്നില്ല ഇത്. മേൽപ്പറഞ്ഞ പുസ്തകം ഇറാനിൽ വിവാദ വിഷയമാവുകയുണ്ടായി.

51. അബൂതാലിബിന്റെറ പുത്രൻ അഖീലിന്റെ മകനായിരുന്നു മുസ്ലിം (റ). ഇറാഖിലേക്ക് യാത്ര തിരിക്കുന്നതിനു മുമ്പ് അവിടത്തെ സ്ഥിതിഗതികൾ അറിഞ്ഞു വരാൻ ഇമാം ഹുസൈൻ(റ) ഇദ്ദേഹത്തെയാണ് വിട്ടത്. അവിടെയെത്തിയ ശേഷം അനുകൂലമായ അവസ്ഥയാണ് മുസ്ലിമിനു കാണാൻ കഴിഞ്ഞത്. തദടിസ്ഥാനത്തിൽ അദ്ദേഹം ഇമാം ഹുസൈന്നു വിവരംകൊടുക്കുകയും ചെയ്തു. എന്നാൽ പിന്നെ അവസ്ഥയാകെ മാറി. മുസ്ലിമുബ്നു അഖീലിനെ ഇബ്നുസിയാദിന്റെ സൈന്യം പിടികൂടുകയും ഇബ്നുസിയാദിന്റെ മുമ്പിൽ ഹാജരാക്കിയ ശേഷം വധിക്കുകയും ചെയ്തു- ഹിജ്റ 60 ദുൽഹജ്ജ്റ 9 ന്.

52. വിശുദ്ധ ഖുർആൻ 6:59ൽ ഇത് കാണാം.
53. വിശുദ്ധ ഖുർആൻ 3:26. യസീദ് തന്റെ കൊട്ടാരത്തിൽ ഹാജരാക്കപ്പെട്ട ഹുസൈന്റെ സഹോദരി സൈനബ്(റ)നോട് സംസാരിക്കുന്നതിനിടയിൽ ഈ ഖുർആൻ വാക്യം ഉദ്ധ രിച്ചുവത്രെ. സൈനബ്(റ) ഇതിന്റെ യഥാർത്ഥ പൊരുൾ യസീദിനു തിരിഞ്ഞിട്ടില്ലെന്നു തെളിയിച്ചു കൊടുത്തു.

54. ഉമർഖയ്യാം പ്രസിദ്ധനായ ഒരു പേർഷ്യൻ കവിയും ഗണിതശാസ്ത്രജ്ഞനുമാണ്. 'റുബാ ഇയ്യാത്ത്' എന്ന മനോഹരമായ കാവ്യത്തിന്റെ കർത്താവും ഇദ്ദേഹമാണ്. ഫിറ്റ്സ്ജെറാൾഡ് ഈ കാവ്യം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മലയാള ത്തിൽ ചങ്ങമ്പുഴ കൃഷ്ണൻ പിള്ളയുടേതടക്കം അര ഡസനിലധികം പേർ റുബാഇയ്യ

ത്തിനു തർജ്ജമ എഴുതിയിട്ടുണ്ട്. എന്നാൽ കവിയായ ഉമർഖയ്യാമിനെ തന്നെയേ ഇവിടെയുള്ളവർക്കും കാണാൻ കഴിയുന്നുള്ളൂ.

55. പാരമ്പര്യമനുസരിച്ച് സ്വർഗ്ഗത്തിൽ എട്ട് കവാടങ്ങൾ നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത്, ഖുമുസ്, ജിഹാദ്, നന്മകൽപ്പിക്കലും തിന്മ തടയുകയും ചെയ്യൽ, നല്ലവരോട് കട്ടുകൂടുകയും ദുഷിച്ചവരോട് കൂട്ടുകൂടാതിരിക്കുകയും ചെയ്യൽ എന്നിവയാണ്.

56. ഉസ്മാനുബ്നു ഹുനൈഫ് അലി(റ) ബസറയിലേക്ക് നിയോഗിച്ച ഗവർണ്ണറായിരുന്നു.

57. അലി(റ) നിർബന്ധിതനാണെങ്കിലും മുആവിയ്യയുമായി സന്ധിയിലേർപ്പെട്ട് സിഫ്ഫീൻ യുദ്ധം നിർത്തിയത് ശരിയായില്ല എന്നു പറഞ്ഞുകൊണ്ടു രൂപംകൊണ്ട ഒരു കക്ഷിയാണ് ഖവാരിജ്. കൂഫയ്ക്കടുത്തുള്ള ഹറൂറായിൽ ഒരുമിച്ചുകൂടിയ ഇവർ മുഴുവൻ മുസ്ലിംകളെയും കാഫിറുകളായി പ്രഖ്യാപിക്കുകയും അവരുടെ രക്തം ചിന്തിക്കുന്നത് അനുവദനീയമായി ഗണിക്കുകയും ചെയ്തു. അലി(റ)ക്ക് ബാഗ്ദാദിനടുത്തുള്ള നഹ്റുവാനിൽ വെച്ച് ഇവരുമായി ഏറ്റുമുട്ടേണ്ടി വരികയുണ്ടായി. ഉഹാക്ബ്നു ഖൈസ്, ഖതരി, കവിയായിരുന്ന ഇംറാനുബ്നു ഹത്താൻ, തർമാഹുബ്നു ഹക്കീം എന്നിവർ ഈ കക്ഷിയുടെ അറിയപ്പെട്ടിരുന്ന നേതാക്കളായിരുന്നു. പിന്നീടിവർ പലസംഘങ്ങളായി ഭിന്നിക്കുകയുണ്ടായി. കൂട്ടത്തിൽ "ഇബാളികൾ" എന്നൊരു സംഘം ലിബിയ, അൾജീരിയ, തുനീഷ്യ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽ ഇന്നുമുണ്ട്.

58. വിശുദ്ധ ഖുർആൻ 2:195ന്റെ താത്പര്യമാണിത്. പലരും ഈ വാക്യം സൗകര്യംപോലെ തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ധീരകൃത്യങ്ങളെയും ദൃഢനിശ്ചയങ്ങളെയും സാഹസങ്ങളെന്നു പറഞ്ഞു അതിനു മുതിരുന്നവരെ അതിൽ നിന്നു ഈ വാക്യത്തെ ആയുധമാക്കാറുമുണ്ട്. ഇതിന്റെ യഥാർത്ഥപൊരുളെന്തെന്നു ഗ്രഹിക്കാൻ സഹായിക്കുന്ന ഒരു സംഭവം മുഹമ്മദലിസാബൂനിയുടെ സ്വഫ്വത്തുത്തഫാസീറിൽ (ത്വബരി, കശ്ശാഫ്, ഖുർത്തുബി, ആലൂസി, ഇബ്നുകസീർ, ബഹ്റുൽ മുഹീത്ത് മുതലായ പൂർവ്വികവും പ്രസിദ്ധവുമായ ഖുർആൻ വാക്യങ്ങൾവെച്ച് തയാറാക്കിയതാണ് മുഹമ്മദലി സാബൂനിയുടെ മൂന്നു ഭാഗങ്ങളിലായുള്ള ഈ ഖുർആൻ വ്യാഖ്യാനഗ്രന്ഥം) നിന്നിവിടെ ഉദ്ധരിക്കുന്നു.

ഒരു മുസ്ലിം ഭടൻ റോമാസൈന്യത്തിന്റെ ഉള്ളിലേക്ക് ആക്രമിച്ചു കടന്നു. അതുകണ്ട ജനക്കൂട്ടം മുറവിളകൂട്ടി: "സുബ്ഹാനല്ലാ, അയാൾ സ്വന്തം കൈകൊണ്ട് തന്നത്താൻ മരണത്തിലേക്ക് എടുത്തെറിഞ്ഞു!" അന്നേരം അബൂ അയ്യൂബുൽ അൻസാരി പ്രസ്തുതവാക്യത്തിന്റെ പൊരുൾ ഇപ്രകാരം വിവരിച്ചു: ഈ ഖുർആൻ വാക്കുകൾ അൻസാറുകളായ ഞങ്ങളെക്കുറിച്ചവതരിച്ചതാണ്. ഇസ്ലാം പ്രബലമാവുകയും അതിനു അനുയായികൾ വർധിക്കുകയും ചെയ്തപ്പോൾ ഇനി സ്വത്ത് നോക്കി ഇത്ര കാലം നഷ്ടപ്പെടുത്തിയതൊക്കെ ഒന്നു വീണ്ടെടുക്കാമെന്നു ഞങ്ങൾ തമ്മിൽ പറഞ്ഞു കൊണ്ടിരുന്നു. അതാണ് ഈ വാക്യം അവതരിച്ച പശ്ചാത്തലം. അതിനാൽ ജിഹാദുപേക്ഷിച്ച് സ്വത്തിന്റെ കാര്യം ശ്രദ്ധിക്കുകയും അത് മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കലും ചെയ്യലാണ് സ്വന്തം കൈകൊണ്ട് തന്നത്താൻ മരണത്തിലേക്ക് എടുത്തെറിയൽ എന്നാണീ വാക്യത്തിന്റെ സാരം. അബൂ അയ്യൂബുൽ അൻസാരി തുടർന്നു യുദ്ധമുന്നണിയിലേക്ക് പോവുകയും യുദ്ധം ചെയ്ത് രക്തസാക്ഷിയാവുകയും ചെയ്തത്. അദ്ദേഹത്തെ മറവ് ചെയ്തത് റോമിലാണ്. ഇത്രയും പറഞ്ഞതിൽ ഈ വാക്യത്തിനു പൂർവ്വികർ മനസ്സിലാക്കിയ പൊരുൾ ഗ്രഹിക്കാൻ കഴിയും.

59. ശുറൈഹിബ്നു ഹാരിസ് അൽകിന്ദി എന്ന് മുഴുപ്പേർ. ഹസ്രത്ത് ഉമർ ഇദ്ദേഹത്തെ കൂഫയിൽ ന്യായാധിപനായി നിശ്ചയിച്ചു. ഉസ്മാന്റെയും(റ) ഇമാം അലി(റ)യുടെയും ഭരണകാലങ്ങളിലും പിന്നെ അമവീ ഭരണത്തിലും ശുറൈഹ് ആസ്ഥാനത്ത് തുടർന്നു. ഹിജ്റ 87ലാണ് ശുറൈഹ് മരണപ്പെട്ടത്. ഭരണാധികാരിക്കെതിരിൽ കലാപത്തിനൊരുങ്ങുന്നവന്റെ രക്തം ചിന്താവുന്നതാണെന്ന ഹദീസ് ഇദ്ദേഹത്തിൽ നിന്നാണു ഉദ്ധരിക്കപ്പെട്ടുകാണുന്നത്.

60. മെഹ്ദി ആഖാവാന്റെ "ആഖിറെ ശാനാമ" എന്ന സമാഹാരത്തിലെ "നാദിർ യാ ഇസ്ക്ക ന്തർ" എന്ന കവിതയുടെ ഭാഗം.

61. മൂസാനബി(അ)യുടെ സമകാലികനായിരുന്ന ഒരു മാന്ത്രികൻ. മൂസാനബി(അ) സീനാ മലയിലേക്ക് പോയശേഷം ഇസ്രായീല്യർക്ക് ആരാധിക്കാൻ സ്വർണ്ണക്കാളയെ രൂപപ്പെ ടുത്തിക്കൊടുത്ത വ്യക്തി.

62. ഇബ്രാഹീം നബി(അ)യുടെ ശത്രുവായിരുന്ന നിംറൂദ് രാജാവ്.

63. ഹസ്രത്ത് അലി(റ)ക്ക് ഫാത്വിമ(റ)മയിൽ ജനിച്ച സൈനബ്(റ), സിറിയയിലാണ് ഇവരുടെ മഖ്ബറ സ്ഥിതി ചെയ്യുന്നത്.

64. ഇമാം അലി(റ) മുതൽ ഇമാം മഹ്ദി(റ) വരെയുള്ള പന്ത്രണ്ട് ശിയാ ഇമാമുകളിൽ, അപ്ര ത്യക്ഷനായ മഹ്ദി ഒഴികെയുള്ള പതിനൊന്നു പേരും രക്തസാക്ഷികളാവുകയാണുണ്ടാ യതെന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്.

65. ക്ര. വർഷം 483-ൽ ഉസ്ബക്കിലെ ഫെർഗാനയിൽ അന്തരിച്ച അബൂബക്കർ മുഹമ്മദ് സർക്കശിയുടെ 'അൽ മബ്സൂത്ത്' മുപ്പത് വാള്യമുണ്ട്.

66. ഹി. വർഷം 728-ൽ അന്തരിച്ച തഖിയ്യുദ്ദീൻ ഇബ്നു തൈമിയ്യ ഹമ്പലീ മദ്ഹബുകാരനായ ഒരു പണ്ഡിതനും നല്ലൊരു താർക്കികനുമായിരുന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം ജയിലിലാണ് ഇദ്ദേഹം കഴിഞ്ഞത്. സൂഫിസത്തെയും ശീയിസത്തെയും സുന്നീ പണ്ഡി തന്മാരുടെ തന്നെ പല അഭിപ്രായങ്ങളെയും ഇബ്നുതൈമിയ്യ നിശിതമായി വിമർശിച്ചിട്ടു ണ്ട്.

67. ക്രി. വർഷം 1350-ൽ ഡമസ്കസ്സിൽ അന്തരിച്ച ഇബ്നുൽഖയ്യിം അൽജൗസിയ്യ ഇബ്നു തൈമിയ്യയുടെ ശിഷ്യനും അദ്ദേഹത്തെപ്പോലെ ഹമ്പലീ മദ്ഹബുകാരനുമായിരുന്നു.

68. മുസ്ലിം ദൈവശാസ്ത്ര പണ്ഡിതന്മാർക്കിടയിൽ ആദ്യമായി തർക്കമുൽഭവിച്ച പ്രധാന പ്രശ്നങ്ങളിലൊന്നാണ് ഖുർആൻ സൃഷ്ടിയാണോ അല്ലേ എന്നത്. അശ്അരികൾ ഖുർ ആന്റെ അനാദ്യന്തതയിൽ വിശ്വസിക്കുമ്പോൾ മുഅത്തസിലികൾ അത് സൃഷ്ടിയാ ണെന്ന് വാദിക്കുന്നു. അബ്ബാസീ ഖലീഫ മാമൂൻ അശ്അരികളുടെ വാദത്തെ ശക്തമായെ തിർക്കുകയും അതിനെതിരിൽ അടിച്ചമർത്തൽ നടപടി കൈവരിക്കുകയും ചെയ്തു.ഒ മ്പതാം അബ്ബാസീ ഖലീഫ(ഹി.232ൽ മരണം)യായിരുന്ന അൽവാസിഖ് ബില്ലായും മാമൂ നെപ്പോലെത്തന്നെ പെരുമാറി. ഇസ്ലാമിൽ ദൈവശാസ്ത്രം വചനശാസ്ത്രം (ഇൽമുൽക ലാം) അറിയപ്പെടുന്നതിനു കാരണം മുസ്ലിം ദൈവശാസ്ത്ര പണ്ഡിതൻമാർക്കിടയി ലുൽഭവിച്ച ആദ്യത്തെ അഭിപ്രായാനന്തരം ദൈവത്തിന്റെ ഖുർആനെക്കുറിച്ചുള്ളതായതി നാലാണെന്ന് അല്ലാമാ തബാത്തബായി പറയുന്നു.

69. സുന്നീ കർമ്മശാസ്ത്ര സരണികളുടെ നാല് ആചാര്യന്മാരിൽ അബൂ ഹനീഫ, മാലിക്, അഹ്മദുബ്നു ഹമ്പൽ എന്നീ മൂന്നുപേർ ഭരണകൂടങ്ങളോട് സ്വീകരിച്ച സമീപനമേ ശരീ അത്തീ പരാമർശിച്ചിട്ടുള്ളൂ. ഇവരിലൊരാൾക്കും ഒട്ടും കടുപ്പം കുറഞ്ഞതായിരുന്നില്ല. ശാഫീ മദ്ഹബിന്റെ ഇമാം അഹ്മദ്ബ്നു ഇദ്രീസ് ശാഫി(ഹി.204ൽ മരണം)യുടെ നിലപാ ട്.
യമനിൽ ഗവൺമെന്റ് വിരുദ്ധ രഹസ്യ പദ്ധതികളിൽ ഉൾപ്പെട്ടതിനെതുടർന്ന് ഒരു സംഘം അലീപക്ഷക്കാരുടെ കൂടെ ഇദ്ദേഹം പിടിക്കപ്പെട്ട് ഖലീഫാ ഹാറൂൻ റശീദിന്റെ മുമ്പാകെ ഹാജരാക്കപ്പെടുകയുണ്ടായി. ഖലീഫ അദ്ദേഹത്തിനു മാപ്പു നൽകി. ഇമാം ശാഫി ഒരു ശിയാ വിഭാഗമായ സൈദികളുടെ ഇമാം യഹ്യബ്നു അബ്ദുല്ലയുടെ രഹസ്യ അനുയായിയായിരുന്നുവത്രെ. (shorter encyclopedia of Islam Ithaca:

Cornell,1965)

70. ശിയാക്കളുടെ വിമർശകർ അവരെ വിളിച്ച നാമമാണ് 'റാഫിളി'. അംഗീകരിക്കാൻ കൂട്ടാക്കാത്തവർ എന്നാണിതിന്റെ വാക്കർത്ഥം. ശിയാക്കൾ ആദ്യത്തെ മൂന്ന് ഖലീഫമാരെ അംഗകരിക്കാത്തവരാണെന്നും അതിന്റെ പേരിലാണ് അവരെ ഇപ്പേരിൽ വിളിച്ചുപോന്നതെന്നും പറയാറുണ്ട്.

71. പ്രവാചകന്റെയോ ഇമാമിന്റെയോ ഖലീഫയുടെയോ സൂഫീശൈഖിന്റെയോ നേതൃത്വമംഗീകരിച്ചുക്കൊണ്ടുള്ള അനുസരണ പ്രതിജ്ഞയ്ക്കാണ് ബൈഅത്ത് എന്നു പറയുന്നത്.

72. ഇത്റത്ത് എന്നാൽ പ്രവാചക കുടുംബം. 'ഗൗരവമേറിയ രണ്ടു കാര്യം ഞാൻ നിങ്ങൾക്കിടയിൽ വിട്ടുപോകുന്നു. ഒന്ന് അല്ലാഹുവിന്റെ ഗ്രന്ഥം, രണ്ട് എന്റെ കുടുംബം എന്നർത്ഥത്തിലുള്ള ഒരു നബിവാക്യത്തിൽ കുടുംബം എന്നതിനു ഇത്റത്ത് എന്നാണുപയോഗിച്ചിരിക്കുന്നത്.

73. കൻസ് എന്നാൽ നിക്ഷേപം, നിധി എന്നെല്ലാമാണർത്ഥം. വി. ഖുർആൻ 9.34 ൽ സ്വർണ്ണവും വെള്ളിയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാതെ നിക്ഷേപിച്ചു വെക്കുന്നവർക്കെതിരിൽ ഏറ്റവും കടുത്ത ഭാഷയിൽ താക്കീത് നൽകുന്നുണ്ട്. ഈ വാക്യത്തെയാണ് കൻസിന്റെ ആയത്ത് എന്ന്പറയുന്നത്.

74. ഈ ശൃഖലയുടെ ഒന്നാം കണ്ണി എന്നതുകൊണ്ടുദ്ദേശിക്കുന്നത് യസീദുബ്നു മുആവിയ്യയെയാണ്. പിതാവിൽ നിന്ന് സിംഹാസനവും കിരീടവും പാരമ്പര്യമായി ലഭിക്കുന്ന ആദ്യത്തെ മുസ്ലിം ഭരണാധികാരിയാണ് യസീദ്. ഇസ്‌ലാമിക ഭരണം പാരമ്പര്യ വാഴ്ചയായധഃപതിക്കുന്നത് അയാളിലൂടെയാണ്.

75. പേർഷ്യൻ ചക്രവർത്തി സൈറസിന്റെ രണ്ടു പുത്രൻമാരായിരുന്നു കാംബീസസും ബാർദിയയും.

76. ഗുജറാത്തിലെ പ്രസിദ്ധ സോമനാഥ ക്ഷേത്രം. 1026ൽ മുഹമ്മദ്ഗസ്നി ഇന്ത്യയെ ആക്രമിച്ചപ്പോൾ ഈ ക്ഷേത്രവും ആക്രമണ വിധേയമായി. ജിഹാദിന്റെയും ഇസ്‌ലാം വ്യാപനത്തിന്റെയുമൊക്കെ പേരിൽ തന്നെയായിരുന്നു മുഹമ്മദ്ഗസ്നി യുദ്ധം ചെയ്തിരുന്നത്. അതാണിവിടെ സൂചിപ്പിക്കുന്നത്.

77. ഹല്ലാജ് എന്ന പേരിൽ പ്രസിദ്ധനായ ഹുസൈനിബ്നു മൻസൂർ പേർഷ്യൻ ഗൾഫിനടുത്തുള്ള അൽബൈളായിൽ ജനിച്ചു. സൂഫി വര്യനായ ഇദ്ദേഹത്തെ അബ്ബാസീ ഭരണാണാധികാരികൾ വധിക്കുകയാണുണ്ടായത്. ഹി.309-ൽ ബഗ്ദാദിൽ വെച്ച് പ്രത്യക്ഷത്തിൽ ശരീഅത്ത് വിരുദ്ധമായി തോന്നിക്കുന്ന ചില വാചകങ്ങൾ അദ്ദേഹം പറഞ്ഞു വെന്നതാണ് കാരണമായി പറഞ്ഞിരുന്നത്. പക്ഷെ അബ്ബാസികൾക്ക് അദ്ദേഹത്തെ വധിക്കാൻ വേറെ രാഷ്ട്രീയ കാരണകളുണ്ടായിരുന്നതായി ഗണിക്കപ്പെടുന്നു. 'ഹല്ലാജിനെ കൊല്ലുമ്പോൾ ഞാൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ കൊലയാളികളുടെ കൈ പിടിക്കുമായിരുന്നു വെന്ന് ശൈഖ് മുഹ്യിദ്ദീന്റെ(റ) പ്രസ്ഥാവന ഹല്ലാജിന്റെ നിരപരാധിത്ത്വമാണ് വിളിച്ചോതുന്നത്.

78. ക്രി.വർഷം 1502 മുതൽ 1736 വരെ ഖസ്‌വീൻ തലസ്ഥാനമാക്കി പേർഷ്യ ഭരിച്ച വംശമാണ് സഫവീവംശം.

79. ഹുർറുബ്നു യസീദ് അത്തമീമി ഇമാം ഹുസൈനെതിരിൽ കൂഫയിലെ യസീദിന്റെ ഗവർണ്ണർ ഇബ്നുസിയാദ് അയച്ച അശ്വസൈന്യത്തിന്റെ തലവനായിരുന്നു. എന്നാൽ അദ്ദേഹം ഹുസൈന്റെ പക്ഷത്തേക്ക് മാറുകയും അദ്ദേഹത്തിന്റെ ഒപ്പംനിന്ന് പൊരുതി രക്തസാക്ഷിയാവുകയാണുണ്ടായത്.

80. വിശുദ്ധ ഖുർആൻ 2:143ന്റെ പരിഭാഷയാണിത്. ഇതിൽ സാക്ഷി എന്നർത്ഥത്തിലുപയോഗിച്ചിരിക്കുന്നത് 'ശഹീദ് ' ഏന്ന പദമാണ്. രക്തസാക്ഷിക്കും ഇതേ പദമാണ് ഉപയോഗിക്കുന്നത്.

81. ഇതിഹാസത്തിലെ ഒരറബി ചക്രവർത്തിയാണ് ളഹ്ഹാക്ക്. ജംശിദ് രാജാവിന്റെ കാലത്ത് ളഹ്ഹാക്ക് പേർഷ്യയെ ആക്രമിച്ചു കിഴടക്കി. ജംശീദിനെ അയാൾ നാട്ടിൽ നിന്ന് ആട്ടിപുറത്താക്കി. ഫിർദൗസിയുടെ 'ഷാനാമ' യിൽ മനുഷ്യ കുഞ്ഞുങ്ങളുടെ തലച്ചോറ് തിന്നാൻ അടങ്ങാത്ത ആർത്തിയോടു കൂടിയ രണ്ട് സർപ്പങ്ങൾ ചുമലിലുള്ള ഒരു ഭീകര രൂപിയാണ് ളഹ്ഹാക്ക്. ഏഴ് കുഞ്ഞുങ്ങളുണ്ടായിരുന്ന കാവെ എന്ന പെരുങ്കൊല്ലൻ തന്റെ ആറു കുഞ്ഞുങ്ങളെ ളഹ്ഹാക്കിന് കൊടുത്തു. ഏഴാമത്തെ കുഞ്ഞിനെയും ചോദിച്ചപ്പോൾ ആയാൾ ളഹ്ഹാക്കിനെ എതിർത്തു യുദ്ധം ചെയ്തു. ജനങ്ങൾ പെരുങ്കൊല്ലന് പിന്തുണയും സഹായവും നൽകി. പെരുങ്കൊല്ലൻ ളഹ്ഹാക്കിനെ തോൽപ്പിച്ചു ബന്ധവസ്ഥനാക്കി ദമാവന്ദ് പർവ്വതത്തിൽ തടഞ്ഞുവെച്ചു. ഫരീദൂനെ അധികാരത്തിൽ വാഴിക്കുകയും ചെയ്തു. ചുമലിൽ സർപ്പങ്ങളുള്ള ളഹ്ഹാക്കിന്റെ രൂപം പേർശഷ്യൻ കലാകാരൻമാരുടെ ചിത്രങ്ങളിൽ കാണാം.

82. ഇമാം ഹുസൈന്റെ (റ) രണ്ടാമത്തെ പുത്രനാണ് അലി അക്ബർ. കർബലയിൽ രക്തസാക്ഷിയായി.

83. ജലാൽ അലി അഹ്മദ് 1969 ൽ അന്തരിച്ച ഇറാനിലെ പ്രസിദ്ധനായ ഒരു ബുദ്ധി ജീവിയാണ്. ഇദ്ദേഹത്തിന്റെ 'ഓക്സിഡന്റോഡിസിസ്' (ഗർബ് സദഗി) എന്ന ഗ്രന്ഥം വിശ്വപ്രസിദ്ധമാണ്.

84. ഇമാമത്തും വിലായത്തും സംബന്ധിച്ച വിവരത്തിന് 'ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്' മലയാളത്തിൽ പ്രസിദ്ധീകരിച്ച ഇമാം ഖുമൈനിയുടെ 'ഇസ്ലാമികഗവൺമെന്റ്' എന്ന പുസ്തകം അതിന് വിവർത്തകൻ നൽകിയ വിശദമായ കുറിപ്പുകളും കാണുക.